
www.malankaralibrary.com



# കൽപ്പടവുകൾ

ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്

552
55a

www.malankaralibrary.com

# കല്പനകൾ

www.malankaralibrary.com

# കല്പ്പടവുകൾ

ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്

M. S. PUBLICATIONS
Nalanchira, Trivandrum

www.malankaralibrary.com

# KALPPADAVUKAL

Bishop Geevarghese Mar Divannasios

*First Published*
February 1997

Copyright 1997 by Author
All Rights Reserved

Price Rs. ~~60.00~~ 30/-

*Published by*
M. S. Publications
Malankara Seminary, Nalanchira
Trivandrum - 695 015, Kerala

*Cover Design*
Bro. Narakathinal Daniel

*Photos*
Mr. Bobby Chacko
Action Photos

*Typeset at*
Sigma
Trivandrum - 695 010

*Printed at*
St. Joseph's Press
Trivandrum - 695 014

www.malankaralibrary.com

# അവതാരിക

## വിശുദ്ധിയുടെ കല

"കല്പ്പടവുകളു"ടെ ആദ്യത്തെ വായനക്കാരനായി എന്നെ തിരഞ്ഞെടുത്തപ്പോൾ എനിക്കു എന്തെന്നില്ലാത്ത സന്തോഷം തോന്നി. സന്തോഷമെന്നാണോ വിസ്മയമെന്നാണോ പറയേണ്ടതെന്ന് തീർച്ചയില്ല. ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാനായി വാഴിക്കപ്പെടുന്നതിനു മുമ്പുതന്നെ ഞാൻ അദ്ദേഹത്തെ അറിയും. അറിയുമെന്നുവച്ചാൽ, ഒരു ദിവസത്തെ പരിചയം. ഞാനന്ന് നോവലിനെക്കുറിച്ചു സംസാരിക്കുവാൻ മലങ്കര മേജർ സെമിനാരിയിൽ ചെന്നതായിരുന്നു. അവിടെവച്ച് അദ്ദേഹം എന്നോടു കാണിച്ച സ്നേഹവാത്സല്യങ്ങളെക്കുറിച്ച് ഞാൻ ഓർക്കുന്നുണ്ട്. എന്നാൽ അന്നത്തെ ആ വൈദികന്റെ ഉള്ളിൽ ഒരു കഥാകൃത്ത് ഒളിഞ്ഞിരിപ്പുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. പെട്ടെന്ന് ഈ 'കല്പ്പടവുകൾ' കാണുമ്പോൾ എന്റെ വിസ്മയത്തിന് ഒരു ന്യായം ഉണ്ടാകുന്നു.

വർത്തമാനകാലത്ത് മലയാളക്കഥ ആർജ്ജിച്ചിരിക്കുന്ന അത്ഭുതകരമായ കലാലാവണ്യത്തെക്കുറിച്ച് എനിക്കു നല്ല ബോധ്യമുണ്ട്. ആത്മാവിൽ വന്നലയ്ക്കുന്ന ഏതോ ദിവ്യപ്രളയംപോലെ ചില കഥകൾ ഉണ്ടാകുന്നു. പ്രതിഭാശാലികളായ കഥാകൃത്തുക്കൾ തൊടുമ്പോൾ കഥയ്ക്ക് അതിന്റെ ആദിമ ശില്പസങ്കല്പങ്ങൾ നഷ്ടപ്പെടുകയും വിലോഭനീയമായ ഒരു ആത്മസൗന്ദര്യം ഉളവാകുകയും ചെയ്യുന്നു. നിർവചനങ്ങളുടെ എല്ലാ സീമകളെയും പ്രതിഭാശാലികൾ ഉല്ലംഘിക്കുന്നു. അപ്പോൾ മൗലികതയുള്ള ഏതു കലാസൃഷ്ടിയും ഒരു പുതിയ കണ്ടുപിടിത്തമായി തീരുന്നു. കഥയെ ഭാവഗീതത്തോടും ദാർശനിക വ്യഥയോടും അടുപ്പിച്ച് പുതിയ കഥാകൃത്തുക്കൾ കഥയെ അവരുടെ ഹൃദയവിലാപങ്ങളാക്കി മാറ്റുന്നു. അല്ലെങ്കിൽ ഏകാന്തമായ ഒരാത്മാവിന്റെ സ്വപ്നമാക്കി തീർക്കുന്നു. ആ സ്വപ്നംകൊണ്ട് അയാൾ യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കുന്നു. അങ്ങനെയാണ് ഞാൻ വിചാരിക്കുന്നത്.

www.malankaralibrary.com

ഹൃദയത്തിന്റെ ജലാശയത്തിൽ ജ്ഞാനസ്നാനം ചെയ്ത കാവ്യാനുഭവങ്ങളുടെ അത്ഭുത പ്രവൃത്തികൾ സംവേദനത്തിന്റെ ശിഖരങ്ങളെ സ്പർശിക്കുമ്പോൾ ഈ നിമിഷങ്ങൾക്കുവേണ്ടിയാണ് നാം കാത്തിരുന്നതെന്നു തോന്നിപ്പോകും.

കഥയിൽ അങ്ങനെ ചിലതൊക്കെ സംഭവിക്കുന്നകാലത്താണ് ഞാൻ ഈ "കല്പ്പടവുകൾ"ക്കരികിൽ നില്ക്കുന്നത്. ഈ കഥകൾ വായിച്ചുപോകുമ്പോൾ ചെറിയചെറിയ ജീവിത ഖണ്ഡങ്ങളിൽ ധാർമ്മികലാവണ്യം തിരയുന്ന ഒരു എഴുത്തുകാരനെ നാം അഭിദർശിക്കുന്നു.

ഒന്നും ഓർക്കാതെ, കണ്ണടച്ച് ഞാൻ ഈ പുസ്തകം വിടർത്തി ഏതോ ഒരു താളിൽ തൊടുന്നു. കണ്ണു തുറന്നുനോക്കുമ്പോൾ അത് 35-ാംമത്തെ കഥയാണ്. ഇരുട്ടിൽ പതിയിരിക്കുന്ന കശ്മലന്മാരാൽ ആക്രമിക്കപ്പെട്ട പെൺകുട്ടി അവളുടെ പ്രതിശ്രുത വരന് ഒരു കത്തെഴുതുന്നു: "എല്ലാം നഷ്ടപ്പെട്ടവളാണ് ഞാൻ. എനിക്ക് ഇനിയും ബാക്കിയുള്ളത് ഹൃദയം നിറയെ സ്നേഹം മാത്രമാണ്. അങ്ങെന്നെ സ്വീകരിക്കണമെന്നു പറയാൻ എനിക്കവകാശമില്ല. അങ്ങയുടെ മറുപടി പ്രതീക്ഷിക്കുന്നു." ഏറെ താമസിയാതെ അവന്റെ മറുപടി അവൾക്കുകിട്ടി. "എനിക്കാവശ്യം നിന്റെ സ്നേഹം മാത്രമാണ്. നിന്റെ ശരീരത്തെ മാത്രമേ അവർക്ക് ഉപദ്രവിക്കാനായുള്ളൂ. നിന്റെ മനസ്സിന്നും പവിത്രമാണ്. എനിക്കതുമാത്രം മതി." അവളുടെ വിവാഹം നടന്നു. കഴിഞ്ഞതെല്ലാം മറന്ന് വിശാലമായ മനസ്സുള്ള ആ മനുഷ്യനോടുചേർന്ന് അവൾ കുടുംബ ജീവിതത്തിൽ സാഫല്യം നേടി.

ആ പെൺകുട്ടിയുടെ ദുഃസ്വപ്ന സമാനമായ അനുഭവത്തിൽനിന്ന് അനുഗൃഹീതനായ ഒരെഴുത്തുകാരന് ശില്പസൗകുമാര്യമുള്ള ഒരു കഥ സൃഷ്ടിക്കാം. അവളുടെ നടുക്കത്തിന്റെയും നിരാശയുടെയും സങ്കടത്തിന്റെയും കുറ്റബോധത്തിന്റെയും ആഴങ്ങളിൽനിന്ന് പല മാനങ്ങളിൽ വായിച്ചെടുക്കാവുന്ന ഒരു കഥ സൃഷ്ടിക്കുക അത്ര പ്രയാസമുള്ള കാര്യമല്ല, അനുഗൃഹീതനായ ഒരു എഴുത്തുകാരന്. എന്നാൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ആ ഭൗതിക യാഥാർത്ഥ്യത്തിൽനിന്ന് ഒരു ആത്മീയ യാഥാർത്ഥ്യത്തിന്റെ സീമകളിലേയ്ക്ക് ആ കഥയെ ഉയർത്തിക്കൊണ്ടുപോകുന്നു. ഈശ്വരനാകുന്ന മണവാളൻ നോക്കുന്നത് ആത്മാവാകുന്ന മണവാട്ടിയുടെ നിർമ്മല സ്നേഹമാണ്. ശരീരം ബാഹ്യമായ മുറിവുകളേറ്റ് വാടിത്തളർന്ന് വികൃതമായിരിക്കുമ്പോഴും ആത്മാവിന്റെ പവിത്രസ്നേഹത്തിന് ഭംഗംവരാതെ ഉറച്ചുനില്ക്കുവാൻ സാധിക്കും. ഇപ്രകാരമുള്ള ആത്മാക്കളെ നാഥൻ തന്റെ സ്വന്തമാക്കിതീർത്ത് മഹത്വത്തിലേയ്ക്ക് ഉയർത്തുന്നു.

www.malankaralibrary.com

അപ്പോൾ ഗീവർഗീസ് മാർ ദിവന്നാസിയോസിന്റെ കൈയിൽ കഥ ദൈവികമായ സ്നേഹത്തെ ഓർമ്മിപ്പിക്കുവാനുള്ള ഒരു ഉപാധി യായിത്തീരുന്നു. കഥയെ അതിന്റെ രൂപഘടനയ്ക്കു പുറത്തുകൊണ്ടു വന്ന് അദ്ദേഹം അതിനെ ഒരു മുക്തകത്തിന്റെ ഭാവലാവണ്യംകൊണ്ട് അലങ്കരിക്കുന്നു.

ഈ കഥകളൊക്കെയും യോഗാത്മകമായ ഒരു കാവ്യാനുഭവമാണ് ഉണ്ടാക്കിത്തരുന്നത്. കഥ വെറുതെ കഥയ്ക്കുവേണ്ടിയല്ല, ഗീവർഗീസ് മാർ ദിവന്നാസിയോസിന്. മറിച്ച് അനുഭവങ്ങളുടെ ആദ്ധ്യാത്മിക മൂല്യ ങ്ങൾ മറ്റുള്ളവർക്കു പകർന്നുകൊടുക്കാനാണ്. അങ്ങനെ അദ്ദേഹം കഥയ്ക്കു മറ്റൊരു യൗഗികച്ഛായ ഉണ്ടാക്കുകയാണ്.

ആത്മീയമായ വ്യസനങ്ങൾക്കും സന്ദേഹങ്ങൾക്കുംമേൽ സാന്ത്വ നംപോലെ എന്തോ ഒന്നുകൊണ്ട് തഴുകുന്നുണ്ട് ഈ സമാഹാരത്തിലെ ഓരോ കഥയും. ആത്മീയവും ദൈവികവുമായ വെളിപാടുകളുടെ നിഗൂഢ ലാവണ്യംകൊണ്ടു നിറഞ്ഞ ഈ കഥകൾ ഒരു പ്രേഷിത മന സ്സിന്റെ ധ്യാനങ്ങളെ ഓർമ്മിപ്പിക്കുന്നു. ആത്മീയ സത്യങ്ങളുടെ ആകാശ ങ്ങൾ കാട്ടിത്തരുന്നു. ഇടയ്ക്കിടയ്ക്കു പതറിപ്പോകുന്ന മനസ്സിന് അതിന്റെ നിത്യജീവിതത്തിന് സാരോപദേശങ്ങൾകൊണ്ടു നേർവഴികാ ണിക്കുന്നു. കല്പ്പടവുകളിലെ ഓരോ കഥയും വായിച്ചുപോകുമ്പോൾ മനസ്സ് ഒരു പ്രകാശതീർത്ഥത്തിൽ ജ്ഞാനസ്നാനം ചെയ്യുന്നതുപോലെ എനിക്കുതോന്നി.

കവികളും സാഹിത്യകാരന്മാരും ദാർശനികരും തങ്ങളെ ചുറ്റിപ്പ റ്റിയുള്ള ചെറിയ ലോകത്തിൽ ഒതുങ്ങേണ്ടവരല്ലെന്നും അവർ മുഴുവൻ പ്രപഞ്ചത്തിന്റെയും വക്താക്കളാണെന്നും ഗീവർഗീസ് മാർ ദിവന്നാ സിയോസ് എഴുതിയിരിക്കുന്നു ഈ പുസ്തകത്തിൽ ഒരിടത്ത്. മഞ്ഞു തുള്ളിയിൽ സൂര്യൻ അവതരിക്കുംപോലെ അവരുടെ കൃതികൾ അവ രുടെ ദർശനങ്ങളുടെ ആവിഷ്കാരമായിത്തീരുന്നു. "കല്പ്പടവുകളി"ലെ ഓരോ കഥയും ഈ ദർശനത്തിന്റെ ദൃഷ്ടാന്തമാണ്.

ആദ്ധ്യാത്മികവിശുദ്ധി ഉള്ളിൽ വഹിക്കുന്ന ഈ കഥകൾ – തരിശു നിലങ്ങളിൽ ഉണ്ടാകാൻപോകുന്ന മുന്തിരിത്തോട്ടങ്ങൾ – ഒരു സ്വപ്ന ത്തിലെന്നപോലെ ഞാൻ എന്റെ ഉൾക്കണ്ണുകൊണ്ട് കാണുന്നു.

തിരുവനന്തപുരം
27–1–1997

**പെരുമ്പടവം ശ്രീധരൻ**

www.malankaralibrary.com

# ആശംസകൾ

സുഖദുഃഖ സമ്മിശ്രമായ ജീവിതയാത്രയിൽ ദൈവികോന്മുഖരായി വളരുവാൻ സാധാരണക്കാരായ ജനത്തെ സഹായിക്കുന്ന വിധത്തിൽ ലളിതമായി, ദൃഷ്ടാന്തങ്ങളിലൂടെ ധാർമ്മികമൂല്യങ്ങളെ ചിത്രീകരിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു ഗ്രന്ഥമാണ് ഇവിടെ പ്രസിദ്ധീകൃതമാകുന്ന കല്പ്പടവുകൾ. ലൗകികജീവിതത്തിന്റെ തിരക്കിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്ന അനേകം കൊച്ചുകൊച്ചു സംഭവങ്ങളിലും, വാർത്തകളിലും പതിയിരിക്കുന്ന ആദ്ധ്യാത്മിക സന്ദേശങ്ങൾ തനിമ നഷ്ടപ്പെടാതെ കോർത്തിണക്കുന്നതിൽ അഭിവന്ദ്യപിതാവ് വിജയിച്ചിരിക്കുന്നു. അതിനാൽ തന്നെ ഈ ചിന്താശകലങ്ങൾ അനുവാചകരുടെ ഹൃദയങ്ങളെ ആഴത്തിൽ സ്വാധീനിക്കുമെന്നുറപ്പാണ്. മൂല്യത്തകർച്ചയുടെ ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുവാനും, അവനിൽ കുടികൊള്ളുന്ന ദൈവത്തെ കണ്ടെത്തുവാനും സഹായിക്കുമെന്നതിൽ സംശയമില്ല. മനുഷ്യസ്നേഹിയായ ഒരു പിതാവിന്റെ സർഗ്ഗാത്മകചൈതന്യം നിറഞ്ഞുനിൽക്കുന്ന ഈ കൃതി അനേക ഹൃദയങ്ങളെ ആദ്ധ്യാത്മികതയുടെ നൂതന തലങ്ങളിലേക്ക് നയിക്കുവാനുതകുന്നതാകട്ടെയെന്നാശംസിക്കുന്നു. സമൂഹത്തിലെ അന്ധകാരം ഒരു പരിധിവരെയെങ്കിലും ഉൻമൂലനം ചെയ്യുവാൻ കഴിയുന്ന ദീപനാളമായി ഈ ഗ്രന്ഥം വിളങ്ങട്ടെയെന്നും പ്രാർത്ഥിക്കുന്നു. ഗ്രന്ഥകാരനായ അഭിവന്ദ്യപിതാവിനെ അനുമോദിക്കുന്നതോടൊപ്പം, ഗ്രന്ഥത്തിന് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

പട്ടം
തിരുവനന്തപുരം
1–2–1997

**മോസ്റ്റ് റവ. സിറിൽ മാർ ബസേലിയോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
തിരുവനന്തപുരം

www.malankaralibrary.com

# കല്പ്പടവുകൾക്കു പിന്നിൽ

നാം കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്നതോ, അല്ലെങ്കിൽ ശ്രദ്ധക്കുറവു മൂലം കാണാത്തതോ ആയ ഒരായിരം സംഭവങ്ങളാണ് നമ്മുടെ ജീവിതത്തിൽ അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്നത്. സെമിനാരിയിൽ പഠിക്കുന്ന കാലംമുതൽ എന്റെ ജീവിതത്തിൽ കാര്യമായി സ്വാധീനം ചെലുത്തിയിട്ടുള്ള നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയിൽനിന്നും ലഭിച്ചിട്ടുള്ള പാഠങ്ങൾ വളരെ അർത്ഥവത്താണ്. ഞാൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെ ആളുകളോടും, സെമിനാരിയിലെ വിദ്യാർത്ഥികളോടും സംസാരിച്ചപ്പോഴൊക്കെ ഈ അനുഭവങ്ങളിൽ ചിലത് പങ്കുവച്ചിട്ടുണ്ട്. ഇവ അവർക്ക് പലപ്പോഴും നന്മയിലേക്കുള്ള വളർച്ചയിൽ പ്രചോദനമായി തീർന്നിട്ടുണ്ടെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇവയെല്ലാംകൂടി ഒരുമിച്ച് പ്രസിദ്ധീകരിച്ചാൽ അത് കൂടുതൽ ആളുകൾക്ക് പ്രയോജന പ്രദമാകുമെന്ന് പലരും സൂചിപ്പിച്ചു. കഴിഞ്ഞ ഏഴു വർഷക്കാലം ഞാൻ റെക്ടറായി സേവനം അനുഷ്ഠിച്ച തിരുവനന്തപുരം മലങ്കര സെമിനാരിയിലെ പ്രസിദ്ധീകരണ വിഭാഗമായ എം. എസ്. പബ്ലിക്കേഷൻസ് ഇത് പ്രസിദ്ധീകരിക്കുവാൻ മുന്നോട്ടുവരികയും ചെയ്തു.

പുണ്യപൂർണ്ണതയിൽ വളരുകയെന്നത് മനുഷ്യസഹജമായ ഒരാഗ്രഹമാണ്. എന്നാൽ ഇത് ആഗ്രഹിക്കുന്നതുപോലെ അത്ര എളുപ്പത്തിൽ സാധിക്കാവുന്ന കാര്യമല്ല. അനേകം പടവുകൾ ചവിട്ടിക്കയറേണ്ട പ്രക്രിയയാണിത്. നാം ഓരോരുത്തരേയും ഈ കല്പ്പടവുകൾ ചവിട്ടിക്കയറുവാൻ ദൈവം വിളിക്കുകയാണ്. ദൈവത്തിന്റെ വിളിക്ക് ആത്മാർത്ഥമായി പ്രതികരിക്കുമ്പോൾ മാത്രമേ ഈ പടവുകളിൽ നാം കാലിടറി വീഴാതിരിക്കുകയുള്ളൂ. പ്രസ്തുത യാത്രയിൽ ഈ ചെറുഗ്രന്ഥം അൽപം വെളിച്ചം നൽകുമെന്നാണെന്റെ പ്രതീക്ഷ.

'കല്പ്പടവുകൾ' നിങ്ങളുടെ കൈകളിലെത്തിക്കുന്നതിൽ സഹായിച്ചവർ നിരവധിയാണ്. ആദ്യമേതന്നെ ഈ ഗ്രന്ഥത്തിന് പ്രാർത്ഥനാ നിർഭരമായ ഒരാശംസ എഴുതിത്തന്ന അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് തിരുമേനിയോടുള്ള നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ ഗ്രന്ഥത്തിന് അർത്ഥസമ്പുഷ്ടമായ ഒരു അവതാരിക എഴുതിയ അനുഗൃ

www.malankaralibrary.com

ഹിത സാഹിത്യകാരൻ ശ്രീ. പെരുമ്പടവം ശ്രീധരനോടുമുള്ള നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ വേണ്ട സഹായങ്ങൾ ചെയ്തുതന്ന മലങ്കര സെമിനാരി റെക്ടറും, എം. എസ്. പബ്ലിക്കേഷൻസിന്റെ മാനേജരുമായ റവ. ഡോ. ഡാനിയൽ മംഗലത്ത്, സെമിനാരിയിലെ സ്റ്റാഫംഗങ്ങൾ, വിദ്യാർത്ഥികൾ എന്നിവരോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിലെ ഭൂരിപക്ഷം ചിന്താശകലങ്ങൾക്കും ലിഖിത രൂപം നൽകിയത് റവ. ഡീക്കൻ കിഴക്കേവിളയിൽ വർഗ്ഗീസ് സാമുവലാണ്. ബഹു. ശെമ്മാശ്ശനെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പുസ്തകത്തിന്റെ ഭാഷാശുദ്ധി പരിശോധിച്ച റവ. ഡോ. സാമുവേൽ കാട്ടുകല്ലിൽ, ശ്രീ. എൻ. ജി. ഫിലിപ്പ്, ശ്രീ. വിമൽകുമാർ, കവർപേജ് ഡിസൈൻ ചെയ്ത ബ്രദർ ഡാനിയൽ നാരകത്തിനാൽ ആവശ്യമായ ഫോട്ടോകൾ നൽകിയ ശ്രീ. ബോബി ചാക്കോ, ആക്ഷൻ സ്റ്റുഡിയോ, പകർപ്പെഴുതുന്നതിൽ സഹായിച്ച റവ. സിസ്റ്റർ ഡൊറോത്തി, എസ്. ഐ. സി, മലങ്കര സെമിനാരിയിലെ വിദ്യാർത്ഥികളായ സെന്റ് ജോർജ്ജ് സദനം ജോസഫ്, വലിയ ചാങ്ങവീട്ടിൽ ഗീവർഗ്ഗീസ്, കണ്ടത്തിൽ ജോൺ, കയ്യാലക്കൽ തോമസ്, ആലുംമൂട്ടിൽ ഗീവർഗ്ഗീസ്, മക്കനാൽ ചാക്കോ, പാറപ്പള്ളിൽ എബ്രഹാം എന്നിവരോടുള്ള നന്ദി ഞാനിവിടെ കുറിക്കുകയാണ്.

ആദ്യാവസാനം ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ എല്ലാകാര്യങ്ങളും എനിക്കുവേണ്ടി ചെയ്തുതന്ന എം. എസ്. പബ്ലിക്കേഷൻസിന്റെ സെക്രട്ടറിയായ ബ്രദർ കരൂർ ജോൺസൺ, സഹപ്രവർത്തകരായ ബ്രദർ ചരുവിള പുത്തൻവീട് ലൂയീസ്, ബ്രദർ മേലൂട്ട് ബോവസ് മാത്യു എന്നിവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അനുവാചകർക്ക് ഏതെങ്കിലും വിധത്തിൽ ഇത് പ്രയോജനപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്. ഞാൻ ശുശ്രൂഷചെയ്യുന്ന ബത്തേരി ഭദ്രാസനത്തിലെ എന്റെ മക്കൾക്കുവേണ്ടി ഈ എളിയ കൃതി സ്നേഹപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

ധർമ്മപീഠം **ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്**

ബത്തേരി

5–2–1997

www.malankaralibrary.com

# അർഹതയ്ക്കൊരു കിരീടം

1

രാജാക്കന്മാർ നാടുവാണിരുന്ന കാലം. ഉദയപുരം രാജ്യം ഭരിച്ചിരുന്നത് ധർമ്മിഷ്ടനായ ഒരു രാജാവായിരുന്നു. പ്രജാവത്സലനായ അദ്ദേഹത്തിന് നാല് പുത്രന്മാർ ഉണ്ടായിരുന്നുവെങ്കിലും ഓരോരുത്തരുടേയും താൽപര്യങ്ങൾ വ്യത്യസ്തമായിരുന്നത് അദ്ദേഹത്തിനു മനോവേദനയുളവാക്കി. ഒന്നാമന്റെ താത്പര്യംമുഴുവൻ കുതിരസവ്വാരിയിലും പുതിയ കുതിരകളെ ഇണക്കിവളർത്തുന്നതിലും ആയിരുന്നു. രണ്ടാമന്റെ താത്പര്യം മുഴുവൻ ആയോധനതലത്തിലായിരുന്നു. മൂന്നാമന്റെ താത്പര്യം ദേവകലകളിൽ നൈപുണ്യം നേടുന്നതിലായിരുന്നു. നാലാമന്റെ കാര്യം കേൾക്കുന്നതുതന്നെ മൂത്തവരായ മൂന്നു കുമാരന്മാർക്കും പുച്ഛമാണ്. പുച്ഛത്തിന്റെ കാര്യം മറ്റൊന്നുമല്ല. ഇളയ കുമാരന്റെ എല്ലാ കാര്യങ്ങളോടുമുള്ള വിരക്തിയാണ് അയാളെ പരിഹാസരൂപേണ കാണുവാൻ അവരെ പ്രേരിപ്പിച്ചത്. മൂത്തവരായ മൂന്നു രാജകുമാരന്മാരും രാജ്യതന്ത്രജ്ഞതയിൽ നിപുണരാവാൻവേണ്ടി വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കെ നാലാമത്തെ കുമാരൻ കൊട്ടാരത്തിന്റെ ബഹളങ്ങളിൽനിന്നും രക്ഷതേടി ഈശ്വരനെ ധ്യാനിച്ച് സന്ന്യാസമാർഗ്ഗം സ്വന്തമാക്കുവാൻവേണ്ടി അലഞ്ഞു തിരിഞ്ഞു നടന്നു. അയാളുടെ ഹൃദയത്തിലെ ഈശ്വരനാമജപം സുന്ദരമായ ഗാനമായി ചുണ്ടിൽ നിന്നൊഴുകി. താൻ അനുഭവിക്കുന്ന ആത്മീയ സൗന്ദര്യം ഒരിക്കലും നഷ്ടമാകാതിരിക്കുവാനായി അദ്ദേഹം പ്രാർത്ഥിക്കുകയും തപസ്സനുഷ്ടിക്കുകയും ചെയ്തു.

കാലം ചിറകുള്ളമാതിരി പറന്നുനീങ്ങി. രാജാവു വയസ്സനായി. മുടിയും താടിയുമെല്ലാം പഞ്ഞിപോലെ നരച്ചു. തൊലിയൊക്കെ ചൊക്കിചുളിഞ്ഞു. രാജ്യഭാരം അനന്തരാവകാശിക്ക് വിട്ടുകൊടുത്തിട്ട് വിശ്രമിക്കുവാൻ രാജാവ് തീർച്ചയാക്കി. അനന്തരാവകാശി ആരെന്നുള്ള ചോദ്യം പ്രജകളുടെ മനസ്സിൽ നിറഞ്ഞു. കുറേ ദിവസങ്ങൾക്കുശേഷം പ്രജകളുടെ ജിജ്ഞാസയ്ക്കും ചോദ്യത്തിനുമെല്ലാം മറുപടിയായി അദ്ദേഹം തന്റെ നാലാമത്തെ മകനെ രാജാവായി വാഴിക്കുവാൻ തീരുമാനിച്ചു. മകൻ ഏറെ ദുഃഖിതനായി. സന്ന്യാസത്തോടുള്ള അദമ്യമായ പ്രതിപത്തി ഒരു വശത്ത്. മറുവശത്ത് പിതാവിന്റെ ആജ്ഞയെ ധിക്കരി

www.malankaralibrary.com

ക്കുവാനുള്ള വിഷമം. അയാളാകെ നിരാശനായി. ഒരു ദിവസമവൻ പിതാവിനെ ധൈര്യത്തോടെ സമീപിച്ചുകൊണ്ടു പറഞ്ഞു ഞാനൊരു സന്ന്യാസിയാകേണ്ടവനാണ് അല്ലാതെ രാജ്യഭാരം ചുമലിലേറ്റേണ്ടവനല്ല? എന്റെ സഹോദരന്മാരെല്ലാം ഏറെ പ്രഗത്ഭന്മാരല്ലേ? എന്നെ എന്തിനീ ഭാരത്തിന്റെ ഇടയിലിട്ട് ചക്രശ്വാസം വലിപ്പിക്കുന്നു? മകന്റെ ചോദ്യം കേട്ടപ്പോൾ രാജാവ് പുഞ്ചിരിയോടെ അയാളുടെ തോളിൽ തട്ടി: "മകനേ പ്രജകളുടെ ദുഃഖം രാജാവിന്റെ ദുഃഖമാണ്. പ്രജകളുടെ സന്തോഷം രാജാവിന്റെ സന്തോഷവും. 'യഥാ രാജാ തഥാ പ്രജാ' എന്നല്ലേ പ്രമാണം. വിരക്തനായ ഒരു രാജാവിനുമാത്രമേ തന്നെത്തന്നെ പരിത്യജിച്ചുകൊണ്ട് പ്രജകളുടെ ക്ഷേമത്തിനായി ജീവിക്കുവാനാകു. ഉദയപുരം രാജ്യത്തിൽ രാജാവ് ആധിപത്യംപുലർത്തുന്നവനും അടിച്ചമർത്തുന്നവനും അല്ല. സ്നേഹിക്കുന്നവനും സേവിക്കുന്നവനുമാണ്. സ്നേഹത്തിൽ കേന്ദ്രീകൃതമായതു മാത്രമേ എന്നും നിലനിൽക്കുകയുള്ളു. കലയും ശാസ്ത്രവും അഭ്യാസപാടവുമെല്ലാം സ്നേഹത്തിന്റെ പരിചയുടെ തണലിലാണ് പ്രയോഗിക്കേണ്ടത്. നീ വിരക്തനാണ്. അതുകൊണ്ടുതന്നെയാണ് നിന്നെ രാജാവാക്കുവാൻ തീരുമാനിച്ചതും." രാജാവു പറഞ്ഞു നിർത്തിയപ്പോൾ കുമാരൻ പിതാവിന്റെ ഹിതത്തിനു വഴങ്ങി.

ഉത്തമ ഭരണകർത്താക്കൾ സ്വാർത്ഥത ലേശവുമില്ലാതെ ജനങ്ങളുടെ ക്ഷേമം മാത്രം ലക്ഷ്യമായുള്ളവരാകണം.

## 2 ഇരുട്ടും വെളിച്ചവും

തർക്കമാരംഭിച്ചു കഴിഞ്ഞാൽ പിന്നെ പിടിച്ചിടം ജയിക്കുവാനുള്ള ശ്രമമാണല്ലോ നടക്കുന്നത്. ഇരുട്ടും വെളിച്ചവും തമ്മിൽ തർക്കമാരംഭിച്ചപ്പോഴും ഇതു തന്നെയാണ് സംഭവിച്ചത്. വെളിച്ചം തന്റെ പ്രൗഢി മുഴുവൻ കാട്ടി ഇരുട്ടിനോടു വീമ്പിളക്കി: "എടോ ഇരുട്ടേ ദുഷ്ടന്മാരുടെ പ്രവൃത്തികൾ ഇരുട്ടിന്റെ പ്രവൃത്തികൾ എന്നല്ലേ പറയുന്നത്? ഇരുട്ടിന്റെ പ്രവൃത്തികൾ എന്നുവെച്ചാലെന്താണർത്ഥം? ഐശ്വര്യമെന്നൊന്ന് നിന്റെ ഏഴയലത്തുകൂടി പോയിട്ടില്ല. കാക്കയ്ക്കുപോലും നിന്നോളം

www.malankaralibrary.com

കറുപ്പില്ല. വെളിച്ചത്തിന്റെ വീമ്പിളക്കൽ ഇരുട്ടിന് ക്ഷമിക്കാനായില്ല. കറുപ്പിന് ഏഴഴകുണ്ടെന്നാണ് പ്രമാണം. എം. ടി. വാസുദേവൻ നായരുടെ ഒരു കൃതിയുടെ പേരുതന്നെ "ഇരുട്ടിന്റെ ആത്മാ"വെന്നാണ്. ഇരുട്ടിന് ആത്മാവുണ്ടെന്നല്ല അതിനർത്ഥം. അദ്ദേഹം വെളിച്ചത്തിന്റെ ആത്മാവ് എന്ന് തന്റെ കൃതിക്ക് പേരിട്ടില്ലല്ലോ. ഇതിൽ നിന്നൊക്കെ നീ വിചാരിക്കുന്നത്രയും മോശമല്ല ഞാനെന്ന് മനസ്സിലായല്ലോ. വെളിച്ചം ഇരുട്ടിന്റെ വാദഗതികൾ കേട്ട് പൊട്ടിച്ചിരിച്ചു. "ഇരുട്ടിന്റെ ആത്മാവ്" ഭ്രാന്തന്റെ കഥയാണ്. ഭ്രാന്തനെ പ്രതീകാത്മകമായി അവതരിപ്പിച്ചിരിക്കുന്നത് നിന്റെ പേരുപയോഗിച്ചാണ്. അതിൽ നീ അഭിമാനിക്കുന്നുവെങ്കിൽ എനിക്കൊന്നും പറയാനില്ല. എന്നെ ഭ്രാന്തിന്റെ പ്രതീകമായി അവതരിപ്പിച്ചാൽ ഞാൻ അഭിമാനബോധമുള്ളവനാകയാൽ അത് നഖവും പല്ലും ഉപയോഗിച്ച് എതിർക്കും. വെളിച്ചം അഹങ്കാരത്തോടെ തല നിവർത്തിപ്പിടിച്ചപ്പോൾ മറുപടി ഒന്നും പറയുവാനാകാതെ ദുഃഖിതനായി ഇരുട്ടു തലകുനിച്ചു. ജ്ഞാനിയായ ഒരു മൂങ്ങ ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂർമ്മബുദ്ധിയുള്ള മൂങ്ങ വെളിച്ചത്തിനെ നോക്കി പറയുവാൻ തുടങ്ങി. നിന്റെ പ്രാഭവം വ്യക്തമാകുന്നത് ഇരുട്ടുള്ളതുകൊണ്ടാണ്. ഇരുട്ടില്ലെങ്കിൽ നിന്നെ ആരറിയും എന്നു പറഞ്ഞിട്ട് മൂങ്ങ ചിറകടിച്ചുകൊണ്ട് അകലങ്ങളിലേക്ക് പറന്നുനീങ്ങി. പിണക്കമെല്ലാം മറന്നുകൊണ്ട് പകൽ രാത്രിയെ കെട്ടിപ്പുണർന്നു. ലോകരെല്ലാം അപ്പോൾ പറഞ്ഞു: "ഇതാണ് ത്രിസന്ധ്യ" വെളിച്ചത്തിന്റേയും ഇരുട്ടിന്റേയും ആലിംഗനം. ആലിംഗനത്തിനു മുമ്പുള്ള പ്രശ്നങ്ങൾ മൂങ്ങയ്ക്കും ഇരുട്ടിനും വെളിച്ചത്തിനും മാത്രമേ അറിയുകയുള്ളല്ലോ.

ജീവിതത്തിന്റെ എല്ലാ വശത്തിനും, സുഖത്തിനും ദുഃഖത്തിനും, ഉയർച്ചയ്ക്കും താഴ്ചയ്ക്കും അതിന്റേതായ അർത്ഥമുണ്ട്. വെളിച്ചത്തിന്റെ മനോഹാരിത ഇരുട്ടിൽ അടങ്ങിയിരിക്കുന്നതുപോലെ മുറിവുണ്ടാകുമ്പോഴാണ് അതില്ലാതിരുന്നതിന്റെ സുഖമറിയുന്നത്. ദുഃഖത്തിലാണ് സുഖത്തിന്റെ സുഖമെന്തായിരുന്നു എന്ന് തിരിച്ചറിയുന്നത്. ഇരുട്ടിന്റെ ശാലീനതയിൽ മതിമറന്നു അവയുടെ മാറിൽ തലചായ്ച്ചുകൊണ്ട് പുഷ്പങ്ങൾ വിരിയുന്നു. കുളിർതെന്നലിൽ നോവിന്റെ ഭാരം ഇറക്കിവെച്ച മനുഷ്യൻ സർവ്വവും മറന്ന് ഉറങ്ങുന്നു. കൂടാതെ ഇരുട്ടിന്റെ ശാന്തതയിൽ ധ്യാനത്തിലൂടെ യോഗീവര്യന്മാർ ഈശ്വര സാക്ഷാത്കാരം നേടുന്നു. ഇരുട്ടാണ് വെളിച്ചത്തിന്റെ ഉടയാട.

www.malankaralibrary.com

# 3 നന്ദി... അങ്കിൾ

കിവറിച്ചൻ മുതലാളി ഗ്രാമത്തിലൊരു തോട്ടം വാങ്ങി. നാട്ടുകാർക്കാർക്കും അതിൽ അത്ഭുതമില്ല. കാരണം കിവറിച്ചൻ മുതലാളി നാട്ടിലെ ഏറ്റവും വലിയ ധനികനാണ്. ധനികനാണെന്നു പറഞ്ഞാലും ആരുംതന്നെ അദ്ദേഹത്തോടു സംസാരിക്കാറില്ല. അദ്ദേഹവും ആരോടും സംസാരിക്കാറില്ല. നാട്ടുകാർ ഈ വിധത്തിലുള്ള അദ്ദേഹത്തിന്റെ സ്വഭാവവൈശിഷ്ട്യംമൂലം അദ്ദേഹത്തെ 'മിണ്ടാപ്രാണി' എന്നാണ് രഹസ്യത്തിൽ വിളിക്കാറുള്ളത്. കിവറിച്ചൻ എന്ന പേരിനേക്കാൾ പ്രാധാന്യം ലഭിച്ചിരിക്കുന്നത് 'മിണ്ടാപ്രാണി' എന്ന പേരിനാണ്. സന്ധ്യമയങ്ങുമ്പോൾ അദ്ദേഹം തന്റെ കാറിൽ കയറി സായാഹ്നസവാരിക്കിറങ്ങും. കൊത്തിവച്ച പാവയെപ്പോലെ കാറിന്റെ പിൻ സീറ്റിൽ ഇരിക്കുന്ന അദ്ദേഹം തല വെട്ടിക്കുകയും തിരിക്കുകയുമൊക്കെ ചെയ്യുന്നത് ഡ്രൈവർ ബംഗ്ലാവിന്റെ അരികിൽ വണ്ടി കൊണ്ടുചെന്നിടുമ്പോഴാണ്. ഒരു ദിവസം സായാഹ്നസവാരിക്കിറങ്ങിയ അദ്ദേഹത്തിന്റെ കാർ കേടായിട്ട് ആരുംതന്നെ അദ്ദേഹത്തെ സഹായിക്കുവാനെത്തിയില്ല. വർക്ക്ഷോപ്പിൽനിന്ന് ആളുകളെ കൊണ്ടുവന്ന് അദ്ദേഹം വണ്ടി ശരിയാക്കി. അതിൽപ്പിന്നെ അദ്ദേഹം പുറത്തോട്ടും ഇറങ്ങാറില്ല. ബംഗ്ലാവിന്റെ മുൻവശത്തെ ചാരുകസേരയിലേക്കു കിടന്ന്, ഈ മുൾക്കിരീടമെനിക്കെന്തിനു തന്നു എന്ന മട്ടിൽ ആകാശത്തേക്കു നോക്കി സായാഹ്നങ്ങൾ ചെലവഴിക്കും. വസന്തകാലമെത്തി. എസ്റ്റേറ്റു ബംഗ്ലാവിന്റെ വശത്തുകൂടിയുള്ള നാട്ടുവഴിയിലേക്കു ചാഞ്ഞുകിടന്നിരുന്ന നാട്ടുമാവിൽ അണ്ണാറക്കണ്ണന്മാരുടെ ബഹളമായി. മാമ്പഴം പഴുത്തുവെന്ന് അവ വിളിച്ചു പറഞ്ഞിട്ടും കിവറിച്ചൻ മുതലാളി അനങ്ങിയില്ല. വലിയ ചിന്തയാണെല്ലായ്പ്പോഴും. മുതലാളിയുടെ ഇരുപ്പുനോക്കി നാടോടിക്കാറ്റ് ചുറ്റിത്തിരിഞ്ഞ് മുളങ്കൂട്ടങ്ങളെ ചിരിപ്പിച്ചു. നാട്ടുമാവിൽനിന്നും മാമ്പഴം പൊഴിയുവാൻ തുടങ്ങി. നാട്ടുവഴിയിലൂടെ ഒരു കൊച്ചുകുട്ടി അന്നു പള്ളിക്കൂടം വിട്ടുവരവേ നാട്ടുമാങ്ങ കിട്ടിയതെടുത്തു കടിച്ചു. എന്തുപകാരം ആരു ചെയ്താലും 'നന്ദി' പറയണമെന്ന് ഗ്രേസി ടീച്ചർ പറഞ്ഞിരുന്നത് അവളുടെ ഓർമ്മയിൽ തെളിഞ്ഞു. ബംഗ്ലാവിൽ വലിയ ഗേറ്റ് കരയുന്ന ശബ്ദം കേട്ടുകൊണ്ടാണ് കിവറിച്ചൻ മുതലാളി ആകാശത്തുനിന്നും ഭൂമിയിലേക്കു ശ്രദ്ധ തിരിച്ചത്. കടുവായെപ്പോലെയുള്ള മുത

www.malankaralibrary.com

ലാളിയുടെ മുന്നിൽ കുട്ടി പുഞ്ചിരിയോടെ നിന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ വികസിച്ചു. "എന്താ കുട്ടി?" ആവും വിധത്തിൽ മയപ്പെടുത്തി ചോദിച്ചിട്ടും ആ സ്വരത്തിന് ഒരു പരുപരുപ്പുണ്ടായിരുന്നു. "അങ്കിളിന്റെ മാവിൽനിന്നും വീണ ഒരു മാമ്പഴം ഞാനെടുത്ത് കഴിച്ചു. വളരെയധികം നന്ദിയുണ്ട് അങ്കിൾ." എന്റെ വീട്ടിൽ ഒരു കുട്ടി വന്നോ? കിവറിച്ചൻ ഉള്ളിൽ പറഞ്ഞു. "കുട്ടി നാളെയും വരുമോ? കൂട്ടുകാരെയും കൂട്ടിക്കോളൂ." "വരാമങ്കിൾ" യാത്ര പറഞ്ഞുകൊണ്ട് ആ കുട്ടി പിരിഞ്ഞു. കുട്ടികൾക്കായി അദ്ദേഹം അന്നുമുതൽ മാമ്പഴം പെറുക്കി വയ്ക്കുവാൻ തുടങ്ങി. അവരോടദ്ദേഹത്തിന് ഇഷ്ടമായി. അവർക്ക് അദ്ദേഹത്തേയും. താമസിയാതെ ആ കുട്ടികളുടെ വീടുകളിലേക്ക് അദ്ദേഹം പോവുകയും അങ്ങനെ എല്ലാവരുമായും ബന്ധം സ്ഥാപിക്കുകയും ചെയ്തു. ആ ഗ്രാമത്തിൽ വേദന അനുഭവിക്കുന്നവരുടെ ഇടയിൽ ഒരു ആശ്വാസ ദൂതനായി അദ്ദേഹം മാറുവാൻ ഏറെ താമസമുണ്ടായില്ല. അദ്ദേഹം ഒരു പുതിയ വ്യക്തിയായി രൂപാന്തരം പ്രാപിച്ചു.

പരുക്കനെന്നു നമ്മൾ കരുതുന്ന പലരും നമ്മോടു ബന്ധം സ്ഥാപിക്കുവാൻ കൊതിക്കുന്ന മൃദുലമായ മനസ്സുകളുടെ ഉടമകളായിരിക്കും. ബഹിർമുഖരല്ലാത്ത ഇത്തരം ആളുകളോട് ബന്ധം സ്ഥാപിക്കുവാൻ നാംതന്നെ മുൻകൈ എടുക്കണം. ചെകുത്താന്മാരെന്നു നമ്മൾ വിചാരിക്കുന്ന പലരുമപ്പോൾ മാലാഖമാരാണെന്നു നമുക്കു വ്യക്തമാകും.

## നിഷ്കാമകർമ്മം 4

തോമസ്സുചേട്ടൻ ഒരു സാധാരണക്കാരനാണെങ്കിലും തന്റെ കഴിവിലുമപ്പുറം ആളുകളെ സഹായിക്കുവാൻ താല്പര്യമുള്ള ഒരു നല്ല മനസ്സ് അദ്ദേഹത്തിനുണ്ട്. പഠിക്കുവാൻ ഫീസില്ലാതെ പഠനമവസാനിപ്പിക്കുവാൻ തുടങ്ങിയ ധാരാളം യുവാക്കൾക്ക് അദ്ദേഹം പണം കൊടുത്ത് അവരെ പഠിത്തം തുടരുവാൻ സഹായിച്ചു. അദ്ദേഹത്തെ അവരിൽ ചിലരൊക്കെ സ്വന്തം മക്കൾ വിളിക്കുന്നതുപോലെ സ്നേഹത്തോടെ 'അച്ചാച്ചാ' എന്നും, ചിലർ 'സാറേ' എന്നും മറ്റു ചിലർ 'മുതലാളി' എന്നും വിളിച്ചുപോന്നു. അദ്ദേഹത്തിന്റെ മകൻ അച്ചാച്ചന്റെ ത്യാഗമനസ്സും, പാവപ്പെട്ട യുവാക്കൾക്ക് അദ്ദേഹത്തോടുള്ള സ്നേഹവു

www.malankaralibrary.com

മൊക്കെ മനസ്സിലാക്കിക്കൊണ്ടാണ് വളർന്നുവന്നത്. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും തോമസ്സുചേട്ടനെന്ന സാധാരണക്കാരൻ സാധാരണക്കാരനായിത്തന്നെ തുടർന്നു. തോമസ്സുചേട്ടന്റെ സഹായത്തോടെ പഠിച്ചവരിൽ ചിലരൊക്കെ വിദേശരാജ്യങ്ങളിൽപോയി ജോലിയൊക്കെ കരസ്ഥമാക്കി വലിയ പണക്കാരിയി തിരിച്ചുവന്നു. പണക്കാരായപ്പോൾ അവരുടെ ഭാവത്തിനും മാറ്റംവന്നു. അവരിൽ പലരും തോമസ്സുചേട്ടനെ കണ്ടാലും കാണാത്ത ഭാവത്തിൽ നടക്കുവാൻ തുടങ്ങി. ചിലരൊക്കെ അഹങ്കാരത്തോടെ അദ്ദേഹത്തെ 'തോമസ്സേ' എന്നു വിളിച്ചു. വേറെ ചിലർ ഒരു പടികൂടി കടന്ന് 'എടോ' എന്നുവരെ വിളിയായി. അവരിൽ ചുരുക്കം ചിലർമാത്രം തോമസ്സുചേട്ടനോടു പഴയതുപോലെ സ്നേഹത്തോടു പെരുമാറി. തോമസ്സുചേട്ടന്റെ മകന്, തന്റെ പിതാവിനോടുള്ള സമീപനത്തിൽ അവർക്കുണ്ടായ മാറ്റം വലിയ മനോവേദനയ്ക്കു കാരണമായി. അപ്പനോട് എങ്ങനെയാണ് ഇത്രമാത്രം നെറികേടു കാട്ടുവാൻ അവർക്കാകുന്നത്? ഒരു ദിവസം അവൻ അപ്പനോടു ചോദിച്ചു. തോമസ്സുചേട്ടൻ പൊട്ടിച്ചിരിച്ചു. "ലോകത്തിന്റെ ഗതി ഇതാണു മോനെ. എന്തെങ്കിലും നന്മ ചെയ്യുമ്പോൾ നാം പ്രതിഫലമിച്ഛിക്കരുത്. കാര്യം കാണുവാനായി മനുഷ്യർ ചക്കരവാക്കുകൾ പറയും. അതിലൊന്നും യാതൊരു കഴമ്പുമില്ല. പുകഴ്ത്തിയാലും ഇകഴ്ത്തിയാലും നമുക്കു മാറ്റമുണ്ടാകരുത്. പുകഴ്ത്തലിൽ മതിമറക്കുകയും ഇകഴ്ത്തലിൽ നിരാശരാകുകയും ചെയ്താൽ നമ്മുടെ വ്യക്തിത്വത്തിന് വിലയില്ലാതാവും. ഓരോ പുണ്യപ്രവർത്തിയും ദൈവനാമ മഹത്ത്വത്തിനായി ചെയ്യുക. അപ്പോൾ പുകഴ്ത്തലും ഇകഴ്ത്തലുമെല്ലാം മനശ്ചാഞ്ചല്യം കൂടാതെ സ്വീകരിക്കുവാൻ നമുക്കു സാധിക്കും." അപ്പന്റെ ജീവിത വീക്ഷണം മകന്റെ മുഖത്ത് അഭിമാനം നിറഞ്ഞ ഒരു പുഞ്ചിരി വിരിയിച്ചു.

"കർമ്മണ്യേ മാധികാരസ്ഥേ, മാ ഫലേഷു കദാചന." ഫലമിച്ഛിക്കാതെ കർമ്മം ചെയ്യുക. രഹസ്യങ്ങളറിയുന്ന ദൈവം നിനക്കർഹമായത് നൽകിക്കൊള്ളും.

## 5 പുതിയ തുടക്കം

തെരുവിൽ ജനിച്ചുവളർന്ന ഒരു പെണ്ണിനെ ഒരിക്കൽ ഒരു രാജകുമാരൻ വിവാഹം കഴിച്ച് രാജകൊട്ടാരത്തിലേക്ക് കൂട്ടികൊണ്ടു

www.malankaralibrary.com

പോയി. കൊട്ടാരത്തിൽ അവൾക്ക് സ്തുതിയും, ബഹുമതിയും, സമ്പത്തും, സ്നേഹവും മറ്റെല്ലാവിധ സന്തോഷങ്ങളും ഉണ്ടായിരുന്നു. എന്നാൽ തന്റെ പ്രിയതമനുമൊത്ത് രഥത്തിൽ സകലവിധ പ്രൗഢി യാലും മഹത്ത്വത്താലും പഴയ തെരുവിലൂടെ കടന്നുപോകുമ്പോൾ അവളുടെ മനസ്സ് പൂർവ്വകാല ചിന്തകളിലേക്ക് കടക്കുകയും തെരുവി ലൂടെ കൂത്താടി നടന്നപ്പോഴുള്ള 'സുഖം' നഷ്ടപ്പെട്ടതിൽ വ്യസനി ക്കുകയും ചെയ്തിരുന്നു. പഴയതും പുതിയതുമായ ജീവിതാവസ്ഥ കളെക്കുറിച്ചുള്ള ചിന്തകളുടെ ഇടയിൽ അകപ്പെട്ടു അവൾ വിഷമി ക്കുകയും അത് വലിയ പിരിമുറുക്കത്തിന് കാരണമായിത്തീരു കയും ചെയ്തു. ഈ മാനസിക വ്യഥയിൽനിന്നും രക്ഷപ്പെടു വാൻ അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. അതിനായി തെരുവി ലൂടെയുള്ള യാത്ര അവൾ അവസാനിപ്പിക്കുകയും ചെയ്തു. ഇടക്കിടെ അവൾ അറിയാതെ പുറത്തേക്കു നോക്കുമ്പോൾ തെരുവു കാണാമായിരുന്നു. അതിനാൽ ജനാല അടപ്പിച്ച് സീലു ചെയ്യിച്ചു. ഇപ്രകാരം ചെയ്തിട്ടും കുറെ നാളത്തേക്ക് വീണ്ടും പഴയ ചിന്ത കൾ ചെറിയ രീതിയിൽ ഉപദ്രവിച്ചിരുന്നു. എന്നാൽ പിന്നീട് അവ യുടെ ശക്തി കുറഞ്ഞു വന്നു. തന്റെ സകല ശ്രദ്ധയും ഭർത്താവിലേക്കും കൊട്ടാരത്തിലേക്കും അവൾ ബോധപൂർവ്വം തിരിച്ചു. അവ ളുടെ ഹൃദയത്തിലെ അവിഹിതമായ സ്നേഹത്തുടുപ്പുകൾ മാറിയിട്ട് ആ സ്ഥാനത്ത് ഭർത്താവിനോടുള്ള പരിശുദ്ധ സ്നേഹസ്പന്ദനങ്ങൾ വളർന്നു. അവൾക്ക് സമാധാനവും സ്വസ്ഥതയും കൈവന്നു.

മാനസാന്തരത്തിലൂടെ പാപവഴികളെവിട്ട് യേശുവിലേക്ക് തിരിഞ്ഞിരിക്കുന്ന ആത്മാവിന് യേശുവിന്റെ സംസർഗ്ഗത്തിൽ നിന്നുള്ള ആത്മീകാനുഭൂതിയും സൗരഭ്യവുമെല്ലാം ആനന്ദകര മാണെങ്കിലും ഇടക്കിടെ പഴയ വാസനകൾ തലപൊക്കു കയും അവ അതിനെ അലട്ടുകയും ചെയ്യുക സ്വാഭാവികമാണ്. പഴയ ചിന്തകളുടെ സ്മരണ ഉണർത്തുന്ന സാഹചര്യങ്ങളെയും സ്ഥലങ്ങളെയും വ്യക്തികളെയും പാടെ ഉപേക്ഷിക്കുകയാണ് ഇതിനുള്ള പ്രതിവിധി. എന്നിട്ട് സർവ്വ ശ്രദ്ധയും ആത്മനാഥനി ലേക്ക് തിരിക്കുമ്പോൾ കാലക്രമേണ യേശുവിനോടുള്ള സ്നേഹം വർദ്ധിക്കുകയും ജഢിക സുഖങ്ങൾ അരോചകമായി അനുഭവപ്പെടു കയും ചെയ്യും.

www.malankaralibrary.com

## 6 വഴിയിൽ വഴിയറിയാതെ

വത്തിക്കാനിലെ സെന്റ് പീറ്റേഴ്സിലെത്തുവാനായി ബസ്സ് കാത്തു നിൽക്കുകയാണ് അഗസ്റ്റിനച്ചൻ. കേരളത്തിൽനിന്നും അദ്ദേഹം റോമിലെത്തിയിട്ട് ഏറെക്കാലമായില്ല. ഒരു സായ്പ്പിനോടദ്ദേഹം വത്തിക്കാനിലെത്തുവാനുള്ള ബസ്സിന്റെ നമ്പരമന്വേഷിച്ചു. അറുപത്തിനാലാം നമ്പർ ബസ്സിൽ കയറിയാൽ സെന്റ് പീറ്റേഴ്സിലെത്താമെന്ന് പറഞ്ഞിട്ട് പെട്ടെന്നുവന്ന ഒരു ബസിൽ കയറി ധൃതിയിൽ സായ്പ്പ് യാത്രയായി. അറുപത്തിനാലാം നമ്പർ ബസ്സ് വന്നു. അഗസ്റ്റിനച്ചൻ അതിൽ കയറി യാത്രയായി. ബസ്സിൽ കയറി മൂന്നുനാലു സ്റ്റേഷനുകൾ പിന്നിട്ടപ്പോൾ അദ്ദേഹം അരുകിലിരുന്ന ആളിനോട് സെന്റ് പീറ്റേഴ്സിലേക്ക് ഇനി എന്തു ദൂരമുണ്ടെന്ന് അന്വേഷിച്ചു. സായ്പ്പ് ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കിക്കൊണ്ട് ബസ്സുപോകുന്ന ദിശക്ക് എതിർ ദിശയിലാണ് സെന്റ് പീറ്റേഴ്സിലെത്തുവാൻ യാത്രചെയ്യേണ്ടതെന്നറിയിച്ചു. അടുത്തുള്ള സ്റ്റേഷനിൽ അച്ചനിറങ്ങിയിട്ട് റോഡുകടന്ന് എതിർവശത്തെത്തി ബസ്സുകാത്തുനിന്നു. അറുപത്തിനാലാം നമ്പർ ബസ്സു വന്നു. കുറെ സമയം നഷ്ടമായെങ്കിലും അഗസ്റ്റിനച്ചൻ ഒടുവിൽ സെന്റ് പീറ്റേഴ്സിലെത്തി.

നന്മയെന്നു കരുതി നാം പലപ്പോഴും അതിന്റെ വിപരീതഫലങ്ങളെ ലക്ഷ്യമാക്കി നീങ്ങാറുണ്ട്. എങ്കിലും നമ്മുടെ വീഴ്ചകൾ ബോദ്ധ്യപ്പെട്ടാൽ മുന്നോട്ടുള്ള യാത്ര അരുത്. ഉടൻ തന്നെ തിരുത്തലുകൾ നടത്തി നന്മയിലേക്ക് തിരിയണം.

## 7 രണ്ടും വിലപ്പെട്ടത്

ഒരു തുന്നൽക്കാരൻ ഉച്ചഭക്ഷണം കഴിക്കുവാനായി പോയപ്പോൾ തുന്നൽ യന്ത്രത്തിന്റെ അരികിൽ കത്രികയും സൂചിയും മാത്രം ബാക്കിയായി. കത്രിക സൂചിയെ നോക്കി പരിഹാസത്തോടെ ഒന്നു ചിരിച്ചു. ആ വൃത്തികെട്ട ചിരി സൂചിക്ക് അത്ര രസിച്ചില്ല. തലയ്ക്ക്

www.malankaralibrary.com

നല്ല സുഖമില്ലേ? സൂചി ഗൗരവത്തോടെ കത്രികയോട് ചോദിച്ചു. ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കുമെന്ന് കേട്ടിട്ടില്ലേ. നിന്നെ കണ്ടാൽ ചിരിക്കാത്തവനും ചിരിക്കും. പട്ടിണികിടന്നു കോലം തിരിഞ്ഞ വനെ പോലെയുള്ള നിന്നെ കണ്ടാൽ ആരും ചിരിച്ചുപോകും. നീ എന്നെ നോക്ക്, എന്റെ കഴിവുകൾ നോക്ക്. ഏത് തുണിവന്നാലും 'ചർക്ക് ചർക്ക്' എന്നു പറഞ്ഞുകൊണ്ട് ഞാൻ വായൊന്നു പിളർന്നാൽ മതി തുണി രണ്ടു തുണ്ടാകും. പിന്നെ എന്റെ സൗന്ദര്യം വർണ്ണനാതീതമെന്ന് നിനക്കുതന്നെ തോന്നുന്നുണ്ടായിരിക്കുമല്ലോ. അതുമല്ല ഞാനില്ലെങ്കിൽ ഈ തയ്യൽക്കാരൻ എന്തു ചെയ്തേനെ. കത്രിക സൂചിയെ കൂകി വിളിച്ചു. ഒരു നളൻ വന്നിരിക്കുന്നു. നിന്റെ ജോലി എന്തിനുകൊള്ളാമെടാ. കീറിമുറിക്കുന്നവനാണു നീ. ഭിന്നതയുണ്ടാക്കുന്ന കശ്മലനാണു നീ. ക്രൂരനായ നീ എന്നെകണ്ടു പഠിക്കണം. വേർപാടിന്റെ വേദനയിൽ പിടയുന്ന തുണിക്കഷ്ണങ്ങൾക്ക് സാന്ത്വനത്തിന്റെ കുളിർതെന്നലായി എത്തുന്നവനാണീ ഞാൻ. ഞാനിങ്ങനെ കഷ്ടപ്പെടുന്നതെന്തിനെന്നറിയാമോ, എല്ലാവരും സന്തോഷമായിട്ടിരിക്കണം. എനിക്കത്രയും മാത്രം മതി. മുതു കഴുതയ്ക്ക് ശക്തി കുറേ കൂടിയാലും കുതിരക്കുട്ടി കഴുതയെ തൊഴാറില്ല. കത്രികയ്ക്ക് ദേഷ്യമേറി. ഇരുവരുടെയുമിടയിൽ വഴക്ക് മൂർച്ഛിച്ചപ്പോഴാണ് തുന്നൽക്കാരൻ എത്തിയത്. അദ്ദേഹം പറഞ്ഞു, കത്രികയും സൂചിയും എന്റെ പണിക്കാവശ്യമാണ്. ഓരോന്നിന്റേയും ജോലി വ്യത്യസ്തമാണ്. എന്നാൽ ആരും ആരെയുംകാൾ വലിയവരല്ല. കത്രികയില്ലെങ്കിൽ തുണിമുറിക്കുവാനാകില്ല. സൂചിയില്ലെങ്കിൽ തുണി തുന്നാനൊക്കില്ല. ആ സ്വരം കേട്ടപ്പോൾ അവരുടെ ഇടയിലെ വഴക്കൊതുങ്ങി. ഇരുവരും ലജ്ജയോടെ ചിരിച്ചു.

ജീവിതം കീറിമുറിക്കുന്ന വേദനകളുടേയും അതിന്റെ മുറിവുകളെ ഉണക്കുന്ന സുഖത്തിന്റേയും സമ്മിശ്രമേളനമാണ്. വളർച്ചയ്ക്ക് വേദനകളുടെ ചൂടും സുഖത്തിന്റെ കുളിരും ആവശ്യമാണ്. ഈ ഭാവങ്ങളൊന്നുമില്ലാത്ത ജീവിതം കീറിമുറിക്കാത്ത തുണിപോലെയാണ്. വേദനകളനുഭവിച്ചെങ്കിലേ സന്തോഷത്തിന്റെ വിലയറിയൂ. സന്തോഷമനുഭവിച്ചെങ്കിലേ വേദനയുടെ വിലയറിയൂ. കീറിമുറിക്കുന്ന വേദനകളും തുന്നിച്ചേർക്കുന്ന സുഖവുമെല്ലാം ജീവിതാഭിവൃദ്ധിക്ക് ഉപകരിക്കും.

www.malankaralibrary.com

# 8 ഫ്രോഗും കോബ്രയും

പൊട്ടക്കുളത്തിലെ തവളകുമാരൻ കുളത്തിൽനിന്നും കരയിലേക്കു ചാടി. ഓട്ടോറിക്ഷാ, ഗട്ടറുറോഡിൽക്കൂടി പോകുംപോലെ അദ്ദേഹം ആനന്ദം സഹിക്കാനാവാതെ പച്ചപ്പുല്ലിലൂടെ വെച്ചുപിടിച്ചു. 'ഹലോ' ഒരു സ്വരം കേട്ട് തവളകുമാരൻ വശത്തേക്ക് നോക്കി. ഒരു മൂർഖൻ പാമ്പ്! ഭംഗിയായി മൂർഖൻ പാമ്പൊന്നു ചിരിച്ചു. വയറു നിറഞ്ഞിരിക്കുന്നതുകൊണ്ട് മൂർഖന് പറഞ്ഞറിയിക്കാനാവാത്ത സന്തോഷമാണ്. ആ സന്തോഷം അദ്ദേഹത്തിന്റെ മുഖത്ത് പ്രകാശം പരത്തി. "ഹലോ, ഞാൻ മൂർഖൻ. ഔദ്യോഗിക കേന്ദ്രങ്ങളിലും വിദേശ രാഷ്ട്രങ്ങളിലുമൊക്കെ 'കോബ്രാ' എന്ന് പറഞ്ഞാലേ അറിയൂ." തവളകുമാരൻ ഒട്ടും കുറയുവാൻ പോയില്ല. "ഹലോ ഞാൻ തവളകുമാരൻ. നാട്ടിൽ മാക്രീന്ന് വേണ്ടപ്പെട്ടവരൊക്കെ വിളിക്കും. ഔദ്യോഗിക കേന്ദ്രങ്ങളിലും വിദേശ രാഷ്ട്രങ്ങളിലും 'ഫ്രോഗ്' എന്നാണറിയപ്പെടുന്നത്". "മിസ്റ്റർ ഫ്രോഗ് നമുക്കെന്തുകൊണ്ട് സുഹൃത്തുക്കളായിക്കൂടാ?" എന്റെ താമസം ഈ സ്ഥലത്തടുത്താണ്. വർത്തമാനമൊക്കെ പറയുവാനായിട്ട് ഈ 'കൺട്രി' നാട്ടിൽ ഒരു സുഹൃത്തിനെ അന്വേഷിക്കുകയായിരുന്നു. താങ്കളുടെ ഈ ചുറുചുറുക്കും സ്മാർട്ട്നസ്സുമൊക്കെ എന്നെ ആകർഷിച്ചിരിക്കുന്നു. നിങ്ങൾ എനിക്കൊരു നല്ല സുഹൃത്തായിരിക്കും. മൂർഖൻ പറഞ്ഞതു കേട്ടപ്പോൾ തവളകുമാരൻ ഒന്നു ഞെളിഞ്ഞുനിന്നു. അദ്ദേഹം നിഷ്കളങ്കതയോടെ ചിരിച്ചു. മിസ്റ്റർ കോബ്രാ താങ്കളുടെ സുഹൃദ്ബന്ധം കിട്ടിയതിലൂടെ ഞാൻ ബഹുമാനിതനായിരിക്കുകയാണ്. ഇരുവരും വലിയ തമാശപൊട്ടിച്ചതുപോലെ പൊട്ടിച്ചിരിച്ചുകൊണ്ട് പിരിഞ്ഞു.

പൊട്ടക്കുളത്തിലേക്ക് ചാടിയ തവളകുമാരൻ നേരെ ചെന്നത് തന്റെ മുത്തച്ഛന്റെ അടുത്തേക്കാണ്. മുത്തച്ഛാ, എനിക്കൊരു വലിയ സുഹൃത്തിനെ കിട്ടി. ഒരു മൂർഖൻ പാമ്പിനെ. നമ്മുടെ കൂട്ടത്തിലാർക്കെങ്കിലും ഒരു മൂർഖൻ പാമ്പുമായിട്ട് ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. എന്നാൽ ഇതാ ഇവിടെ ഒരു കൊച്ചു മാക്രി വിജയിച്ചിരിക്കുന്നു. ഈ മാക്രിക്കൂട്ടത്തിൽ ആദ്യമായി ഒരു മൂർഖൻ പാമ്പുമായി ബന്ധമുണ്ടാക്കിയ മാക്രി എന്ന ബഹുമതി എനിക്കാണ്. തവളകുമാരന്റെ മുത്തച്ഛൻ നെഞ്ചിൽ കൈവച്ചുകൊണ്ട് പറഞ്ഞു: മൂർഖൻ പാമ്പു

www.malankaralibrary.com

മായി നീ ബന്ധമുണ്ടാക്കിയെന്നോ! നീയുമായി അവൻ ബന്ധമുണ്ടാക്കിയാലും അവനുമായി നീ ബന്ധമുണ്ടാക്കിയാലും ലാഭം മൂർഖൻ പാമ്പിനാണ്. അവന് വിശക്കുമ്പോൾ നിന്നെ പിടിച്ചു വിഴുങ്ങും. അവന് യാതൊരു പ്രശ്നവും നീ മൂലമുണ്ടാകില്ല. പക്ഷേ നിന്റെ ജീവന് എപ്പോഴും ഭീഷണി മാത്രമായിരിക്കും സമ്മാനം.

ചിലരുമായി കൂട്ടുകെട്ടിനുപോയാൽ അവർക്ക് ഒരു ദോഷവും ഭവിക്കുകയില്ല; പകരം നമുക്കായിരിക്കും ദോഷം. എല്ലാവർക്കും എല്ലാവരും എല്ലായ്പോഴും സുഹൃത്തുക്കളാകണമെന്നില്ല. നമുക്ക് ആപത്തുണ്ടാകുന്ന കൂട്ടുകാരിൽനിന്നും അകന്നിരിക്കുക.

## ജീവിതം ബിസ്സിനസല്ല 9

ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്നകാലം. ഒരിടത്ത് ഒരു പിതാവിന് രണ്ട് ആൺമക്കൾ ഉണ്ടായിരുന്നു. പഠിക്കുവാനായി മക്കളെ അയയ്ക്കാറായപ്പോൾ പിതാവ് അവരോട് പറഞ്ഞു: നിങ്ങളുടെ ഇഷ്ടമാണ് എന്റെ ഇഷ്ടം. നിങ്ങൾക്ക് ഇഷ്ടമുള്ള വിഷയമെടുത്ത് പഠിച്ചുകൊള്ളുക. മൂത്തമകൻ വലിയ തന്ത്രശാലിയായിരുന്നു. നല്ലൊരു വ്യാപാരിയാകുവാൻ അവൻ ആഗ്രഹിച്ചു. പിതാവ് അവനെ വ്യാപാരത്തെപ്പറ്റി ആധികാരികമായി അറിയാവുന്ന ഒരാളിന്റെ അടുക്കൽ വിട്ടു. ദിവസങ്ങൾ ഏറെ കഴിഞ്ഞിട്ടും ഇളയമകൻ ഒരു തീരുമാനമെടുത്തില്ല. ഒരു ദിവസം പിതാവ് അവനെ വിളിച്ചു ചോദിച്ചു: 'നീ എന്തു തീരുമാനമാണെടുത്തത്?' പിതാവിന്റെ ചോദ്യം കേട്ടപ്പോഴവൻ പറഞ്ഞു, 'എനിക്ക് ഒരു നല്ല മനുഷ്യനായാൽ മതി.' പിതാവിന് ആശ്ചര്യമായി. പലവിധത്തിലുള്ള കാര്യങ്ങൾ പഠിപ്പിക്കുന്ന ഗുരുക്കന്മാരുണ്ട്. പക്ഷേ ഒരു നല്ല മനുഷ്യനാകാൻ പഠിപ്പിക്കുന്ന ഗുരുകുലം എവിടെയുണ്ട്? മകനോട് വാക്കു പറഞ്ഞതല്ലേ. അന്വേഷണമായി. ഏറെത്താമസിയാതെ അദ്ദേഹം ഒരു നല്ല ഗുരുവിനെ കണ്ടെത്തുകയും മകനെ അവിടേക്ക് അയയ്ക്കുകയും ചെയ്തു. വർഷങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞു. പഠനത്തിനുശേഷം മക്കളിരുവരും തിരിച്ചെത്തി. പിതാവ് അഭിമാനത്തോടെ മക്കളെ സ്വീകരിച്ചു. അധികകാലം കഴിയുന്നതിനു മുമ്പ് മൂത്തമകൻ ഒരു വ്യാപാരശാലയിട്ടു. തന്ത്രശാലിയായ അവന്

www.malankaralibrary.com

വ്യാപാരശാലയിൽ നിന്ന് ഒരു വ്യാപാരശാലയുടെ ഉടമയാകുവാൻ ചുരുങ്ങിയ കാലം മാത്രമേ വേണ്ടിയിരുന്നുള്ളൂ. സംതൃപ്തനായ പിതാവ് ജീവിതത്തിൽ മക്കൾക്കുള്ള ഉയർച്ച കണ്ടു. ഒരു ദിവസം അദ്ദേഹം മരിച്ചു. ഇളയ മകന് ഒരു ചെറിയ ജോലി കിട്ടി. തുച്ഛമായ ശമ്പളം മാത്രമേയുള്ളു. അതിൽ നിന്നുപോലും ആളുകളെ സഹായിക്കുവാൻ മനസ്സുകാട്ടി. നാട്ടിലെന്തു നല്ല കാര്യമുണ്ടായാലും അയാൾ അവിടെ ഉണ്ടായിരിക്കും. ആളുകൾ വളരെയധികം അയാളെ സ്നേഹിച്ചു. മൂത്തമകൻ 'അറുത്ത കൈയ്ക്ക് ഉപ്പ് ചേർക്കാത്ത പിശുക്കൻ' എന്ന സ്ഥാനപ്പേരിനർഹനായി. ആത്മാർത്ഥതയില്ലാത്ത വാക്കുകളും ചിരിയും മാത്രമാണ് അവന്റെ കൈമുതൽ. സ്നേഹിക്കുമ്പോഴും ബിസ്സിനസ് നയം. ആദ്യമൊക്കെ ആളുകൾ അവനെ ഇഷ്ടപ്പെട്ടുവെങ്കിലും കൂടുതൽ അടുത്തപ്പോഴേക്കും എല്ലാവരും അവനെ വെറുത്തു. അവൻ ഒരു ഒറ്റയാനയേപ്പോലെ ദുഃഖിതനായി സ്വത്തിന്റെ നടുവിൽ കഴിഞ്ഞു.

ഒരിക്കൽ ആ ഗ്രാമത്തിൽ കൊടിയ ക്ഷാമമുണ്ടായി. എല്ലാവരും കെട്ടുകളും ഭണ്ഡങ്ങളുമൊക്കെയായിട്ട് നാടുവിട്ടു. ആ രണ്ട് സഹോദരന്മാരും നാടുവിട്ടു. പരിചയമില്ലാത്ത നാട്ടിലേക്കല്ലേ യാത്ര. മൂത്ത മകൻ വലിയ ഒരു പെട്ടിയിൽ പണമെല്ലാം നിറച്ച് തലയിൽ എടുത്തുവച്ചുകൊണ്ടാണ് ഇളയ സഹോദരന്റെയൊപ്പം യാത്രയായത്. പ്രസ്തുത നാട്ടിൽ ചെന്നുകഴിഞ്ഞപ്പോഴേക്കും മൂത്തമകൻ ഏറെ ദുഃഖിതനായിത്തീർന്നു. കാരണം, ആ നാട്ടിലെ നാണയം വ്യത്യസ്ഥമായിരുന്നു. കയ്യിലിരുന്ന നാണയത്തിന് ഒരു വിലയുമില്ല. ഇളയ മകന്റെ ഖ്യാതി ആ നാട്ടിലുമെത്തിയിരുന്നു. ഒരു പുണ്യപുരുഷനെപ്പോലെ അയാളെ എല്ലാവരും സ്നേഹിക്കുകയും അയാൾക്ക് വേണ്ടുന്ന കാര്യങ്ങൾ എത്തിച്ചുകൊടുക്കുവാൻ മത്സരിക്കുകയും ചെയ്തു. മൂത്ത സഹോദരൻ ഇളയ സഹോദരന്റെയൊപ്പം കൂടിയതുകൊണ്ട് പട്ടിണിയില്ലാതെ കഷ്ടിച്ചു രക്ഷപ്പെട്ടു. തന്റെ പണം തന്നെ പരിഹസിക്കുന്നതായി അയാൾക്ക് തോന്നി. നല്ല ഒരു മനുഷ്യനാകുവാൻ അപ്പോൾ മുതൽ അയാൾ പരിശ്രമമാരംഭിച്ചു.

ജീവിതത്തിലെ ഏറ്റവും വലിയ വിദ്യ സത്സ്വഭാവിയാകുന്നതും സമ്പാദ്യം സ്നേഹവുമാകുന്നു.

www.malankaralibrary.com

# യേശുവിന്റെ അരൂപി

10

ഒരു ഗ്രാമത്തിലെ ഉത്സവത്തിന് മിശിഹായുടെ പീഡാനുഭവ നാടകം അഭിനയിക്കുവാൻ ഗ്രാമത്തലവനും അവിടത്തെ ആശ്രമ സുപ്പീരിയറും കൂടി തീരുമാനിച്ചു. ആശ്രമത്തിലെ സന്ന്യാസികൾ മനസ്സുവെച്ചഭിനയിച്ചാലേ പദ്ധതി വിജയിക്കൂ എന്നും അവർക്ക് ബോധ്യമായി.

സുപ്പീരിയർ ആശ്രമത്തിൽ വന്ന് അന്തേവാസികളെ വിളിച്ചുകൂട്ടി വിവരം അറിയിച്ചു. അവർക്ക് സന്തോഷമായി. നാടകപുസ്തകം തുറന്ന് ഓരോരുത്തരുടെയും ഭാഗം വീതിച്ചു.

യേശുവിന്റെ ഭാഗം കിട്ടുവാൻ ഓരോരുത്തർക്കും ആഗ്രഹവും നിർബന്ധവും. ഒടുവിൽ ഏറ്റവും യോജിച്ച ഒരാൾക്ക് അതുകൊടുത്തു. പിന്നീട് കന്യകാമറിയം ആകുവാനായിരുന്നു ഉൽസാഹം. അതും ഒരാൾക്ക് കൊടുത്തപ്പോൾ പിന്നെ ശ്ലീഹന്മാർ ഓരോരുത്തരുടെയും ഭാഗം വീതിച്ചു. സന്ന്യാസികളുടെ ഉൽസാഹം കുറഞ്ഞുകുറഞ്ഞു വന്നു. ഹന്നാസ്, കയ്യാഫാസ്, പടയാളികൾ മുതലായവരുടെ ഭാഗം വന്നപ്പോൾ തീരെ താൽപര്യമില്ലാതിരുന്നിട്ടും നിർബന്ധത്തിന്റെ പേരിൽ ഓരോരുത്തർ സമ്മതിച്ചു. ഒടുവിൽ യൂദാസിന്റെ ഭാഗം അഭിനയിക്കുവാൻ ചോദിച്ചിട്ട് ആർക്കും മനസ്സില്ല. എല്ലാവരും ഒഴിഞ്ഞു മാറുന്നു. യൂദാസില്ലാതെ നാടകം എങ്ങനെ ശരിയാവും. ആശ്രമത്തല വൻ വിഷമിച്ചു. നിരാശയോടെ ചാപ്പലിൽ കയറി പ്രാർത്ഥിക്കുവാനി രുന്നു. അപ്പോഴതാ അവിടെ മൂലയ്ക്ക് നിന്നുകൊണ്ട് ഒരു തുണസഹോ ദരൻ രഹസ്യമായി പ്രാർത്ഥിക്കുന്നു. അല്പസമയത്തിനുശേഷം അവരി രുവരും ഒരുമിച്ചാണ് പുറത്തിറങ്ങിയത്. പിതാവിന്റെ മുഖത്തെന്തേ വിഷമം എന്ന് തുണസഹോദരൻ ആരാഞ്ഞു. കാരണം പറഞ്ഞപ്പോൾ ആ സഹോദരന് സഹതാപമായി. താൻ യൂദാസായിക്കൊള്ളാമെന്ന് സന്തോഷപൂർവ്വം ഏറ്റതോടെ പ്രശ്നം തീർന്നു.

നാടകം അഭിനയിച്ചു തുടങ്ങി. ഏതാനും ആഴ്ചകൊണ്ട് നാടകം പഠിച്ചു. ഉത്സവദിവസം ആഗതമായി. വേഷം കെട്ടിവന്ന സന്ന്യാസികൾ സകല കഴിവും കാട്ടി അഭിനയിച്ചു. യേശുവിനെ കണ്ടവർ അവിടുത്തെ

www.malankaralibrary.com

പീഢാനുഭവത്തിൽ സഹതപിക്കുകയും കരയുകയും ചെയ്തു. യൂദാസ് ഒറ്റിക്കൊടുക്കുവാൻ വന്നപ്പോൾ ജനം 'ദുഷ്ടൻ, വഞ്ചകൻ, കള്ളൻ' എന്നിങ്ങനെ ആർത്തുവിളിച്ചു. നാടകം കഴിഞ്ഞ് അണിയറയിൽനിന്ന് ഗ്രീൻ റൂമിലേക്ക് പോകുന്ന അഭിനയക്കാരെ കാണുവാൻ കുട്ടികളും യുവാക്കളും തടിച്ചുകൂടുകയും മറയ്ക്കിടയിലൂടെ ഒളിഞ്ഞുനോക്കുകയും ചെയ്തു. യേശുവിനെ കണ്ടിട്ട് 'കർത്താവേ അനുഗ്രഹിക്കണമേ' എന്നുപറഞ്ഞ് ഭവ്യതയോടെ നിന്നപ്പോൾ യൂദാസിന്റെ ദർശനത്തിൽ 'ഈ വഞ്ചകനെ വിടരുത്, ദുഷ്ടൻ' എന്നൊക്കെ വിളിച്ചു പറഞ്ഞു.

മേക്കപ്പ് അഴിച്ചുമാറ്റി ഓരോരുത്തരും അവരവരുടെ പൂർവ്വസ്ഥാനം പ്രാപിച്ചു. രാത്രിയിൽ ഉറങ്ങുവാൻ കിടന്നു. നിദ്രയിൽ, യൂദാസായി അഭിനയിച്ച തുണസഹോദരന്റെ അടുത്ത് യഥാർത്ഥ യേശുക്രിസ്തു പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: 'മകനേ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്തുകൊണ്ട് എന്ന് അയാൾ തിരക്കിയപ്പോൾ മറുപടിയായി യേശുതമ്പുരാൻ മൊഴിഞ്ഞു;

'ഇന്ന് എന്റെ വേഷം കെട്ടി, ആ നാമത്തിൽ ലഭിക്കുന്ന പേരും പെരുമയും പിടിച്ചു പറിക്കുവാൻ ഏവർക്കും മോഹമാണ്. എന്നാൽ എന്റെ അരൂപി മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നവർ വിരളവും. അത് നിന്നെപ്പോലുള്ളവരാണ് ചെയ്യുന്നത്. എന്റെ കാലത്ത് കുരിശെന്നപോലെ ഇന്ന് പരിഹാസപാത്രമായ ഒരു ഭാഗം ആണ് യൂദാസിന്റേത്. എന്റെ മഹിമ വർദ്ധിപ്പിക്കുവാനായി മാത്രമാണ് നീ അത് ഏറ്റെടുത്തതും തുടർന്ന് നിന്ദിക്കപ്പെട്ടതും. ഇതാണ് യഥാർത്ഥമായ എന്റെ അരൂപി. ബാഹ്യമായ മോടിയിലല്ല, ആന്തരിക അരൂപിയാണ് ഞാൻ നോക്കുന്നത്. നിന്നെ ഞാൻ അനുഗ്രഹിച്ചിരിക്കുന്നു.' യേശുക്രിസ്തു അപ്രത്യക്ഷനായി.

## 11 രഹസ്യത്തിൽ ഒരു തലോടൽ

കറുകറുത്ത നീണ്ട രോമങ്ങളും പളുങ്കുപോലെയുള്ള കണ്ണുകളുമുള്ള ബ്ലാക്കി എന്ന പോമറേനിയൻ പട്ടിക്കുട്ടി ബിന്നിമോന്റെ സന്തത സഹചാരിയാണ്. ആ മൂന്നുവയസ്സുകാരന് പട്ടിക്കുട്ടിയോടൊപ്പം രാത്രിയിൽ കിടന്നുറങ്ങണമെന്ന് ആഗ്രഹമുണ്ട്. മമ്മി സമ്മതിക്കാഞ്ഞതു

www.malankaralibrary.com

കൊണ്ട് തന്റെ വിധിയായി അതു കണക്കിലെടുത്ത് തെല്ലു ദ്വേഷ്യത്തോടെയാണ് അവൻ രാത്രിയിൽ ഉറങ്ങുവാനായി പട്ടിയുടെ അടുക്കൽ നിന്നും യാത്രയാകുന്നത്. അവരുടെ സ്നേഹബന്ധം വളർന്നുകൊണ്ടിരിക്കെ പെട്ടെന്ന് ബ്ലാക്കിക്ക് ത്വഗ്രോഗമുണ്ടായി. ഡാഡി അവനെ വിളിച്ച് മേലിൽ ബ്ലാക്കിയുടെ അടുത്ത് പോകരുതെന്ന് കർശനമായ നിർദ്ദേശവും കൊടുത്തു. ബിന്നിമോന് അതൊട്ടും സമ്മതമായില്ലെങ്കിലും ഡാഡിയോടുള്ള ഭയംകൊണ്ട് മേലിൽ പട്ടിയുടെ അടുത്ത് പോകില്ലെന്നു സമ്മതിച്ചു. മനസ്സെന്നത് കടിഞ്ഞാണില്ലാത്ത കുതിരയാണെന്ന ചൊല്ല് ബിന്നിമോന്റെ കാര്യത്തിൽ ശരിയായി. ചുറ്റുപാടുകൾ ശ്രദ്ധിച്ചിട്ട് ആരുംതന്നെ ഗൗനിക്കുന്നില്ലെന്നു കണ്ടാൽ അപ്പോൾതന്നെ അവൻ പട്ടിക്കൂടിന്റെ അരികത്തേക്കോടും. ഒരു ദിവസം പേരമരത്തിന്റെ ചുവട്ടിലുള്ള പട്ടിക്കൂടിലേക്കു കയറി ബ്ലാക്കിയെ താലോടിലാളിച്ചുകൊണ്ടിരിക്കെയാണ് അവൻ ഡാഡിയെ കണ്ടത്. ദ്വേഷ്യത്തോടെ പട്ടിക്കൂടിന്റെ അരികത്തേക്കുവരുന്ന ഡാഡിയെ കണ്ടപ്പോൾ ബിന്നിക്ക് പെട്ടെന്നൊരു ബുദ്ധിതോന്നി. പട്ടിക്കൂട്ടിൽ ഇരുന്ന ചൂലിന്റെ ഒരു ഈർക്കിലെടുത്ത് മൃദുവായി പട്ടിയെ തല്ലിക്കൊണ്ടവൻ പറഞ്ഞു: “പോ പത്തി (പട്ടി) നിനക്കു സൂക്കേടാ.” പട്ടിയെ തല്ലുന്ന ബിന്നിമോനെ കണ്ട് അവന്റെ ഡാഡി നിയന്ത്രണംവിട്ട് പൊട്ടിച്ചിരിച്ചുപോയി.

ചില വസ്തുക്കളോടോ വ്യക്തികളോടോ ഉള്ള അനിയന്ത്രിതമായ ആസക്തി ആദ്ധ്യാത്മിക ജീവിതത്തിന് ഹാനികരമാണെന്നറിയാമെങ്കിലും ചിലർ അവയോടുള്ള രഹസ്യമായ അടുപ്പം വച്ചുപുലർത്തുന്നു. മറ്റുള്ളവർ കാണുമ്പോൾ കൃത്രിമമായ ഒരു അകൽച്ച പ്രദർശിപ്പിക്കുമെങ്കിലും ഇത് പ്രകടമാക്കുന്നത് അവയോടുള്ള ഭ്രമമാണ്. നിന്റെ കൈയ്യോ, കണ്ണോ നിനക്ക് ഇടർച്ചയ്ക്ക് കാരണമാകുന്നെങ്കിൽ അത് എത്ര മനോഹരമെങ്കിലും അവ നശിപ്പിച്ചു കളയുന്നതാണ് ഉത്തമമെന്നു പറഞ്ഞ യേശുതമ്പുരാൻ വിവക്ഷിച്ച ആശയത്തെ സ്വീകരിക്കുന്നവനാണ് ഉത്തമനായ സന്ന്യാസി.

## മനസ്സെന്ന മാന്ത്രികൻ 12

കുട്ടി ചുറ്റിലുംനോക്കി. ആരുമില്ല. ഭിത്തിയിൽ ഒരു വിടവുമാത്രമുണ്ട്. തനിക്ക് കഷ്ടിച്ച് അതിലൂടെ കടന്നുപോകാനാവും. കുട്ടി

www.malankaralibrary.com

ചാടി ഉയർന്ന് വിടവിന്റെ മുകളിലായുള്ള കമ്പിയിൽ ഞാണിട്ട് കാൽ അതിലൂടെ കടത്തി. ഞെങ്ങിഞെരുങ്ങി മുറിക്കുള്ളിലേക്കു കടന്നപ്പോഴേക്കും ക്ഷീണത്തോടെ അവൻ ഇരുന്നുപോയി. മ്യൂസിക് ഡയറക്ടറെപ്പോലെ കൈയിൽ ചെറിയ കമ്പുകൾ ചലിപ്പിച്ചു കൊണ്ടു നിൽക്കുന്ന മനുഷ്യ സദൃശ്യനായ കുരങ്ങിനെ കൗതുകത്തോടെ അവൻ നോക്കി. ആ ചെറിയ കമ്പുകളുടെ ചലനത്തിനൊപ്പിച്ച് താളനിബിഡമായ സംഗീതം മുറിയിൽ അലയടിക്കുന്നു. കുറേക്കൂടി മുൻപോട്ടു നീങ്ങിയപ്പോൾ അടഞ്ഞുകിടക്കുന്ന കതകാണ് അവന്റെ കണ്ണിൽപ്പെട്ടത്. മുൻപോട്ടു നീങ്ങുവാൻ ഒരു വഴിയുമില്ല. പെട്ടെന്നവൻ വശത്തായിക്കണ്ട ചങ്ങലയിൽ പിടിച്ച് ആഞ്ഞൊന്നു വലിച്ചു. വായുവിൽ അലിഞ്ഞുചേർന്നമാതിരി കതക് അവന്റെ കണ്ണിൽനിന്നും മറഞ്ഞു. കൊഴുത്ത ദ്രാവകത്തെപ്പോലെ വിവിധ വർണ്ണങ്ങളിലുള്ള പുക മുറിയിൽ നിറഞ്ഞു. പുകവലയത്തിനുള്ളിൽ മാലാഖമാർ ഹാർപ്പു വായിക്കുന്നു. സിഡ്നിലാൻഡിലേതുപോലെയുള്ള മനോഹര ദൃശ്യങ്ങൾനിറഞ്ഞ അത്ഭുതത്തോടും വിസ്മയത്തോടുംകൂടി മുന്നോട്ടവൻ നീങ്ങി. പ്രകാശത്തിന്റെ തീവ്രത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭയം ഉള്ളിൽ തണുത്തു വീണെങ്കിലും അവൻ മുൻപോട്ടുതന്നെ ജിജ്ഞാസയോടെ കാലുകളെ ചലിപ്പിച്ചു. ഇതിലും സുന്ദരമായ ദൃശ്യങ്ങളാവും അടുത്ത മുറിയിൽ. എന്നാൽ അതാ, ഇരുട്ടിൽക്കൂടി ഒരു ഭീകര ജീവി തീയും തുപ്പിക്കൊണ്ട് തന്നെ ലക്ഷ്യമാക്കി പാഞ്ഞടുക്കുന്നു! മന്ത്രമോ, യാഥാർത്ഥ്യമോ? മാന്ത്രികന്റെ മുറിയിൽ അകപ്പെട്ട കുട്ടിക്കൊന്നും മനസ്സിലായില്ല. ഭയംകൊണ്ടവൻ അലറി വിളിച്ചു. അടുത്ത നിമിഷത്തിൽ ബോധരഹിതനായി അവൻ തറയിലേക്കു വീണു.

മനസ്സ് മാന്ത്രികന്റെ അറപോലെയാണ്. അതിന്റെ ഉള്ളറയിലേക്ക് നിയന്ത്രണമില്ലാതെ ജുഗുപ്സാവഹങ്ങളായ ചിന്തകളുമായി കടന്നുചെന്നാൽ, നമുക്ക് താങ്ങാവുന്നതിൽ കൂടുതൽ കടുപ്പമുള്ള രംഗങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. ഒടുവിൽ ഭയംമൂലം ബോധരഹിതരായിത്തീരും. ദോഷകരമായ ജിജ്ഞാസകളകറ്റി, മനസ്സിനെ നിയന്ത്രിച്ചു ശീലിച്ചാൽ നാശകരമായ പല ആപത്തിൽ നിന്നും നാം രക്ഷപ്പെടും.

www.malankaralibrary.com

## ബ്രേക്കും ആക്സിലേറ്ററും 13

കന്നുകാലികളെ വളർത്തുന്ന ഒരു ഫാമിൽ പല വിധത്തിലുള്ള കിടാവുകളുണ്ടായിരുന്നു. ചില കിടാക്കൾ പാൽ കുടിക്കുവാൻ വളരെയധികം ആസക്തിയുള്ളതിനാൽ കറവക്കാരനെ വെട്ടിച്ച് പാൽ കുടിക്കാറുണ്ട്. അവയെയൊക്കെ കറവക്കാർ ബലം പ്രയോഗിച്ച് പിടിച്ചുകെട്ടും. പാൽ കുടിക്കാൻ ആസക്തി കുറഞ്ഞ കിടാവുകളുമുണ്ട്. അവയെ കറവക്കാർ പ്രോത്സാഹിപ്പിച്ചാണ് പശുക്കളുടെ അകിടിന്റെ അരികിലെത്തിക്കുന്നത്. അല്ലാത്തപക്ഷം അവ ചത്തുപോകാനുള്ള സാധ്യത ഏറെയാണ്.

സമൂഹത്തിൽ പല സ്വഭാവത്തിൽപ്പെട്ടവരുണ്ട്. ചിലർ എല്ലാകാര്യങ്ങൾക്കും ചാടി ഓടി മുന്നോട്ടുവരുന്നു. എന്തും ചെയ്യാൻ സന്നദ്ധരും അതിലുപരി മറ്റുള്ളവരെക്കാൾ മുന്നിൽ നിൽക്കാനും ഇവർ പരിശ്രമിക്കുകയും ചെയ്യും. ചെടി വെട്ടിവിട്ടാൽ കൂടുതൽ മനോഹരമായി തളിർക്കുന്നതുപോലെ ശരിയായ നിയന്ത്രണത്തിലൂടെ കൂടുതൽ നന്മ ഇവരിൽ നിന്ന് പുറപ്പെടുവിക്കാനാകും. ഏതൊരു കാര്യത്തിനും പിന്നിലേക്കു മാറുന്നവരെ മുന്നോട്ടു കൊണ്ടുവരേണ്ടത് സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് അനിവാര്യമാണ്. അധോമുഖരായ ഇവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ ശരിയായ പരിചരണത്തിലൂടെ വികസിപ്പിക്കണം. ഈ രണ്ടുകൂട്ടരേയും ഒരേ മാനദണ്ഡത്തിൽ അളക്കരുത്.

## തളർത്താൻ പറ്റാത്ത സ്നേഹം 14

ലീലയ്ക്കു കിറുക്കു പിടിച്ചോയെന്ന് ചോദിക്കുന്നതിൽ പരിഭവപ്പെടേണ്ട കാര്യമില്ല. ആർക്കാണ് അങ്ങനെ തോന്നാത്തത്. അവൾ ബേബിയുടെ ഭാര്യയായത് ഒട്ടും ശരിയായില്ലെന്നാണ് നാട്ടുകാരുടെ മുഴുവൻ അഭിപ്രായം. അയാളുടെ രണ്ടാംകെട്ടാണിത്. ആദ്യഭാര്യ മരിച്ചിട്ട് വർഷങ്ങൾ മൂന്നായി. ആദ്യത്തെ കെട്ടിലെ മൂന്നു കുട്ടികൾ മാത്രമേ ഉള്ളൂ സമ്പാദ്യമായിട്ട്. വീട്ടുകാരുടെ എതിർപ്പിനെപ്പോലും അവഗണിക്കത്തക്ക വിധത്തിൽ അയാളിൽ എന്തു മേന്മയാണവൾ കണ്ടത്. ഒരുപക്ഷേ സഹ

www.malankaralibrary.com

താപം കൊണ്ടാകും അയാളുടെ കുടുംബഭാരം പേറുവാൻ അവൾ സന്നദ്ധയായത്. മലയുടെ അരികിലുള്ള അയാളുടെ ചെറിയ വീട്ടിൽ ലീലയും ഭർത്താവും ആ മൂന്നു കുട്ടികളും താമസമായി. കുട്ടികൾക്കവൾ രണ്ടാനമ്മ ആയിരുന്നില്ല, പെറ്റമ്മതന്നെയായിരുന്നു. അവൾ കുട്ടികളേയും, കുട്ടികൾ അവളെയും അത്യധികം സ്നേഹിച്ചു. പക്ഷേ ദാരിദ്ര്യം! അത് അജയ്യമായി അവരെ ആക്രമിച്ച് നിലംപരിശാക്കുന്നതിൽ ആനന്ദം കണ്ടെത്തി. വിശപ്പിനെതിരെ പോരാടുവാൻ ഭക്ഷണംതന്നെ വേണം, സ്നേഹം മാത്രം ഭക്ഷിച്ച് വിശപ്പകറ്റാൻ ആകില്ലല്ലോ. ലീല വിശപ്പ് അറിഞ്ഞിട്ടുള്ളവളല്ല. ഇപ്പോളവൾ ദാരിദ്ര്യത്തിന്റെ കോട്ടയിലാണ്. എല്ലുന്തിയ കുട്ടികളും, നിസ്സഹായതയുടെ പര്യായമായി മാറിയ കൂലിവേലക്കാരൻ ഭർത്താവും ചോരയും നീരും വറ്റിയ ലീലയും. അവർ പട്ടിണിമൂലം തളർന്നുവീണു. തന്റെ വിശപ്പു സാരമില്ല. എന്നാൽ ആ പിഞ്ചുകുഞ്ഞുങ്ങൾ തന്റെ മുന്നിൽവച്ച് പട്ടിണികിടന്ന് പിടഞ്ഞു മരിക്കുന്നതു കാണുവാൻ തനിക്കു കരുത്തില്ല. എങ്ങനെയെങ്കിലും ഇവിടെ നിന്നും രക്ഷപ്പെടണം. അന്നു രാത്രി ആരും അറിയാതെ വീടുവിട്ടൊളിച്ചോടാൻ അവൾ തീരുമാനിച്ചു. എല്ലാവരും ഉറങ്ങിയ തക്കംനോക്കി അർദ്ധരാത്രിയോടെ, മന്ദംമന്ദം കതകിന്റെ അരികിലേക്കവൾ നീങ്ങി. ഇനിയും ഓടാമ്പൽ വലിച്ചിട്ട് പുറത്തേക്ക് ഇറങ്ങുകയേ വേണ്ടു. അവളുടെ ഹൃദയമിടിപ്പുയർന്നു. "അമ്മേ," ഓടാമ്പലിൽ കൈവെച്ചപ്പോൾ പിന്നിൽനിന്നും അതാ ഒരു നിലവിളി. നോബിൾ ആണ്. ആ വീട്ടിലെ ഏറ്റം ഇളയകുട്ടി. ആ മൂന്നരവയസ്സുകാരൻ അവളുടെ അടുക്കലേക്കു ചെന്നു. 'അമ്മ എവിടെ പോവാ!' എന്നെ വിട്ടിട്ട് അമ്മ പോവാണോ? അപേക്ഷാഭാവത്തിൽ ഉയർന്നുനിന്ന അവന്റെ കുഞ്ഞിക്കയ്യിൽ അവളുടെ കണ്ണുനീർ വീണു. അവനെ വാരിയെടുത്ത് അമർത്തിയ കരച്ചിലോടവൾ മന്ത്രിച്ചു, "എന്റെ നോബിളിനെ വിട്ടിട്ട് അമ്മ എവിടെപ്പോവും." ഇല്ല, അമ്മ എങ്ങും പോവില്ല. കുട്ടി വിശപ്പിന്റെ വേദനമറന്ന് ആശ്വാസത്തോടെ ആ അമ്മയുടെ മാറിലേക്ക് തല ചായ്ച്ചു. പട്ടിണി വലുതാക്കിയ അവന്റെ കണ്ണുകൾക്ക് മുമ്പിലെ അത്താണി ആ അമ്മ മാത്രമാണ്. നിർവൃതിയോടെ അവൾ അവന്റെ ശിരസ്സിൽ മുത്തങ്ങളേകി. നാടോടിക്കാറ്റ് അവരെ തലോടിക്കൊണ്ടേയിരുന്നു. ആ തലോടൽ ഒരു സാന്ത്വനം പോലെയായിരുന്നു.

സ്നേഹത്തിന്റെ വിശ്വാസം തകർക്കാൻ പറ്റാത്തതാണ്. സ്നേഹം തകർച്ചയിലും ശക്തിയായി കരുത്തേകുന്നു. സ്നേഹം പൂക്കുന്ന ബന്ധ

www.malankaralibrary.com

ങ്ങളില്ലായിരുന്നുവെങ്കിൽ ഭൂമി നരകമായി മാറുമായിരുന്നു. ദൈവത്തിന്റെ പ്രതിബിംബങ്ങളാണ് ആത്മാർത്ഥമായി സ്നേഹം ചൊരിയുന്ന മനുഷ്യർ. യഥാർത്ഥ സ്നേഹമുള്ളവർക്ക് സർവ്വതും ഉപേക്ഷിച്ച്, സ്നേഹത്തെ തിരസ്ക്കരിച്ച് ദൈവത്തിന്റെ സ്വരംപോലെ മന്ത്രിക്കുന്ന മനഃസാക്ഷിയുടെ വാതിലുകൾ കൊട്ടിഅടച്ചിട്ട് ഓടിപ്പോകുവാൻ സാധ്യമല്ല.

## അനുതാപത്തിന്റെ മറയിൽ ഒരു പ്രലോഭനം 15

പിതാവിന്റെ പക്കലേക്കുള്ള ധൂർത്ത പുത്രന്റെ തിരിച്ചുപോക്ക് അവനെ പ്രലോഭിപ്പിച്ചുകൊണ്ടുപോയ പിശാചിന് വലിയ നാണക്കേടുണ്ടാക്കി. ദുഃഖിതനായ ചെകുത്താൻ നരകത്തിലേക്കു പരാജയബോധത്തോടെ മടങ്ങി. കുട്ടിച്ചെകുത്താന്മാർ ദുഃഖിതനായ ചെകുത്താനെ ആശ്വസിപ്പിക്കുന്നതിനു പകരം പിറകേ നടന്ന് കൂകിവിളിച്ച് ദുഃഖം വർദ്ധിപ്പിച്ചു. പിശാചുക്കളുടെ മേധാവിയും ചെകുത്താനെ ശകാരിച്ചു. തനിക്ക് ഒരവസരംകൂടി നൽകണമെന്ന് ചെകുത്താന്റെ അപേക്ഷ മേധാവി അനുവദിച്ചുകൊടുത്തു. ചെകുത്താൻ വീണ്ടും ഭൂമിയിലേക്ക് യാത്രയായി. മുടിയനായ പുത്രനെ പിതാവിന്റെ സന്നിധിയിൽനിന്നും പിടിച്ചെടുത്തത് ഭാവിയെപ്പറ്റിയുള്ള സുന്ദരമായ സ്വപ്നങ്ങൾ കൊടുത്താണല്ലോ. ഇപ്പോഴതിന്റെ എതിരായിട്ടുള്ള മാർഗ്ഗമുപയോഗിച്ച് അവനെ പിതാവിന്റെയടുത്തുനിന്നും തുരത്തണം. ചെകുത്താൻ ദൃഢനിശ്ചയമെടുത്തു. ഈ പ്രാവശ്യം അനുതാപത്തിന്റെ ഭാവം കൊടുത്ത് അവനെ പിടികൂടാം. "ഇത്ര നല്ല പിതാവിനെ ഉപദ്രവിച്ചിട്ട് വീണ്ടും അദ്ദേഹത്തിന്റെ സവിധത്തിലേക്ക് വരുവാൻ നിനക്കു ലജ്ജയില്ലേ? നീ ചെയ്തുകൂട്ടിയ ഹീനകൃത്യങ്ങൾ എത്രയധികമാണ്; മദ്യപാനവും മറ്റു അസന്മാർഗ്ഗിക പ്രവൃത്തികളും. ഹോ! ചിന്തിക്കുമ്പോൾ അറപ്പു തോന്നുന്നില്ലേ?" അവന്റെ മനസ്സിൽ ചെകുത്താൻ മന്ത്രിച്ചു. മനസ്സിന്റെ സ്വരംകേട്ടവൻ തളർന്നിരുന്നുപോയി. ചെയ്തുപോയ പാപങ്ങളെപ്പറ്റി ചിന്തിച്ചവൻ മണിക്കൂറുകൾ ചെലവഴിച്ചു. ഓരോ ഹീനകൃത്യത്തെക്കുറിച്ചും പ്രത്യേകം പ്രത്യേകം ചിന്തിച്ചു അയവിറക്കി. പാപങ്ങളെപ്പറ്റിയുള്ള ചിന്തയ്ക്കിടയിൽ അവയുടെ മാധുര്യം വീണ്ടും ആസ്വദിക്കു

www.malankaralibrary.com

വാൻ ഇടയാക്കി. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെയുള്ള മനസ്സ് അവനെ പഴയ ആസക്തികളിലേക്ക് മടങ്ങിപ്പോകുവാൻ പ്രേരിപ്പിച്ചു. അതിന്റെയൊപ്പം നിരാശയും ആത്മനിന്ദയും അവന്റെ ചിന്തയിൽ കൂടുകെട്ടി. അവനുചുറ്റും അന്ധകാരം ആവരണം ചെയ്തു.

പ്രലോഭനത്തിൽപ്പെട്ട് സമനില തെറ്റുവാൻ തുടങ്ങിയപ്പോൾ ഒരു സദ്ചിന്ത പെട്ടെന്ന് യുവാവിനെ വലയം ചെയ്തു. ആദ്യം പ്രലോഭനമുണ്ടായപ്പോൾ അപ്പനോട് ഒന്നാലോചിക്കുവാൻപോലും കൂട്ടാക്കാതെ താൻ സ്വത്തും വാങ്ങി പുറപ്പെടുകയായിരുന്നല്ലോ. ഈ പ്രാവശ്യം അപ്പനോട് എല്ലാം തുറന്നു പറയണം. അപ്പന്റെ അരികിലേക്കവൻ ഓടി. വൃക്ഷഛായയിലിരുന്ന അപ്പൻ അവനെ പുഞ്ചിരിയോടെ സ്വാഗതം ചെയ്തു. അവൻ കണ്ണീരോടെ തന്റെ മനോവ്യഥ അപ്പനുമായി പങ്കുവെച്ചു. അറിവും അനുഭവവുമുള്ള അപ്പൻ അവന് ആശ്വാസമരുളി. “മകനെ, ഇതൊരു പ്രലോഭനമാണ്, ആദ്യത്തേതിലും വലിയ പ്രലോഭനം. അനുതാപത്തിന്റെ മധുരം പുരട്ടി പ്രലോഭനത്തിന്റെ വിഷം നിന്നെ കുടിപ്പിക്കുവാനുള്ള പിശാചിന്റെ ശ്രമമാണിത്. ചെയ്തുപോയ ഹീന കൃത്യങ്ങൾ നിന്റെ മനസ്സിലേക്കു കൊണ്ടുവന്ന്, നിന്നെ വീണ്ടും പാപത്തിലേക്കു വീഴ്ത്തുവാനാണ് അവൻ യത്നിക്കുന്നത്. ആത്മനിന്ദ നിന്നിൽ കൊണ്ടുവന്നിട്ട് നിന്റെ പിതാവിന്റെ കരുണയും സ്നേഹവും മറക്കുവാൻ അവൻ നിന്നെ പ്രേരിപ്പിക്കുന്നു. അങ്ങനെ നിന്നെ ഇവിടെ നിന്നും വീണ്ടും അകറ്റുവാനാണ് അവന്റെ ശ്രമം. എന്നാൽ നീ ചെയ്യേണ്ടത് ഇന്നത്തെ നിന്റെ അന്തസ്സിന് അനുയോജ്യമായ വിധത്തിൽ ജീവിക്കുക. ഭാവിയെക്കുറിച്ച് വ്യക്തമായ പദ്ധതികളുണ്ടാക്കിക്കൊണ്ട് മുന്നേറുക. അപ്പോൾ പ്രലോഭനത്തിന്റെ അമ്പൊടിയും. അനുതാപമുള്ള ഹൃദയമുള്ളതുകൊണ്ടല്ലേ നീ എന്റെയടുക്കൽ മടങ്ങിയെത്തിയത്. ഇനിയും നീ അനുതപിക്കേണ്ട കാര്യമില്ല.” അവൻ പിതാവിന്റെ ഉപദേശം എളിമയോടെ സ്വീകരിച്ചു. ചെകുത്താൻ വീണ്ടും ദുഃഖത്തിനായി നരകത്തിലേക്കു മടങ്ങി.

കഴിഞ്ഞകാലത്തെ പാപങ്ങളെപ്പറ്റി ഓർത്ത് മനസ്സു പുണ്ണാക്കുവാനല്ല നാം ശ്രമിക്കേണ്ടത്. അനുതപിച്ച് വന്നശേഷം മനസ്സ് വിഷമിക്കരുത്. ജീവിതത്തിന് പരിവർത്തനമുണ്ടാക്കിക്കൊണ്ട് ഭാവിയെ ലക്ഷ്യമാക്കി കുതിക്കുവാനാണ് നാം ശ്രമിക്കേണ്ടത്.

www.malankaralibrary.com

# ഇനിമേൽ ഞാനൊരു രാജകുമാരൻ

16

രാജാവിന്റെ മകളുടെ സ്വയംവരമാണ്. ഒരു ആട്ടിടയ യുവാവും ആ ചടങ്ങിൽ പങ്കുചേർന്നു. ആയോധനാഭ്യാസങ്ങളിലൊക്കെ നിപുണനായിരുന്ന അവൻ മത്സരങ്ങളിലെല്ലാം ഒന്നാമനായി. രാജകുമാരി അവന്റെ കഴുത്തിൽ വരണമാല്യം ചാർത്തി. കൊട്ടാരത്തിൽ ചെന്നിട്ടും അവനിലെ ആട്ടിടയനു മാറ്റമുണ്ടായില്ല. മാർദ്ദവമേറിയ തൂവൽമെത്തയിൽ കിടന്നിട്ടും അവന് ഉറക്കം വരികയില്ല. അവന്റെ മനസ്സിൽ എപ്പോഴും താഴ്‌വാരത്തിൽ മേയുന്ന ആടുകളും ആടുകളെ മേയുവാനായി വിട്ടിട്ട് വൃക്ഷച്ചുവട്ടിലിരുന്ന് താൻ പാടാറുള്ള പ്രാകൃതമായ ആട്ടിടയ ഗാനവുമാണ്. കൊട്ടാരസദസ്സിൽ ആയിടയ്ക്കു പ്രശസ്തനായ ഒരു സംഗീതജ്ഞൻ വന്നുചേർന്നു. സംഗീതജ്ഞന്റെ രാഗവിസ്താരം അവിടെയെല്ലാം അലയടിച്ചപ്പോൾ രാജാവിന്റെ മരുമകൻ ഓർക്കാതെ ഉച്ചത്തിൽ തന്റെ പ്രാകൃതമായ പഴയ ഗാനമാലപിക്കുവാൻ തുടങ്ങി. കച്ചേരിയൊക്കെ അലങ്കോലമായി. രാജസഭയിൽ അവൻ അപമാനിതനായി. മനോവിഷമത്തോടെ അവൻ തന്റെ മുറിയിൽ എത്തിയപ്പോൾ രാജകുമാരി അവന്റെ തോളിൽ തട്ടിക്കൊണ്ടു ധൈര്യം നൽകി. "അങ്ങ് രാജകുമാരനാണ് ആട്ടിടയനല്ല. ഈ ചിന്ത സദാ മനസ്സിൽ നിലനിർത്തണം." പ്രിയതമയുടെ ആ വാക്കുകൾ ഒരു മന്ത്രംപോലെ അവനിൽ പ്രവർത്തിച്ചു. രാജകുമാരൻ ആകുവാൻവേണ്ടി അന്നു മുതൽ അവൻ ശ്രമിച്ചു. ഏറെ താമസിയാതെ ആ ആട്ടിടയൻ കരുത്തനായ ഒരു ഭരണാധികാരിയായി വളർന്നു.

പല സാഹചര്യങ്ങളിലും നാം നമ്മുടെ നിലയും വിലയും മറന്നു പ്രവർത്തിക്കാറുണ്ട്. അപ്പോഴൊക്കെ അപമാനം നമുക്ക് വന്നുഭവിക്കുന്നു. ഇത്തരം അനുഭവങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുവാൻ നാം യത്നിക്കണം. അപ്പോൾ നമ്മുടെ അന്തസ്സിനും അഭിമാനത്തിനും അനുസരിച്ച് ഉയരുവാനും നാം വഹിക്കുന്ന ഉന്നതസ്ഥാനത്തെ അലങ്കരിക്കുവാനും നാം പ്രാപ്തരായിത്തീരുന്നു.

www.malankaralibrary.com

## 17 ആരംഭം അസ്വസ്ഥം

"നിന്നെ കെട്ടിച്ചയയ്ക്കാൻതന്നെ ഞങ്ങൾ തീരുമാനിച്ചു." പത്താം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടിയോട് അവളുടെ അച്ഛൻ ഇങ്ങനെ പറഞ്ഞാൽ ആ കുട്ടി കരയും. പക്ഷേ മാലതിക്കുട്ടിയോട് അച്ഛൻ മാധവൻ നായർ പ്രസ്തുത വാചകം പറഞ്ഞപ്പോൾ അവൾക്ക് ലജ്ജയാണുണ്ടായത്. കാരണം വിവാഹപ്രായമായപ്പോഴാണ് മാലതിക്കുട്ടി പത്താം ക്ലാസ്സിലെത്തിയത്. പല ക്ലാസ്സുകളിലും ഒന്നിലേറെ വർഷത്തെ സർവ്വീസ് അവൾക്കുണ്ടായിരുന്നു. ഏറെ താമസിയാതെ അവൾ വിവാഹിതയായി. ഗർഭിണിയായ മാലതിക്കുട്ടി ഭർത്താവിന്റെയൊപ്പം ആശുപത്രിയിലുമൊക്കെ പോകുമ്പോൾ ആദ്യകാലങ്ങളിൽ അവൾക്കുണ്ടായ നാണവും അസ്വസ്ഥതയും വാക്കുകളിൽ ഒതുക്കുവാനാവില്ല. എന്നാൽ പത്തുപതിനഞ്ചു വർഷങ്ങൾക്കുശേഷം മാലതിക്കുട്ടിയെ കണ്ടവർക്കൊക്കെ അത്ഭുതമായി. നാണം കുണുങ്ങിയായ പഴയ യുവതിയുടെ സ്ഥാനത്ത് തന്മയത്വമുള്ള ഒരു വീട്ടമ്മയുടെ ഭാവവുമായി മാലതിക്കുട്ടി നിൽക്കുന്നു. പഴയ ലജ്ജാഭാവവും അവരെ വിട്ടുപിരിഞ്ഞിരിക്കുന്നു. മക്കളുടെയും ഭർത്താവിന്റെയുമൊക്കെ കാര്യങ്ങൾ തന്മയത്വത്തോടെ നോക്കുന്ന ഒരു നല്ല വീട്ടമ്മയായി കാലം അവരെ മാറ്റിമറിച്ചിരിക്കുന്നു. പിന്നെ എങ്ങനെ ആളുകൾ അത്ഭുതപ്പെടാതിരിക്കും.

പുതിയൊരുസ്ഥാനത്ത് പുത്തൻ സാഹചര്യത്തിൽ ഒരാളെത്തുമ്പോൾ ആദ്യമാദ്യം വളരെ അസ്വസ്ഥതകൾ അനുഭവപ്പെടും. എന്നാൽ കാലക്രമേണ സാഹചര്യങ്ങളെ കീഴടക്കി, ജോലികൾ ശീലിച്ചുകഴിയുമ്പോൾ എല്ലാം അനായാസേന ചെയ്യുവാൻ സാധിക്കും. ആരംഭത്തിൽ നഷ്ടധൈര്യരാകാതെ പിടിച്ചുനിൽക്കുവാൻ സാധിച്ചാൽ ജീവിതം വിജയിച്ചു.

## 18 ഒലിവു മലയിൽനിന്നും പുതിയൊരു മറിയം

യേശുവിന്റെ മാർഗ്ഗത്തിലേക്കു കടന്നുവന്ന മഗ്ദലനമറിയം ഒരു പുതിയ സൃഷ്ടിയായി. പാപജീവിതത്തിന്റെ ചവറ്റു കൂനയിൽനിന്ന് ഒരു

www.malankaralibrary.com

റോസാച്ചെടിയെപ്പോലെ അവൾ ഉയർത്തെഴുന്നേറ്റു. അതിരു കാക്കുന്ന ഒലിവുമലകളുടെ മുഖം അസ്തമയ സൂര്യന്റെ പ്രകാശത്താൽ തുടുത്തു മനോഹരമായി. സന്ധ്യ പറന്നിറങ്ങുകയാണ്. മറിയത്തിന്റെ വീടിന്റെ കതകിൽ ആരോ മുട്ടുന്ന സ്വരം കേട്ടുകൊണ്ടവൾ വാതിൽ തുറന്നു. "മറിയം, നീ ഞങ്ങളെയൊക്കെ അങ്ങു മറന്നുപോയോ!" അവൾ ഒരു ഞെട്ടലോടെ പിന്നോട്ടു മാറി. വീഞ്ഞിന്റെ ലഹരി തലയെ ബാധിച്ചിരുന്ന വിടനായ ഒരു പ്രഭുവാണ് മുന്നിൽ നിൽക്കുന്നത്. "ക്ഷമിക്കണം, ഞാൻ പഴയ ജീവിതമെല്ലാം ഉപേക്ഷിച്ചു. ദയവുചെയ്ത് എന്നെ ശല്യപ്പെടുത്തരുത്." "നീയെന്നാണു ഒരു പുണ്യവതിയായത്." പുച്ഛത്തോടെ അയാൾ ചോദിച്ചുകൊണ്ട് എന്തൊക്കെയോ വീണ്ടും പുലമ്പുവാൻ തുടങ്ങി. സ്വർണ്ണനാണയങ്ങൾ അവളുടെ മുന്നിലേക്കയാൾ വാരിയിട്ടു. അവൾ കോപംകൊണ്ട് ജ്വലിച്ചു. "നിന്റെ പണം എടുത്തുകൊണ്ടു പോ, പിശാചേ." അവളുടെ ആക്രോശത്തിനു മുമ്പിൽ അയാൾ ഒന്നു ഞെട്ടി. കാലുകൊണ്ട് സ്വർണ്ണനാണയങ്ങൾ തട്ടിത്തെറിപ്പിച്ചിട്ടവൾ കതകടച്ചു കുറ്റിയിട്ടു. വിയർത്തൊലിച്ച മുഖത്തോടും കിതയ്ക്കുന്ന ഹൃദയമിടിപ്പോടുംകൂടി അവളിരുന്നു. തനിക്കിത്രയും ധൈര്യമായി പറയുവാൻ ശക്തിതന്ന ദൈവത്തെ അവൾ സ്തുതിച്ചു.

മനുഷ്യനെ പ്രലോഭനത്തിലേക്ക് ആനയിക്കുവാൻ വാഗ്ദാനങ്ങളുമായി അനേകരെത്തും. ആ അവസരങ്ങളിൽ അവരോട് സൗമ്യമായിട്ടല്ല പെരുമാറേണ്ടത്. നിർദ്ദയമായി പെരുമാറി, ഓടി രക്ഷപ്പെട്ടുകൊള്ളണം. തമസ്സ്രീതിയിലുള്ള സത്വഗുണത്തിന്റെ പ്രകടനമായി ഇത്തരം പ്രവൃത്തികളെ ഭാരതീയ ഋഷിമാർ വിശേഷിപ്പിക്കുന്നു.

## മിന്നാമിനുങ്ങും സൂര്യനും 19

അമ്പലപ്പൊയ്കയിലെ താമരപ്പൂവിനെനോക്കി ഇലയുടെ മറവുപറ്റിയെത്തിയ ഒരു മിന്നാമിനുങ്ങ് പരിഭവപ്പെട്ടു. "നീ എപ്പോഴും സൂര്യനെപറ്റി മാത്രമേ ചിന്തിക്കുന്നുള്ളുവല്ലോ? എനിക്കും പ്രകാശമില്ലേ; നിനക്ക് എന്തുകൊണ്ട് എന്നെ ആരാധിച്ചുകൂടാ?" താമരപ്പൂവ് പുഞ്ചിരിപൊഴിച്ചു. "എങ്ങനെയാണ് നിന്നെ സൂര്യനുമായി താരതമ്യം ചെയ്യുക? സൂര്യപ്രകാശത്തിന്റെ പതിനായിരത്തിലൊരംശം നിന്നിലുണ്ടോ? സൂര്യ

www.malankaralibrary.com

പ്രകാശം മിന്നിനീങ്ങുന്നതും ഒന്നോ രണ്ടോ ദിവസംകൊണ്ട് ഇല്ലാതാകുന്നതുമല്ല. സൂര്യൻ സ്ഥിരതയുള്ളവനാണ്. നിന്റെ പ്രകാശത്തിന് സ്ഥിരതയുണ്ടോ? നീ ക്ഷണികനാണ്. സൂര്യന്റെ ഉദയാസ്തമയങ്ങൾക്ക് നിശ്ചിത സമയമുണ്ട്. നിനക്കങ്ങനെയൊരു സമയബന്ധിത പരിപാടിയുണ്ടോ? ഊർജ്ജത്തിന്റേയും പ്രകാശത്തിന്റേയും സ്രോതസ്സ് സൂര്യനാണ്. നീ തന്നെ പറയൂ, ശക്തനായവനെയാണോ ഞാൻ ആശ്രയിക്കേണ്ടത്, അതോ ക്ഷണികനായ നിന്നെയോ?" മിന്നാമിനുങ്ങ് മറുപടി ഒന്നും പറയാതെ തന്റെ ഇത്തിരിപ്പോന്ന നുറുങ്ങുവെട്ടവുമായി ഇലകളുടെ മറവിൽക്കൂടി ലജ്ജയോടെ പറന്നകന്നു.

താമരപ്പൂവ് സൂര്യനിലേക്ക് തിരിയുന്നതുപോലെ നീതി സൂര്യനായ ഈശ്വരനിലാണ് നാം ആശ്രയമർപ്പിക്കേണ്ടത്. ദൈവത്തിലാശ്രയിക്കാത്തവർ മിന്നാമിനുങ്ങുകളെപ്പോലെയുള്ള ക്ഷണികമായ യാഥാർത്ഥ്യങ്ങളിൽ തങ്ങളുടെ ആശ്രയമർപ്പിച്ച് മിഥ്യകളുടെ പിന്നാലെ പായുന്നു. ഈശ്വരോന്മുഖമായ ജീവിതമല്ലേ കൂടുതൽ അഭികാമ്യം?

## 20 നിയമങ്ങൾ എന്തിന്?

തൊമ്മിക്കുഞ്ഞിന്റെ അപ്പച്ചനാണ് എസ്റ്റേറ്റിന് ഏദൻ എസ്റ്റേറ്റെന്നു പേരിട്ടത്. ഏദൻതോട്ടം ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം വഹിക്കുന്നതും ശാന്തി തുളുമ്പുന്നതുമാണല്ലോ. തൊമ്മിക്കുഞ്ഞിന്റെ ഏദൻ എസ്റ്റേറ്റ് പഴയ ഏദൻ തോട്ടത്തിൽ പിശാചു കയറിയതിനുശേഷമുള്ള സ്ഥിതിവിശേഷത്തിലാണിപ്പോൾ. എസ്റ്റേറ്റിൽ തൊഴിലാളി സമരം ഒരു വശത്ത് ഉയരുമ്പോൾത്തന്നെ മറുവശത്ത് കള്ളന്മാരുടെ ശല്യം. മനുഷ്യരുടെ സ്ഥിതിവിശേഷം ഇതുപോലെയാണെങ്കിൽ മൃഗങ്ങളുടെ അവസ്ഥ പറയേണ്ടതില്ലല്ലോ. ആടുകളുടെ ഫാമും നായ്ക്കുട്ടികളുടെ ഫാമും അടുക്കലടുക്കലാണ്. നായ്ക്കുട്ടികളുടെ പ്രധാന വിനോദം ആടുകളുടെ നേരെ കുരച്ചുകൊണ്ട് ചാടി അവയെ ഭയപ്പെടുത്തുകയെന്നതാണ്. ഏദൻ തോട്ടത്തിന്റെ കുഴാമറിച്ചിലുകൾ അതിന്റെ ഉച്ചകോടിയിലെത്തിയിരിക്കുമ്പോഴാണ് ഗോവിന്ദൻകുട്ടി എസ്റ്റേറ്റു സൂപ്രണ്ടായി അധികാരം ഏറ്റെടുത്തത്. മൃഗങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം ആദ്യം നിയമങ്ങളുണ്ടാക്കിയത്. ആടുകളുടെ നേരെ കുരച്ചുചാടി

www.malankaralibrary.com

അവയെ ഭയപ്പെടുത്തുന്ന നായ്ക്കൾക്ക് രണ്ടു ദിവസത്തേക്കു ഭക്ഷണം കൊടുക്കരുതെന്ന് അദ്ദേഹം വിലക്കു കല്പിച്ചു. "ഇത്രയും കാലം ഞങ്ങളെ ആരുമൊന്നും ചെയ്തില്ല; ഇപ്പോൾ പുതിയ നിയമം കൊണ്ടു വന്ന് ഞങ്ങളെ നിയന്ത്രിക്കുന്നതെന്തിന്?" നായ്ക്കളുടെ പ്രതികരണം അതായിരുന്നു. നായ്ക്കളുടെ എതിർപ്പ് നിയമലംഘനത്തിലൂടെ പ്രകട മാക്കി. നിയമം ലംഘിച്ച നായ്ക്കളെ ദാക്ഷണ്യമില്ലാതെ ജോലിക്കാർ കഠിനമായി ശിക്ഷിച്ചു. ഏറെക്കാലം കഴിയുന്നതിനുമുൻപുതന്നെ മൃഗ ങ്ങൾ നിയമങ്ങൾ അനുസരിക്കുവാൻ തുടങ്ങി. എസ്റ്റേറ്റിനെപ്പറ്റി എല്ലാം പഠിച്ചതിനുശേഷം സാവധാനം തൊഴിലാളികൾക്കായി നിയമങ്ങളു ണ്ടാക്കി. കുറേപ്പേർ എതിർത്തെങ്കിലും ഏറെ താമസിയാതെ എതിർ പ്പിന്റെ മുനയൊടിയുകയും എല്ലാവരും നിയമപാതയിൽ ജീവിക്കുവാൻ തുടങ്ങുകയും ചെയ്തു. അങ്ങനെ ഏദൻതോട്ടം ഐക്യത്തിന്റെയും സ്നേഹത്തിന്റെയും അദ്ധ്വാനത്തിന്റെയും ഊഷ്മളത ഉൾക്കൊണ്ടു ക്കൊണ്ട് വിജയത്തിലേക്കു കുതിച്ചു.

വ്യക്തികളുടെ താൽപ്പര്യത്തിനായിട്ടല്ല നിയമം ഉണ്ടാക്കേണ്ടത്, മറിച്ച് സമൂഹത്തിന്റെ നന്മയ്ക്കായിട്ടാണ്. വ്യക്തികൾക്ക് എതിർപ്പുണ്ടാ യാലും സമൂഹനന്മയ്ക്കായിട്ട് നിയമം ഉപകരിക്കുമെങ്കിൽ അവരുടെ എതിർപ്പ് ഏറെ താമസിയാതെ തന്നെ കെട്ടടങ്ങിക്കൊള്ളും.

## തിൻമയേ വിട 21

കുപ്രസിദ്ധനായ ഒരു കൊലയാളിക്ക് മാനസാന്തരമുണ്ടായി. ചെയ്തുപോയ പൂർവ്വകാല പാപങ്ങൾക്കു പരിഹാരമായും മാനസാന്തര ത്തിനുവേണ്ടിയും അയാൾ സർവ്വവും ഉപേക്ഷിച്ച് വിദൂരമായ ഒരു വിജന സ്ഥലത്തെത്തി. താനുണ്ടാക്കിയ ചെറുകുടിലിൽ ഉപവാസവും പ്രാർത്ഥ നയും ധ്യാനവുമൊക്കെയായി അയാൾ കഴിച്ചുകൂട്ടി. നിർഭാഗ്യമെന്നു പറയട്ടെ, അവിടെയും അദ്ദേഹത്തിന് ആശ്വാസം ലഭിച്ചില്ല. താൻ ദാരുണ മായി കൊലപ്പെടുത്തിയവരുടെ മുഖങ്ങൾ തന്നെ ആക്രമിക്കുവാനായി പാഞ്ഞടുക്കുന്നതുപോലെ അദ്ദേഹത്തിന് തോന്നി. അദ്ദേഹത്തിന്റെ കാതിൽ അവരുടെ ആർത്തനാദം പതിക്കുന്നതുപോലെ അനുഭവപ്പെട്ടു. മാതാപിതാക്കളെ കൊന്നൊടുക്കിയതുമൂലം അനാഥരായിമാറിയ കുട്ടിക

www.malankaralibrary.com

ളുടെ ദീനരോദനം കാതിൽ വന്നലച്ചപ്പോൾ അയാളുടെ ഉറക്കം നിലച്ചു. തനിക്കു ശാന്തി ലഭിക്കില്ല, എത്ര പുണ്യസ്ഥലങ്ങൾ സന്ദർശിച്ചാലും, എന്തെല്ലാം പ്രായശ്ചിത്തപ്രവൃത്തികൾ അനുഷ്ഠിച്ചാലും തന്റെ ആത്മാവിന് സമാധാനം തിരിച്ചുകിട്ടില്ല എന്നയാൾ കരുതി. നിരാശയോടെ അയാൾ അവിടെനിന്നും യാത്രയായി. യാത്രാമദ്ധ്യേ അയാളൊരു സന്ന്യാസിയെ കണ്ടുമുട്ടി. "താങ്കളുടെ മുഖമെന്താണ് വാടിയിരിക്കുന്നത്" പുഞ്ചിരിയോടെ സന്ന്യാസി അന്വേഷിച്ചു. സന്ന്യാസിയുടെ സ്നേഹമസൃണമായ അന്വേഷണം അയാളുടെ മനസ്സിന് ആശ്വാസം പകർന്നു. ചുമട്ടുകാരൻ ചമടുതാങ്ങിയിലേക്ക് ഭാരമിറക്കുംപോലെ തന്റെ മനസ്സിന്റെ പ്രയാസമെല്ലാം സന്ന്യാസിയുടെ സവിധത്തിലയാൾ ഇറക്കിവച്ചു. സന്ന്യാസിയുടെ വാക്കുകൾ അയാൾക്ക് പ്രോത്സാഹനം നൽകി. "നീ ചെയ്തുപോയ തിന്മകളെക്കുറിച്ചുമാത്രം ഓർത്ത് മനസ്സ് പുണ്ണാക്കാതെ, ചെയ്യുവാനിടയായ നന്മകളിൽ മനസ്സുറപ്പിക്കുക. നന്മകൾ ചെയ്യുവാനിടവരുത്തിയ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുക. പാപങ്ങൾക്കു പരിഹാരമായി പുണ്യപ്രവൃത്തികൾ ചെയ്യുവാൻ ഇനിയും ധാരാളം അവസരങ്ങളുണ്ടല്ലോ? പാപചിന്ത മനസ്സിൽ വരുമ്പോൾ അതിനെ തള്ളിക്കളഞ്ഞിട്ട് പുണ്യത്തെക്കുറിച്ചോർക്കുക. കുറെകഴിയുമ്പോൾ കൂടുതൽ നന്മചെയ്യുവാനുള്ള ആസക്തി ഉണ്ടാകും." സന്ന്യാസി യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ അയാൾ സന്തോഷത്തോടെ തന്റെ നന്മകളെപ്പറ്റി ധ്യാനിക്കുവാൻ മടങ്ങിപ്പോയി. ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയും അയാൾ മാനസിക സന്തോഷം പ്രാപിച്ചു. കൂടുതൽ പുണ്യത്തിൽ വളർന്നു.

വീഴ്ചകളെപ്പറ്റിയോർത്ത് നിരാശരായി ജീവിതം നശിപ്പിക്കാതെ ജീവിതത്തിന്റെ നന്മകളെപ്പറ്റി ആലോചിച്ചിട്ട് മറ്റുള്ളവർക്ക് നന്മ ചെയ്യുവാനായി ശുഭാപ്തി വിശ്വാസത്തോടെ പരിശ്രമിക്കുക.

## പുത്തൻ പശ്ചാത്തലങ്ങളിലേക്ക് 22

ശുചീന്ദ്രന്റെ ജനനം കടലോരത്തായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ അദ്ദേഹത്തിലൊളിഞ്ഞുകിടന്നിരുന്ന കവി മറ നീക്കിയപ്പോൾ മനോഹരമായ കവിതകൾ അദ്ദേഹത്തിന്റെ തൂലികത്തുമ്പിൽനിന്നും

www.malankaralibrary.com

ഒഴുകി. അധികമൊന്നും യാത്രചെയ്തിട്ടില്ലാത്ത അദ്ദേഹത്തിന്റെ കവിതകളുടെ പശ്ചാത്തലം എല്ലായ്പ്പോഴും കടലുമായി ബന്ധപ്പെട്ടുകിടന്നു. കവി ശ്രദ്ധേയനായെങ്കിലും പുതിയ പശ്ചാത്തലങ്ങളെ അദ്ദേഹം തിരഞ്ഞെടുത്തില്ല. മുക്കുവക്കുടിലുകളും, തോണികളും, വലയും ചാകരയുമൊക്കെ മാത്രമായിരുന്നു പ്രതീകങ്ങൾ. അവയുമായി ബന്ധപ്പെട്ടുകഴിയുവാൻ മാത്രമേ അദ്ദേഹം ശ്രമിച്ചുള്ളൂ. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശൈലി ആളുകൾക്കു വിരസമായിതോന്നി. അതിനാൽ അവർ കത്തുകളിലൂടെ പുതിയ പശ്ചാത്തലങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തെ അറിയിച്ചു. വ്യത്യസ്തങ്ങളായ പുതിയ പശ്ചാത്തലങ്ങൾ കണ്ടെത്തി അവയിൽനിന്നും കവിതകൾ മെനഞ്ഞെടുക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം വലിയ വിജയമായി. ഏറെ താമസിയാതെ കവിതാസാമ്രാജ്യത്തിലെ മുടിചൂടാ മന്നനായി അദ്ദേഹം മാറി.

കവികളും, സാഹിത്യകാരന്മാരും ദാർശനീകരും തങ്ങളെ ചുറ്റിപറ്റിയുള്ള ചെറിയ ലോകത്തിൽ ഒതുങ്ങേണ്ടവരല്ല. അവർ വിശാലമായ പ്രപഞ്ചത്തിന്റെ വക്താക്കളാണ്. മഞ്ഞുതുള്ളിയിൽ സൂര്യൻ അവതരിക്കുംപോലെ അവരുടെ കൃതികൾ അവരുടെ ദർശനങ്ങളുടെ ആവിഷ്കാരവും ഭാവവും വഹിക്കുന്നവയായിരിക്കണം. ആസ്വാദകർക്ക് അവ ആസ്വദിക്കാനുതകുന്നവയുമാകണം.

## ആരും താമസിക്കാത്ത വീട് — 23

ഞാനൊരു വാടക വീട് പണിതിട്ട് അത് മാന്യവ്യക്തികൾക്ക് വാടകയ്ക്കു കൊടുക്കുന്നെങ്കിൽ മാന്യ വ്യക്തികളുമായി സംസർഗ്ഗമുണ്ടാകുന്നു, ലാഭമുണ്ടാകുന്നു, വീട് വൃത്തിയായി കിടക്കുകയും ചെയ്യുന്നു. നേരെ മറിച്ച് ഞാൻ ആർക്കും കൊടുക്കാതെ അങ്ങനെ തന്നെ ഇട്ടേച്ചാൽ വഴിപോക്കർ ആരെങ്കിലും വന്ന് അത് കൈവശപ്പെടുത്തുന്നു. അല്ലെങ്കിൽ നരിച്ചീറും മറ്റ് ജന്തുക്കളും അതിൽ വാസമുറപ്പിക്കുന്നു. എന്റെ മനസ്സാകുന്ന വീട്ടിൽ സദ് ചിന്തകളെ പാർപ്പിക്കുന്നില്ലെങ്കിൽ, ദൃശ്ചിന്തകളെ പ്രവേശിപ്പിക്കണമെന്നില്ല, അവ താനേ വന്ന് പാർപ്പിടം ഉറപ്പിക്കുന്നു.

www.malankaralibrary.com

## 24 കുരിശിൽ ചവുട്ടിയ കത്രീന

എൺപതോടടുത്ത് വയസ്സുള്ളവളാണ് കത്രീന. പറയത്തക്ക അസുഖങ്ങൾ ഒന്നുംതന്നെയില്ലാത്ത വല്യമ്മാ തനിക്കു വൃദ്ധാറിൽ കിട്ടുന്ന സമയമത്രയും കരയുവാനും തന്റെ പാപകർമ്മങ്ങളെപ്പറ്റി സംസാരിക്കുവാനുമാണ് വിനിയോഗിക്കുന്നത്. കത്രീന ഒരു മഹാപാപിയാണെന്നൊന്നും ആരും പറയില്ല. എങ്ങനെ പറയും; ആവതുണ്ടെങ്കിൽ എന്നും പള്ളിയിൽ പോകും. കരയാതിരിക്കുന്ന സയമമത്രയും ബാക്കിയുള്ളവരോടൊക്കെ ചിരിച്ചുകൊണ്ട് പഴങ്കഥകളൊക്കെ പറയും. ബൈബിളിലെ വരികളുപയോഗിച്ച് ദൈവസ്നേഹത്തെപ്പറ്റി സംസാരിക്കുന്ന കത്രീനായെ ഒരു മിഷനറി എന്നുവരെ നമുക്കു വിശേഷിപ്പിക്കാവുന്നതാണ്. ഇത്രയും നല്ലയൊരമ്മച്ചി എന്തിനാണിത്രയും കരയുന്നതെന്നറിയുവാനായി വികാരിയച്ചൻ ഒരു ദിവസം അവരുടെ വീട്ടിലെത്തി. അച്ചനെ കണ്ടപ്പോഴേക്കും കത്രീന മുളഞ്ചീന്തു കീറുംപോലെ കരച്ചിലങ്ങു തുടങ്ങി. “എന്തുപറ്റി അമ്മച്ചി?” “ഞാൻ..... ഞാൻ ഒരു മഹാദ്രോഹിയാണച്ചാ.” “മുടിയനായ പുത്രൻ എത്ര വലിയ ദ്രോഹിയായിരിന്നിട്ടും പിതാവു ക്ഷമിച്ചില്ലേ?” “ഇല്ലച്ചാ, ഞാൻ മുടിയനായ പുത്രനേക്കാളും വലിയ പാപിയാണ്.” അച്ചൻ വീണ്ടും പറഞ്ഞുനോക്കി. “വലതുവശത്തെ കള്ളനോട് ക്രൂശിൽ കിടന്നപ്പോൾപോലും കർത്താവു ക്ഷമിച്ചില്ലേ? അമ്മച്ചിയുടെ പാപങ്ങളും ദൈവം ക്ഷമിക്കും.” “വലതുവശത്തെ കള്ളൻ എന്നെക്കാട്ടിലും ഭേദമാണച്ചാ, ആ കള്ളൻ കർത്താവിന്റെ കുരിശിൽ ചവിട്ടിയില്ലല്ലോ.” “അമ്മച്ചി എന്താണു പറയുന്നത്?” “എനിക്ക് അഞ്ചു വയസ്സുള്ളപ്പോൾ ഒരു ക്രൂശിത രൂപത്തിൽ ഞാൻ ചവിട്ടിയച്ചാ.” അതോടൊപ്പം അമ്മച്ചി നെഞ്ചത്ത് ഒരിടി പാസ്സാക്കി. അച്ചൻ ചിരിയടക്കുവാൻ ശ്രമിച്ചിട്ടും ആ ശ്രമം വിഫലമായി. അറിവില്ലാത്ത പ്രായത്തിൽ അറിയാതെ ചെയ്ത ഒരു പ്രവൃത്തിയുടെ ‘തീ’യാണ് ഇന്നും അമ്മച്ചി വിഴുങ്ങുന്നത്. വീണ്ടും കത്രീന കരയുവാൻ തുടങ്ങിയപ്പോൾ അച്ചൻ പെട്ടെന്നൊരു ചോദ്യമെടുത്തിട്ടു. “അമ്മച്ചിയുടെ മകൻ മൂന്നു വയസ്സുള്ളപ്പോൾ അമ്മച്ചിയെ ചവിട്ടിയിട്ടില്ലേ? അമ്മച്ചി അതിനവനെ ശിക്ഷിച്ചോ?” “അവൻ കുഞ്ഞല്ലേ അച്ചാ.” “ദൈവവുമതുപോലെയാണമ്മച്ചീ. അറിവില്ലാത്തകാലത്ത് ചെയ്ത പാപത്തിന് അമ്മച്ചി മകനെ ശിക്ഷിച്ചില്ലെങ്കിൽ കരുണതന്നെയായ ദൈവത്തിന് എങ്ങനെയാണ് അമ്മച്ചിയെ ശിക്ഷിക്കാ

www.malankaralibrary.com

നാവുന്നത്." ഇതു കേട്ടപ്പോൾ എല്ലാമൊന്നും മനസ്സിലായില്ലെങ്കിലും സന്തോഷത്തോടെ കണ്ണുനീര് തുടച്ചിട്ട് ഭംഗിയായിട്ടൊരു ചിരി പാസ്സാക്കി.

പൂർവ്വകാലങ്ങളിൽ അറിവില്ലാതെ ചെയ്തുപോയ തെറ്റുകൾ ദൈവം തന്റെ മക്കളോടും ക്ഷമിക്കും. ചെയ്ത തെറ്റിനെക്കുറിച്ച് പാപ മോചനം നേടിയതിനുശേഷവും ഓർത്തുകൊണ്ടിരിക്കുന്ന മനസ്സിന് ഒരിക്കലും സമാധാനം ലഭിക്കുകയില്ല. അനന്തകാരുണ്യവാനായ ദൈവത്തിന് മനുഷ്യനെ വെറുക്കുവാനറിയുകയില്ല.

## പരിചരണം 25

ജോബിമോനൊരു ചെടി നട്ടു. വളവും വെള്ളവും ചെടിക്കുകൊടുത്തു. മൃഗങ്ങൾ ചെടിയെ നശിപ്പിക്കാതിരിക്കുവാൻ ചെടിക്കു ചുറ്റിലും വേലിയുംകെട്ടി. ജോബിമോൻ ചെടിയെ പിന്നെയൊട്ടും ശ്രദ്ധിച്ചില്ല. കാരണം ചെയ്യേണ്ടതെല്ലാം ചെയ്തുവെന്ന് അവന് ബോധ്യമുണ്ട്. ചെടിയോടുള്ള അമിതമായ താല്പര്യംകൊണ്ട് രാത്രിയിൽ ചെടിയുടെ ചുവട്ടിൽപോയി അവൻ കാവലിരുന്നില്ല. ചെടിയുടെ വളർച്ചയുടെപേരിലുള്ള മാനസിക പിരിമുറുക്കവും അവൻ അനുഭവിച്ചില്ല. ചെടി വളർന്നു. പൂവു പിടിക്കാനുള്ള കാലമായപ്പോൾ ചെടിയിൽ പൂക്കൾ നിറഞ്ഞു. കായ് പിടിക്കാനുള്ള കാലമായപ്പോൾ ചെടിയിൽ കായ്കൾ നിറഞ്ഞു. അതുകണ്ട് ജോബിമോന്റെ മനസ്സിൽ ആനന്ദതുമ്പികൾ പറന്നു.

ആദ്ധ്യാത്മിക ജീവിതമെന്നത് ഒരു ചെറിയ ചെടിപ്പോലെയാണ്. ചെയ്യാനുള്ള കാര്യങ്ങൾ നാം ചെയ്താൽ നമ്മൾപോലുമറിയാതെ പുണ്യപൂർണ്ണതയുടെ അവസ്ഥയിലേക്ക് ദൈവം നമ്മളെ വളർത്തികൊള്ളും. പൂർണ്ണതയുടെ പേരിൽ നാം ദുഃഖിക്കേണ്ട കാര്യമില്ല. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തുകഴിഞ്ഞ് ബാക്കിയുള്ള ഉത്തരവാദിത്വം ദൈവത്തിന് വിട്ടു കൊടുത്തേക്കുക.

## ഇന്റർവ്യു 26

തുമ്പിച്ചേട്ടൻ തന്റെ പഞ്ചസാര ഫാക്ടറിയുടെ ഒരു ശാഖ കേരളത്തിലും തുടങ്ങി. ജോലിക്ക് ആളുകളെ ആവശ്യമുണ്ടെന്ന് കാണിച്ച്

www.malankaralibrary.com

പത്രങ്ങളിലൊക്കെ പരസ്യം കൊടുത്തു. ഉറുമ്പുകളുടെ ഒരു വലിയ സംഘംതന്നെ പഞ്ചസാര ചുമട്ടുതൊഴിലാളികളാകുവാൻ വേണ്ടി അപേക്ഷകളയച്ചു. തുമ്പിച്ചേട്ടൻ അപേക്ഷകളൊക്കെ പരിശോധിച്ചപ്പോൾ ചുമട്ടുതൊഴിലാളികളുടെ ഒഴിവിലേക്ക് മാത്രമേ ഉറുമ്പുകൾ അപേക്ഷിച്ചിട്ടുള്ളുവെന്ന് മനസ്സിലായി. ഇന്റർവ്യൂവിനായിട്ട് തുമ്പിച്ചേട്ടൻ എല്ലാവർക്കും കാർഡുകൾ അയച്ചു. ഇന്റർവ്യൂവിന് ഉറുമ്പുകളൊക്കെ ചുമട്ടു തൊഴിലാളികളെപോലെ തലയിൽ കെട്ടുമൊക്കെ ആയിട്ടാണ് എത്തിയത്. ഇന്റർവ്യൂവിന്റെ സമയമായി. അതൊരു പ്രത്യേക രീതിയിലാണ്. എല്ലാവർക്കും ഒരു സദ്യകൊടുക്കും. അതെല്ലാവരും കഴിക്കണം. ഇന്റർവ്യൂ അതോടെ തീരും. പഞ്ചസാരകൊണ്ട് നിർമ്മിച്ച മനോഹരമായ പാത്രങ്ങളിൽ വറുത്ത മലർ വിളമ്പിവെച്ചിരിക്കുന്ന ഡൈനിംഗ് ഹാളിലേക്ക് തുമ്പിച്ചേട്ടൻ ഉറുമ്പുകളെ ക്ഷണിച്ചു. ഉറുമ്പുകൾ അച്ചടക്കത്തോടെ തലക്കെട്ടുകൾ മുറുക്കികെട്ടി സദ്യക്കിരുന്നു. വലിയ ചോദ്യങ്ങളൊക്കെ പ്രതീക്ഷിച്ചിരുന്ന ഉറുമ്പുകൾക്ക് പ്രസ്തുത പരിപാടി വളരെയധികം സന്തോഷമേകി. സദ്യ കഴിഞ്ഞിട്ട് ഏമ്പക്കവുമായി ഉറുമ്പുകൾ എണീറ്റപ്പോൾ ഇന്റർവ്യൂ അവസാനിച്ചു. ഫലപ്രഖ്യാപനം അടുത്ത ദിവസം ഉണ്ടായിരിക്കുമെന്നും അറിയിച്ചു. ഉറുമ്പുകൾ ആനന്ദം നിറഞ്ഞ ഹൃദയങ്ങളുമായി തങ്ങളുടെ മാളങ്ങളിലേക്ക് യാത്രയായി. ഫലപ്രഖ്യാപന ദിവസം കിഴക്ക് വെള്ള കീറുന്നതിന് മുമ്പ് ഫാക്ടറിയുടെ മുമ്പിൽ ഉറുമ്പുകൾ അണിനിരന്നു. ഫാക്ടറിയുടെ ടവർ ക്ലോക്ക് ഒമ്പതുപ്രാവശ്യം മണിമുഴക്കി. ശിപായി വന്ന് നോട്ടീസ് ബോർഡിൽ ജോലിക്കായി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരെഴുതിയ കടലാസ് തൂക്കിയിട്ടു. ഉറുമ്പുകൾ നോട്ടീസ് ബോർഡിന്റെ ചുറ്റിലുംകൂടി ആവേശത്തോടെ പരിശോധിച്ചു. ഒറ്റയൊരു ഉറുമ്പിന്റെ പേരുപോലും ആ കടലാസ്സിലില്ല. ക്ഷുഭിതരായ ഉറുമ്പുകൾ മുദ്രാവാക്യങ്ങൾ മുഴക്കികൊണ്ട് മാനേജരുടെ മുറിയിലേക്ക് തള്ളിക്കയറി. തുമ്പിച്ചേട്ടൻ ഒരു പുഞ്ചിരിയോടെ ഉറുമ്പുകൾക്ക് ആഹാരം വിളമ്പിയ പഞ്ചസാരപാത്രങ്ങൾ അവരെ കാട്ടി. ചിലതിന് വക്കില്ല, ചിലതിനു മൂടില്ല, ചിലതിന്റെ മൂട് അരിപ്പപോലെയായിരിക്കുന്നു. പഞ്ചസാരപാത്രം കടിച്ചുതിന്ന നിങ്ങളെ പഞ്ചസാര ചുമട് എങ്ങിനെ വിശ്വസിച്ചേൽപ്പിക്കും? തുമ്പിച്ചേട്ടന്റെ മുഴക്കമുള്ള ചോദ്യം മുറിയിൽ പ്രതിധ്വനിച്ചു. ഉറുമ്പുകൾ ലജ്ജിച്ച് തലതാഴ്ത്തി ഓരോരുത്തരായി പുറത്തിറങ്ങി.

www.malankaralibrary.com

ഒരു രംഗത്ത് ബലഹീനതയുള്ള കൂട്ടരെ ആ ചുമതല ഏൽപ്പിക്കാത്തതാണ് ബുദ്ധി. ഗൗരവമായി സംശയിക്കുന്ന ഒരാളിനെ പ്രലോഭനത്തിന്റെ മദ്ധ്യത്തിലാക്കിയിട്ട്, അയാളുടെ ആത്മസംയമനം പരീക്ഷിക്കാതെ, അയാളെ ഒഴിവാക്കിയാൽ പിന്നീട് ഉണ്ടാവുന്ന വളരെയേറെ പ്രശ്നങ്ങൾ ഒഴിവാക്കാം.

## കുരുവിക്കും തൻകൂട് കൊട്ടാരം 27

മനോഹരമായ കുന്നിൻചരുവിലെ കാപ്പിത്തോട്ടങ്ങൾക്കു നടുവിലായി മൈക്കിൾ പ്രഭു തന്റെ ബംഗ്ലാവു പണിയുവാൻ തുടങ്ങി. ആ സ്ഥലത്തുതന്നെയുള്ള വടവൃക്ഷത്തിന്റെ ശിഖരത്തിൽ ഒരു കുഞ്ഞാറ്റ കുരുവിയും കൂടു പണിയുവാൻ തുടങ്ങി. പ്രഭുവിന്റെ ബംഗ്ലാവ് പണിക്കായിട്ടും കല്ലും തടിയുമൊക്കെ എത്തിക്കൊണ്ടിരിക്കെ കുരുവി അകലങ്ങളിൽ നിന്ന് നാരുകളും ഉണങ്ങിയ ഇലകളുമൊക്കെ കൊത്തിപ്പെറുക്കിക്കൊണ്ടു വന്നു. ഒരു ദിവസം സായാഹ്നത്തിൽ കുരുവിയുടെ വീടു പണി ശ്രദ്ധിച്ചുകൊണ്ട് പ്രഭു പറഞ്ഞു: “വലിയ കെട്ടിടം പണി ഇവിടെ നടക്കുമ്പോഴാ അവന്റെയൊരു കൂട്കെട്ട്.” വയസ്സു ചെന്ന ഒരു പണിക്കാരൻ പുഞ്ചിരിയോടെ പറഞ്ഞു: “അങ്ങേക്ക് അങ്ങയുടെ ബംഗ്ലാവ് വലുത്. കുരുവിക്ക് തന്റെ കൂട് വലുത്. അവരവർക്കു വസിക്കാനുള്ള ഇടമാണ് രണ്ടുപേരും ഒരുക്കുന്നത്. ആവശ്യത്തിനനുസരിച്ചാണല്ലോ ഓരോരുത്തരും പ്രവർത്തിക്കുന്നത്.

വളരെ നിസ്സാരനെന്ന് പറഞ്ഞ് ആരേയും തളിക്കളയാനാകുകയില്ല. എല്ലാവരേയും അവരവരായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കുന്നതിലാണ് മനുഷ്യ മഹത്ത്വം നിലനിൽക്കുന്നത്. കാക്കയ്ക്കും തൻ കുഞ്ഞ് പൊൻകുഞ്ഞാണ്. വിരൂപമായ മുഖമാണ് തന്റെ കുഞ്ഞിനുള്ളതെങ്കിലും ഉത്തമയായ അമ്മ ശിശുവിന് മുലപ്പാൽ നിരസിക്കുമോ?

## പിള്ളച്ചേട്ടന്റെ ദിവാസ്വപ്നം 28

“അങ്കുശമില്ലാത്ത അലസതെ, നിന്നെ പിള്ളച്ചേട്ടനെന്നു വിളിക്കുന്നു.” വാസ്തവത്തിൽ പിള്ളച്ചേട്ടനോളം പോന്ന വേറൊരു അല

www.malankaralibrary.com

സൻ ആ നാട്ടിലില്ല. പിള്ളച്ചേട്ടൻ പണിചെയ്യാറുണ്ട്. ഉണ്ണുക, ഉറങ്ങുക എന്നീ പണികൾ, മറ്റു സമയങ്ങളിൽ സ്വപ്നങ്ങൾ നെയ്തെടുക്കുവാനും, സ്വപ്നസാമ്രാജ്യത്തിൽ അലഞ്ഞു തിരിയുവാനും സമയം വ്യയം ചെയ്യുന്നു. ഒരു ദിവസം കട്ടിലിലിരുന്ന അയാളെ ഒരു ദിവാസ്വപ്നം തലോടി. താനൊരു ലോട്ടറി ടിക്കറ്റെടുക്കുന്നു. അടുത്ത ദിവസംതന്നെ നറുക്കെടുപ്പായി. അടിച്ചു ഒന്നാം സമ്മാനം; ഇഷ്ടംപോലെ പണം. അഞ്ചു നിലയുള്ള ഒരു വീട് പണിതുതീർന്നില്ല അതിനു മുമ്പേ എസ്റ്റേറ്റുകൂടി വാങ്ങി. വീട്ടുമുറ്റത്തൊരു ഉദ്യാനം. തന്റെ ടാറ്റാ എസ്റ്റേറ്റു കാറിൽ കയറി റബ്ബർ എസ്റ്റേറ്റിലേക്ക് പോകുകയാണ്. പെട്ടെന്നൊരു ലോറി പിന്നിൽ നിന്നും കാറിലിടിച്ചു. തകർന്നകാർ മൂന്നു കരണം മറിഞ്ഞ് കൊക്കയിൽ. 'അയ്യോ' പിള്ളച്ചേട്ടന്റെ ചിലമ്പിച്ച അലർച്ച കേട്ട് അദ്ദേഹത്തിന്റെ ധർമ്മപത്നി ഭഗീരഥിയമ്മ ഓടിയെത്തി, കൂടൊരു ശകാരവും. ദിവാസ്വപ്നത്തിൽ നിന്നുണർന്ന് മിഴികൾ പാതി തുറന്നു. മുന്നിലായി ഭാര്യയും ജനാലയുടെ പടിയിലെ എല്ലുന്തിയ പൂച്ചയും മൂന്നുകാലുള്ള കസേരയും. 'എന്താ മനുഷ്യനെ ഇത്' ഭഗീരഥിയമ്മ ചോദിച്ചു. "ഓ, ഒരു സ്വപ്നം", വിഡ്ഢിത്തം നിറഞ്ഞ ചിരിയോടെ പിള്ളച്ചേട്ടൻ മറുപടി കൊടുത്തു.

സമയവും തിരമാലകളും ആരേയും കാത്തുനിൽക്കില്ല. ദിവാസ്വപ്നങ്ങൾകൊണ്ട് സമയം കൊല്ലുന്ന ഘാതകരാകുവാൻ നാം ആഗ്രഹിക്കരുത്. പ്രവർത്തന നിരതമായ വ്യക്തിക്ക് ഓരോ നിമിഷവും വിലയേറിയതാണ്. സ്വപ്നങ്ങളിലെ രാജകൊട്ടാരം യാഥാർത്ഥ്യമാക്കുവാൻ അങ്ങനെയുള്ളവർ ശ്രമിക്കും. അലസരായ ആളുകൾ പട്ടിണിയുടെ കോട്ടയിൽ ഇരുന്നുകൊണ്ട് ദിവാസ്വപ്നങ്ങൾക്ക് നിറവും ഭാവവും കൊടുത്തുകൊണ്ട് പരിഹാസ്യരായി ജീവിക്കും. നമ്മുടെ സമയം ഭംഗിയായി വിനിയോഗിക്കുവാൻ നമുക്ക് ശ്രമിക്കാം.

## 29 മരണം ഒരിക്കൽ മാത്രം

ആനന്ദ് ആശുപത്രിയിൽ പോയിട്ടും മരിച്ചു. ഒരു ചെറിയ പനി വന്നാൽ, കാലിലൊരു മുള്ളുകൊണ്ടാൽ അപ്പോൾതന്നെ ആശുപത്രിയിലേക്ക് നീങ്ങിയിരുന്ന ആളാണ് ആനന്ദ്. റോഡിലൂടെ അദ്ദേഹം നടക്കു

www.malankaralibrary.com

ന്നത് ഭയത്തോടെയായിരുന്നു. വണ്ടിയിടിച്ചു ചത്തുപോകുമോ എന്നുള്ള ഭയം. സൈക്കിളിൽ അദ്ദേഹം കയറാറില്ലായിരുന്നു. സൈക്കിളിൽ യാത്ര ചെയ്യുമ്പോൾ സൂക്ഷ്മതയില്ലാതെ മറ്റുവല്ല വണ്ടിക്കാരും വന്നിടിച്ചാൽ താൻ ചത്തുപോകില്ലേ എന്നുള്ള ഭയം. കുന്നുകളിലൊന്നും അദ്ദേഹം കയറാറില്ലായിരുന്നു. കുന്നിൽ നിന്നെങ്ങാനും വഴുതി വീണാൽ താൻ ചത്തുപോകില്ലേ? രാത്രിയിൽ ഷൂസിട്ടുകൊണ്ടേ അദ്ദേഹം നടക്കാറുള്ളായിരുന്നു. ഷൂസിടാതെ നടന്നാൽ പാമ്പെങ്ങാനും വന്ന് തന്റെ കാലിൽ കടിച്ചാൽ താൻ മരിക്കുമെന്നത് തീർച്ച. ഇപ്രകാരം മരണത്തെ ഭയപ്പെട്ടുകൊണ്ട് ഓരോ നിമിഷവും തള്ളിനീക്കിയിരുന്ന ആനന്ദിന്റെ ബാല്യകാല സുഹൃത്തായിരുന്നു അശോക്. ധീരനായ അദ്ദേഹം ഇൻഡ്യൻ എയർലൈൻസിൽ പൈലറ്റാണ്. ആനന്ദിന്റെ മരണത്തിന് ഒരുമാസം മുമ്പ് അശോക് വീട്ടിലെത്തിയപ്പോൾ ആനന്ദ് അദ്ദേഹത്തെ കാണുവാൻ ചെന്നു. ബാല്യകാല വിശേഷങ്ങളൊക്കെ പറഞ്ഞുകൊണ്ടിരിക്കെ ആനന്ദ് മരണസത്യങ്ങളെ അനാവരണം ചെയ്തുകൊണ്ട് ഭീതിയോടും വിറയലോടുംകൂടി അശോകിനെ ഉപദേശിച്ചു. “വിമാനം പറപ്പിക്കുന്ന ജോലിപോലെ ഇത്രയും അപകടം പിടിച്ച ഒരു പണിയുണ്ടോ? ആകാശത്തു ചെന്നു കഴിഞ്ഞാൽ പിന്നെ മരിച്ചാൽപോലും ആരും അറിയില്ല.” അന്ന് ആനന്ദിന്റെ വർത്തമാനം കേട്ട് അശോക് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: “മരണത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് ഓരോ നിമിഷവും മരിച്ചു ജീവിക്കുന്ന ജീവിതത്തിന് എന്തർത്ഥമുണ്ട്.” ധീരന്മാർക്ക് ഒരു മരണമേയുള്ളു. ഭീരുക്കൾ ഓരോ നിമിഷവും മരിച്ചു ജീവിക്കുന്നു. താൻ ഒരു ഭീരുവാണെന്ന് സമ്മതിക്കുവാൻ ഒരുക്കമല്ലാതിരുന്നതുകൊണ്ട് അന്നുമുതൽ മരണത്തെപ്പറ്റി പുറത്തെങ്ങും ഉരിയാടാതെ ആനന്ദ് കഴിയുവാൻ തുടങ്ങി. മരണത്തിനെതിരെയുള്ള മുൻ കരുതലുകൾ വിഡ്ഢിയും ഭീരുവുമായ ആ മനുഷ്യൻ ഉപേക്ഷിച്ചില്ല. ആനന്ദ് മരിച്ചത് ഹൃദയാഘാതം കൊണ്ടാണ്. മരണത്തെ ഭയന്ന് മരിച്ചുപോയതാണോ എന്നും സംശയമുണ്ട്.

ജനിച്ചാൽ മരിക്കും എന്നത് തീർച്ചയാണ്. മരണത്തെപ്പറ്റിയോർത്ത് ഭയന്ന് യാതൊരു സാഹസ പ്രവൃത്തിയിലുമേർപ്പെടാതെ ഒഴിഞ്ഞുമാറി നടക്കുന്നവർക്ക് ജീവിക്കുവാനാവില്ല. അവർ അനുനിമിഷം മരിച്ചുകൊണ്ടേയിരിക്കും. അവസാനം കാലം തീരുംമുമ്പേ അവർ ഈ ലോകത്തോട് വിടപറയും. ധീരന് ഒരു മരണമേയുള്ളൂ. അവൻ മരിച്ചാലും അവന്റെ ചെയ്തികൾ ഭാവി തലമുറയുടെ മനസ്സുകളിൽ പച്ചപിടിച്ചു നിൽക്കുന്നു.

www.malankaralibrary.com

# 30 വിഡ്ഢിയുടെ സന്ന്യാസം

ഭട്ടാചാര്യരോളം അറിവുള്ള ഒരു പണ്ഡിതൻ ആ ഗ്രാമത്തിലും അയൽഗ്രാമങ്ങളിലുമില്ല. ശാസ്ത്രങ്ങളിലും വേദങ്ങളിലും നിപുണനായ അദ്ദേഹം വിനീത ഹൃദയൻ കൂടിയാണ്. ഗ്രാമവാസികൾക്ക് എന്തു പ്രയാസം നേരിട്ടാലും അവരുടെ സഹായത്തിനായി അദ്ധ്വാനിക്കുവാൻ യാതൊരു മടിയും അദ്ദേഹത്തിനില്ല. കാലപ്രവാഹത്തിൽ പ്രശസ്തിയിൽ മടുപ്പുതോന്നിയിട്ടദ്ദേഹം ഈശ്വരചിന്തയിൽ കൂടുതൽ മുഴുകുവാനായി സന്ന്യാസം സ്വീകരിച്ചിട്ട് കാഷായ വസ്ത്രധാരിയായി, ഏകാന്തത തേടി അകലങ്ങളിലുള്ള ഒരു ഗ്രാമത്തിലേക്കു യാത്രയായി. പുതിയ ഗ്രാമത്തിൽ ഒരു പർണ്ണശാല കെട്ടി താമസമാക്കിയ ആ ഭിക്ഷാദേഹിയെ ത്തേടി ജനം നാടിന്റെ നാനാഭാഗത്തുനിന്നും എത്തിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സാരോപദേശങ്ങൾ അവരെ ഹഠാദാകർഷിച്ചു. ആളുകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു.

കുഞ്ഞികണാരന്റെ വീട് ആശ്രമത്തോട് അടുത്തായിരുന്നു. അയാൾ ആ നാട്ടിലെ അറിയപ്പെടുന്ന പരദൂഷകനും വിഡ്ഢിയുമായിരുന്നു. സന്ന്യാസിക്കു ലഭിക്കുന്ന പ്രശസ്തി അസൂയാലുവായ കുഞ്ഞികണാരന്റെ ഉറക്കം കെടുത്തി. സന്ന്യാസിയെ എങ്ങനേയും തകർക്കണം എന്നായി. ആലോചിച്ചാലോചിച്ച് തന്റെ എളിയ ബുദ്ധിയിൽ വലിയ ഒരു ചിന്തകൊണ്ടുവന്നു. താനും ഒരാശ്രമമുണ്ടാക്കി സന്ന്യാസവേഷമണിയുക. അടുത്ത സുപ്രഭാതത്തിൽ കുഞ്ഞികണാരൻ കാഷായ വേഷം ധരിച്ച് ഒരു കമണ്ഡലവുമെടുത്ത് സന്ന്യാസിയുടെ ആശ്രമത്തോടടുപ്പിച്ച് ഒരു പർണ്ണശാലകെട്ടി സന്ന്യാസിചമഞ്ഞിരുന്നു. കുഞ്ഞികണാരനെ മുൻപ് അറിയാത്ത ചിലരൊക്കെ ഉപദേശങ്ങൾക്കായി അദ്ദേഹത്തെ സമീപിച്ചപ്പോൾ സാഹചര്യബന്ധിതമല്ലാത്ത, അർത്ഥമില്ലാത്ത വാക്കുകൾ അനിർഗ്ഗളം അദ്ദേഹത്തിന്റെ നാവിൽനിന്നും പ്രവഹിക്കുവാൻ തുടങ്ങി. വന്നുപെട്ടവരൊക്കെ അയാളെ ശകാരിച്ചുകൊണ്ട് മുഖം തിരിച്ചു. കാലക്രമേണ ആരും അയാളെ സമീപിക്കാതെയായി. തനിയെ ഇരുന്ന് മടുപ്പ് തോന്നിയ കുഞ്ഞികണാരൻ ഒരു സുപ്രഭാതത്തിൽ കാഷായവേഷം വലിച്ചെറിഞ്ഞ് കുടിലിന് തീയും കൊളുത്തി സ്വന്ത വീട്ടിലേക്ക് തിരിച്ചുപോയി.

www.malankaralibrary.com

ജ്ഞാനവും വിവേകവുമുള്ള ഒരുവന്റെ പ്രവൃത്തി വിജയിക്കും. അവയില്ലാത്തവന്റെ അതേ പ്രവൃത്തി ദോഷത്വമായിരിക്കും. ജ്ഞാനിയുടെ വിജയത്തിൽ അസൂയപൂണ്ട് അയാളോട് മത്സരിക്കുന്ന ഭോഷൻ പരാജയവും പരിഹാസവും കൊയ്തെടുക്കുന്നു. നല്ലവൻ എന്നും നൻമോന്മുഖമായ ലക്ഷ്യത്തിനായി പ്രവർത്തിക്കും. അല്ലാത്തവന്റെ വാക്കും പ്രവൃത്തിയും സ്വന്തം നാശത്തിനേ ഉപകരിക്കുകയുള്ളൂ.

## നാമ്പുകൾ മേലോട്ട് 31

മൈനർ സെമിനാരിയുടെ വളപ്പിൽ കുരുമുളകു കൊടികൾ ധാരാളമുണ്ട്. സെമിനാരിയിലെ കൃഷിയുടെ കാര്യങ്ങളൊക്കെ ചെയ്തിരുന്ന ബ്രദർ ഒരു സായാഹ്നത്തിൽ കുരുമുളകു നാമ്പുകൾ മുരിക്കു മരത്തോടു ചേർത്തു കെട്ടിക്കൊണ്ടിരിക്കവേ ആദ്ധ്യാത്മിക ഉപദേഷ്ടാവായ ചാരച്ചിറയിലച്ചൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നു. ഗുഡ് ഈവനിംഗ് ഫാദർ, ഞാൻ ഈ കൊടിയിലെ നാമ്പുകൾ എല്ലാംകൂടെ ചേർത്ത് മുകളിലേക്കു പിടിച്ചുകെട്ടുകയാണ്. ബ്രദർ ലോഹ്യത്തിനായി പറഞ്ഞതുകേട്ട് അച്ചൻ പുഞ്ചിരിച്ചു. എല്ലാവരുടേയും നന്മ അഭിലഷിച്ചിരുന്ന ആ വൈദികൻ ബ്രദറിനെ ജോലിയിൽ സഹായിക്കുവാൻ തുടങ്ങി. ഇടയ്ക്കദ്ദേഹം ആദ്ധ്യാത്മികമായ ഒരു വീക്ഷണം പ്രസ്തുത ബ്രദറിനു കൊടുക്കുവാൻ ശ്രമിച്ചു. അദ്ദേഹം പുഞ്ചിരിയോടെയാണ് അത് ആരംഭിച്ചത്. ബ്രദറിന്റെ കഴിവുകളും ഈ നാമ്പുകളെപ്പോലെ ചിന്നിച്ചിതറി നിലത്തു കിടക്കുന്നു. യേശുവാകുന്ന മുരിക്കിനോടു ചേർത്ത് മുകളിലേക്കു വിട്ടാൽ ഫലം.... നൂറിരട്ടിയാകും.

വിവിധ കഴിവുകളുടെ സമുച്ചയമാണ് ഓരോ വ്യക്തിയും. ചിതറിക്കിടക്കുന്നതോ, കണ്ടെത്താത്തതോ ആയ കഴിവുകളെ ദൈവോന്മുഖമായിട്ട് വളർത്തുമ്പോൾ അവ വ്യക്തിക്കും സമൂഹത്തിനും വലിയ പ്രയോജനം ചെയ്യുന്നു.

## ലക്ഷ്യവും പ്രയത്നവും 32

പി. ടി. ഉഷ എന്ന നാമം നമുക്കേവർക്കും സുപരിചിതമാണ്. ഭാരതത്തിന്റെ സുപ്രശസ്തയായ ഓട്ടക്കാരി. പയ്യോളി ഗ്രാമത്തിൽ ജനിച്ചു

www.malankaralibrary.com

വളർന്ന പി. ടി. ഉഷയുടെ കഴിവുകൾ കണ്ടെത്തുവാനായതുകൊണ്ടാണ് അവർക്ക് ഭാരതത്തിലെ പ്രശസ്തയായ ഓട്ടക്കാരിയായി മാറുവാൻ ആയത്. കഠിനമായ പ്രയത്നവും ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനവും അവരെ ലോക പ്രശസ്തയാക്കി.

പ്രശസ്തിയുടെ കൊടുമുടിയിൽ എത്താൻ ആഗ്രഹമുള്ളവർ ലളിത സാഹചര്യത്തിൽനിന്നുവേണം ചുവടുവെച്ചു തുടങ്ങാൻ. ചെറിയ കാര്യങ്ങൾ കാട്ടിത്തരുന്ന വഴിയിലൂടെ മാത്രമേ പ്രശസ്തി ഉണ്ടാകൂ. ജനനംകൊണ്ടുതന്നെ മഹാന്മാരായിട്ടുള്ളവർ വളരെ വിരളമാണ്, എന്നാൽ ജീവിതത്തിലൂടെ വലിയവരായവർ ധാരാളമുണ്ട്.

## 33 വേലിയിൽനിന്നൊരു പാഠം

പൈലിച്ചേട്ടനൊരു നിശ്ചയമെടുത്താൽ അതൊരു നിശ്ചയമാണ്. ഒരു ദിവസം തന്റെ കരിമ്പിൻ തോട്ടത്തിന്റെ ചുറ്റിലും വേലികെട്ടുവാൻ പൈലിച്ചേട്ടൻ തീരുമാനിച്ചു. വേലിയെന്ന് വെച്ചാലതൊരു വേലിയായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ട്. ഒരുറുമ്പുപോലും അതിലൂടെ കയറരുത്. പൈലിച്ചേട്ടൻ വേലിയുടെ പണി അന്ന് സുപ്രഭാതത്തിൽത്തന്നെ തുടങ്ങി. വൈകുന്നേരമായപ്പോഴേക്കും വേലിയുടെ ഒരു ചെറിയ ഭാഗം മാത്രമേ പണി തീർന്നൊള്ളൂ. ദോഷം പറയരുതല്ലോ, ഉറുമ്പിനേക്കാൾ വലിയ ജീവികളൊന്നും പണിതുതീർത്ത ആ ഭാഗത്തുകൂടി കടക്കുകയില്ല. ഒരു മൂലയ്ക്കു മാത്രമായി ഒരു വേലി!! പറമ്പിന്റെ വിശാലമായ ബാക്കിഭാഗം വേലിയില്ലാതെ കിടക്കുകയാണ്. ആ രാത്രിയിൽ കാട്ടുമൃഗങ്ങൾ സംഘമായി എത്തി പൈലിച്ചേട്ടന്റെ കരിമ്പിൻ ത്തോട്ടം മുഴുവനും നശിപ്പിച്ചു. പൈലിച്ചേട്ടൻ ഉണ്ടാക്കിവച്ച വേലിമാത്രം നശിപ്പിച്ചില്ല. കാരണം അത്രയ്ക്കു ശക്തമായിരുന്നു അത്.

ഭരണരംഗത്തുള്ളവർ ആദ്യമേ പ്രാധാന്യം കൊടുക്കേണ്ടത് നിസ്സാരകാര്യങ്ങൾക്കല്ല, മറിച്ച് വലിയ കാര്യങ്ങൾക്കാണ്. വലിയ കാര്യങ്ങൾ പ്രാവർത്തികമാക്കിയതിനുശേഷം മാത്രമേ അവയോടു ചുറ്റിപ്പറ്റിയുള്ള ചെറിയ ചെറിയ സംഗതികളിൽ ശ്രദ്ധിക്കാവൂ. ആദ്യം വന്യമൃഗങ്ങളെ അകറ്റുന്ന രീതിയിൽ വേലി കെട്ടുകയാണ് ചെയ്യേണ്ടിയിരുന്നത്. പിന്നീടതിൽ മിനുക്കുപണികൾ ചെയ്ത് ഉറുമ്പിനുപോലും കയറാനാവാത്ത രീതിയിൽ ഭദ്രമാക്കാമായിരുന്നു. പൈലിച്ചേട്ടന് നഷ്ടമുണ്ടായപ്പോഴാണ് ആ പാഠം പഠിച്ചത്.

www.malankaralibrary.com

## ചാർജ്ജുള്ള ബാറ്ററികൾ

34

കുഞ്ഞിക്കുട്ടൻ ചേട്ടന്റെ ചായക്കടയിലെ ട്രാൻസിസ്റ്റർ റേഡിയോയിൽ ലോകത്തുള്ള സർവ്വ സ്റ്റേഷനുകളും കിട്ടുമെന്നാണ് കുഞ്ഞിക്കുട്ടൻ ചേട്ടന്റെ വാമഭാഗം കാർത്ത്യായനിചേച്ചി പറയുന്നത്. റേഡിയോയുടെ കമ്പി മുകളിലോട്ടുയർത്തിവെച്ചാൽ ഉത്തരധ്രുവവും, ദക്ഷിണധ്രുവവും കിട്ടുമെന്ന് ആരോ കാർത്ത്യായനിചേച്ചിയെ പറഞ്ഞു വിശ്വസിപ്പിച്ചിട്ടുള്ളതിനാൽ ആ വിജ്ഞാനവും അവർ വിളമ്പുന്നുണ്ട്. കുറെയൊക്കെ അതിശയോക്തി ഉണ്ടെങ്കിലും ഒരു കാര്യം സത്യമാണ്. കുഞ്ഞിക്കുട്ടൻ ചേട്ടന്റെ ട്രാൻസിസ്റ്റർ റേഡിയോയ്ക്ക് നല്ല സ്വരമാണ്. ഈ സ്വരമൊക്കെ റേഡിയോയ്ക്ക് കൊടുക്കുന്നത് ഇത്തിരിപോന്ന ബാറ്ററികളാണ്. പക്ഷേ ആ ബാറ്ററികൾ പുറത്തു കാണുവാനുമില്ല. അടുക്കളയിൽ ചായ തിളപ്പിക്കുന്ന സാമോവറിന്റെ വശത്തായിട്ടുള്ള കമ്പിവലകളുടെ മുമ്പിൽ ചാർജ്ജു തീർന്ന ബാറ്ററികൾ കാർത്ത്യായനിചേച്ചി അടുക്കിയടുക്കി വച്ചിട്ടുണ്ട്. എന്തിനെന്ന് ചോദിച്ചാൽ കാർത്ത്യായനിചേച്ചി തന്റെ നാടൻ ശൈലിയിൽ മറുപടി പറയും "പാവപ്പെട്ടവരുടെ അലങ്കാരമൊക്കെ ഇങ്ങനാ കുഞ്ഞേ." എന്നാൽ ഇത് ഉപയോഗശൂന്യമായ ചാർജ്ജില്ലാത്ത ബാറ്ററിയാണെന്നുള്ളത് കാണുന്നവർക്കുണ്ടോ മനസ്സിലാകുന്നു. സുന്ദരമായ പാട്ടു കേൾപ്പിക്കുന്ന റേഡിയോയുടെ യന്ത്രം പ്രവർത്തിക്കുന്നത് അകത്തിരിക്കുന്ന ചാർജ്ജുള്ള ബാറ്ററിമൂലമാണ്. ചാർജ്ജില്ലാത്ത ബാറ്ററിയോ അലങ്കാരത്തിനുമാത്രമേ ഉപകരിക്കുന്നുള്ളു.

സമൂഹത്തിൽ നിശബ്ദമായി സേവനം ചെയ്യുന്ന ആളുകൾ ചാർജ്ജുള്ള ബാറ്ററികളെപ്പോലെയാണ്. ആരോരുമറിയാതെ സമൂഹത്തെ ഔന്നത്യത്തിലെത്തിക്കുവാൻ അവർ യത്നിക്കുന്നു. തീഷ്ണതയുള്ളവർക്കു മാത്രമേ നിശബ്ദമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. ഉള്ളിൽ കാപട്യമില്ലാത്ത യഥാർത്ഥ ദൈവസ്നേഹമുള്ളവർ ഏതു സാഹചര്യത്തിലും സേവനസന്നദ്ധരായിരിക്കും. യഥാർത്ഥ സൽമനോഭാവമില്ലാത്തവർ വെറും ബാഹ്യ അലങ്കാരമായ ചാർജ്ജില്ലാത്ത ബാറ്ററികൾ പോലെയാണ്.

www.malankaralibrary.com

## 35 വേണ്ടാ... ഈ ശരീരം, എവിടെ, ആ ഹൃദയം

ആതിരയുടെ വീട്ടിൽ ആരുമില്ല. വിവാഹനിശ്ചയം നടന്നിരിക്കുന്ന അവൾ രാത്രിയിൽ വിദേശത്തുള്ള തന്റെ ഭാവിവരനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് കറന്റ് പോയി. ഇരുട്ടിലൂടെ മെഴുകുതിരി തപ്പിക്കൊണ്ട് അവൾ നടന്നപ്പോൾ അവളുടെ കാലുകൾ മരവിപ്പു ബാധിച്ചതുപോലെ പെട്ടെന്നു ചലനമറ്റു. ഇരുട്ടിൽ ചെകുത്താന്മാരെപ്പോലെയുള്ള ഒരു പറ്റം നിഴലുകൾ. ഒരു പറ്റം കശ്മലന്മാരായിരുന്നു അവർ. അവർ അബലയായ ആ പെൺകുട്ടിയെ ഉപദ്രവിച്ചു. അവൾക്കെല്ലാം നഷ്ടമായി. ആ വിവരം ആരോടും പറയുവാൻ അവൾ കൂട്ടാക്കിയില്ല. പവിത്രമായ ഒരു വിവാഹബന്ധത്തിന് തനിക്കിനി യോഗ്യതയില്ല. അവൾ കണ്ണീരോടെ തന്റെ വരനാകാനുള്ള യുവാവിന് എഴുതി... "എല്ലാം നഷ്ടപ്പെട്ടവളാണ് ഞാൻ. എനിക്ക് ഇനിയും ബാക്കിയുള്ളത് ഹൃദയം നിറയെ ഉള്ള സ്നേഹം മാത്രമാണ്. അങ്ങെന്നെ സ്വീകരിക്കണമെന്നു പറയുവാൻ എനിക്കവകാശമില്ല.... അങ്ങയുടെ മറുപടി പ്രതീക്ഷിക്കുന്നു." ഏറെ താമസിയാതെ അവന്റെ മറുപടി അവൾക്കു കിട്ടി. ആകാംക്ഷയോടെ അവളതു പൊട്ടിച്ചു.... "എനിക്കാവശ്യം നിന്റെ സ്നേഹം മാത്രമാണു പെണ്ണേ. നിന്റെ ശരീരത്തെ മാത്രമേ അവർക്ക് ഉപദ്രവിക്കാനായുള്ളു. നിന്റെ മനസ്സിന്നും പവിത്രമാണ്. എനിക്കതു മാത്രം മതി." ആതിരയുടെ വിവാഹം നടന്നു. കഴിഞ്ഞതെല്ലാം മറന്ന് വിശാലമായ മനസ്സുള്ള ആ മനുഷ്യനോട് ഒന്നായിച്ചേർന്ന് അവൾ കുടുംബജീവിത സാഫല്യം നേടി.

ഈശ്വരനാകുന്ന മണവാളൻ നോക്കുന്നത് ആത്മാവാകുന്ന മണവാട്ടിയുടെ നിർമ്മല സ്നേഹമാണ്. ശരീരം ബാഹ്യമായി മുറിവേറ്റ്, വാടിത്തളർന്ന് വികൃതമായിരിക്കുമ്പോഴും, ആത്മാവിന്റെ പവിത്രസ്നേഹത്തിന് ഭംഗം വരാതെ ഉറച്ചു നിൽക്കുവാൻ സാധിക്കും. ഇപ്രകാരമുള്ള ആത്മാക്കളെ നാഥൻ തന്റെ സ്വന്തമാക്കിത്തീർത്ത് മഹത്ത്വത്തിലേക്കുയർത്തുന്നു.

www.malankaralibrary.com

## മനസ്സാകുക, നന്നാകും

36

ആശ്രമത്തിൽ ഗുരുവിന്റെ ശിക്ഷണത്തിൽ വർഷങ്ങൾ ചെലവഴിച്ചിട്ടും ശിഷ്യന് യാതൊരു മാറ്റവും ഉണ്ടായില്ല. ഉഷപൂജയ്ക്കായിട്ട് ഗുരു ബ്രഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റുകഴിഞ്ഞിട്ട് ശിഷ്യരെ വിളിച്ചാലും നാഴികകൾ കഴിഞ്ഞിട്ടാണ് ഈ ശിഷ്യൻ എഴുന്നേൽക്കുന്നത്. ആശ്രമവളപ്പിൽ എന്തെങ്കിലും കൃഷിപ്പണി മറ്റുള്ള ശിഷ്യന്മാർ ചെയ്യുന്നതു കണ്ടാലുടനെ ശിഷ്യൻ അസുഖംനടിച്ചു കിടക്കും. അനുസരണമെന്നൊരു ശീലം ശിഷ്യനെ തൊട്ടുതെറിച്ചിട്ടില്ല. ശിഷ്യനുമറിയാമായിരുന്നു തന്റെ പ്രവൃത്തികൾ ഒരു സന്യസ്ഥനു യോജിച്ചവയല്ലെന്ന്. മനസാക്ഷിയുടെ കുറ്റപ്പെടുത്തൽ ഏറിയതുകൊണ്ടാണ് ആശ്രമം വിട്ടുപോകുവാൻ ഒരു ദിവസമവൻ തീരുമാനിച്ചത്. യാത്രയാകുംമുമ്പ് ഗുരുവിനെക്കണ്ട് അനുഗ്രഹം പ്രാപിക്കുവാനായി അവൻ ഗുരുവിന്റെ സവിധത്തിലെത്തി. പുഞ്ചിരിയോടെ ഗുരു അവനെ സ്വാഗതം ചെയ്തു. "ആശ്രമം വിട്ടുപോകുവാൻ ഞാൻ തീരുമാനിച്ചു കഴിഞ്ഞു. അങ്ങയെ ഞാൻ വേദനിപ്പിച്ചിട്ടുള്ളതുകൊണ്ട് അങ്ങേയ്ക്കെന്നോട് വിരോധമോ കോപമോ വല്ലതുമുണ്ടോ?" ഗുരു പുഞ്ചിരിയോടെ അവന്റെ തോളത്തു തട്ടി "വിരോധവും കോപവുമൊക്കെ എന്റെ വിളിക്കും അവസ്ഥയ്ക്കുമെതിരാണു കുഞ്ഞേ. ആശ്രമത്തിൽനിന്നും നന്മകൾ സ്വീകരിച്ചപ്പോഴൊക്കെ നിന്റെ വിലയേറുകയായിരുന്നു. നിന്റെ അശ്രദ്ധമൂലം ആ നന്മകൾ നഷ്ടപ്പെടുത്തിയെങ്കിൽ ആ അവസരങ്ങളിലൊക്കെ നിന്റെ വില കുറയുകയും ചെയ്യുകയായിരുന്നു. ആശ്രമ നിയമങ്ങളും ദർശനങ്ങളും എല്ലാവർക്കും അനുസരിക്കുവാൻ സാധിച്ചു എന്നു വരികയില്ല. ഇച്ഛാശക്തിയിൽനിന്നും വരുന്നതല്ലെങ്കിൽ ചെയ്യുന്നതെല്ലാം യാന്ത്രികമായിരിക്കും. നീയൊരു യന്ത്രപ്പാവയല്ല. വിചാരങ്ങളും വികാരങ്ങളും ഉള്ള മനുഷ്യനാണ്. നിന്റെ തീരുമാനംപോലെ പ്രവർത്തിക്കൂ. എവിടെ ചെന്നാലും നല്ലയൊരു മനുഷ്യനായി ജീവിക്കുവാൻ ശ്രമിക്കണം. ഈശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ." ശിഷ്യൻ ഗുരുവിൽനിന്നും അനുഗ്രഹം പ്രാപിച്ചുകൊണ്ട് വാതിലുകളില്ലാത്ത ലോകമാകുന്ന വലിയ ആശ്രമത്തിലേക്കിറങ്ങി.

നന്നാകുവാനുള്ള പ്രവർത്തനം നമ്മുടെ ഭാഗത്തുനിന്നില്ലെങ്കിൽ ആരെല്ലാം എന്തെല്ലാം നന്മകൾ നമുക്കുവേണ്ടി ചെയ്താലും കമഴ്ത്തിയ

www.malankaralibrary.com

കുടത്തിന്റെ മുകളിൽ വെള്ളമൊഴിക്കുന്നതുപോലെ എല്ലാം വൃഥാവിലാകുകയേ ഉള്ളൂ. നാം തന്നെയാണ് നമ്മുടെ ഉയർച്ചയ്ക്കും താഴ്ചയ്ക്കും കാരണമായിത്തീരുന്നത്. 'നാം പാതി, ദൈവം പാതി' എന്നാണല്ലോ ചൊല്ല്. അപ്പോഴേ നമ്മുടെ ജീവിത യത്നങ്ങൾ സാർത്ഥകമാകൂ.

## 37 പൊള്ള വാഗ്ദാനങ്ങൾ

സരളയെന്ന സുന്ദരിക്കുട്ടി പാവപ്പെട്ടവളാണ്. നേഴ്സിങ് പഠിച്ച ശേഷം അവൾ ഒരു പ്രൈവറ്റ് ആശുപത്രിയിൽ സ്റ്റാഫായി ജോലിയിൽ പ്രവേശിച്ചു. അവിടെനിന്നും കിട്ടുന്ന തുച്ഛമായ ശമ്പളം കൊണ്ടുവേണം രോഗിണിയായ അമ്മയുടെയും രണ്ട് അനുജത്തിമാരുടെയും കാര്യങ്ങൾ നോക്കേണ്ടത്. ചുറുചുറുക്കും മിടുക്കുമുള്ള പാവപ്പെട്ട ആ പെണ്ണിനെ വിസാ കച്ചവടക്കാരൻ ഷമീറിന് വല്ലാതങ്ങ് പിടിച്ചു. ഒരു ദിവസം അയാൾ സരളയെ സമീപിച്ചു. "സരളയെപ്പോലുള്ള നേഴ്സുമാര് അങ്ങ് സൌദി അറേബ്യായിൽ എത്ര കാശാ വാരണതെന്ന് നിശ്ചയം ഉണ്ടോ അനക്ക്." സൌദി അറേബ്യായിൽ പോയി അനക്കും ഇമ്മിണി പണമുണ്ടാക്കിക്കൂടെ." പാവം സരള വാപൊളിച്ചു നിന്നുപോയി. തങ്ങളുടെ കുടിലിന്റെ സ്ഥാനത്ത് വലിയ അറബിക്കൊട്ടാരം വന്നുനിൽക്കുന്നത് അവൾ സ്വപ്നം കണ്ടു. "എന്താ ഓള് ആലോചിക്കണെത്." "ഒന്നുമില്ല, എന്റെ കയ്യിൽ പോകാനുള്ള പണമില്ല." "അള്ളാ പണമോ? എന്തിനാ പണം? വെറും മുപ്പതിനായിരം ഉറുപ്പ്യാ മതീന്നേ. മാസാമാസം ലക്ഷങ്ങളല്ലേ വരാൻ പോണത്. കൂട്ടത്തീ പൊന്നും ഫോറിൻസാധനങ്ങളും അത്തറും വേറെ. പടച്ചോനെ എങ്ങിനെ അന്നെ പറഞ്ഞു മനസ്സിലാക്കണത്?" ഇളയകുട്ടികളുടെ കണ്ണുകളും, ദാരിദ്ര്യചാലുകൾ ഉഴുത അമ്മയുടെ മുഖവും അവളുടെ മനോമുകരത്തിൽ ഒന്നു മിന്നിത്തെളിഞ്ഞു. അവർക്കാകെയുള്ള ഇരുപത്തിയഞ്ചു സെന്റ് ഭൂമി പണയപ്പെടുത്തിയതും അമ്മയുടെ താലിമാലയും അവളുടെ കാതിലെ പൊട്ടുപോലുള്ള കമ്മലുംകൂടി വിറ്റതും, കടം വാങ്ങിച്ചതുമെല്ലാം കൂടി മുപ്പതിനായിരം രൂപ അവൾ ഷമീറിനെ സന്തോഷത്തോടെ ഏൽപ്പിച്ചിട്ട് പ്രതീക്ഷയോടെ അയാളോടൊപ്പം ബോംബെയിലേക്ക് യാത്രയായി. അവിടെവെച്ച് ആ അബലയായ പെണ്ണിനെ കശ്മലനായ ഷമീർ ദാരുണം നശിപ്പിച്ച ശേഷം അവളുടെ മുഴുവൻ പണവുമായി സ്ഥലം വിട്ടു. ബോംബെയിലെ

www.malankaralibrary.com

തിക്കിലും തിരക്കിലും സ്വന്തമെന്ന് പറയുവാനൊന്നുമില്ലാതെ അവൾ അലഞ്ഞുതിരിഞ്ഞു. മനുഷ്യത്വം കുറെയെങ്കിലുമുള്ള ആരൊക്കെയോ അവൾക്ക് ട്രെയിൻ ടിക്കറ്റെടുത്തുകൊടുത്തതുകൊണ്ട് മാത്രം അവൾ കഷ്ടിച്ച് നാട്ടിൽ തിരിച്ചു വന്നു. അറേബ്യൻ പണ്ടവും വസ്തു വകകളും പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ പാവപ്പെട്ട കുടുംബം ദാരിദ്ര്യത്തിന്റെ അനിശ്ചിതത്വത്തിൽ നിന്നും പട്ടിണിയുടെ കയത്തിലേക്ക് സർവ്വവും നഷ്ടപ്പെട്ട് അധഃപതിച്ചു.

വലിയ സൗഭാഗ്യങ്ങൾ വാഗ്ദാനം ചെയ്ത്, പിശാച് മനുഷ്യനെ ആകർഷിച്ചുകൊണ്ടുപോകുന്നു. തന്റെ വലയത്തിൽ അകപ്പെട്ടവരെ സൗകര്യം കിട്ടുമ്പോൾ, എല്ലാം തട്ടിയെടുത്ത്, ശൂന്യരാക്കി, മനോവിഷമത്തോടും ലജ്ജയോടുംകൂടി തിരിച്ചയയ്ക്കുന്നു. അവന്റെ പൊള്ളയായ വാഗ്ദാനങ്ങളിൽ കുടുങ്ങി വഞ്ചിതരാകാതിരിക്കുവാൻ സൂക്ഷിക്കണം.

## രഹസ്യത്തിലും വിവേകം 38

അനിലും കിഷോറും സുഹൃത്തുക്കളാണെന്നു മാത്രം പറഞ്ഞാൽ അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാനാകില്ല. ഊണിലും ഉറക്കത്തിലും വേർപിരിയാത്ത ആത്മാർത്ഥ സുഹൃത്തുക്കളാണവർ. 'ചത്തത് കീചകനെങ്കിൽ കൊന്നതു ഭീമൻതന്നെ' എന്നു പറഞ്ഞതുപോലെ കിഷോറെവിടെയുണ്ടായാലും അവിടെ അനിലുമുണ്ടാകും. അനിലെവിടെയുണ്ടായാലും അവിടെ കിഷോറുമുണ്ടാകും. കിഷോറിന്റെ വലതു കൈത്തണ്ടയിൽ ഒരു തുണിചുറ്റിയിട്ടുണ്ട്. അനിൽ പലപ്രാവശ്യം ചോദിച്ചിട്ടും ആ തുണിയുടെ രഹസ്യം മാത്രം കിഷോർ പറഞ്ഞില്ല. നമ്മൾ ആത്മാർത്ഥ സുഹൃത്തുക്കളാണ്. എന്റേതായിട്ടുള്ള ഒരു രഹസ്യവും ഞാൻ നിന്നിൽനിന്ന് ഒളിച്ചിട്ടില്ല. നിന്റേതായിട്ടുള്ള രഹസ്യങ്ങൾ എന്നിൽനിന്നും നീ ഒളിച്ചാൽ ആത്മാർത്ഥ സുഹൃത്തുകൾ എന്നു പറയുന്നതിന് എന്ത് അർത്ഥമാണുള്ളത്? അതുകൊണ്ടുമാത്രം ഞാൻ വീണ്ടും ചോദിക്കുകയാണ്. നീ എന്തിനാണ് ഈ വെളുത്ത തുണി കൈത്തണ്ടയിൽ ചുറ്റിയിരിക്കുന്നത്? തന്റെ ചോദ്യം അനിൽ തെല്ലു ഗൗരവത്തോടെ ചോദിച്ചപ്പോൾ കിഷോറിന്റെ മനഃസ്ഥൈര്യമെല്ലാം തകർന്നു. അല്ലെങ്കിൽ തന്നെ പ്രാണനുതുല്യം സ്നേഹിക്കുന്ന ഇവനിൽനിന്ന് ഇതുമാത്രം

www.malankaralibrary.com

എന്തിന് മറച്ചുവയ്ക്കണം. കിഷോർ ചിന്തിച്ചു. അവൻ തന്റെ വലതു കൈത്തണ്ടയിലെ തുണിയഴിച്ച് അനിലിനെ കാട്ടി. അനിൽ ഞെട്ടിപ്പോയി. കണ്ടാൽതന്നെ ഛർദ്ദിലുവരുന്നതരത്തിലുള്ള ദുർഗന്ധം വമിക്കുന്ന ഒരു വലിയ വ്രണം! ഇങ്ങനെയുള്ള ഒരുവനുമായിട്ടാണല്ലോ ഞാൻ കൂട്ടുകൂടിയത്. കിഷോറിനെ പരിചയപ്പെടുവാൻ തോന്നിയ നിമിഷങ്ങളെ അനിൽ ശപിച്ചു. അനിലിന്റെ ഭാവാദികൾ കിഷോർ ശ്രദ്ധിച്ചുകൊണ്ടുനിൽക്കുകയായിരുന്നു. അവനിൽ അപകർഷതാബോധമേറി. ഏറെക്കാലം കഴിയുന്നതിനുമുമ്പേ ആ ആത്മാർത്ഥ സുഹൃത്തുക്കൾ സംസാരിക്കാൻപോലും കൂട്ടാക്കാത്ത രീതിയിലുള്ള അകൽച്ചയിലായി.

എല്ലാ രഹസ്യങ്ങളും എല്ലാവരോടും തുറന്നു പറയുന്നത് നന്നല്ല. എത്ര ആത്മമിത്രങ്ങളാണെങ്കിലും ചില രഹസ്യങ്ങൾ വെളിപ്പെടുത്തിയാൽ ആപത്കരമാണ്.

## 39 സോപ്പ്

സോപ്പ് എന്ന സാധനം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു ആദിവാസിക്ക് മിഷൻ പ്രവർത്തനത്തിനായി എത്തിയ ഗിൽബർട്ട് സായിപ്പ് ഒരു സോപ്പ് സമ്മാനിച്ചു. നിർഭാഗ്യവശാൽ സോപ്പിന്റെ ഉപയോഗം വ്യക്തമാക്കി കൊടുക്കുവാൻ സായിപ്പു മറന്നുപോയി. ആദിവാസി ആ സോപ്പിനെ നോക്കി ആശ്ചര്യത്തോടെ ചിരിച്ചു. ആകർഷണീയമായ രൂപം, തൊടുമ്പോൾ നല്ല മയമുണ്ട്. മൂക്കിന്റെ അടുത്ത് പിടിച്ചുനോക്കി പറഞ്ഞുഫലിപ്പിക്കുവാനാകാത്ത മണം. തന്റെ കുടിലിലേക്കുള്ള യാത്രയിൽ വഴിവക്കിൽ കണ്ടവരെയൊക്കെ ആദിവാസി പ്രസ്തുത സാധനം കാട്ടി. കാട്ടിൽ കിഴങ്ങു ശേഖരിക്കുവാൻ പോയവരൊക്കെ വിവരമറിഞ്ഞ് സോപ്പു കാണുവാനെത്തി. ആശ്ചര്യം വളർന്ന ആദിവാസിയുടെ മകൻ അതൊരു തീറ്റി വസ്തുവാണെന്ന് കരുതി. സോപ്പിന്റെ ഒരു തുണ്ട് കടിച്ചെടുത്ത് വായിക്കുള്ളിലാക്കി. ഹോ, വല്ലാത്ത ചുവ ഉടനെ അത് തുപ്പിക്കളഞ്ഞു. കണ്ണിനും മൂക്കിനും കരങ്ങൾക്കും കുളിർമ്മയേകിയ സോപ്പ് എന്തേ വായ്ക്ക് അരുചിയായിമാറി?

ഓരോ വസ്തുവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ഓരോ പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. ഒന്നിനായി നിയോഗിച്ചിരിക്കുന്ന വസ്തു

www.malankaralibrary.com

വിനെ വേറൊന്നിന് പകരം ഉപയോഗിച്ചാൽ അത് അരുചിപോലെയാകും. നമുക്ക് നൽകപ്പെട്ടിരിക്കുന്ന വിവേചന ശക്തികൊണ്ട് ഓരോന്നിന്റെയും ലക്ഷ്യവും ഉദ്ദേശ്യവും മനസ്സിലാക്കിവേണം ഉപയോഗിക്കുവാൻ.

## മുളയിലേ നുള്ളിയാൽ 40

ലൂക്കോസു മുതലാളിയുടെ കാര്യസ്ഥൻ ഹാനോക്ക് യജമാന ഭക്തിയിൽ അഗ്രഗണ്യനാണ്. മുതലാളിയുടെ തേയില തോട്ടത്തിൽ ഹാനോക്ക് മേൽനോട്ടക്കാരനായി ജോലിക്ക് കയറിയിട്ട് പത്തിരുപത് കൊല്ലമായി. എസ്റ്റേറ്റിന്റെ ആവശ്യങ്ങൾക്കായിട്ട് ഒരു ലക്ഷം രൂപ ഹാനോക്ക് ചോദിച്ചാലും മുതലാളി ഒരു മടിയും കൂടാതെ എടുത്തു കൊടുക്കും. കാരണം ഹാനോക്കിനെ സ്നേഹിക്കുന്നു, വിശ്വസിക്കുന്നു. ശർക്കരപാട്ടയിൽ കൈയിട്ടാൽ നക്കാത്തവരില്ല എന്നൊരു ചൊല്ലുണ്ടല്ലോ. ഹാനോക്ക് ആ പ്രമാണം തെറ്റിച്ചില്ല. ഹാനോക്ക് കള്ളക്കണക്കെഴുതിയും ജോലിക്കാരുടെ കൂലികളിപ്പിച്ചുമൊക്കെ പണം കുറേയുണ്ടാക്കി. മുതലാളിയുടെ അടുത്ത സ്നേഹിതനാണ് പൈലിച്ചേട്ടൻ. ഒരു ബുധനാഴ്ച ദിവസം പൈലിച്ചേട്ടൻ തെല്ലു ദേഷ്യത്തോടെയാണ് ലൂക്കോസു മുതലാളിയെ കാണുവാനായി ചെന്നത്. സംസാരിച്ചു കൊണ്ടിരിക്കെ പൈലിചേട്ടൻ ലൂക്കോസു മുതലാളിയെ ഉപദേശിച്ചു. “വാലുകടത്താവുന്നിടത്ത് തലകടത്തുന്നവരാണ് മനുഷ്യർ. നീ അതുകൊണ്ട് എസ്റ്റേറ്റിന്റെ കണക്കുകളിലൊക്കെ ഇടയ്ക്കിടെ കണ്ണോടിക്കുന്നത് നല്ലതായിരിക്കും.” ഞാൻ നോക്കേണ്ട കാര്യമേയില്ല പൈലിച്ചേട്ടാ ലൂക്കോസ് മുതലാളി പറഞ്ഞൊഴിയുവാൻ ശ്രമിച്ചെങ്കിലും പൈലിച്ചേട്ടന്റെ നിർബന്ധത്തിന് വഴങ്ങി അദ്ദേഹം കണക്കുകൾ പരിശോധിക്കുവാൻ തുടങ്ങി. ഹാനോക്ക് ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പു നടത്തിയിരിക്കുന്നു. അദ്ദേഹം തലയിൽ കൈവച്ചുപ്പോയി. ഹാനോക്കിനെ പിരിച്ചു വിടുവാൻ ആവില്ല. സമരവും പ്രശ്നങ്ങളുമൊക്കെ തോട്ടത്തിന്റെ പ്രവർത്തനത്തെ തടസ്സത്തിലാക്കും.

ഓരോരുത്തരേയും കാര്യങ്ങൾ ഏൽപ്പിക്കുമ്പോൾ പൂർണ്ണമായി അദ്ദേഹം അനുയോജ്യനാണോ എന്നു നോക്കണം. അമിതസ്വാതന്ത്ര്യം നൽകുന്നതിലൂടെ ഉണ്ടായേക്കാവുന്ന ദുർവിനിയോഗം മുന്നിൽ കാണുക.

www.malankaralibrary.com

# 41 നഗ്നതയാണെന്റെ സ്വന്തം

രാജാവ് ചങ്ങാതിയൊപ്പം നടക്കാനിറങ്ങിയതാണ്. കൊട്ടാരംവക പൂന്തോപ്പിൽ വസന്തകാലത്തിന്റെ സൗന്ദര്യമെല്ലാം തളിരായും പൂവായും ഫലമായും തേനായും നിറഞ്ഞുകിടക്കുകയാണ്. വർണ്ണക്കിളികൾ വൃക്ഷ ശിഖരങ്ങളിൽ ചേക്കേറി. പടിഞ്ഞാറൻ മാനത്ത് സൂര്യനേകിയ വർണ്ണമേളനമെങ്കിൽ മണ്ണിൽ വിളക്കുകൾ അങ്ങിങ്ങായി വെള്ളപ്പൊട്ടുകളെപ്പോലെ ഇരുട്ടിനെ തുരന്നു മാളങ്ങളുണ്ടാക്കുന്നു. മനോഹരിയായ ത്രിസന്ധ്യ. സുന്ദരമായ കാഴ്ചയിൽ മതിമറന്ന് രാജാവിന്റെ ചങ്ങാതി അദ്ദേഹത്തോടു ചോദിച്ചു: 'അങ്ങ് ഏറ്റവും സന്തുഷ്ടനാകുന്നത് മനോഹരമായ ഈ കാഴ്ചകൾ കാണുമ്പോഴാണോ?' രാജാവ് പുഞ്ചിരിച്ചുകൊണ്ട് നിഷേധഭാവത്തിൽ തലയാട്ടി. രാജാവിൽനിന്ന് ഒരുത്തരം പ്രതീക്ഷിച്ചുകൊണ്ട് അദ്ദേഹം അടുത്ത ചോദ്യം ചോദിച്ചു. 'സർവ്വാഭരണ വിഭൂഷിതനായി സിംഹാസനത്തിലിരിക്കുമ്പോഴാണോ അങ്ങ് ഏറ്റവും അധികം സന്തുഷ്ടനാകുന്നത്?' ആ ചോദ്യത്തിനും രാജാവ് നിഷേധഭാവത്തിൽ തലയാട്ടി. സുഹൃത്തിനു വാശിയായി. രാജാവിൽനിന്ന് ഒരുത്തരം പ്രതീക്ഷിച്ചുകൊണ്ട് അയാൾ വീണ്ടും ചോദിച്ചു. 'തിരക്കിൽ നിന്നൊഴിഞ്ഞ് രാജ്ഞിയുടേയും കുമാരന്മാരുടേയും കൂടെ കളിയും ചിരിയുമായി സമയം ചെലവഴിക്കുമ്പോഴാണോ അങ്ങ് സന്തുഷ്ടനാകുന്നത്?' പഴയതുപോലെയുള്ള നിഷേധഭാവം മാത്രമായിരുന്നു രാജാവിന്റെ പ്രതികരണം. 'യുദ്ധം ജയിച്ചു വരുമ്പോഴാണ് ശരിയല്ലേ?' വീണ്ടും ചോദ്യമുയർന്നു. രാജാവ് അതും നിഷേധിച്ചു. ഒടുവിൽ രാജാവു പറഞ്ഞു: 'എന്നെ ഏറ്റവും അധികം സന്തുഷ്ടനാക്കുന്ന സംഗതി താങ്കളോട് ഞാൻ പറയാം, പക്ഷേ അത് രഹസ്യമായിരിക്കണം.' സുഹൃത്ത് രാജാവ് പറയുന്നത് കേൾക്കുവാനായി ജിജ്ഞാസയോടെ കാതുകൂർപ്പിച്ചു നിന്നു. കുളിമുറിയിൽ നിന്നുകൊണ്ട് ഏകനായി കുളിക്കുമ്പോഴാണ് ഞാൻ ഏറ്റവും അധികം സന്തുഷ്ടനാകുന്നത്. രാജാവ് തന്നെ പരിഹസിക്കുകയാണെന്ന് സുഹൃത്തിനു തോന്നി. എങ്കിലും ഭാവഭേദം ഒന്നും കൂടാതെ ജിജ്ഞാസയോടെ അദ്ദേഹം വീണ്ടും ചോദിച്ചു. ഏകനായിരിക്കുന്ന അവസ്ഥയും കുളിമുറിയും സന്തോഷവും തമ്മിൽ എന്തു ബന്ധമാണുള്ളത്? 'ബന്ധമുണ്ട് വസ്ത്രം പോലും ഇല്ലാതെയാണ് ഞാൻ ഈ ഭൂമിയിലേക്ക് പിറന്നുവീണതെന്ന്

www.malankaralibrary.com

ഓർമ്മിക്കുന്നത് ഞാൻ ഏകനായി കുളിമുറിയിലിരിക്കുമ്പോഴാണ്. എന്റെ ശൂന്യതയെപ്പറ്റി ഓർക്കുമ്പോൾ ഞാൻ അനുഭവിക്കുന്ന സന്തോഷം വാക്കിൽ ഒതുക്കാനാവുന്നതല്ല. താങ്കൾ പറഞ്ഞ രാജ്യവും ശക്തിയും മഹത്ത്വവുമെല്ലാം എന്റെ നഗ്നതയുടെ മുകളിൽ ദൈവം കൂട്ടിച്ചേർത്തവയാണ്. എല്ലാം ദൈവത്തിന്റെ സ്വത്താണ്. എനിക്ക് നഗ്നതമാത്രമേയുള്ളു ആഭരണമായി. എന്നെ ഉടുപ്പിക്കുന്നവനും അലങ്കരിക്കുന്നവനും ദൈവമാണ്. സ്വന്തമെന്ന പദത്തിന്റെ അർത്ഥം രാജാവിന്റെ മറുപടി കേട്ടപ്പോൾമുതൽ അദ്ദേഹത്തിന്റെ ചങ്ങാതി ചിന്തിക്കുവാൻ തുടങ്ങി.

കണ്ണഞ്ചിപ്പിക്കുകയും ഹൃദയത്തെ സന്തോഷിപ്പിക്കുകയും ചെയ്യുന്നതായ എല്ലാ ഭൗതിക വസ്തുക്കളും നമ്മുടെ സ്വന്തമെന്നു കരുതിയാൽ അവ നേടുവാനായി ഭ്രാന്തുപിടിച്ചു പാഞ്ഞാൽ ദൈവത്തിന്റെ സ്ഥാനത്ത് നാം അവരോധിക്കുന്നത് ഭൗതിക വസ്തുക്കളെയായിരിക്കും. ഭൗതികവസ്തുക്കളോടുള്ള വിരക്തിയിലൂടെമാത്രമേ നമ്മൾ എളിയവരാകൂ. എളിയവർക്കേ ദൈവത്തിന്റെ ശക്തിയിൽ പൂർണ്ണമായി ആശ്രയിക്കാനാവൂ. ഞാനെന്ന ഭാവം നമ്മെ നയിക്കുന്നെങ്കിൽ ചെങ്കോലിന്റെയും വേഷഭൂഷാദികളുടേയും തിളക്കത്തിൽ ദൈവത്തിന്റെ തിളക്കം നമ്മിൽ അന്ത്യംനിന്നു പോകും. ദൈവത്തെ ജീവിതത്തിന്റെ കേന്ദ്രമായി കാണുവാനും ഭൗതിക വസ്തുക്കളോട് അതിരുകടന്ന ആശ്രിതത്വം പുലർത്താതിരിക്കുവാനും നമുക്ക് പരിശ്രമിക്കാം.

## പല്ലിക്കുവിന പൂച്ച 42

സന്ധ്യക്ക് ലൈറ്റുകത്തിച്ചപ്പോൾ മുറിയിൽ ഒരു പ്രാണിയെപ്പോലും കണ്ടില്ല. ഇപ്പോഴിതാ മുറി നിറയെ ഈയാം പാറ്റകൾ. നക്ഷത്രങ്ങൾ മിന്നുന്നതുപോലെയുള്ള ചിറകടിയും തലങ്ങും വിലങ്ങുമുള്ള ചലനവും ശ്രദ്ധിക്കവേ പഠിച്ചുകൊണ്ടിരുന്ന പുസ്തകത്തിൽനിന്നും അറിയാതെതന്നെ ശ്രദ്ധ ഈയാംപാറ്റകളിലേക്ക് വഴുതി മാറി. വിശ്രമത്തിനാകും ഇടയ്ക്കിടെ ചില ഈയാംപാറ്റകൾ മുറിയുടെ വെളുത്ത ഭിത്തിയിൽ വന്നിരിക്കുകയും പറന്നുയരുകയും ചെയ്യുന്നത്. എന്നെക്കൂടാതെ ഒരാൾകൂടി ഈയാംപാറ്റകളെ ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്കു

www.malankaralibrary.com

മനസ്സിലായത് മുറിയുടെ മൂലയിലേക്ക് നോക്കിയപ്പോഴാണ്. വീർത്ത വയറുള്ള ഒരു പല്ലി. എന്റെ ശ്രദ്ധ ഈയാംപാറ്റകളിൽ നിന്നും പല്ലിയിലേക്കായി. മൂപ്പരിപ്പോൾ ഒരു ഈയാംപാറ്റയെ നോട്ടമിട്ടിരിക്കുകയാണ്. പെട്ടെന്ന് ആ ഈയാംപാറ്റ തറയിലേക്ക് വീണു. ശ്രദ്ധിച്ചു നോക്കി. അതിന്റെ ചിറകുകൾ കൊഴിഞ്ഞുപോയിരിക്കുന്നു. പല്ലി പെട്ടെന്ന് ഈയാംപാറ്റയെ ലക്ഷ്യമാക്കിച്ചാടി. അബലനെ ആക്രമിക്കുന്ന ദുഷ്ടൻ. പല്ലിയോടെനിക്ക് തെല്ല് ദേഷ്യം തോന്നി. ഞാൻ പുസ്തകത്തിലേക്ക് നോക്കിയപ്പോഴേക്കും പെട്ടെന്ന് വശത്തായിട്ടുള്ള തറയിൽ ഒരു ശബ്ദം കേട്ടു. ഞങ്ങളിരുവരെയും കൂടാതെ എന്റെ ഓമന പൂച്ച (പുനപ്പൻ) അവിടെയിരിപ്പുണ്ടായിരുന്നുവെന്ന് എനിക്കപ്പോഴാണ് മനസ്സിലായത്. ഞാനവനെ ശ്രദ്ധിച്ചു. ഈയാംപാറ്റയെ വിഴുങ്ങിയ പല്ലി അവന്റെ വായിലിരിക്കുന്നു. അവൻ പല്ലിയെ സന്തോഷത്തോടെ വിഴുങ്ങിയിട്ട് നിസ്സാരഭാവത്തിൽ എന്നെ നോക്കിയൊന്നു കരഞ്ഞു. 'മ്യാവോന്നു' കണ്ടൻ പൂച്ച പുറത്തെ അനക്കം കേട്ട് പാഞ്ഞപ്പോൾ ഞാൻ ഈയാംപാറ്റകളെ നോക്കി നെടുവീർപ്പിട്ടു.

ഭക്ഷണത്തോടുള്ള അമിതമായ ആസക്തി മരണത്തിലേക്കുള്ള കുറുക്കുവഴിയാണ്. പല്ലിയുടെ വയർ നിറഞ്ഞിരുന്നിട്ടും ഭക്ഷണത്തോടുള്ള ആർത്തി നിയന്ത്രിക്കുവാനതിനായില്ല. ഭക്ഷണത്തിൽ മാത്രം ശ്രദ്ധവച്ചതുകൊണ്ട് അതിന് തന്റെ വഴിയിൽ പതിയിരുന്ന അപകടവും ശ്രദ്ധിക്കുവാനായില്ല. ഫലമോ? തന്റെ ജീവൻ തന്നെ ഭക്ഷണത്തിന്റെ വിലയായി നൽകേണ്ടിവന്നു.

## 43 അലസത വെടിയൂ

ധനികനായ ഒരു ഭൂവുടമയാണ് രാംലാൽ. ജോലിക്കാരും കാര്യസ്ഥന്മാരും ഏറെയുള്ള രാംലാലിന്റെ അറപ്പുരകളിൽ ഗോതമ്പ് എല്ലാക്കാലവും നിറഞ്ഞു കിടക്കും. അറപ്പുരകളുടെ താക്കോലുകൾ സൂക്ഷിക്കുന്ന ജോലി മാത്രമേ രാംലാലിനുള്ളു. തന്റെ സമയത്തിൽ ഏറിയ ഭാഗവും ഉറങ്ങുവാനാണ് രാംലാൽ വിനിയോഗിക്കുന്നത്. ഉണർന്നെഴുന്നേറ്റു കഴിഞ്ഞാൽ പിന്നെ കൂട്ടുകാരുടെയൊപ്പം ചതുരംഗം കളിക്കുന്നു. അങ്ങനെ സമയമെന്ന ധനത്തിന്റെ വിലയറിയാതെ രാംലാൽ അലസ

www.malankaralibrary.com

മായി സമയം ചെലവഴിച്ചു. കൃഷിയെ മാത്രം ആശ്രയിച്ചുകൊണ്ട് ജീവിക്കുവാൻ ആകില്ലെന്ന് രാംലാലിനു വ്യക്തമായത് പ്രതീക്ഷിക്കാതെ ഗ്രാമത്തിൽ ഒരു വരൾച്ച വന്ന് ഗോതമ്പെല്ലാം നശിച്ചപ്പോഴാണ്. വീണ്ടു വിചാരമുണ്ടായിട്ട് അദ്ദേഹം തന്റെ ഗ്രാമത്തിൽ ഒരു ഫാക്ടറി സ്ഥാപിച്ചുകൊണ്ട് വ്യാവസായിക രംഗത്തേക്കു കടന്നു. വ്യവസായത്തിൽ ഞാൻ സമർത്ഥനാണെന്ന് ഫാക്ടറി വിജയത്തിൽ നിന്നും വിജയത്തിലേക്കു കുതിച്ചപ്പോൾ അദ്ദേഹത്തിനു വ്യക്തമായി. വിജയം കണ്ടപ്പോൾ അദ്ധ്വാനിക്കുവാൻ അദ്ദേഹത്തിന് ആവേശമായി. ഓരോ സെക്കൻഡും വിലയുള്ളതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. അങ്ങനെ അലസതയുടെ നീരാളിപ്പിടുത്തത്തിൽനിന്നും അദ്ധ്വാനത്തിന്റേതായ ഒരു മനോഹര ജീവിതം രാംലാൽ കെട്ടിപ്പടുത്തു വിജയം നേടുകയും സാർത്ഥകമായ ചൈതന്യം ജീവിതത്തിൽ ദർശിക്കുകയും ചെയ്തു.

അഭിരുചിക്കനുസരിച്ച് വളരേണ്ടവനാണ് മനുഷ്യൻ സാഹചര്യത്തിനും സ്ഥലത്തിനും അനുസരണം അവസരോചിതമായി പ്രവർത്തിക്കുവാൻ കഴിയുന്നവൻ ജീവിതത്തിൽ ഒരിക്കലും പരാജയപ്പെടുകയില്ല.

## പതഞ്ഞു തീരട്ടെ 44

സോപ്പ് എന്നു പറഞ്ഞാൽ ഇങ്ങനെയിരിക്കണം. ആ സോപ്പ് കയ്യിലെടുത്തപ്പോൾ തന്നെ ഞാൻ പറഞ്ഞുപോയി. നല്ല മണമുള്ള സോപ്പ്. ശിവൻചേട്ടന്റെ കയ്യിൽ ആ സോപ്പ് വെച്ചിരിക്കുന്നത് കാണുമ്പോൾ തന്നെ ഒരു അഴകുണ്ട്. മനോഹരമായ രീതിയിലാണ് ചില്ലിട്ട അലമാരിയിൽ അദ്ദേഹം സോപ്പടുക്കിവെച്ചിരിക്കുന്നത്. ആ സോപ്പു ഞാൻ വാങ്ങിച്ചു. അതിട്ട് കുളിക്കുവാൻ തുടങ്ങിയപ്പോൾ ആ സോപ്പിലുള്ള താൽപര്യമേറി. കാരണം അഴുക്കെല്ലാം സോപ്പിൻ പത ഭംഗിയായി ശരീരത്തിൽ നിന്നും നീക്കുന്നു. ശരീരത്തെപ്പോഴും ഹൃദ്യമായ ഒരു പരിമളം നിറഞ്ഞു നിൽക്കുന്നു. കുളി ഏറിയപ്പോൾ സോപ്പു ചെറുതായി ചെറുതായി വന്നു. ഒരു ദിവസമത് ഒട്ടുമില്ലാതെയായി. ആ സോപ്പിന് ആദരാഞ്ജലികൾ അർപ്പിക്കണമെന്നുപോലുമെനിക്ക് തോന്നി. എന്റെ ശരീരത്തെ അഴുക്കിൽനിന്നും വിമുക്തമാക്കുവാനായി അഴുക്കിൽ അലിഞ്ഞുചേർന്നില്ലാതായ എന്റെ പ്രിയപ്പെട്ട സോപ്പ്.

www.malankaralibrary.com

മറ്റുള്ളവർക്കുവേണ്ടി ആത്മാർത്ഥമായി ജീവിക്കുന്ന സാമൂഹിക സേവകർ തങ്ങളുടെ ജീവിതസുകൃതങ്ങളുടെ പരിമളംകൊണ്ട് മറ്റുള്ളവരെ നന്മകൾകൊണ്ട് പൂരിതരാക്കുന്നു. സ്വയം അലിഞ്ഞ് ഇല്ലാതാകുന്ന ഇവർ തങ്ങളുടെ കഴിവുകൊണ്ട് അനേകരെ വെൺമയുള്ളവരാക്കുന്നു.

## 45 അശ്രദ്ധയിലെ അപകടം

കണക്ക് ക്ലാസ്സിൽ അശ്രദ്ധയോടെ ഇരിക്കുമ്പോഴാണ് വിനീതിന് കാലിന്റെ വണ്ണയ്ക്ക് ഒരു ചെറിയ ചൊറിച്ചിൽ അനുഭവപ്പെട്ടത്. ചൊറിഞ്ഞുനോക്കിയപ്പോൾ സുഖം തോന്നി. ക്ലാസ്സ് അത്ര ആകർഷകമല്ല. ചൊറിച്ചിലിന്റെ ആകർഷണീയത ക്ലാസ്സിനേക്കാൾ നല്ലതായി വിനീതിന് തോന്നി. അവൻ ശക്തിയായി ചൊറിയുവാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ ഒരു ചെറിയ മുറിവ് അവിടെയുണ്ടായി. ക്ലാസ്സിലായിരുന്നതിനാൽ അവൻ ആ മുറിവ് അത്ര കാര്യമാക്കിയില്ല. അടുത്ത ദിവസം ആ മുറിവ് പഴുത്തു. രണ്ടുദിവസം കഴിഞ്ഞപ്പോൾ മൾബറിപ്പഴംപോലെ മഞ്ഞയും ചുവപ്പും കലർന്ന നിറത്തിൽ ആ മുറിവ് ഒരു വ്രണമായി മാറി. വ്രണമായപ്പോൾ ശക്തമായ വേദനയായി. ഈച്ചകൾ വന്നിരുന്ന് ആ വ്രണം തുരന്നതുകൊണ്ട് വ്രണത്തിന്റെ വ്യാസവും ആഴവും വർദ്ധിച്ചു. കണ്ടാൽത്തന്നെ ഭയക്കുന്ന രീതിയിലൊരു വ്രണം. വ്രണവുമായി അവൻ ആശുപത്രിയിലേക്ക് പോയി. "ഒരു ചെറിയ ചൊറിച്ചിലല്ലേ ഇത്രയും വിരൂപമായ വ്രണം ഉണ്ടാക്കിയത്." ഇഞ്ചക്ഷനുകളും മരുന്നുകളുമൊക്കെയായി ആശുപത്രിക്കട്ടിലിൽ കിടക്കവേ അരികത്തിരുന്ന മമ്മിയോടവൻ ചോദിച്ചു. മമ്മി മച്ചിൽ കറങ്ങുന്ന ഫാനിലേക്ക് ദൃഷ്ടിയുറപ്പിച്ച് ചിരിച്ചു.

ദുശ്ശീലമാകുന്ന ഒരു ചെറിയ ചൊറിച്ചിലായിരിക്കും പാപപ്രവണതകൾ നമ്മിൽ ഉണ്ടാക്കുന്നത്. ദുശ്ശീലങ്ങളിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഏറെ താമസിയാതെ അത് വലിയ ഒരു വ്രണമായിമാറും. അത് നമ്മെ മാനസികമായും ശാരീരികമായും പീഡിപ്പിക്കും. ദുശ്ശീലത്തിന്റെ ചൊറിച്ചിലിനെ ആരംഭത്തിൽത്തന്നെ ചെറുത്തുനിൽക്കണം. ദുശ്ശീലങ്ങൾ മുളയിലേ നുള്ളിമാറ്റിയാൽ സമൂഹത്തിന് നന്മചെയ്യുവാനുതകുന്ന സൽഗുണങ്ങൾ നമ്മിൽ രൂപപ്പെടും.

www.malankaralibrary.com

## കൃപയുടെ നീർച്ചാലുകൾ

46

മലയുടെ നെറുകയിലാണ് സന്ന്യാസിയുടെ ആശ്രമം. വൃക്ഷങ്ങൾ ആശ്രമത്തെ വലയം ചെയ്തിരിക്കുന്നതിനാൽ സന്ന്യാസിയും ശിഷ്യരും വെള്ളം കുടിച്ചുകൊണ്ടിരുന്ന കിണറ്റിലെ വെള്ളം ഇലകൾ വീണ് ചീഞ്ഞളിഞ്ഞ് മോശമായി. സന്ന്യാസിയും ശിഷ്യൻമാരും കൂടി കിണർ തേകി വൃത്തിയാക്കുവാൻ ഒരു ദിവസം തീരുമാനിച്ചു. "കിണറ്റിലേക്ക് ഒരു പാട് ഉറവകളുണ്ട്." നമ്മൾ വെള്ളമെല്ലാം വലിച്ചു കയറ്റി കഴിയുമ്പോൾ വീണ്ടും ഉറവകളിൽ കൂടി ജലം വന്ന് കിണർ നിറയുകയില്ലേ? ശിഷ്യന്റെ ചോദ്യം ഗുരു ശ്രദ്ധയോടെ ശ്രവിച്ചു. "വെള്ളം മുഴുവൻ കോരികഴിഞ്ഞാലുടനെ ഉറവകളെല്ലാം അടയ്ക്കുകയാണെങ്കിൽ ആ പ്രശ്നം പരിഹൃതമാകുമല്ലോ?" സന്ന്യാസി മറുപടി പറഞ്ഞപ്പോൾ രസികനായ വേറൊരു ശിഷ്യൻ വിചിത്രമായ ഒരു ചോദ്യമുണർത്തി. "കിണറ്റിലെ വെള്ളം മുഴുവൻ വറ്റിയാൽ അത് പൊട്ടക്കിണറായി പോകില്ലേ? കിണറിന് ദുഃഖമാകില്ലേ?" കിണർ ശൂന്യമായെങ്കിലെ അതിലെ അഴുക്കെല്ലാം നീക്കം ചെയ്യാനാവൂ. താൽക്കാലികമായ ആ ശൂന്യതയെ ഓർത്ത് കിണർ ദുഃഖിക്കുന്നില്ല. വൃത്തിയായി കഴിഞ്ഞാൽ പിന്നെ ഉറവകൾ തുറക്കുവാനാകും. ജലം വീണ്ടും വന്ന് കിണർ നിറയും. കിണറിന്റെ ദുഃഖം അപ്പോൾ സന്തോഷമായി മാറുമല്ലോ. സംസാരം അവസാനിപ്പിച്ചിട്ട് ഗുരു കിണർ വൃത്തിയാക്കുവാനുള്ള ശ്രമത്തിലേർപ്പെട്ടു. ശിഷ്യന്മാരും അദ്ദേഹത്തോടൊപ്പം കൂടി.

മനുഷ്യ മനസ്സുകളിൽ ശൂന്യതാബോധത്തിന്റെ വരൾച്ച പലപ്പോഴും അനുഭവപ്പെടാറുണ്ട്. ശൂന്യത തിങ്ങുന്ന മനസ്സ് ശുദ്ധീകരണത്തിനായിട്ട് വഴിയൊരുക്കുന്ന ദിവ്യ ഔഷധിയാണ്. മഴയ്ക്കായി വേഴാമ്പൽ ഉഴലും പോലെ, ജീവജലത്തിന്റെ അരുവികൾ തുറക്കുന്ന ദൈവത്തിനായി നമ്മുടെ മനസ്സുകൾ അപ്പോൾ ദാഹിക്കും. ശാന്തിയുടേയും സാന്ത്വനത്തിന്റേയും സ്വച്ഛമായ നീർച്ചാലുകൾ ഒഴുക്കി ശൂന്യത തിങ്ങുന്ന മനുഷ്യ ഹൃദയങ്ങളെ ദൈവം കൃപയാൽ നിറയ്ക്കും. ജീവിതത്തിന്റെ ശൂന്യതയിലും നിറവിലും ദൈവത്തെ തേടുന്ന വ്യക്തികളാകുവാനായി നമുക്ക് യത്നിക്കാം.

www.malankaralibrary.com

## 47 നന്മകളുടെ കൂത്തുകൾ

"ഹായ് വെളുത്ത ഒരു കൂണ്" കൂണിൽ മൃദുലമായി വിരലോടിച്ചു കൊണ്ട് കുട്ടി പറഞ്ഞു. ആ പതുപതുപ്പ് കുട്ടിക്ക് ഏറെ ഇഷ്ടമായി. പാതയോരങ്ങളിൽ നിറയെ കൂണുനിറഞ്ഞു നിന്നിരുന്നുവെങ്കിൽ എത്ര മനോഹരമായിരുന്നേനേ. കുട്ടിയുടെ മനസ്സിലെ ആഗ്രഹത്തോടൊപ്പം തന്നെ ഒരു സംശയവും കൂട്ടുപിണഞ്ഞുയർന്നു. "നടപ്പാതകളിൽ എന്തു കൊണ്ടാണ് കൂൺ മുളയ്ക്കാത്തത്?" തന്റെ സംശയം ആരോടെങ്കിലും ഒന്നു ചോദിക്കാം. കുട്ടി അപ്പൂപ്പന്റെ അരികിലേക്കോടി 'മുത്തശ്ശാ' 'എന്താ മോനെ' അപ്പൂപ്പൻ പല്ലില്ലാത്ത മോണകാട്ടി ചിരിച്ചു. 'നമ്മുടെ പറമ്പിൽ കൂൺ കിളിർത്തിരിക്കുന്നു.' 'പറമ്പിലെവിടെയാ മോനെ.' കച്ചിത്തുറുവിന്റെയടുത്ത്. അപ്പൂപ്പൻ വീണ്ടും ചിരിച്ചു. എന്താ അപ്പൂപ്പാ നടപ്പാതകളിൽ കൂൺ മുളയ്ക്കാത്തത്. "ഉറച്ച മണ്ണിൽ കൂൺ കിളിർക്കുകയില്ല മോനെ," അപ്പൂപ്പൻ പറഞ്ഞു നിർത്തിയിട്ട് അവന്റെ ചുവന്നു തുടുത്ത മുഖത്തൊരു മുത്തം കൊടുത്തു.

നന്മനിറഞ്ഞ മനസ്സുകളിൽ നിന്നേ നന്മ പ്രവൃത്തികൾ ഉയരുകയുള്ളൂ. പാപങ്ങൾ ചെയ്തുകൂട്ടി മനസ്സാക്ഷി നടപ്പാതപോലെ ഉറച്ചുപോയ വ്യക്തികളിൽ നന്മ പ്രവൃത്തികൾ പെട്ടെന്നു മുളയ്ക്കുകയില്ല. മനസ്സു മണ്ണുപോലയാണ്. അതിനെ നടപ്പാതെപോലെയാക്കുവാനും നന്മ പ്രവൃത്തികളാകുന്ന ജലംകൊണ്ട് നനച്ച് കട്ടി കുറയ്ക്കുവാനും വ്യക്തികൾക്കാവും.

## 48 ആഴങ്ങളിലേക്ക് വഴുതിയ കാലുകൾ

ആൽത്തറയെതൊട്ടാണ് അമ്പലക്കുളം. താമരപ്പൂവുകൾ നിറഞ്ഞു കിടക്കുന്ന അമ്പലക്കുളത്തിലെ ജലത്തിന് പച്ചനിറമാണ്. പായലിന്റേയും താമരവള്ളികളുടേയും നിറങ്ങൾ കൂടിച്ചേർന്നുണ്ടായ കടും പച്ച നിറം. അമ്പലക്കുളത്തിന് കാലപ്പഴക്കമുണ്ട്. കരിങ്കൽഭിത്തിയിലെ വിള്ളലുകളും ഇടിഞ്ഞുപൊളിഞ്ഞ കൽപ്പടവുകളും അതു വ്യക്തമാക്കുന്നു. ഉച്ചസമയത്ത് അമ്പലക്കുളത്തിന്റെ പരിസരം ശാന്തമാകും. ആരും അവി

www.malankaralibrary.com

ടേക്ക് അടുക്കുകയില്ല. പ്രഭാതത്തിലും പ്രദോഷത്തിലുമാണ് അവിടം സജീവമാകുന്നത്. ഉച്ചസമയത്ത് ആടിനെ തീറ്റുവാനായി ഒരു കുട്ടി അമ്പലക്കുളത്തിന്റെ അരികത്തെത്തി. തൊട്ടാവാടിമുള്ളുകൾ ആട്ടിൻ കുട്ടികൾ തിന്നുകൊണ്ടിരിക്കെ കുട്ടിയുടെ ശ്രദ്ധ അമ്പലക്കുളത്തിലേക്കായി. ജിജ്ഞാസയോടെ അമ്പലക്കുളത്തിന്റെ പടിയിലേക്കവനിറങ്ങി. മനഃസ്സാക്ഷി അരുതെന്നു വിലക്കിയിട്ടും അവൻ ശ്രദ്ധിച്ചില്ല. ഓരോരോ പടികളായി അവൻ ഇറങ്ങുവാൻ തുടങ്ങി. എത്ര പടികൾ അമ്പലക്കുളത്തിനുണ്ടെന്ന് അറിയുവാനുള്ള ശ്രമമാണ് അവനെ നയിക്കുന്നത്. കാലിന്റെ മുട്ടുവരെ നനഞ്ഞുവെങ്കിലും ആവേശമവനെ ഭ്രാന്തുപിടിപ്പിക്കുകയാണ്. വീണ്ടും അവൻ പടികളോരോന്നായി ഇറങ്ങുവാൻ തുടങ്ങി. നെഞ്ചുവരെ നനഞ്ഞിട്ടും അവൻ പിന്തിരിഞ്ഞില്ല. അമ്പലക്കുളത്തിന് തുടർന്ന് പടികളില്ലായിരുന്നു. അടുത്ത കാൽവെയ്പ് അവനെ ആഴത്തിലേക്ക് വീഴ്ത്തി. നിലയില്ലാത്ത വെള്ളത്തിലേക്കവൻ താണു. പായലിന്റേയും താമരവള്ളികളുടേയും വലയവുമായി ഏതാനും ദിവസങ്ങൾക്കു ശേഷം ആ കുട്ടിയുടെ ജഡം അമ്പലക്കുളത്തിൽ പൊങ്ങി.

കുട്ടിയുടെ അമ്പലക്കുളത്തിലെ യാത്രപോലെയാണ് മനുഷ്യനിൽ നാമ്പെടുക്കുന്ന കൊച്ചുകൊച്ചു പാപങ്ങൾ. ചെറിയചെറിയ പാപങ്ങളുടെ ആവേശം മനഃസാക്ഷിയെ മറന്നു പ്രവർത്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഒടുവിൽ നിയന്ത്രണംവിട്ട കുതിരയെപ്പോലെ വലിയ പാപങ്ങളുടെ ചുഴിയിൽ നാം മുങ്ങിപ്പോകുന്നു. അപ്പോൾ മനഃസാക്ഷി പൂർണ്ണമായും മരവിച്ചിട്ടുണ്ടാകും. മനസ്സിനെ നിയന്ത്രിക്കുവാൻ കഴിയുന്നവൻ ലോകത്തെ പിടിച്ചടക്കും.

## മഷിപ്പാടുകൾ സാരമില്ല 49

പീറ്റർ പെരേര ഇന്ത്യയിലെ അറിയപ്പെടുന്ന ഒരു വ്യവസായ ശൃംഖലയുടെ ഉടമയാണ്. അദ്ദേഹത്തിന്റെ ഭാര്യ ഹെലനും മകൻ ടോണിയും ചേർന്ന് കൊച്ചിയിൽ താമസിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ തകർന്ന ആ സംഭവമുണ്ടായത്. അദ്ദേഹവും കുടുംബവും യാത്ര ചെയ്തിരുന്ന കാർ ഒരു ലോറിയുമായി കൂട്ടിയിടിച്ച് ഹെലൻ സംഭവസ്ഥലത്തുവെച്ചും ടോണി ആശുപത്രിയിൽ വെച്ചും മരണമടഞ്ഞു. എല്ലാം തകർന്നമട്ടിൽ ആശുപത്രിയിൽ കിടന്നിരുന്ന പീറ്റർ

www.malankaralibrary.com

പെരേരയ്ക്ക് ആശ്വാസമേകുവാനായി ഒരു സുഹൃത്തുണ്ടായി. ആശുപത്രിയിലെ ഡോക്ടർ മോഹനനായിരുന്നു അത്. തന്റെ മകനുമായി രൂപ സാദൃശ്യമുണ്ടായിരുന്ന ആ യുവാവിനോട് എന്തുകൊണ്ടോ പെരേരയ്ക്ക് ഏറെ താൽപര്യമുണ്ടായി. ആശുപത്രി വിട്ടതിനുശേഷവും അദ്ദേഹം ഡോക്ടറിനെ സന്ദർശിക്കുക പതിവായിരുന്നു. അപ്രതീക്ഷിതമായി പീറ്റർ ഒരു വലിയ അസുഖത്തിന്റെ പിടിയിലേക്ക് വീണു. ജീവിതം ദിവസങ്ങളുടെ കണക്കിലായി. എപ്പോൾ വേണമെങ്കിലും മരിക്കാവുന്ന അവസ്ഥ. തന്റെ സ്വത്തെല്ലാം അദ്ദേഹം മോഹനന്റെ പേരിലെഴുതി വെച്ചു. വിൽപത്രം എഴുതിക്കൊണ്ടിരിക്കെ അതിന്റെ കോണിൽ അൽപം മഷി വീണു. വിൽപ്പത്രവുമായി ഡോക്ടറെ കാണാനെത്തിയപ്പോൾ ഡോക്ടർ ആരോടോ ദേഷ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. പീറ്റർ ആ വിൽപ്പത്രം മോഹനന്റെ നേരെ നീട്ടി. പേപ്പറെന്താണെന്ന് നോക്കാൻ പോലും മെനക്കെടാതെ "മഷിയിൽ കുളിപ്പിച്ചിട്ടാണോ എന്റെ കൈയിൽ പേപ്പർ തരുന്ന"തെന്ന് ചോദിച്ചു കുപിതനായി വിൽപ്പത്രം ആദ്ദേഹത്തിന്റെ മുൻപിലേക്കിട്ടു. പീറ്റർ ഒരു പുഞ്ചിരിയോടെ ആ വിൽപ്പത്രം എടുത്ത് പുറത്തിറങ്ങി വലിച്ചുകീറിയെറിഞ്ഞു. വീണ്ടും വേറൊരു വിൽപ്പത്രം അദ്ദേഹം എഴുതി. തന്റെ സ്വത്തുമുഴുവൻ ഒരു അനാഥാലയത്തിനായി സംഭാവന ചെയ്യുന്നതായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു വിൽപ്പത്രമായിരുന്നു അത്.

മഹത്ത്വത്തിന്റെ രാജാവായ ദൈവം അനുനിമിഷം തന്റെ മഹത്ത്വത്തിലേക്ക് നമ്മെ ക്ഷണിക്കുകയാണ്. നമുക്കുവേണ്ടി മഹത്ത്വമെല്ലാം അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷേ ദുഃഖങ്ങളാകുന്ന ചെറിയ മഷിപ്പാടുകൾ ജീവിതത്തിൽ വരുമ്പോഴേക്കും നാം എല്ലാം മറന്നിട്ട് കോപത്തോടെ ദൈവത്തിന്റെ സ്നേഹം തിരസ്കരിച്ചിട്ട് ദൈവവഴികളിൽ നിന്നകലുന്നു.

## 50 കുഴപ്പം ചന്തുവിനോ, ജനത്തിനോ?

ഒരു വർഷം മുമ്പാണ് സന്ന്യാസി ഈ ഗ്രാമത്തിലേക്ക് വന്നത്. അന്നുമുതൽ ഇന്നുവരെ ഈ ഗ്രാമത്തിനുണ്ടായ ആത്മീയാഭിവൃദ്ധി വാക്കുകൾക്കതീതമാണ്. ത്രിസന്ധ്യ ചിരി തൂകുമ്പോൾ ആശ്രമത്തിൽ

www.malankaralibrary.com

നിന്നുയരുന്ന ഭജനയുടെ നാദവും കർപ്പൂരദീപങ്ങളുടെ സുഗന്ധവും ഈ ജന്മം മറക്കുവാനാകില്ല. ഞങ്ങളുടെ മനസ്സുകൾക്ക് ലഭിച്ച ആത്മീയ ചൈതന്യം എത്ര മഹത്തരമാണ്. അദ്ദേഹത്തിന്റെ വ്രതനിഷ്ഠയും ഔന്നത്യമാർന്ന ജീവിതദർശനങ്ങളുമൊക്കെ അധികമാരിലും കാണുവാൻ കഴിഞ്ഞിട്ടില്ല. ആശ്രമത്തിലേക്ക് ഒരാഴ്ച മുമ്പുവരെ ഭക്തജനങ്ങളുടെ നിലയ്ക്കാത്ത പ്രവാഹമായിരുന്നു. അദ്ദേഹം ഇന്നു പ്രഭാതത്തിൽ ആരോടും പറയാതെ ഗ്രാമം വിട്ട് യാത്രയായി. ഒരാഴ്ചമുമ്പദ്ദേഹത്തിനു തോന്നി, തന്റെ പൂർവ്വകാല ചരിത്രം ജനങ്ങളെ അറിയിക്കണം. നെയ്യ് വിളക്കിൽനിന്നുരുകി വീഴുംപോലെ ഹൃദയമുരുകിയുള്ള കണ്ണുനീരോടെയാണ് അദ്ദേഹം സ്വയം പരിചയപ്പെടുത്തിയത്. പത്തുമുപ്പതു വർഷങ്ങൾക്ക് മുമ്പ് ഞങ്ങളുടെ അയൽ ഗ്രാമത്തിലെ പിടിച്ചുപറിക്കാരനും, കൊലപാതകിയുമായി കഴിഞ്ഞിരുന്ന, പോലീസിന്റെ പിടികിട്ടാപ്പുള്ളിയായിരുന്ന കുപ്രസിദ്ധ ചന്തുവാണ് താനെന്ന് അദ്ദേഹം പറഞ്ഞത് ആളുകൾക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു. ഇപ്പോഴദ്ദേഹം മഹത്തരമായ ജീവിതം നയിക്കുന്നുവെങ്കിലും അദ്ദേഹത്തോടുണ്ടായിരുന്ന ബഹുമാനം വെറുപ്പിന്റെ ദ്വിഗുണീഭവിച്ച ഭാവമായി മാറുവാൻ ഒരാഴ്ച സമയം മാത്രമേ വേണ്ടിവന്നുള്ളൂ.

മനുഷ്യർ പലപ്പോഴും ആളുകളെ സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതും പുറംമോടികൾ നോക്കിയാണ്. ആത്മാർത്ഥതയോടെ തങ്ങളായിരിക്കുന്ന അവസ്ഥ വ്യക്തമാക്കിയാൽ, അത് സ്വീകരിക്കുവാൻ തക്കവണ്ണം പൊതുജനം വളർന്നിട്ടില്ല. അത് മനസ്സിലാക്കിവേണം നമ്മുടെ രഹസ്യങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ വെളിപ്പെടുത്തുവാൻ. എല്ലാ രഹസ്യങ്ങളും എല്ലാവരേയും അറിയിക്കുന്നത് നന്നല്ല.

## ആ വാതിൽ അടച്ചേക്കൂ 51

കൊച്ചുണ്ണിയും കുഞ്ഞുണ്ണിയുംതമ്മിൽ പേരിൽ മാത്രമേയുള്ളൂ തെല്ലു സാമ്യം. ഒരു കാലത്തവർ സുഹൃത്തുക്കൾ ആയിരുന്നെന്നു പറഞ്ഞാൽ അവരെ പരിചയമുള്ളവരാരും അതു സമ്മതിച്ചു തരികയില്ല. ഇപ്പോഴവർ കീരിയും പാമ്പും പോലെയാണ്. കാരണം സുഹൃത്തക്കളായിരുന്ന അവരിൽ ഒരാളെ അപരൻ മറ്റുള്ളവരുടെ മുമ്പിൽ വച്ച് ആക്ഷേ

www.malankaralibrary.com

പിച്ചു. അത് ആദ്യത്തവന് സഹിച്ചില്ല. അവനും തിരിച്ച് അതേപടി ചെയ്തു. അങ്ങനെ ആ ബന്ധം വഷളായി. അവരിരുവരും മിണ്ടാതെ ഏതാനും മാസങ്ങൾ കഴിച്ചുകൂട്ടി. മിക്ക മുറിവുകളേയും കാലം സുഖപ്പെടുത്താറുണ്ടല്ലോ. അതുതന്നെ ഇവിടെയും സംഭവിച്ചു. പഴയതെല്ലാം മറന്ന് അവർ വീണ്ടും ചങ്ങാതികളായി. തമാശ പറഞ്ഞും കളിച്ചും, ചിരിച്ചും അങ്ങനെ കഴിഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം കുഞ്ഞുണ്ണി ചോദിച്ചു: "അല്ല നമ്മൾ എന്തിനാണ് പിണങ്ങി ഏതാനും മാസം മിണ്ടാതെ നടന്നത്?" "നീ എന്നോട് അവ പറഞ്ഞപ്പോഴല്ലേ ഞാൻ കോപിച്ചത്" കൊച്ചുണ്ണി പറഞ്ഞു. "അതിനുപകരം നീയെന്നോട് ഇങ്ങനെയും പറഞ്ഞില്ലേ – അതെന്തു കൂടിപോയി." കുഞ്ഞുണ്ണി പ്രത്യുത്തരിച്ചു. "ഏതായാലും നീ ചെയ്തതാണ് വലിയ തെറ്റ്." "അല്ല നിന്റേതാണ്...." അവർ വീണ്ടും കലഹിച്ചു. ബന്ധം കൂട്ടിച്ചേർക്കാനാവാത്തതുപോലെ വിഭജിക്കപ്പെട്ടുപോയി.

ജീവിതത്തിലെ പഴയകാല വൈരാഗ്യങ്ങളെ ചരിത്രം കുത്തിച്ചികഞ്ഞ് കൊണ്ടുവരാൻ ശ്രമിക്കുന്നത് ദോഷം ചെയ്യും. പഴയതിനെ ശ്മശാനത്തിൽ തള്ളിക്കളഞ്ഞിട്ട് പുതിയതിൽ ജീവിക്കുവാൻ ശ്രമിച്ചാൽ മനുഷ്യബന്ധങ്ങൾ സുദൃഢമാകും.

## 52 കുടിലിലെ സന്തോഷം

ഒരപ്പന് ഏഴ് മക്കളുണ്ടായിരുന്നു. എല്ലാവരും കൂലിവേല ചെയ്താണ് ജീവിക്കുന്നത്. ഓരോദിവസവും അദ്ധ്വാനിച്ചു കിട്ടുന്ന പണം വീട്ടുചെലവ് കഴിഞ്ഞ് തുല്യമായി വീതിച്ച് അവർ സന്തോഷത്തോടെ കഴിഞ്ഞു. അടുത്ത വീട്ടിൽ ധനികനും അറുപിശുക്കനുമായ ഒരപ്പന് നാല് മക്കളാണ്. മക്കളും അപ്പനേപ്പോലെ അറുപിശുക്കന്മാർ. അപ്പന്റെ സ്വത്ത് കണക്കിലധികമാണ്. മക്കൾക്ക് ഓരോരുത്തർക്കും അവർ സ്വന്തമായിട്ട് സമ്പാദിച്ചു കൂട്ടിയത് എത്രയെന്ന് നിശ്ചയമില്ല. എന്തായാലും മക്കളുടെയെല്ലാം കണ്ണ് അപ്പന്റെ സ്വത്തിലാണ്. അതുകൊണ്ടുതന്നെ അവരുടെ ഇടയിൽ ശണ്ഠ ഒഴിഞ്ഞിട്ടില്ല. "ഒന്നുമില്ല, ഒന്നുമില്ല" എന്ന് സഹോദരന്മാർ തമ്മിലും "ഒന്നുമില്ല, ഒന്നുമില്ല" എന്ന് അപ്പൻ മക്കളോടും പറഞ്ഞുകൊണ്ടേയിരിക്കും. മക്കളുടെ ഇടയിലെ ഭിന്നതയും,

www.malankaralibrary.com

അപ്പനും മക്കളുമായിട്ടുള്ള ഭിന്നതയും വളർന്നുകൊണ്ടേയിരുന്നു. എന്തി നേറെ പറയുന്നു. പണക്കാരനായ അപ്പൻ മരിക്കാറായപ്പോൾ തുള്ളി വെള്ളം കൊടുക്കുവാൻപോലും ധനാഢ്യരായ മക്കളിലാരുമുണ്ടായിരു ന്നില്ല. പാവപ്പെട്ട ഏഴു മക്കളുടെ പിതാവാകട്ടെ മക്കളുടെയെല്ലാം ശുശ്രൂഷകൾ ഏറ്റുവാങ്ങി സന്തോഷത്തോടെ മരണമടഞ്ഞു.

മനുഷ്യനേക്കാൾ ഉപരിയായി പണത്തെ സ്നേഹിക്കുന്നവർക്ക് കിട്ടുന്ന സമ്മാനം അസമാധാനവും ദുഃഖവുമാണ്. പണത്തേക്കാൾ ഉപരി മനുഷ്യരെ സ്നേഹിക്കുന്ന ഭവനങ്ങളിൽ ഐക്യവും സമാധാ നവും സന്തോഷവും എന്നും നിലനിൽക്കും.

## തൊമ്മി ശകുനി നാരദ

## 53

ശൂന്യമായ വീഥിയുടെ വശങ്ങളിലായുള്ള കടത്തിണ്ണകളിൽ ശവങ്ങളെപ്പോലെ കിടന്നിരുന്ന യാചകരുടെ ഇടയിൽ നിന്ന് ഒരു കുട്ടി എഴുന്നേറ്റു. കരയുവാനും ചിരിക്കുവാനും എല്ലാം ഒരു 'മുഖം' മാത്രമുള്ളതുകൊണ്ടാവണം അവന്റെ മുഖത്തിന് നിർവ്വചിക്കു വാനാകാത്ത ഒരു ഭാവമായിരുന്നു. ഉറക്കത്തിന്റെ ആലസ്യത്തോടെ അവൻ കണ്ണുകൾ തിരുമ്മിയിട്ട് പട്ടിണി ജന്മാവകാശമാക്കിയ വയ റിന്റെ പരാതിയെ അവഗണിച്ചുകൊണ്ട് തെരുവു നായയെപ്പോലെ തെരു വിന്റെ ഓരം ചേർന്ന് യാത്രയാരംഭിച്ചു. വഴിയുടെ ഓരത്തു നിന്ന തൊമ്മി അവനെ കണ്ടു. തൊമ്മി ആരെന്നു വെളിവാക്കുവാൻ വളരെ എളുപ്പ മാണ്. നൂറു ശകുനിയും ആയിരം നാരദനും ഒത്തുചേരുന്ന പ്രകൃത മാണ് തൊമ്മിയുടേത്. തൊമ്മി അവനെ കൈകൊട്ടി വിളിച്ചു. വിശപ്പി നാഹാരമെന്ന പ്രതീക്ഷയോടെ അവൻ അയാളുടെ അരികിലെത്തി. 'നിന്റെ പേരെന്താടാ?' അവൻ പകച്ചു നിന്നു. കാരണം ആരും അവ നോട് പേര് ചോദിച്ചിട്ടില്ല. തനിക്കൊരു പേരിന്റെ ആവശ്യമു ണ്ടെന്ന് അവനും തോന്നിയിട്ടില്ല. തൊമ്മി മുന്നോട്ടു നടന്നു. നടക്കു മ്പോൾതന്നെ കുറുക്കനെപ്പോലെ അവനെയൊന്നു തിരിഞ്ഞുനോക്കി മുരണ്ടു. 'വാടാ.' അനുസരണയുള്ള കുഞ്ഞാടിനെപ്പോലെ അവൻ അയാളെ അനുധാവനം ചെയ്തു. യാത്രയ്ക്കിടയിൽ തൊമ്മി ചാരായഷാപ്പിലേക്കു കയറി. അവനും കയറി. നിർബന്ധിച്ചയാൾ

www.malankaralibrary.com

അവനെ കുടിപ്പിച്ചു. ഷാപ്പിൽനിന്നും പുറത്തിറങ്ങിയപ്പോൾ അയാൾ ബീഡി വാങ്ങി. അവനും ബീഡി കൊടുത്തു. താല്പര്യമില്ലാഞ്ഞിട്ടും അവനും ബീഡി വലിക്കേണ്ടിവന്നു. ബീഡി ആഞ്ഞു വലിച്ചുകൊണ്ട് തൊമ്മി വീട്ടിലേക്ക് യാത്രയായപ്പോൾ പിന്നാലെ നിഴലുപോലെ അവനും യാത്രയായി. തൊമ്മിയുടെ വീട്ടിൽ ഒരു പുളിമരം വെട്ടിയിട്ടുണ്ടായിരുന്നു. 'വെട്ടിക്കീറടാ' കോടാലിയെടുത്ത് അവന്റെ കയ്യിലേൽപ്പിച്ചിട്ട് തൊമ്മി അലറി. ഭയത്തോടെ അവൻ പുളിമരം വെട്ടി കീറുവാൻ തുടങ്ങി. ക്ഷീണംമൂലം ഇടയ്ക്കവൻ കിതച്ചുകൊണ്ട് നിന്നപ്പോൾ അരീചൂരലുകൊണ്ട് അയാളവനെ തല്ലി. 'എന്റെ പണം കൊണ്ടല്ലേ നീ കുടിച്ചതും ബീഡി വലിച്ചതും. മുതലടങ്ങുന്നിടംവരെ നീ ഇവിടെ നിന്ന് പണിചെയ്യ്.' അയാളുടെ വാദമിതായിരുന്നു. ഒരിക്കലും പിന്നീടവന് ആ വീട്ടിൽനിന്ന് പോകുവാനായില്ല. ഒരു വലിയ മദ്യപാനിയായി അവൻ നാശത്തിൽ നിപതിക്കയും ചെയ്തു.

പിശാചിന്റെ കെണികളിൽനിന്നും കിട്ടുന്ന നൈമിഷിക സുഖങ്ങൾക്കായിട്ട് അവ ചോദിക്കുന്നത് നമ്മുടെ ജീവൻ മുഴുവനാണ്. ഇഹലോകത്തിലും പരലോകത്തിലുമുള്ള നമ്മുടെ ജീവിതം മുഴുവൻ അവന്റെ പിടിയിലാകും. ഇഹലോകത്തിൽ അവന്റെ തടവറയിൽ നമ്മുടെ ആത്മാവ് ബന്ധിതമാവുകയും ചെയ്യുന്നു. പ്രലോഭനങ്ങളിൽ വീഴാതെ ജീവിക്കുന്നതാണ് വിവേകം.

## 54 ഇതാ സ്വർഗ്ഗം ഇവിടെ

സീയോളിൽ ഒളിംപിക്സ് നടക്കുന്നകാലം. കുട്ടികളുടെ ഒരു സംഘം വൈദികനെ കാണാനെത്തി. "യുദ്ധത്തിന് പോയിട്ട് വരുംപോലെയുണ്ടല്ലോ." ലോഹ്യത്തിനായിട്ട് അദ്ദേഹം ചോദിച്ചു. "അച്ചാ യുദ്ധത്തിനു പോയതല്ല, ഒളിംപിക്സ് കണ്ടിട്ടുവരുന്ന വഴിയാ." കുട്ടികളുടെ കൂട്ടത്തിലെ ഒരു ചുണക്കുട്ടൻ പ്രായവും പക്വതയുമൊക്കെയുള്ള ഒരു ശൈലിയിൽ പറഞ്ഞപ്പോൾ അദ്ദേഹത്തിനു വലിയ രസം തോന്നി. ഒളിംപിക്സ് കാണുന്നത് ഞങ്ങളുടെ ഗ്രാമത്തിലെ വക്കച്ചന്റെ വീട്ടിലെ ടി.വി.യുടെ അരികെ പോയാണ്. വീട്ടുകാർ നല്ല മനുഷ്യരായിരു

www.malankaralibrary.com

ന്നതിനാൽ കുട്ടികൾ ടി.വി. കാണാൻ ചെല്ലുന്നതിനെ തടസ്സപ്പെടുത്താറില്ല. ഒളിംപിക്സ് തന്നെയാണ് കണ്ടതെന്ന് ഉറപ്പാണോ? സംഭാഷണം നീട്ടുവാനായി അച്ചൻ അവരോട് ചോദിച്ചു: "ആണല്ലോ ഉറപ്പാണ്" ഞങ്ങൾ കണ്ടത് ഒളിംപിക്സ് തന്നെയാ. ചാട്ടവും ഓട്ടവും എല്ലാം ഞങ്ങൾ കണ്ടതാ, ശബ്ദവും കേട്ടു. നീന്തലുകാർ വെള്ളത്തിലോട്ടു കറങ്ങി കറങ്ങി വീഴുന്നതുമൊക്കെ കണ്ടാലുണ്ടല്ലോ തലകറങ്ങി പോകും. കുട്ടികൾ ഏറെനേരം കാര്യങ്ങളെല്ലാം അച്ചനെ വിസ്തരിച്ചു കേൾപ്പിച്ചു.

ഭൂമിയിൽ ചിലപ്പോൾ സ്വർഗ്ഗീയ ആനന്ദം നാം അനുഭവിക്കാറുണ്ട്. സ്വർഗ്ഗം കാണുന്നത് ടി.വി. കാണുമ്പോലെയാണ്. ടി.വി. യിൽ കാണുന്നത് യഥാർത്ഥത്തിൽ നടക്കുന്നതിന്റെ ചിത്രം മാത്രമാണ്. വിശുദ്ധിയുടേയും പ്രാർത്ഥനയുടേയും തലത്തിൽ ഉയർന്നു കഴിയുമ്പോൾ സ്വർഗ്ഗം കാണുമ്പോലെയുള്ള തോന്നലുകളിൽ മനുഷ്യൻ ചെന്നുപെടും. ഇപ്രകാരമുള്ള മനുഷ്യരെ മിസ്റ്റിക്കുകൾ എന്നു വിളിക്കുന്നു. അവരുടെ അനുഭവം സ്വർഗ്ഗത്തിന്റെ ഒരു മുന്നാസ്വാദനമാണ്. ഭൂമിയിൽ വച്ചുണ്ടാകുന്ന മിസ്റ്റിക്കലായിട്ടുള്ള ചെറിയ അനുഭവങ്ങളുടെ പൂർണ്ണത സ്വർഗ്ഗത്തിലാണ് ലഭ്യമാകുന്നത്. സ്വർഗ്ഗീയ അനുഭവത്തിന്റെ മുന്നാസ്വാദനത്തിനായി നമ്മൾ നമ്മേതന്നെ ഒരുക്കേണ്ടതായിട്ടുണ്ട്. ആ കുട്ടികളുടെ വിവരണം എനിക്കു ലഭ്യമാക്കുവാൻ കാരണമായത് ആ വീട്ടുകാരുടെ ഔദാര്യവും അതുകേൾക്കാനുള്ള എന്റെ മനസ്സുമാണ്.

ദൈവത്തിന്റെ കൃപയും നമ്മുടെ പരിശ്രമവും ഒത്തു ചേർന്നെങ്കിൽ മാത്രമേ പ്രാർത്ഥനയുടെ ഔന്നത്യമേറിയ തലങ്ങളിലേക്ക് നമുക്കുയരാനാവു. ആ കുട്ടികൾ ടി.വി. യിലെ പരിപാടികൾ ശ്രദ്ധിച്ചിരുന്നില്ലെങ്കിൽ അവർക്ക് അവയെപ്പറ്റി ഒരു ധാരണയും ഉണ്ടാകില്ലായിരുന്നു. പഞ്ചേന്ദ്രിയങ്ങളുടെ സുഖത്തിനായി ദൈവസംസർഗ്ഗത്തിൽനിന്ന് നമ്മുടെ ശ്രദ്ധയെ തിരിച്ചുകളഞ്ഞാൽ ദൈവസ്നേഹത്തെപ്പറ്റി ധാരണകളുണ്ടാക്കുവാൻ നമുക്ക് പ്രയാസം നേരിടും. പഞ്ചേന്ദ്രിയങ്ങളെ അടച്ച് ഉള്ളിലെ ദൈവികാനുഭവത്തിന്റെ തീവ്രതയിൽ നാം നമ്മേ തന്നെ ലയിപ്പിക്കണം. പഞ്ചേന്ദ്രിയങ്ങളുടെ വിഷയങ്ങൾ മുഴുവൻ ഉള്ളിലേക്ക് തള്ളികയറ്റിയിട്ട് ദൈവികാനുഭവത്തിൽ വളരുവാൻ ശ്രമിച്ചാൽ ആദ്ധ്യാത്മിക ജീവിതം ധന്യമാക്കൽ അസാദ്ധ്യമാണ്.

www.malankaralibrary.com

## 55 ആഞ്ഞിലിമേൽ കടപ്ലാവ്

ശങ്കു തന്റെ മുറ്റത്തെ ആഞ്ഞിലി മുറിച്ച് തടി വിറ്റു. അങ്ങനെയിരിക്കെ ഒരു ദിവസം അയാൾക്കൊരു കടപ്ലാവിന്റെ തൈ കിട്ടി. ഒന്നാന്തരമൊരു കർഷകനായ ശങ്കുവിന് ബഡ്ഡിംഗ് വശമാണ്. അയാൾ കടപ്ലാവിന്റെ തൈ ആഞ്ഞിലിക്കുറ്റിയിലേക്ക് ബഡ്ഡ് ചെയ്ത് പിടിപ്പിച്ചു. നല്ല പരിചരണം കിട്ടിയതിനാൽ കടപ്ലാവ് കാര്യത്തോടെ വളർന്നു. കാലം കുറേ കഴിഞ്ഞപ്പോൾ ഇലകൾ മൂടിയ കായ്കൾ നിറഞ്ഞ കടപ്ലാവ് ശക്തമായ ഒരു ജേതാവിനെപ്പോലെ എല്ലാവരുടേയും ശ്രദ്ധ ആകർഷിച്ച് ശങ്കുവിന്റെ കൃഷിയിടത്തിൽ ചൈതന്യമായി നിറഞ്ഞുനിന്നു. ആഞ്ഞലിയിലൂടെ പഴയ ചുവടും വേരും തന്നെയാണെങ്കിലും കടപ്ലാവാകുന്ന പുതിയ ചെടി കാര്യത്തോടെ വളർന്നു. ഫലമുണ്ടായപ്പോഴും പുതിയ ചെടിയുടെ ഗുണം തന്നെ അതുകാട്ടി.

നമ്മുടെ ജീവിത സാഹചര്യങ്ങളുടെ ചുവടും വേരും പഴയതാണെങ്കിലും ക്രിസ്തുവിലായിക്കഴിയുമ്പോൾ നമുക്കു പുതുമ കൈവരുന്നു. നമ്മുടെ പ്രവൃത്തികൾ ക്രിസ്തുവിന് യോജിച്ചവയായിരിക്കണം. നമ്മുടെ ഫലങ്ങളിൽ നിന്ന് നമ്മൾ ക്രിസ്തുവിനുള്ളവരാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാകണം. ക്രിസ്തുവിലായിരിക്കുന്നവർ പുതിയ സൃഷ്ടികളാണ്. അവരുടെ പ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ ഫലങ്ങളാണ്. മനുഷ്യകുലത്തിന് മുഴുവനും തണലും മനോഹാരിതയും നൽകുവാൻ കെൽപ്പുള്ളവരാണ് ക്രിസ്തുവിന്റെ വ്യക്തിത്വം സ്വായത്തമാക്കിയ ആളുകൾ. നമുക്ക് ക്രിസ്തുവിൽ പുതിയ സൃഷ്ടികളാകുവാൻ ശ്രമിക്കാം.

## 56 രണ്ടു മെമ്പറന്മാർ

രണ്ട് പഞ്ചായത്തു മെമ്പറന്മാർ തമ്മിൽ തങ്ങൾക്കുള്ള സ്വാധീനത്തെപ്പറ്റി സംസാരിക്കുകയായിരുന്നു. ഒരുവൻ പറഞ്ഞു: "എന്റെ സ്വാധീനമെത്രയെന്ന് തനിക്കറിയാമോ? എന്ത് പ്രശ്നങ്ങൾ എന്റെ മണ്ഡലത്തിൽ ഉണ്ടായാലും ഉടനെ പോലീസെത്തി പ്രശ്നം പരിഹരിക്കും. എനിക്ക് പോലീസിലുള്ള സ്വാധീനം അത്രയധികമാണ്." അപരനപ്പോൾ പറഞ്ഞു: ഞങ്ങളുടെ ഗ്രാമത്തിൽ നേരെമറിച്ചാണ് സ്ഥിതി. വഴക്കുകളേ

www.malankaralibrary.com

എന്റെ പഞ്ചായത്തിലില്ല. അതുകൊണ്ടുതന്നെ പോലീസിന്റെ ആവശ്യവുമില്ല. വഴക്കാളികളുടെ പ്രതിനിധി ആയിരിക്കുന്നതിലും നല്ലത് സമാധാനപ്രിയരുടെ പ്രതിനിധി ആയിരിക്കുന്നതല്ലേ? വീമ്പു പറയാൻ തുടങ്ങിയ ഒന്നാമൻ ലജ്ജിച്ചു തലതാഴ്ത്തി.

ഐക്യവും സ്നേഹവും ഉള്ള സമൂഹത്തിൽ നിയമങ്ങൾ അടിച്ചേൽപിക്കേണ്ട ആവശ്യമില്ല. അവർ കണ്ടറിഞ്ഞുതന്നെ നിയമങ്ങൾ അനുസരിച്ചുകൊള്ളും.

## കൃപകൾ അനർഗ്ഗളമായി

57

ഗോപാലനൊരു ചെറുകിട കച്ചവടക്കാരനാണ്. പരിശ്രമശാലിയായ അദ്ദേഹത്തിന് പലവിധത്തിൽ പണമുണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളറിയാം. സ്റ്റേഷനറി സാധനങ്ങളും നാരങ്ങാവെള്ളവുമൊക്കെ വിൽക്കുന്നതോടൊപ്പംതന്നെ അദ്ദേഹം സൈക്കിളുകൾ വാടകയ്ക്ക് കൊടുക്കുന്നുണ്ട്. ഫോട്ടോ ഫ്രെയിം ചെയ്തു കൊടുക്കുന്നുണ്ട്. മാത്രമല്ല ചെറിയതോതിൽ റബ്ബർ ഷീറ്റും അടയ്ക്കായുമൊക്കെ വാങ്ങി കൂടുതൽ ലാഭത്തിന് വിൽക്കുന്നുണ്ട്. ഈ വിധത്തിലെല്ലാം കിട്ടുന്ന പണം അദ്ദേഹത്തിന്റെ പെട്ടിയിൽ വരുന്നെങ്കിലും പല കാര്യങ്ങൾക്കായിട്ടാണ് അദ്ദേഹമതുപയോഗിക്കുന്നത്. സൈക്കിൾ ഷോപ്പിൽ നിന്നുള്ള വരുമാനം ചിലപ്പോൾ റബ്ബർ ഷീറ്റ് വാങ്ങാനുപയോഗിക്കും. റബ്ബർ ഷീറ്റിൽ നിന്നുള്ള വരുമാനം ചിലപ്പോൾ കടയിലേക്ക് സാധനം വാങ്ങാനുപയോഗിക്കും. പലവിധത്തിൽ പണം ചെലവഴിക്കുന്നെങ്കിലും അദ്ദേഹത്തിന് ഉയർച്ച മാത്രമേ ഉണ്ടാകുന്നുള്ളു എല്ലാ വ്യവസായങ്ങളും ഭംഗിയായി പോകുകയും ചെയ്യുന്നു.

ഇതുപോലെയാണ് ദൈവകൃപയുടെ പ്രവർത്തനവും. കൃപയുടെ അടിസ്ഥാനം നിദാന്തമായ പ്രാർത്ഥനയാണ്. കൃപ ഒഴുകുന്നത് പ്രാർത്ഥനയിലൂടെയാണ്. പ്രാർത്ഥിക്കുന്ന വ്യക്തിയിലെ കൃപ വ്യത്യസ്ത കാര്യങ്ങൾക്കായി വിനിയോഗിക്കാം. ആത്മ നിയന്ത്രണത്തിനും, സ്നേഹിക്കുന്നതിനും നന്മകൾ ചെയ്യുന്നതിനും, സഹായഹസ്തം നൽകുന്നതിനും ഇത് ഉപകരിക്കുന്നു. പരസ്പരബന്ധിതമായി കിടക്കുകയാണ് കൃപയുടെ പ്രവർത്തനം.

www.malankaralibrary.com

## 58 മരണമെ നിനക്ക് സ്വാഗതം

ഉറക്കത്തെപ്പറ്റി പറയുവാൻ തുടങ്ങുമ്പോൾ മനസ്സിലേക്ക് ഓടിയെത്തുന്നത് പീതാംബരന്റെ രൂപമാണ്. പീതാംബരൻ ഒരു ഉറക്ക പ്രിയനാണെന്നുള്ളത് പച്ചയായ ഒരു യാഥാർത്ഥ്യമാണ്. ടൈംപീസിന്റെ അലാറസൂചിയെ അഞ്ചുമണിയിലേക്ക് ചൂണ്ടിനിർത്തിയിട്ട് പീതാംബരൻ ഉറങ്ങാൻ പോകും. കൃത്യനിഷ്ഠ ഏറെയുള്ള ടൈംപീസ് കൃത്യം അഞ്ചുമണിക്കുതന്നെ മണിമുഴക്കും. തത്സമയത്തുതന്നെ പീതാംബരൻ കണ്ണുതുറന്ന് ടൈംപീസിന്റെ പ്രകാശം വിതറുന്ന സൂചി ശ്രദ്ധിക്കും. പിന്നെ അസഹ്യതയോടെ കട്ടിലിൽ കിടന്നുകൊണ്ടുതന്നെ ടൈംപീസിന്റെ കുടുമപോലിരിക്കുന്ന സ്വിച്ചിലേക്ക് വിരലമർത്തും ഉടനെ ശബ്ദം നിലയ്ക്കും. സുഖം. സുഖകരം. ചുരുണ്ടുകൂടിയുള്ള പീതാംബരന്റെ ഉറക്കം നീണ്ടു നീണ്ടു പോവുകയും ചെയ്യും.

ഗോവിന്ദൻ മാഷ് ഞങ്ങളുടെ ഗ്രാമത്തിലെ അദ്ധ്യാപകനാണ്. വെളുപ്പിനെ സൂര്യനമസ്കാരം (ഒരു കായികാഭ്യാസം) ചെയ്യുന്ന പതിവ് അദ്ദേഹത്തിനുണ്ട്. അഞ്ചുമണിക്ക് അലാറം അടിക്കത്തക്ക വിധത്തിൽ ടൈംപീസ് ക്രമീകരിച്ചാലും മണിയടിക്കുന്നതിനുമുമ്പേ നാലരയ്ക്കുതന്നെ അദ്ദേഹം ഉറക്കമുണരും. ടൈംപീസിന്റെ മണിയടിനാദവും പ്രതീക്ഷിച്ച് അദ്ദേഹം കിടക്കും. മണിയടികേട്ടാലുടനെ അദ്ദേഹം സന്തോഷത്തോടെ എഴുന്നേൽക്കുകയും ചെയ്യും.

മരണമണി എന്നൊരു പദംതന്നെയുണ്ടല്ലോ. ഗോവിന്ദൻ മാഷ് ടൈംപീസിന്റെ മണിയടിനാദം കേൾക്കാൻ കാത്തിരിക്കുംപോലെ സന്തോഷത്തോടെ മരണവും കാത്തിരിക്കുന്ന ആളുകൾ ഉണ്ട്. ജീവിതകാലമത്രയും നന്മ പ്രവൃത്തികൾ ചെയ്തിട്ടുള്ളവർക്ക് മരണം എളുപ്പമായ ഒരു കടന്നുപോകൽ മാത്രം. ജീവിതകാലമത്രയും തിന്മ പ്രവൃത്തികൾ ചെയ്തിട്ടുള്ളവർക്ക് മരണം അസഹ്യമായ ഒരു വസ്തുതയും. ജനിച്ചവരെല്ലാം മരിച്ചേ മതിയാകു. മരണമണിയുടെ കുടുമയ്ക്ക് വിരലമർത്തി മരണത്തെ തടഞ്ഞുനിർത്താൻ നമുക്കാവില്ല. ഏതു നേരം മരണം വന്നാലും അതിനെ സ്വാഗതം ചെയ്യുവാൻ ഒരുക്കമുള്ളവരായിരുന്നാൽ പുഞ്ചിരിയോടെ അതിനെ അഭിമുഖീകരിക്കുവാൻ സാധിക്കും.

www.malankaralibrary.com

## മാന്ത്രികമരം

59

എസ്തപ്പാൻചേട്ടൻ ഒരു ഗുണകാംക്ഷിയാണ്. പ്രകൃതിസ്നേഹിയായ അദ്ദേഹം കൃഷിയെ താലോലിക്കുന്നു. അങ്ങനെയിരിക്കേയാണ് കൃഷിവികസന വിഭാഗം ഒരു പ്രത്യേകതരം വൃക്ഷത്തൈകൾ ഞങ്ങളുടെ നാട്ടിലെത്തിച്ചത്. എസ്തപ്പാൻ ചേട്ടൻ പ്രസ്തുത തൈകൾ വാങ്ങി പറമ്പിലെല്ലാം നട്ടുപിടിപ്പിച്ചു. വെള്ളം കോരിയും വളമിട്ടുമൊക്കെ ചേട്ടൻ അവയെ ശുശ്രൂഷിച്ചതിന്റെ ഫലമായി തൈകൾ വളർന്നു മരങ്ങളായി. മരങ്ങളായപ്പോൾ എസ്തപ്പാൻചേട്ടൻ ദുഃഖിച്ചു. ചെടികൾ മരങ്ങളാകുമ്പോൾ സന്തോഷിക്കുകയല്ലേ വേണ്ടത്. നമ്മളതു ചോദിച്ചേക്കാം. പക്ഷേ ചേട്ടന് സങ്കടമാണ്. സങ്കടത്തിന് കാരണമുണ്ട്. കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച മരങ്ങൾ അവസാനം പ്രശ്നങ്ങൾ ഉണ്ടാക്കിയാൽ എങ്ങനെ സന്തോഷിക്കും. എസ്തപ്പാൻചേട്ടന്റെ വലിയ പ്രശ്നമെന്തെന്നറിയുമോ? പറമ്പിലെ വള്ളിയായ വള്ളികളെയെല്ലാം മരങ്ങൾ ആകർഷിക്കുന്നു. വള്ളികൾ മരങ്ങളെ ചുറ്റിപ്പിണഞ്ഞ് മുകളിലേക്ക് കയറുന്നു. എസ്തപ്പാൻചേട്ടൻ അരിശത്തോടെ കുറെ വള്ളികളെല്ലാം പിഴുതുമാറ്റി. വള്ളികൾക്ക് എസ്തപ്പാൻചേട്ടനേക്കാൾ അരിശമാണ്. അവ പൂർവ്വാധികം ശക്തിയോടെ "ഞങ്ങളിലൊന്നിനെ തൊട്ടുകളിച്ചാൽ അക്കളിതീക്കളി എസ്തപ്പാ" എന്ന മട്ടിൽ മരങ്ങളെ വീണ്ടും ചുറ്റുകയാണ്. മാത്രവുമല്ല അയൽവക്കത്തെ വീട്ടുകാരന്റെ പറമ്പിലെ വള്ളികളെക്കൂടി മരങ്ങൾ ആകർഷിക്കുകയുമാണ്. വള്ളികളും മരങ്ങളും ഒത്തുചേർന്നുകൊണ്ടുള്ള ഒരു മുന്നേറ്റം. എങ്ങനെയും ആ മുന്നേറ്റം തടയണം. അരയും തലയും മുറുക്കി ഇറങ്ങുന്നതിനു മുമ്പായി എസ്തപ്പാൻ കൃഷ്ണപിള്ളചേട്ടനെ ഒന്നു കാണുവാൻ നിശ്ചയിച്ചു. ഞങ്ങളുടെ നാട്ടിലെ അറിയപ്പെടുന്ന ഒരു കർഷകനാണ് കൃഷ്ണപിള്ള ചേട്ടൻ. എസ്തപ്പാൻ ചേട്ടന്റെ പരാതികളെല്ലാം കൃഷ്ണപിള്ള ചേട്ടൻ താൽപര്യപൂർവ്വം ശ്രദ്ധിച്ചിട്ട് ഒരു പ്രതിവിധി കൽപിച്ചു: "എസ്തപ്പാനേ, മരങ്ങളുടെയെല്ലാം ചുവട്ടിൽ കുരുമുളക് വള്ളികൾ നട്ടുപിടിപ്പിച്ച് നോക്ക്." എസ്തപ്പാൻ ചേട്ടൻ അതനുസരിച്ചു. അത്ഭുതം! വലിയ പരിചരണമൊന്നും കൂടാതെതന്നെ കുരുമുളക് തൈകൾ മരങ്ങളിൽ പടർന്നു പന്തലിച്ചു. ധാരാളമായ ഫലവും പുറപ്പെടുവിച്ചു.

www.malankaralibrary.com

ജീവിതത്തിന്റെ നിഷേധാത്മക വശങ്ങൾ എന്ന് നമുക്ക് തോന്നുന്നവയിൽ നിന്നുപോലും സൂക്ഷ്മമായി കൈകാര്യം ചെയ്താൽ ഉത്തമ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കും. തീർത്തും ഉപയോഗശൂന്യമായ ഒന്നും തന്നെയില്ല.

## 60 ഹൃദയം സംസാരിക്കട്ടെ

പ്രഗത്ഭനായ ഒരു ഗവർണ്ണർ സംസ്ഥാനത്തിന്റെ ചുമതല ഏറ്റെടുത്തപ്പോൾ ആളുകൾക്കൊക്കെ ഏറെ സന്തോഷമായി. കഠിനാദ്ധ്വാനിയും ബുദ്ധിമാനുമായ അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനങ്ങൾ ചുരുങ്ങിയ കാലത്തിനുള്ളിൽ എല്ലാവരിലും ഏറെ മതിപ്പുളവാക്കി. കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തോടുള്ള അദ്ദേഹത്തിന്റെ കാരുണ്യവും അവരുടെ ഉന്നമനത്തിനായുള്ള അദ്ദേഹത്തിന്റെ പ്രവർത്തനവും പ്രശംസനേടി. ആളുകളുമായി ബന്ധം സ്ഥാപിക്കുവാൻ അദ്ദേഹം പൊതുവേദികളിലെല്ലാം തന്റെ ആശയങ്ങളുമായി സഞ്ചരിച്ചു. അന്യ സംസ്ഥാനക്കാരനായ താൻ ഇവിടെ വന്ന് നാട്ടുകാരുടെ ഭാഷയിൽ സംസാരിക്കുമ്പോൾ അവർക്ക് വേണ്ടവിധത്തിൽ മനസ്സിലാകുന്നുണ്ടോ എന്ന് കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് സംശയമായി. ആളുകൾ ഏറെ താൽപര്യത്തോടെ പ്രസംഗങ്ങൾ കേൾക്കുന്നുണ്ട്. ചെയ്യുന്ന എല്ലാ നല്ല കാര്യങ്ങൾക്കും അകമഴിഞ്ഞുള്ള സഹായ സഹകരണങ്ങൾ നൽകുന്നുമുണ്ട്. അതുകൊണ്ടായില്ല, പ്രസംഗം ശക്തമാക്കണം. പ്രസംഗം ശക്തമാകണമെങ്കിൽ ഭാഷ ശക്തമാകണം. സുന്ദരമായി പ്രസംഗിച്ചെങ്കിൽ മാത്രമേ കൂടുതൽ ആളുകൾ ആകർഷിക്കപ്പെടുകയുള്ളു. അദ്ദേഹം തന്റെ പ്രാഥമിക കർത്തവ്യങ്ങൾകൂടി മറന്നുകൊണ്ട് ഭാഷാപഠനത്തിൽ മുഴുകി. പഠനത്തിന് താൽപര്യം ഏറി. പഠനത്തിരക്കിൽ തന്റെ കർത്തവ്യം മനപൂർവ്വം മറന്നു. ഏറെക്കാലം കഴിയുന്നതിനുമുമ്പേ ഗവർണ്ണറെപ്പറ്റി ഉത്തരവാദിത്തമില്ലാത്തവനെന്ന് പൊതുജനങ്ങൾ പറയുവാൻ തുടങ്ങി. കാണുവാനായി വന്ന ജനാവലി ശപിച്ചുകൊണ്ട് അദ്ദേഹത്തെ കാണുവാനാകാതെ പോയി. കുറേക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പദ്ധതിയിലേക്ക് പൊതുജനങ്ങളാരും തിരിഞ്ഞു നോക്കാതായി. ഗവർണ്ണർ ഭാഷ ഭംഗിയായി പഠിച്ച് പ്രസംഗിക്കുവാനായി പൊതുവേദികളേയും കാത്തിരുന്നു. പക്ഷേ അദ്ദേഹത്തെ

www.malankaralibrary.com

ശ്രവിക്കുവാൻ ആരും എത്തിയില്ല. ഭാഷാപഠനമെന്നപേരിൽ ജനങ്ങളിൽ നിന്നകന്നുപോയപ്പോൾ പറിച്ചെറിയപ്പെട്ടത് ഭാഷകളാവശ്യമില്ലാത്ത, ഭാവങ്ങളാവശ്യമില്ലാത്ത സ്നേഹബന്ധത്തിന്റെ വേരുകളായിരുന്നു. ആ വേരുകൾ ഉണങ്ങി, കടപുഴകിയത് ഔന്നത്യമേറിയ ആശയങ്ങളുടെ പ്രായോഗികതലത്തിലുള്ള വടവൃക്ഷമായിരുന്നു. അനേകമനേകം പാവപ്പെട്ടവരുടെ ഹൃദയത്തിൽ അദ്ദേഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ ബിംബങ്ങളാണ് അവരിൽനിന്നും അദ്ദേഹം അകന്നപ്പോൾ പൊടിഞ്ഞില്ലാതായത്.

അസാധാരണമായ വാക്ചാതുരി ഒന്നുകൊണ്ട് മാത്രം മറ്റുള്ളവരെ ആകർഷിക്കാനാവില്ല. ആളുകളെ നമ്മിലേക്ക് അടുപ്പിക്കുന്നതും നമ്മൾ അവരോട് അടുക്കുന്നതിന് ഹേതുവായിത്തീരുന്നതും നമ്മിലെ സ്നേഹവും നമ്മുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങളുമാണ്. ദൈവാനുഭവത്തിന്റെ തലത്തിൽ പ്രസ്തുതവിഷയം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ഈശ്വരാനുഭവമുള്ള വ്യക്തികളുടെ അസുന്ദരമായ ഭാഷയിലുള്ള ദൈവത്തെപ്പറ്റിയുള്ള വിവരണം ദൈവാനുഭവമില്ലാത്തവരുടെ വാക്ധോരണിയേക്കാൾ ഫലവത്താണ്.

## സർവ്വതും പ്രിയനുവേണ്ടി 61

ഗവൺമെന്റാശുപത്രിയിലെ പ്രഗത്ഭനായ ഒരു ന്യൂറോളജിസ്റ്റാണ് ഡോ. അനന്തയ്യർ. വിവാഹം കഴിക്കുന്നത് ഒരു സാധാരണ കാര്യമാണല്ലോ. പക്ഷേ അനന്തയ്യരുടെ കാര്യത്തിൽ വിവാഹകാര്യങ്ങൾ കുറെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ബ്രാഹ്മണനായ അദ്ദേഹം വിവാഹം കഴിക്കുവാൻ പോകുന്നത് താണ ജാതിയിൽപ്പെട്ട ഒരു പെൺകുട്ടിയെ ആണ്. അദ്ദേഹത്തിന്റെ മാതാപിതാക്കളും ബന്ധുമിത്രാദികളും ഇതിനെതിരായിരുന്നു. ആ പെൺകുട്ടി സുന്ദരിയാണെന്ന് നിനച്ചിട്ടുണ്ടെങ്കിൽ അതും തെറ്റാണ്. അവളൊട്ടും സുന്ദരിയായിരുന്നില്ല. അങ്ങനെ എല്ലാവരുടേയും എതിർപ്പുകളുടെ അമ്പൊടിച്ചുകൊണ്ട് അവർ വിവാഹിതരായി. കണ്ണും കാതുമില്ലാത്ത വർഷങ്ങൾ ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ യാത്രയായി. ഒരു ദിവസം അനന്തയ്യരോട് അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ചോദിച്ചു. താണ ജാതിയിൽപ്പെട്ട ഒരു പെണ്ണിനെ വിവാഹം ചെയ്തതുകൊണ്ട് അങ്ങേക്കിപ്പോൾ ദുഃഖം തോന്നുന്നുണ്ടോ?

www.malankaralibrary.com

ഡോക്ടർ പൊട്ടിച്ചിരിച്ചു. "ഇല്ല സുഹൃത്തേ, എനിക്കൊട്ടും ദുഃഖമില്ല." ഇത്രയധികം സ്നേഹവതിയായ ഒരു ഭാര്യയെ കിട്ടിയ ഞാനാണ് ഈ ലോകത്തിലെ ഏറ്റവും വലിയ ഭാഗ്യവാൻ. എനിക്ക് സന്തോഷം മാത്രമേ യുള്ളൂ.

ആ പാവപ്പെട്ട യുവതിക്ക് തനിക്കുവേണ്ടി എല്ലാം ത്യജിച്ച ഡോക്ടർക്ക് കൊടുക്കുവാനായി തന്റെ സ്നേഹവും ത്യാഗം നിറഞ്ഞ പ്രവർത്തികളും മാത്രമേ ഉണ്ടായിരുന്നുള്ളു. അവളത് പൂർണ്ണമായി അദ്ദേഹത്തിന് സമർപ്പിക്കുകയും ചെയ്തു. അവളങ്ങനെ ചെയ്തത് ഒരു വലിയ കാര്യം ചെയ്യുന്ന മനോഭാവത്തോടെയല്ലായിരുന്നു. നേരെമറിച്ച് വലിയ ഒരാളിനുവേണ്ടിയുള്ള തന്റെ എളിയ പ്രവൃത്തികൾ എന്ന മനോഭാവത്തോടെയായിരുന്നു.

ദൈവത്തിനുവേണ്ടി ജീവിതം സമർപ്പിച്ചു എന്ന് പറയുമ്പോൾ വലിയ ത്യാഗം ചെയ്ത ഭാവം നമ്മൾ പലപ്പോഴും കാണിക്കാറുണ്ട്. കുപ്പക്കുഴിയിൽ നിന്നും മാണിക്യക്കൊട്ടാരത്തിലേക്കുയർത്തുംപോലെയാണ് ദൈവം നമ്മളോട് പെരുമാറിയത്. ദൈവം നമ്മോട് കാണിച്ച സ്നേഹത്തോട് തുലനം ചെയ്യുമ്പോൾ ദൈവത്തിന്റെ പേരിൽ നമ്മൾ ചെയ്യുന്ന ത്യാഗ പ്രവൃത്തികളെപ്പറ്റി വീമ്പിളക്കുവാൻ നമുക്ക് എന്ത് മേന്മയുണ്ട്?

## 62 നിലമറന്നാൽ ആപത്ത്

പൊട്ടക്കുളത്തിന്റെ ഇട്ടാവട്ടത്തിൽ ഒരുപറ്റം മീനുകൾ ജീവിച്ചിരുന്നു. പൊട്ടക്കുളത്തിന്റെ പരിമിതികളിൽ അവർ ദുഃഖിതരായിരുന്നു. ശരിക്കൊന്നു നീന്തുവാനാകുന്നില്ല. ഓരോരുത്തർക്കുമുള്ള 'പ്രൈവസി' നഷ്ടപ്പെടുന്നു. മീനുകൾ ഏറെ ദുഃഖിതരായി. സൈക്കിളുകാരൻ കയറ്റം ചവിട്ടുംപോലെ ദുഃഖത്തോടെ അവർ ജീവിതം തള്ളിനീക്കി.

വൈകിവന്ന അതിഥിയേപ്പോലെ ഇടവപ്പാതി വന്നു. മഴ തുടങ്ങി. മഴയെന്നുവച്ചാൽ തുള്ളിക്കൊരുകുടമായി വീഴുന്ന മഴ. നൂലുകെട്ടി ഇട്ട പോലെ മഴ രാവും പകലും വീണുകൊണ്ടേയിരുന്നു. പൊട്ടക്കുളത്തിലെ വെള്ളമുയർന്നു. ഒരു സുപ്രഭാതത്തിൽ പരന്നുകിടക്കുന്ന വെള്ളപ്പരപ്പാണ് കണ്ടത്. പിന്നെ വളഞ്ഞും തിരിഞ്ഞുമൊക്കെ നീന്തൽ തുടങ്ങി.

www.malankaralibrary.com

മീനുകൾ കുതിച്ചു ചാടി. അടക്കാനാകാത്ത ആഹ്ലാദം! ചില മീനുകൾ നീന്തിത്തുടിച്ച് ബഹുദൂരം പോയി. മഴ തോർന്നു. വെയിലുറച്ചു. ഫുട്ബോൾ ഗ്രൗണ്ടുകളിലും നിരപ്പായ പ്രതലങ്ങളിലുമൊക്കെ കിടന്നിരുന്ന വെള്ളം വറ്റി. ആളുകളിറങ്ങി മീനുകളെ വെട്ടിപ്പിടിച്ചു. അതിരു കടന്നുള്ള അവരുടെ ആഹ്ലാദം മരണത്തിലൊടുങ്ങി.

സന്താപത്തിലും സന്തോഷത്തിലും ജീവിതത്തിൽ സമചിത്തത പാലിക്കണം. ജീവിതത്തിൽ ഉയർച്ചയുണ്ടാകുമ്പോൾ സർവ്വതും മറന്ന് ആഹ്ലാദിക്കുകയോ താഴ്ചയുണ്ടാകുമ്പോൾ നഷ്ടബോധത്തിന്റെ നിരാശയിൽ തളരുകയോ ചെയ്യാത്തവനാണ് ജ്ഞാനി.

## പൊന്നു ഭഗവാനേ... ഈ വരം വേണ്ട

63

ഒരു ഭക്തൻ വനത്തിൽ തപസ്സു ചെയ്യുവാനായിട്ട് പോയി. ഭക്ഷണവും ജലവുമൊക്കെ ഉപേക്ഷിച്ചുള്ള കൊടിയ തപസ്സിൽ ഈശ്വരൻ സംപ്രീതനായി. "വത്സാ, നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു. നിനക്കെന്തുവരം വേണമെങ്കിലും ചോദിക്കാം." ഭക്തൻ ഭക്തിപാരവശ്യത്തോടെ പറഞ്ഞു. "അടിയന് എല്ലാ മനുഷ്യരുടേയും രഹസ്യങ്ങളറിയുവാനുള്ള വരം തരണം." ഭഗവാൻ ഭക്തൻ ആവശ്യപ്പെട്ട വരംതന്നെ കൊടുത്തു. ഭക്തൻ സന്തോഷത്തോടെ ചെന്നു. ആദ്യം കണ്ടത് അമ്മയെയാണ്. അമ്മയുടെ ജീവിതത്തിലെ രഹസ്യങ്ങൾ പെട്ടെന്ന് മനസ്സിൽ തെളിഞ്ഞു. പിന്നെ അച്ഛനെയാണ് കണ്ടത് അച്ഛന്റെ രഹസ്യങ്ങൾ അറിഞ്ഞപ്പോൾ ഭക്തൻ തലയിൽ കൈവച്ചുപോയി. ബന്ധുമിത്രാദികളെയാണ് പിന്നെ കാണുവാൻ പോയത്. യോഗ്യന്മാരെന്ന് കരുതിയിരുന്നവരെല്ലാം ചെകുത്താന്മാരേക്കാൾ കഷ്ടമാണ്. അദ്ദേഹം അവിടെ നിന്നില്ല. നേരെ വനത്തിലേക്ക് ഓടി. ഇപ്രാവശ്യം കൂടുതൽ തീക്ഷ്ണതയോടെ തപസ്സു ചെയ്തു. ഭഗവാൻ വീണ്ടും പ്രത്യക്ഷനായി. "വത്സാ നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു. എന്തു വരം വേണമെങ്കിലും ചോദിച്ചുകൊള്ളൂ." "പൊന്നു ഭഗവാനേ അവിടുന്ന് അടിയനുതന്ന വരം തിരിച്ചെടുത്ത് അടിയനെ ഈ ഊരാക്കുടുക്കിൽനിന്ന് രക്ഷിക്കണേ." ഭഗവാൻ ഭക്തനിൽനിന്ന് ആ വരം തിരിച്ചെടുത്തുകൊണ്ട് പുഞ്ചിരിയോടെ പറഞ്ഞു:

www.malankaralibrary.com

"മറ്റുള്ളവരുടെ രഹസ്യങ്ങൾ അറിയുവാൻ പലർക്കും ജിജ്ഞാസയാണ്. എന്നാൽ അറിഞ്ഞു കഴിയുമ്പോൾ പലപ്പോഴും പ്രശ്നമാകും. അവരുടെ രഹസ്യങ്ങൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തത്തിനു പുറമേ, അവരെ മുമ്പ് കണ്ടിരുന്നതുപോലെ കണ്ട് ബഹുമാനിക്കുവാനുള്ള ബുദ്ധിമുട്ട് വേറെയും. മറ്റുള്ളവരുടെ രഹസ്യങ്ങളിൽ നുഴഞ്ഞു കയറാൻ ശ്രമിക്കാതിരിക്കുന്നവർ സമൂഹത്തിന്റെ മുമ്പിൽ ബഹുമാനിതരാകുന്നു.

## 64 താമരയും റോസാപ്പൂവും

വിശാലമായ ഒരു പൂന്തോട്ടത്തിന്റെ നടുവിൽ മനോഹരമായ ഒരു കുളവും, ആ കുളത്തിൽ വിരിഞ്ഞു കിടക്കുന്ന താമരപ്പൂക്കളുമുണ്ട്. ചുവന്ന വെൽവെറ്റിൽ കളിക്കുന്ന വെളുത്ത പൂച്ചക്കുട്ടികളെപ്പോലെ താമരപ്പൂക്കളുടെയിടയിൽ മൂന്ന് വെളുവെളുത്ത താറാവുകൾ അരയന്നങ്ങളെപ്പോലെ നീന്തുന്നു. കുളത്തിന്റെ വശത്തായിട്ട് നിന്ന ഒരു റോസാപ്പൂവ് ഒരു താമരപ്പൂവിനെ എത്തിനോക്കി ചിരിച്ചു. താമരപ്പൂവും ചിരിച്ചു. ദിവസങ്ങൾ കഴിയവെ ഇരുവരും വലിയ സുഹൃത്തുക്കളായി. ഒരു ദിവസം റോസാപ്പൂവ് പറഞ്ഞു: "താമരപ്പൂവേ, നീ വെള്ളത്തിലും ഞാൻ കരയിലും താമസിക്കുന്നു. നമ്മൾ സുഹൃത്തുക്കളല്ലേ? എന്തിനിങ്ങനെ അകന്നു കഴിയുന്നു? നീയും കരയിലേക്കു പോര്, നമുക്കൊരുമിച്ചു കഴിയാം. അല്ലെങ്കിൽ ഞാൻ കൂടെ നിന്റെയടുത്ത് വെള്ളത്തിൽ വന്നു കഴിയാം." താമരപ്പൂവ് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: "ഈ വെള്ളത്തിൽ നിന്നും കരയിൽ കയറിയാൽ ഞാൻ ഉണങ്ങിപ്പോകും. നീ വെള്ളത്തിൽ വന്നാൽ അഴുകി നശിക്കുകയും ചെയ്യും. നമുക്കിരുവർക്കും ആയിരിക്കുന്നിടത്ത് ആയിരുന്ന് പരസ്പരം സ്നേഹിക്കാം." റോസാപ്പൂവിന് അപ്പോഴാണ് ബുദ്ധിയുദിച്ചത്. റോസാപ്പൂവ് അത് സമ്മതിച്ചു.

മറ്റുള്ളവരെ സ്നേഹിക്കുകവഴി നമ്മുടെ വ്യക്തിത്വം ഇല്ലാതാക്കരുത്. നാം ആയിരിക്കുന്ന സ്ഥാനത്ത് ആയിരുന്നുകൊണ്ട് അപരൻ ആയിരിക്കുന്ന രീതിയിൽ സ്നേഹിക്കുകയാണ് അഭികാമ്യം. അടുത്തിരിക്കുന്നതോ അകലെയിരിക്കുന്നതോ അല്ല സ്നേഹത്തിന്റെ മാനദണ്ഡം. പിന്നെയോ മനസ്സിന്റെ ആഗ്രഹം ഐക്യമാണ്.

www.malankaralibrary.com

## 2 + 2 = 4; 2 2 = 0

65

എബിയും പീറ്ററും സുഹൃത്തുക്കളാണ്. ദൈവവിശ്വാസികളായ അവർ ഒരു കരാറിൽ ഏർപ്പെട്ടു. ഓരോരുത്തരും അപരനുവേണ്ടി പ്രാർത്ഥിക്കുക. കരാറിൻ പ്രകാരം പീറ്റർ എബിക്കുവേണ്ടി പ്രാർത്ഥിച്ചു. എബി സ്വാർത്ഥനായിരുന്നു. അവന്റെ ചിന്ത ഈ വിധത്തിലാണുപോയത്: ഞാൻ അവനുവേണ്ടി പ്രാർത്ഥിക്കേണ്ട. ഞാൻ എനിക്കുവേണ്ടി തന്നെ പ്രാർത്ഥിക്കും. അപ്പോൾ പീറ്ററിന്റെ പ്രാർത്ഥനയുടെ ഫലവും തന്റെ പ്രാർത്ഥനയുടെ ഫലവും തനിക്കുതന്നെ ലഭിക്കും. സ്വർഗ്ഗത്തിലിരുന്ന് ദൈവം അവരുടെ പ്രാർത്ഥനകൾക്ക് പോയിന്റിടുവാൻ തുടങ്ങി. ഫലം കൊടുക്കാറായപ്പോൾ ദൈവം പോയിന്റുകൾ കൂട്ടി. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവർക്ക് ഇരട്ടി ഫലം. കരാർ ലംഘിക്കുന്നവർക്ക് രണ്ട് പോയിന്റ് കുറയ്ക്കും. പ്രാർത്ഥനയ്ക്കു കൊടുക്കാറുള്ള രണ്ട് പോയിന്റിന്റെ ഇരട്ടിയായി നാലു പോയിന്റ് പീറ്ററിനു ലഭിച്ചു. എബി തനിക്കുവേണ്ടിതന്നെ പ്രാർത്ഥിച്ചു. അതിന് രണ്ട് പോയിന്റ് കൊടുത്തു. പക്ഷേ കരാർ ലംഘനത്തിനുള്ള രണ്ട് പോയിന്റ് കുറച്ചപ്പോൾ എബിയുടെ പോയിന്റ് പൂജ്യമായി മാറി.

മനുഷ്യരെ കബളിപ്പിക്കാം. എന്നാൽ ദൈവത്തെ കബളിപ്പിക്കാനാവില്ല. നമ്മുടെ ചിന്തകളെല്ലാം ദൈവം അറിയുന്നുണ്ട്. അപരനുവേണ്ടി പ്രാർത്ഥിക്കുവാനും അപരന്റെ പ്രയാസങ്ങളിൽ സഹായിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നമുക്ക് കൂടുതൽ ഫലം ലഭിക്കുന്നു.

## അകലത്തെ അഴക്

66

വെളുപ്പിനേ എഴുന്നേറ്റ് മുറ്റത്തിറങ്ങി കുട്ടി സൂര്യനെ നോക്കും. വെളുത്ത മേഘങ്ങൾക്കിടയിൽ ചുവന്ന ജ്വാലകളായി രശ്മികൾ പടരുന്ന സൗന്ദര്യം കാണുവാൻ കുട്ടിക്കൊപ്പം മുത്തച്ഛനും കൂടുമായിരുന്നു. സായാഹ്നങ്ങളിലെ സൂര്യരശ്മികളുടെ ശക്തികുറഞ്ഞ നിറങ്ങളും കുട്ടിക്കിഷ്ടമാണ്. കുട്ടിയ്ക്കിഷ്ടപ്പെടാത്തത് സൂര്യന്റെ നട്ടുച്ചയ്ക്കത്തെ

www.malankaralibrary.com

രൗദ്രഭാവമാണ്. തലയ്ക്കു മുകളിലുള്ള ആ നിൽപ്പുതന്നെ കുട്ടിക്ക് അസഹ്യമാണ്. മാത്രമോ ദിക്ക് മനസ്സിലാക്കുവാനാകില്ല, സൂര്യനെ നോക്കുവാൻ കൂടി കഴിയില്ല. മേഘങ്ങൾക്ക് ഒട്ടും ആകർഷണീയത തോന്നില്ല. അപ്പൂപ്പൻ ആ സമയത്ത് പുറത്തെങ്ങുമിറങ്ങില്ല. സ്കൂളിൽ നിന്നും കുട്ടി വീട്ടിലെത്തുമ്പോഴേക്കും വിയർത്തു കുളിച്ചിരിക്കും. ഇത്രയധികം ദ്രോഹങ്ങളെല്ലാം ചെയ്യുന്ന സൂര്യന്റെ ദ്രോഹങ്ങളെല്ലാം കുട്ടി സായാഹ്നത്തിലും പ്രഭാതത്തിലും മറന്നുപോകും. കാരണം സൂര്യന്റെ സൗന്ദര്യം അത്രയ്ക്കാകർഷണമാണപ്പോൾ.

ചില വ്യക്തികൾ അകന്നു നിൽക്കുമ്പോൾ തോന്നുന്ന ആകർഷണീയത അവരുമായി അടുത്തു കഴിയുമ്പോൾ ശല്യമായി മാറും.

## 67 തീയിൽ തൊട്ടാൽ

മാമരം കോച്ചുന്ന തണുപ്പെന്നൊക്കെ കേട്ടിട്ടില്ലേ. ഈ ഡിസംബറിലാണത് ശരിക്കും അനുഭവിച്ചത്. അകലങ്ങളിലുള്ള മലനിരകളൊക്കെ മഞ്ഞിന്റെ കോടിയുടുത്ത് നിൽക്കയാണ്. ഇടയ്ക്കിടെ വീശുന്ന കാറ്റ് സൂചികൊണ്ട് കുത്തുംപോലെ തണുപ്പിനെ ശരീരത്തിലേയ്ക്കിറക്കുന്നു.

പലവിധത്തിലുള്ള ചിന്തകളുമായി ഇരിക്കവെയാണ് അപ്പൂപ്പനെ കൊച്ചുമകൻ തട്ടിവിളിച്ചത്. "അപ്പൂപ്പാ നമുക്ക് മുറ്റത്ത് തീ കൂട്ടിയാലോ?" കൊച്ചുമകന്റെ പദ്ധതി അപ്പൂപ്പന് നന്നേ ബോധിച്ചു. ഇരുവരുംകൂടെ തീകൂട്ടി. തീജ്വാലകൾ ഉയർന്നുയർന്നു നൃത്തം ചവിട്ടി. ഇരുവരും കൈയും കാലുമൊക്കെ ചൂടുപിടിപ്പിച്ചു. കൊച്ചു മകനോട് കൊച്ചു കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കെ സർവ്വതും മറന്ന് അവൻ പറഞ്ഞു. "ഹോ, നല്ല തീ, ഈ തീയിൽ ഞാനൊന്നു തൊട്ടുനോക്കട്ടെ." അപ്പൂപ്പൻ മറുപടി ഒന്നും പറഞ്ഞില്ല. "അപ്പൂപ്പാ ആ കനൽക്കട്ടകളെടുത്ത് ഞാൻ വിഴുങ്ങട്ടെ." അപ്പൂപ്പനതുകേട്ടു. അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. തീയെ തൊട്ടാൽതന്നെ പൊള്ളും. പിന്നെയല്ലേ വിഴുങ്ങുന്നത്?

ചിലവസ്തുക്കൾ ചില അവസരങ്ങളിൽ ഉപയോഗപ്രദമായിരിക്കും. എത്ര നല്ല വസ്തുവാണെങ്കിലും അതിരു കവിഞ്ഞ മമത ആപത്താണ്.

www.malankaralibrary.com

## രണ്ടും കത്തിയാണ്, പക്ഷേ.... 68

കശാപ്പുകാരൻ മമ്മതിന്റെ മകൻ മൊയ്തീൻകുഞ്ഞ് ഡോക്ടറായതിന്റെ സന്തോഷം മമ്മത് ഘോഷിക്കുകയാണ്. പുറമേ പരുക്കനാണെങ്കിലും മമ്മതിന് മകനെ ഏറെ ഇഷ്ടമാണ്. മകനും ബാപ്പാനെ ഇഷ്ടമാണ്. മൊയ്തീൻകുഞ്ഞിന്റെ ഒരാവശ്യവും മമ്മതു തള്ളിക്കളഞ്ഞിട്ടില്ല. മമ്മതിന്റെ ഒരാവശ്യവും, അതുകൊണ്ടുതന്നെ മൊയ്തീൻ കുഞ്ഞും തള്ളിക്കളയില്ല. മകൻ ഡോക്ടറായിട്ടും കശാപ്പുപണി മമ്മതു തുടർന്നു. ഒരു സന്ധ്യക്ക് മമ്മതും മൊയ്തീൻകുഞ്ഞുമായിട്ട് ഒരു സംഭാഷണം അരങ്ങേറി. "എടാ മൊയ്തീൻകുഞ്ഞേ". "എന്താ ബാപ്പ" "അന്റെ കയ്യി മനുഷേനെ കീറിമുറിക്കണ കത്തീല്ലേ?" (ഓപ്പറേഷൻ കത്തി). "ബാപ്പയ്ക്കെന്തിനാ കത്തി?" "ബേണം, ഞമ്മടെയൊരു പൂതിയാ." ബാപ്പായെ വിഷമിപ്പിക്കണ്ടായെന്നു കരുതി തെല്ല് ആശ്ചര്യത്തോടെ ഒരു ഓപ്പറേഷൻ കത്തി മൊയ്തീൻകുഞ്ഞ് ബാപ്പയ്ക്കു കൊടുത്തു. പിറ്റേ ദിവസം മമ്മത് വീട്ടിലെത്തിയതും മകനെ വിളിച്ചു... "മൊയ്തീനേ...." "എന്താ ബാപ്പാ." "ഞമ്മക്കു നീയൊരു കത്തി തന്നില്ലേ? ഞമ്മക്ക് അന്റെ ഓശാരോന്നും വേണ്ടാ. നീ ഞമ്മടെ ഇറച്ചിക്കത്തിയെടുത്തോ." "ബാപ്പാ എന്തായിപ്പറേണത്." "ഡാക്കിട്ടരായിട്ടും അനക്കു പുത്തിയില്ലേടാ മൊയ്തീനേ? അന്റെ കത്തി ഞമ്മടെ കയ്യിലിരുന്നാ നീയെങ്ങനെ ആപ്പറേഷൻ (ഓപ്പറേഷൻ) ചെയ്യും. അതുകൊണ്ട് ഞമ്മടെ കത്തി ആപ്പറേഷൻ ചെയ്യാനെക്കൊണ്ട് അന്റെ കയ്യിലിരിക്കട്ടെ. നിന്റെ കത്തികൊണ്ട് കന്നിനെക്കൊന്ന് പൂതി തീരുമ്പം അന്റെ കത്തി അങ്ങു തരും. അപ്പോ നീ ഞമ്മടെ എറച്ചിക്കത്തിങ്ങ് തരണം. പഠിച്ചിട്ടൊന്നും കാര്യംല്ല മക്കളേ. ബുദ്ധിവേണം. ഏത്?" മൊയ്തീൻകുഞ്ഞ് ബാപ്പായുടെ ബുദ്ധിയെപ്പറ്റിയോർത്തു പൊട്ടിച്ചിരിച്ചു പോയി.

ഓപ്പറേഷൻ കത്തികൊണ്ട് പോത്തിനെ കൊല്ലാൻ ശ്രമിച്ചാൽ കത്തി ഇല്ലാതാകും. ഇറച്ചികത്തികൊണ്ട് മനുഷ്യനെ ശസ്ത്രക്രിയ ചെയ്താൽ അത് മരണത്തിലൊടുങ്ങുന്ന ശസ്ത്രക്രിയയായിരിക്കും. മനുഷ്യരോടുള്ള സമീപനവും ഇതുപോലെ വ്യത്യസ്തമായിരിക്കണം. ചില മനുഷ്യർ പരുക്കരും കഠിനഹൃദയരുമാണ്. അവരോട് കാർക്കശ്യ

www.malankaralibrary.com

ത്തോടുകൂടിതന്നെ വേണം ഇടപെടാൻ, എന്നാൽ മൃദുലഹൃദയരായ വരോട് വളരെ സൗമ്യമായിട്ടുവേണം ഇടപെടുവാൻ. ഓരോരുത്തരുടേയും സ്വഭാവത്തിന് അനുയോജ്യമായിട്ടുവേണം അവരോട് ഇടപെടുവാൻ.

## 69 പൊങ്ങച്ചം മറന്ന സ്ത്രീ

ഈ പള്ളിയിൽ വരുന്നവരിൽ മിക്കവരും കടലോരത്തെ പാവപ്പെട്ട ജനങ്ങളാണ്. ദേവാലയത്തിലേക്ക് ഒരു കുബേര യുവതിയും വരുമായിരുന്നു. പാവപ്പെട്ട ജനങ്ങളുടെ ശ്രദ്ധ അവളുടെ ഫോറിൻ കാറിലും, വിലയേറിയ വസ്ത്രങ്ങളിലുമായി. പേർഷ്യൻ പെർഫ്യൂമിന്റെ മണം വായുവിൽ അലിഞ്ഞുചേർന്ന് അവരുടെ നാസാരന്ധ്രങ്ങൾക്ക് പുതുമയായി. പ്രസ്തുത യുവതിയാകട്ടെ മുട്ടുകുത്തി ദേവാലയത്തിൽ നിൽക്കുമ്പോൾ തന്റെ വേഷത്തെപ്പറ്റിയും, പ്രൗഢിയെപ്പറ്റിയുമൊക്കെ ഓർത്ത് മനസ്സിൽ ഊറ്റം കൊള്ളുമായിരുന്നു. ദൈവസന്നിധിയിൽ നിൽക്കുമ്പോഴും ഗർവ്വോടെ അവൾ പാവപ്പെട്ടവരെ നോക്കിയിരുന്നു. ദിവസങ്ങൾ ഒന്നൊന്നായികൊഴിഞ്ഞു വീണു. ഒരു ദിവസം ദേവാലയത്തിൽ പോകാനായി അവൾ ഡ്രസ്സെടുക്കുവാൻ അലമാരയുടെ അടുക്കലെത്തിയപ്പോൾ താക്കോൽ കാണുന്നില്ല. തന്മൂലം ഒരു പഴയ വസ്ത്രമെടുത്തുടുത്ത് അവൾ ദേവാലയത്തിലേക്ക് പോയി. ദേവാലയത്തിലെത്തിയപ്പോൾ അവൾ താനുടുത്തിരുന്ന വസ്ത്രത്തെപ്പറ്റി ചിന്തിച്ചില്ല. അവളുടെ മനസ്സിൽ കർത്താവിന്റെ ചിത്രം മാത്രം നിറഞ്ഞുനിന്നു. അവൾ സർവ്വതും മറന്ന് കർത്താവിൽ ലയിച്ച്, ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ജീവിതത്തിൽ പറ്റിപ്പോയിട്ടുള്ള പാളിച്ചകളോർത്ത് അവൾ കണ്ണീരൊഴുക്കി. യഥാർത്ഥമായിട്ടുള്ള ആരാധനയുടെ സന്തോഷം അന്നവളനുഭവിച്ചു.

ദൈവമുമ്പാകെ നിൽക്കുന്നത് നമ്മുടെ പ്രൗഢിയും മഹിമയും പ്രകടിപ്പിക്കുവാനാകരുത്. അഹം എന്ന ഭാവം മാറ്റി വിനീതമായ ഹൃദയത്തോടെ നിന്ന് പ്രാർത്ഥിക്കുമ്പോൾ ആ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമായിത്തീരുന്നു.

www.malankaralibrary.com

## ഉപേക്ഷിച്ച കടലാസ് 70

ഒരു ലേഖനം രചിക്കുമ്പോൾ ആദ്യം എഴുതിയ കടലാസ്സിൽ പല വെട്ടും തിരുത്തലുകളും ഉണ്ടാകുന്നു. ലേഖകൻ കടലാസ് മാറി എഴുതുന്നു; വീണ്ടും തിരുത്തിയിട്ട് വീണ്ടും കടലാസ് മാറുകയും ആദ്യത്തെ കടലാസുകൾ ചവറ്റുകുട്ടയിൽ ഇടുകയും ചെയ്യുന്നു. മെച്ചമായിട്ടെഴുതിയവ കയ്യിലുള്ളപ്പോൾ ഉപേക്ഷിച്ച കടലാസ്സുകൾ എടുത്ത് എഴുത്തുകാരൻ അവയിൽതന്നെ വീണ്ടും ശ്രദ്ധ ചെലുത്തിക്കൊണ്ടിരുന്നാൽ അത് ഭോഷത്വമാണ്.

നമ്മുടെ കഴിഞ്ഞകാലങ്ങളിലേക്ക് നാം കണ്ണോടിക്കുമ്പോൾ ജീവിതത്തിൽ നമുക്ക് അഭിമാനിക്കാനാവുന്നതും അതേസമയംതന്നെ ലജ്ജിക്കേണ്ടതുമായ പല സംഭവങ്ങൾ കണ്ടെന്നിരിക്കും. ലജ്ജിക്കേണ്ടവ, അതായത് നമുക്ക് പ്രയോജനമില്ലാത്തവയെ മനസ്സിൽനിന്ന് ഉപേക്ഷിച്ച് കളയുകയാണ് വേണ്ടത്. ഒരിക്കൽ ഉപേക്ഷിച്ചതിനുശേഷം വീണ്ടും അവയിലേക്ക് ശ്രദ്ധ തിരിച്ചുവിടുന്നത് ആപൽക്കരമാണ്, ഭോഷത്വമാണ്. നല്ല കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തി മുമ്പോട്ടുപോയാൽ ആദ്ധ്യാത്മിക പുരോഗതി ഉണ്ടാകുമെന്ന് തീർച്ചയാണ്.

## അർപ്പണത്തിന്റെ പൂർണ്ണത 71

ഇന്ദുവിനെ അച്ചനും അമ്മയ്ക്കും വലിയ ഇഷ്ടമായിരുന്നു. അവളുടെ ഏതാവശ്യവും സാധിച്ചുകൊടുക്കുവാൻ അവർ തയ്യാറായിരുന്നു. ഇന്ദു വലിയ ഒരു പെണ്ണായി. കെട്ടിക്കേണ്ട പ്രായമായി. ആ പിതാവ് വിദേശത്ത് ജോലിയുള്ള ഒരു യുവാവിന് അവളെ വിവാഹം കഴിച്ചുകൊടുത്തു. ഭർത്താവ് കുറെ ദിവസങ്ങൾക്കുശേഷം വിദേശത്തേക്ക് മടങ്ങിപ്പോയി. അച്ചനും അമ്മയ്ക്കും ആകെയുള്ള ഒരു മകളായിരുന്നു ഇന്ദു. അവൾ പോയിക്കഴിഞ്ഞപ്പോഴേക്കും വീട് ഉറങ്ങിയതുപോലെയായി. ഒരു ദിവസം പിതാവ് ഇന്ദുവിനെ കെട്ടിച്ചയച്ച വീട്ടിൽ ചെന്നു. മോളൊരു ദിവസം വീട്ടിൽ വന്നു നിൽക്കുമോ? അദ്ദേഹം മകളോട് ചോദിച്ചു. ഇന്ദു പുഞ്ചിരിയോടെ അമ്മായിയച്ചന്റേയും അമ്മായിയമ്മയു

www.malankaralibrary.com

ടേടും മുഖത്തേക്ക് നോക്കി. അദ്ദേഹം മകളെ കൊണ്ടുപോകാനുള്ള അനുവാദം അവരോട് ചോദിച്ചു. അവരത് സമ്മതിക്കുകയും ചെയ്തു.

ജീവിതത്തിലെ മാറ്റങ്ങൾക്കനുസരിച്ച് നാമും മാറണം. ഇന്ദുവിന് അച്ഛനെ ഇഷ്ടമാണ്. പക്ഷേ പുതിയ വീട്ടിലെ അംഗമായപ്പോൾ അവൾ ആ വീട്ടിലെ അംഗങ്ങളുടെ അനുവാദമാണ് തേടുന്നത്. അർപ്പിത ജീവിതവും ഇതുപോലെയാണ്. ദൈവത്തിനായിട്ട് ഒരാൾ തന്റെ ജീവിതം അർപ്പിച്ചുകഴിഞ്ഞാൽ പിന്നെ ആ ആളിന്റെ ഇഷ്ടമല്ല നോക്കേണ്ടത്. പിന്നെയൊ ദൈവത്തിന്റെ ഇഷ്ടമാണ്. സർവ്വവും ദൈവത്തിൽ ഭരമേൽപിച്ചവർ ഏതൊരു തീരുമാനമെടുക്കുമ്പോഴും ദൈവത്തിന്റെ ഇംഗിതം അറിയുവാൻ കടപ്പെട്ടിരിക്കുന്നു.

## 72 തെരുവുചിന്ത

തെരുവിൽകൂടി അലഞ്ഞ് ആടി നടന്നിരുന്ന ഒരു യുവതിയെ സ്നേഹസമ്പന്നനും, പണ്ഡിതനും, ധനികനും, സുന്ദരനുമായ ഒരു യുവാവ് വിവാഹം കഴിച്ചു. അവർ സുഖമായി ജീവിച്ചു. യുവതിക്ക് ഭർത്തൃഗൃഹത്തിൽ സകല സൗഭാഗ്യവും ഉണ്ടായിരുന്നു എങ്കിലും ഇടയ്ക്കിടെ അവളുടെ മനസ്സ് പഴയ തെരുവിലേക്കും അവിടത്തെ സുഖത്തിലേക്കും പോകുമായിരുന്നു. മനസ്സിൽനിന്നും എത്ര അകറ്റുവാൻ ശ്രമിച്ചിട്ടും ചിലപ്പോൾ അപ്രതീക്ഷിതമായി തെരുവുചിന്ത ശക്തമായി കടന്നു വന്നുകൊണ്ടേയിരുന്നു. അവളുടെ ഉപദേശകയോട് ഇതിനൊരു പ്രതിവിധി ആരാഞ്ഞപ്പോൾ അവർ മേലിൽ പഴയ തെരുവിലൂടെ കടന്നുപോകരുതെന്നും അതോടൊപ്പം ഭർത്താവിന്റെ സദ്ഗുണങ്ങളെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും സദാ ചിന്തിച്ചുകൊണ്ടിരിക്കണമെന്നും നിർദ്ദേശിച്ചു. അവൾ ഇതൊന്നു പരീക്ഷിച്ചു നോക്കി. ആരംഭത്തിൽ കുറെ പിരിമുറുക്കം ഉണ്ടായെങ്കിലും സാവധാനം അവളിൽ ഭർത്താവിനോടുള്ള സ്നേഹവും താല്പര്യവും വർദ്ധിച്ചു. അതോടെ തെരുവുചിന്ത പൂർണ്ണമായി മാറുകയും ചെയ്തു.

പാപം ഉപേക്ഷിച്ചിട്ട്, ക്രിസ്തുവിന് സ്വന്തമായിത്തീർന്ന ആത്മാവിന്റെ മാനസാന്തരത്തിന്റെ ആരംഭഘട്ടത്തിൽ പഴയ പാപചിന്തകളി

www.malankaralibrary.com

ലേക്ക് മനസ്സ് വഴുതിവീണെന്നിരിക്കാം. എത്ര ശ്രമിച്ചിട്ടും പഴയ ചിന്തകളിൽ നിന്ന് മോചനമില്ലാതെ വിഷമിക്കുമ്പോൾ, ക്രിസ്തുവിന്റെ നന്മയാൽ സർവ്വശക്തിയും ഉപയോഗിച്ച് മനസ്സ് ഉറപ്പിക്കണം. കുറേ കഴിയുമ്പോൾ മനസ്സ് ഒരിക്കലും പാപചിന്തയിലേക്ക് പോകാതെ പരിശുദ്ധമായ ചിന്തയിൽ മാത്രം ഉറച്ചുനിൽക്കുന്നു.

## നാളത്തിൽനിന്നും ജ്വാലയിലേയ്ക്ക് 73

എന്തിനാണ് അമ്മ ചൂട്ടിന്റെ മുകളിൽ വിറകടുക്കുന്നത്? ക്ലാവു പിടിച്ച ഓട്ടുവിളക്കിന്റെ നാളത്തിൽ നിന്നും ചൂട്ടിലേക്ക് തീ പിടിപ്പിച്ചിട്ട് അത് അതേ അടുപ്പിൽവെച്ച് അതിലേക്ക് അമ്മ വിറകടുക്കികൊണ്ടിരിക്കെയാണ് കുട്ടന്റെ ഈ ചോദ്യം. ചോദിച്ചത് ചൂട്ടുമാത്രം വെച്ചാൽ 'ശൂ.... എന്നതങ്ങ് എരിഞ്ഞുതീരില്ലേ. അതിനാ വിറകുവെക്കുന്നത്.' ജിജ്ഞാസയോടെ കുട്ടൻ വീണ്ടും ചോദിച്ചു. 'എങ്കിൽ വിറകിൽ ആദ്യമേതന്നെ തീ പിടിപ്പിച്ചാൽ മതിയായിരുന്നല്ലോ.' 'ഈ മണ്ണെണ്ണ വിളക്കിന്റെ നാളത്തിൽ വിറകിൽ തീ പിടിപ്പിക്കുവാൻ പറ്റുമോടാ മണ്ടച്ചാരെ, അതുകൊണ്ടാണ് ചൂട്ടിൽ കത്തിച്ചിട്ട് അതിൽ നിന്നുവിറകിലേക്ക് തീ കയറ്റുന്നത്. വിറകിൽ പിടിക്കുന്ന തീ ഏറെ നേരം നീണ്ടു നിൽക്കുകയും ചെയ്യും.' അമ്മ പറഞ്ഞു. കുട്ടൻ വിറകിൻ കഷണങ്ങളിൽ നൃത്തം ചവിട്ടുന്ന ജ്വാലകളെ നോക്കി താൻ നേടിയ പുതിയ അറിവിൽ ആനന്ദിച്ചു.

നമ്മിൽ ആദ്ധ്യാത്മിക ജീവിതം ആളികത്തുന്നത് എന്തെങ്കിലും അനുഭവങ്ങളിൽ കൂടിയാണ്. അത്ഭുതങ്ങളും രോഗശാന്തിയുമെല്ലാം ചൂട്ടുപോലെയേ ഉള്ളു. ഭക്തിയുടെ പ്രാഥമിക ഭാവങ്ങളാണവ. ആ തീയിൽ ആദ്ധ്യാത്മികതയുടെ ഗൂഢഭാവങ്ങളാകുന്ന വിറകടുക്കിയില്ലെങ്കിൽ കുട്ടന്റെ അമ്മ പറഞ്ഞതുപോലെ 'ശൂ' എന്ന് ആ തിരി എരിഞ്ഞടങ്ങിപോകും. ദൈവവുമായുള്ള സമ്പർഗ്ഗം ഏറ്റവുമധികം ദൃഢമാക്കി തീർക്കുവാനായി നാം യത്നിക്കണം. ആ പ്രവൃത്തി തീയിൽ വിറകടുക്കുന്നതുമാതിരിയാണ്. അങ്ങനെ ലഭിക്കുന്ന ദൈവാനുഭവം നമ്മെ പുതിയ സൃഷ്ടികളാക്കി മാറ്റും. നമ്മുടെ ശോഭയും ഏറ്റവും ആകർഷകമായിരിക്കും.

www.malankaralibrary.com

## 74 വഴി തെറ്റിയാൽ....

ഒരു പ്രഭുകുമാരൻ ഒരു ഗ്രാമീണ കന്യകയെ വിവാഹം കഴിക്കുവാൻ നിശ്ചയിച്ചു. വിവാഹകാര്യങ്ങളെക്കുറിച്ച് സംസാരിക്കുവാനായി അവളെ കൂട്ടിക്കൊണ്ടുവരുവാൻ തന്റെ കാവൽക്കാരനെ കുതിരവണ്ടിയുമായി പറഞ്ഞയച്ചു. കാവൽക്കാരൻ യുവതിയുമായി മടങ്ങിവരുന്നവഴി അവളോട് തമാശകൾ പറയുകയും പൊട്ടിച്ചിരിക്കുകയും ചെയ്തു. അയാളുടെ വാക്കുകൾ അവളെ രസിപ്പിച്ചു. അയാളിൽ ആകർഷിതയായ അവൾ പ്രഭുവിനെ മറന്നു. കൊട്ടാരത്തിലേക്ക് വരുന്നതിനുപകരം അവരിരുവരും എവിടേക്കോ ഒളിച്ചോടിപ്പോയി. പിന്നീടുള്ള അവരുടെ ജീവിതം ദുരിതങ്ങൾ നിറഞ്ഞവയായിരുന്നു.

ആദ്ധ്യാത്മിക പിതാവ് ദൈവമാകുന്ന പ്രഭുവിന്റെ കാവൽക്കാരനാണ്. ദൈവത്തിന് വിവാഹ നിശ്ചയം ചെയ്യപ്പെട്ടിരിക്കുന്ന ആത്മാവാകുന്ന കന്യകയെ ദൈവസന്നിധിയിലേക്ക് കൊണ്ടു വരികയാണ് അദ്ദേഹത്തിന്റെ കടമ. അതിനിടെ തന്റെ ചാതുര്യം ഉപയോഗിച്ച് അതിനെ ദൈവത്തിൽ നിന്നകറ്റി തന്നിലേക്ക് തിരിച്ചാൽ ഇരുവരും അവരുടെ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി ലക്ഷ്യസ്ഥാനത്തിൽ എത്തിച്ചേരുകയില്ല. ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടുവാൻ ബുദ്ധിമുട്ടായിരിക്കും. അവരുടെ പിന്നീടുള്ള ജീവിതം ദുരിതപൂർണ്ണമായിരിക്കുകയും ചെയ്യും.

## 75 അനുവാദത്തോടെ ആപത്ത് അകത്ത്

ഒരു വിറകുവെട്ടുകാരൻ സ്ഥിരമായി കാട്ടിൽ പോയിട്ട് മടങ്ങിവരും വഴി വിശാലമായ ഒരു മാവിന്റെ തണലിൽ വിശ്രമിക്കുക പതിവായിരുന്നു. ഒരു ദിവസം അയാൾ ആ മരത്തോട് 'ഉന്നം പരിശീലിക്കുവാനും കൈക്കൊരു വ്യായാമത്തിനുമായി മഴുവെടുത്ത് ഞാൻ നിനക്ക് ദിവസവും ഓരോ വെട്ടുതരുന്നതിന് നിനക്ക് വിരോധമുണ്ടോ' എന്നു ചോദിച്ചു. ആ മനുഷ്യനോട് സഹതാപം തോന്നിയ മരം അയാളെ അതി

www.malankaralibrary.com

നനുവദിച്ചു. അയാൾ ഓരോ ദിവസവും മരത്തിന് ഓരോ വെട്ടുവീതം ആഞ്ഞു വെട്ടി. കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ഭാഗത്തെ തൊലിയും, തടിയും, കാതലിന്റെ നല്ലൊരു ഭാഗവും മുറിഞ്ഞു. എന്നിട്ടും മരം എതിർത്തില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മരം ഏതാണ്ട് പകുതിയോളം മുറിഞ്ഞിരുന്നു. അതിന്റെ ഒരു ഭാഗത്തെ കൊമ്പുകൾ വാടി ബലം ക്ഷയിച്ചു. മൊത്തത്തിലുള്ള കായ്കളുടെ എണ്ണത്തിലും ഗുണത്തിലും കുറവുണ്ടായി. അന്നു താൻ ചിന്തിക്കാതെ നൽകിയ അനുവാദത്തെ ഓർത്ത് വൃക്ഷം ദുഃഖിച്ചു. ഇനി ഇത് തുടരുന്നത് നല്ലതല്ലെന്ന് ബോധ്യമായ മാവ് വിറകുവെട്ടുകാരനെ വെട്ടുന്നതിൽ നിന്നും നിരോധിച്ചു. അന്നുമുതൽ അയാൾ മരത്തെ വെട്ടാതെയായി. സാവധാനത്തിൽ മരത്തിന്റെ മുറിവ് മാറിതുടങ്ങി. പുതിയതൊലി വന്നുമൂടുകയും മരം വീണ്ടും ആരോഗ്യം പ്രാപിക്കുകയും ചെയ്തു. വെട്ടേറ്റതിന്റെ ആദ്യത്തെ ദിവസം ആയിരുന്നെങ്കിൽ വളരെ വേഗത്തിൽ അത് സുഖം പ്രാപിക്കുമായിരുന്നു. ഓരോ ദിവസം കഴിയും തോറും നഷ്ടപ്പെട്ട ജീവനും ആരോഗ്യവും വീണ്ടെടുക്കുവാൻ പ്രയാസം കൂടിവരികയായിരുന്നു. പകുതി മുറിഞ്ഞപ്പോഴും മരം വിലക്കാതിരുന്നെങ്കിൽ, പിന്നെയും ദിവസങ്ങൾ പോകുന്തോറും ആരോഗ്യത്തിന് തിരികെ വരാനുള്ള സാധ്യത കുറവാകുമായിരുന്നു. വെട്ട് പുരോഗമനമാകുന്നതിനനുസരിച്ച് മരണത്തോട് അടുക്കുകയായിരുന്നു. മരം അശ്രദ്ധയോടെ കഴിഞ്ഞിരുന്നു എങ്കിൽ ഒരു ദിവസം അപ്രതീക്ഷിതമായിരിക്കുമ്പോൾ പെട്ടെന്ന് ഒടിഞ്ഞ് താഴെ വീഴുകയും ജീവൻ പൂർണ്ണമായി നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. പിന്നതിനെ ജീവനിലേക്ക് കൊണ്ടുവരിക അസാധ്യമായിരുന്നു.

ആദ്ധ്യാത്മിക ജീവിതത്തെ നശിപ്പിക്കുന്ന ശത്രുക്കൾ ചിലപ്പോൾ നമ്മുടെ അനുവാദത്തോടെ ഇപ്രകാരം ഉപദ്രവിക്കുവാൻ ശ്രമിക്കാറുണ്ട്. ഏറ്റവും നിസ്സാരമായ ഒരു ബുദ്ധിമുട്ടല്ലേ എന്നു കരുതി നാം സമ്മതം കൊടുത്തുപോകും. എന്നാൽ ഇപ്രകാരം പല പ്രാവശ്യം ആകുമ്പോൾ നാശത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയായിരിക്കും. വരുവാനിരിക്കുന്ന ആപത്തിന്റെ ഗൗരവം മനസ്സിലാക്കി ഉടനടി ശത്രുവിനെ വിലക്കുന്നില്ല എങ്കിൽ ഓരോ പടി കയറുന്തോറും തിരികെ വരാനുള്ള ബുദ്ധിമുട്ട് കൂടിവരും. ഒരിക്കൽ വീണുപോയാൽ എല്ലാം കഴിയും.

www.malankaralibrary.com

# 76 കുറുക്കനും കോഴിയും

ഒരിക്കൽ ഒരു കുറുക്കൻ ഒരു പൂവൻ കോഴിയെ സമീപിച്ചുകൊണ്ടു പറഞ്ഞു: 'അനുജാ നമുക്ക് സകലവിധ സംശയവും, വിദ്വേഷവും, ഭയവും വെടിഞ്ഞ് ആത്മസുഹൃത്തുക്കളായി ഇവിടെ കഴിയാം. നിന്റെ എല്ലാ ആവശ്യങ്ങളിലും സഹായത്തിന് ഞാനുണ്ടായിരിക്കും. അതു പോലെ എന്റെ എല്ലാ ആവശ്യങ്ങളിലും നീയുണ്ടായിരിക്കണം. പൂവൻ കോഴിക്ക് ഈ കരാർ സ്വീകാര്യമായി തോന്നി. അങ്ങനെ അവർ ഒരുമിച്ച് ഒരേ സ്ഥലത്ത് രമ്യതയിൽ കഴിഞ്ഞു.

ആദ്യദിവസങ്ങളിൽ കുറുക്കന് നല്ല ഇര കിട്ടിയിരുന്നു. തന്മൂലം അവൻ കരാർ അഭംഗമായി പാലിച്ചു. എന്നാൽ അവന് ഇര കിട്ടാതിരുന്ന നാളുകളിൽ അവൻ ആർത്തിയോടെ പൂവൻകോഴിയെ നോക്കിയതിന്റെ പൊരുൾ കോഴിക്ക് മനസ്സിലായിരുന്നു. ഒരു ദിവസം ഒന്നും കിട്ടാതെ വിശന്നു പൊരിഞ്ഞിരിക്കയാൽ കുറുക്കന്റെ സകല നിയന്ത്രണവും പോയി. അവന്റെ നാക്കിൽ നിന്നും വെള്ളം ഇറ്റിറ്റുവീണു. അത്യാർത്തിയോടെ അവൻ പൂവൻകോഴിക്കുനേരെ ചീറിപാഞ്ഞു വന്നു. തന്റെ കഥ ഇതോടെ അവസാനിച്ചു എന്ന് പൂവൻകോഴി നിശ്ചയിച്ചു. എങ്ങനെയും കുറുക്കൻ തന്നെ ശരിയാക്കുമെന്നു തോന്നിയ അവൻ കഴുത്തിലെ പപ്പ് സ്വയം പറിച്ച് കഴുത്തും നീട്ടി കുറുക്കന്റെ മുമ്പിലേക്ക് നീങ്ങിനിന്നു. ഓടി രക്ഷപ്പെടാതെ ഇപ്രകാരം ചെയ്യുന്നതെന്തെന്ന് കുറുക്കൻ അതിശയത്തോടെ ചോദിച്ചു. അതിന് കോഴി മൊഴിഞ്ഞു: 'നാം തമ്മിലുള്ള കരാർ ഞാൻ എപ്പോഴും ഓർക്കും, തന്റെ ആവശ്യത്തിൽ സഹായിക്കുക എന്നതല്ലേ എന്റെ കർത്തവ്യം. സ്വയം നിയന്ത്രണം നഷ്ടപ്പെട്ട താൻ തീർച്ചയായും എന്നെ കൊന്ന് ഭക്ഷിക്കുമെന്ന് എനിക്ക് ഉറപ്പായി. വിശന്നിരിക്കുന്ന തനിക്ക് ജോലി അത്രയും കുറവാകും എന്നു കരുതിയാണ് ഞാൻ തന്നെ പപ്പു പറിച്ചു തന്നത്.' കുറുക്കന് തന്റെ പ്രവൃത്തിയെപറ്റി ലജ്ജതോന്നി 'കരാറു കൊണ്ട് ഇവിടെ നിന്നാൽ ഞാൻ അവിവേകം കാട്ടിയെന്നിരിക്കും. കരാർ ഞാൻ അവസാനിപ്പിച്ചിരിക്കുന്നു. നീയോടി രക്ഷപ്പെടുക, ഞാൻ എന്റെ വഴിക്ക് പോവുകയാണ്' എന്നു പറഞ്ഞ് അവരിരുവരും രണ്ടു ദിക്കിലേക്ക് പിരിഞ്ഞുപോയി.

www.malankaralibrary.com

സ്വയം നിയന്ത്രണമില്ലാത്തവരും ആപത്തുവരുത്തുന്നവരുമായ ആൾക്കാരുമായുള്ള സമ്പർക്കവും കരാറും അവിവേകമാണ്. ആപത്ത് മണത്തറിയുമ്പോഴെങ്കിലും ഓടി രക്ഷപ്പെടണം.

## ഉറക്കത്തിലും ഉറങ്ങാതെ 77

1989 ആഗസ്റ്റ് ആറാം തീയതി രാത്രിയിൽ മംഗലാപുരത്തേക്കു പോകുന്ന വെസ്റ്റ്കോസ്റ്റ് എക്സ്പ്രസ്സിൽ കയറുന്നതിനായി കോഴിക്കോട് റയിൽവേ സ്റ്റേഷന്റെ വെയിറ്റിംഗ് റൂമിൽ ഞാൻ ഇരിപ്പുറപ്പിച്ചു. വണ്ടി വരുവാൻ ഇനിയും ഒരു മണിക്കൂർകൂടി ഉണ്ടായിരുന്നതിനാൽ ഇരുന്നവരെല്ലാം മയങ്ങിതുടങ്ങി. എന്റെ അടുത്ത് അപ്പനും, അമ്മയും, മൂന്ന് മക്കളും അടങ്ങുന്ന ഒരു കുടുംബം ഇരുപ്പുണ്ടായിരുന്നു. അമ്മ ഉറങ്ങുകയായിരുന്നു. ഇളയ മകൻ, ഉദ്ദേശം മൂന്നു വയസ്സ് പ്രായമുള്ള ഒരാൺകുട്ടി അവിടെയെല്ലാം ഓടിനടന്ന് ചിരിച്ചും കളിച്ചും മറ്റുള്ളവരെ രസിപ്പിച്ചുകൊണ്ടും ഇരിക്കുകയായിരുന്നു. ഇതൊന്നും അറിയാതെ അവന്റെ അമ്മ നല്ല ഉറക്കവും. കുട്ടി ഇടക്കിടെ അമ്മയുടെ മടിയിൽ കയറി അമ്മയെ ചവിട്ടുന്നുണ്ടായിരുന്നു. എന്നിട്ടും അമ്മ ഉണരുന്നില്ല. ആ ശിശു കസേരയിൽ ചാടിക്കയറി കളിക്കവേ കാലുവഴുതി താഴെ വീഴുകയും അവൻ ഉറക്കെ നിലവിളിക്കുകയും ചെയ്തു. പെട്ടെന്ന് അമ്മ ഞെട്ടി ഉണർന്ന് എഴുന്നേറ്റ് കുഞ്ഞിനെ മടിയിൽ വെച്ച് തലോടി. വലിയ ഒരു ചിന്ത ഉടനടി എന്റെ മനസ്സിൽ കയറിവന്നു.

മനുഷ്യൻ ചിരിച്ചുകളിച്ചു രസിക്കുമ്പോഴൊക്കെ ദൈവം അവന്റെ അടുത്തുണ്ടാകും. എങ്കിലും ഉറങ്ങിയപോലെ ഇരിക്കുകയാകും. അവിടുത്തെ അവൻ ചവിട്ടി വേദനിപ്പിച്ചാലും ദൈവം മൗനമായിരിക്കും. എന്നാൽ അവന് വേദനിച്ചിട്ട് കരയുന്ന നിമിഷം പെട്ടെന്ന് ഉണർന്ന് ദൈവം അവനെ മടിയിൽ വെച്ച് ആശ്വസിപ്പിക്കുന്നു.

## റോക്കറ്റ് 78

ഒരു റോക്കറ്റ് ഭൂമിയിൽ നിന്നും ആകാശത്തേക്ക് കുതിക്കുമ്പോൾ ആദ്യഘട്ടത്തിൽ ഭൂമിയുടെ ആകർഷണ ശക്തിക്കെതിരെ വലിയ ശക്തി

www.malankaralibrary.com

യോടെ നീങ്ങണം. ഉയരുംതോറും പ്രതിബന്ധം കുറഞ്ഞുകുറഞ്ഞു വരും. ഭൂമിയുടെയും ചന്ദ്രന്റെയും മദ്ധ്യദൂരത്തെത്തുമ്പോൾ അത് നിഷ് പക്ഷമായി നിൽക്കുന്നു. കുറഞ്ഞ ശക്തിയാൽ അത് ചന്ദ്രനിലേക്ക് പായുന്നു. ചന്ദ്രനോട് അടുക്കുമ്പോഴാകട്ടെ ഒരു ശക്തിയും കൂടാതെ, ചന്ദ്രന്റെ ആകർഷണത്താൽ അവിടേക്ക് ചെല്ലുന്നു.

ലൗകികതലത്തിൽ നിന്നും ദൈവസന്നിധിയിലേക്ക് ഉയരുവാൻ തുടങ്ങുന്ന ആത്മാവിന് ആദ്യഘട്ടത്തിൽ ലൗകികാകർഷണത്തിനെ തിരെ പൊരുതി ഉയരുവാൻ വൻ ശക്തി പ്രയോഗിക്കേണ്ടിവരും. അത് ഉയരുംതോറും പ്രതിബന്ധം കുറഞ്ഞു യാത്ര എളുപ്പവുമായും തീരുന്നു. ദൈവവുമായി വളരെ അടുത്തുകഴിയുമ്പോൾ തിന്മയുടെ വലയം തീരെ യില്ലാതെ നന്മയുടെ വലയത്തിലാകുകയും അതിനെ ദൈവം തന്നി ലേക്ക് ആർഷിക്കുകയും ചെയ്യുന്നു.

## 79 സ്വർണ്ണക്കൊതിയൻ

സ്വർണ്ണത്തോട് ആർത്തിയുള്ള ഒരു ധനവാനുണ്ടായിരുന്നു. തന്റെ കാറിൽ യാത്ര ചെയ്യവേ ഒരു സന്ധ്യയ്ക്ക്, അയാൾക്കൊരു വാർത്ത ലഭിച്ചു. അടുത്ത് ഒരു ഗ്രാമത്തിൽ ഇരുമ്പ് പൊന്നാക്കുന്ന ഒരു മാന്ത്രി കൻ എത്തിയിരിക്കുന്നു! ധനവാൻ ഉടനടി അടുത്തുള്ള ഇരുമ്പുകടതേടി നടന്നു. കടയടച്ചിരുന്നതിനാൽ കാറുമായി അദ്ദേഹം അകലേക്കു പോയി. എന്നാൽ എല്ലായിടത്തും കടകൾ അടച്ചിരുന്നു. മാന്ത്രികൻ പോകുംമുമ്പേ ഇരുമ്പുമായി ചെല്ലാനുള്ള വ്യഗ്രത അയാൾക്ക് കൂടി. വളരെദൂരം സഞ്ചരിച്ചിട്ടും ഇരുമ്പു കിട്ടിയില്ല. അവസാനം ഒരു പെട്ടിക്കട യിൽ നിന്നും കുറച്ചു മൊട്ടുസൂചികൾ മാത്രം കിട്ടി. അവയുമായി ധനി കൻ മാന്ത്രികന്റെ അടുത്തെത്തി. അത്ഭുതം! ഇരുമ്പു സൂചികളെല്ലാം സ്വർണ്ണമായിരിക്കുന്നു. ആ പൊൻമൊട്ടുസൂചികളുമായി വീട്ടിൽ എത്തിയ ധനവാൻ നടന്നതെല്ലാം ഭാര്യയെ അറിയിച്ചു. ഒരു പരിഹാസ ത്തോടെ ഭാര്യ കുറ്റപ്പെടുത്തിയപ്പോഴാണ് ധനികന് തനിക്ക് പറ്റിയ അമളി മനസ്സിലായത്. ഇരുമ്പായിരുന്ന കാറുമായി താൻ നാടുമുഴുവൻ ഇരുമ്പിനുവേണ്ടി ഓടി. ആ കാറുമായി നേരെ മാന്ത്രികന്റെ അടുക്കൽ ചെന്നിട്ട് സ്വർണ്ണമാക്കുവാൻ പറഞ്ഞിരുന്നെങ്കിൽ അയാൾക്ക് ഒരു

www.malankaralibrary.com

സ്വർണ്ണക്കാറ് ലഭിക്കുമായിരുന്നു. എന്നാൽ അയാൾ വിവേകത്തോടു കൂടി പ്രവർത്തിച്ചില്ല.

നമുക്ക് ഇന്ന് നൽകപ്പെട്ടിരിക്കുന്ന നല്ല അവസരങ്ങൾ മറന്നിട്ട് വേറെ അവസരങ്ങൾ തേടി നടന്നിട്ടും ഇല്ലാത്തവയെക്കുറിച്ച് ഖേദിച്ചിട്ടും കാര്യമില്ല. ഉള്ളവ എന്തൊക്കെയാണെന്ന് മനസ്സിലാക്കിയിട്ട് അവയെ അങ്ങേയറ്റം പ്രയോജനപ്പെടുത്തണം.

## വീഴ്ച്ചയിൽനിന്നും പാഠങ്ങൾ 80

ഒരു മനുഷ്യവ്യക്തി ബാല്യത്തിലേ നടന്നു തുടങ്ങുന്നു. ആദ്യമേ മെത്തയിൽ പിടിച്ചു നടക്കുന്നു. ആ നടത്തയിൽ പല പ്രാവശ്യം വീഴുന്നു. എല്ലാം ചെറിയ വീഴ്ചകൾ. പിന്നീടവൻ സിമന്റുതറയിലൂടെ പിച്ചപിച്ച നടക്കുന്നു. വീഴ്ചയുടെ എണ്ണം കുറയുമെങ്കിലും കൂടുതൽ നൊമ്പരമുള്ളവയാണ് ഈ വീഴ്ചകൾ. ഒന്നുകൂടി നടക്കാറാകുമ്പോൾ അവൻ മുറ്റത്തുകുടി നടക്കും. വീഴ്ച പിന്നെയും കുറയും. പക്ഷേ കല്ലിൽ തട്ടുന്നതിനാൽ കൂടുതൽ വേദനിക്കും. പറമ്പിലൂടെ നടക്കാറാകുമ്പോൾ വീഴ്ചയുടെ എണ്ണം വീണ്ടും കുറയും, പക്ഷേ ആപത്ത് കൂടും. പൂർണ്ണ വളർച്ചയെത്തിക്കഴിയുമ്പോൾ തീരെ ചുരുക്കമായേ വീഴാറുള്ളു. എന്നാൽ ആ ഓരോ വീഴ്ചയും വലിയ ആപത്തും വേദനയും ഉളവാക്കുന്നവയായിരിക്കും.

ആത്മീയ ജീവിതത്തിന്റെ ശൈശവത്തിൽ വീഴ്ചകളുടെ എണ്ണവും കൂടും. പക്ഷേ അത്ര വലിയ വേദന ഉളവാക്കുകയില്ലായിരിക്കാം. പടിപടിയായി ഉയരുംതോറും വീഴ്ചകളുടെ എണ്ണം കുറയും. എന്നാൽ വേദനകൂടും. നല്ല പക്വതയിൽ എത്തിയാൽ പിന്നെ തീരെ കുറച്ചു പ്രാവശ്യം മാത്രമേ വീഴൂ. എന്നാൽ വലിയ വേദന ഉളവാകും. ആയതിനാൽ വീഴാതിരിക്കുവാൻ ശ്രദ്ധിക്കണം. അഥവാ വീണുപോയാൽ വീണതിനു ശിക്ഷയായി ആരും കാലു മുറിച്ചു കളയാറില്ല. പകരം കുടുതൽ എളിമയോടും സൂക്ഷ്മതയോടുംകൂടി നടക്കാറുള്ളതുപോലെ, ആത്മീയജീവിതത്തിൽ ശ്രദ്ധയില്ലാതെ ഒന്നുവീണുപോയാൽ എളിമയോടും സൂക്ഷ്മതയോടുംകൂടി ഇനി വീഴാതിരിക്കുവാൻ ശ്രദ്ധിക്കുക.

www.malankaralibrary.com

## 81 വിധിക്കാൻ വരട്ടെ....

മനോഹരമായ പരവതാനി വിരിച്ചിട്ടിരുന്ന ഒരു ഹോളിനുള്ളിലായിരുന്നു വിശിഷ്ടാതിഥികളായ ഞങ്ങളുടെ സമ്മേളനം. ജനം നിറഞ്ഞു. ഹോളിനുള്ളിൽ എന്തോ ദുർഗന്ധം. 'ആരുടെയൊ ചെരിപ്പിനടിയിൽ ദുർഗന്ധവസ്തു പറ്റിയിരിപ്പുണ്ട്. ആരാണ് ഇത്ര ശ്രദ്ധയില്ലാതെ വഴിയേ നടന്നുവന്ന് ഈ മനോഹരമായ ഹോൾ വൃത്തികേടാക്കിയത്?' ഞങ്ങൾ ഏതാനും പേർ ആ വ്യക്തിയെ പഴിച്ചു, നിന്ദിച്ചു. അവൻ ആരു തന്നെയായാലും ഹോളിനുള്ളിൽ നിന്നും ഇറക്കിവിടണമെന്നായി ഞാൻ. കാഴ്ചയിൽ വികൃതനായ ഒരു സാധു മനുഷ്യൻ പറഞ്ഞു. 'അതെങ്ങനെ ഇറക്കിവിടാൻ സാധിക്കും? പാവം ആ മനുഷ്യന് ചിലപ്പോൾ കണ്ണിന് തകരാറുണ്ടായിരിക്കണം. അയാളോട് അല്പം ദയ കാട്ടിക്കൂടേ? 'ഹോ! ഇയാളുതന്നെയായിരിക്കും കുറ്റവാളി; അതല്ലേ ഇത്ര വീറോടെ വാദിക്കുന്നത് എന്നായി ഞാൻ. കുറ്റക്കാരൻ ആരാണെന്ന തർക്കമായി ഹോളിലെങ്ങും. ബുദ്ധിമാനായ ഒരു മനുഷ്യൻ ഇടപെട്ടു പറഞ്ഞു: 'ആളെ അറിയുവാൻ ഇത്ര ബുദ്ധിമുട്ടൊന്നും ഇല്ലല്ലോ. ചെരുപ്പിന്റെ അടിഭാഗം ഓരോരുത്തരും പരിശോധിച്ചാൽ പോരേ?' ശരിയെന്നായി എല്ലാവരും. ഓരോരുത്തരും ചെരിപ്പുകൾ പരിശോധിച്ചു. ഞങ്ങൾ കുറ്റമാരോപിച്ച പാവം വികൃത മനുഷ്യന് ചെരിപ്പേ ഇല്ലായിരുന്നു. ഓരോരുത്തരുടെയും ഊഴം കഴിഞ്ഞു. എന്റെ ചെരിപ്പ് പരിശോധിച്ചപ്പോൾ, അതാ അതിനിടയിൽ ദുർഗന്ധവസ്തു!

നമ്മുടെ സ്വന്തം കുറ്റംമൂലം കുഴപ്പമുണ്ടാക്കിയിട്ട്, അതിന്റെ കാരണക്കാർ നാമായിരിക്കുമോ എന്ന് ചിന്തിക്കുവാൻപോലും കൂട്ടാക്കാതെ മറ്റുള്ളവരിലേക്ക് കുറ്റമാരോപിക്കുവാനുള്ള പ്രവണതയാണ് നമ്മിൽ പലർക്കും. ശരിയായി ആത്മപരിശോധന നടത്തിനോക്കിയാൽ നമ്മുടെ കുറ്റം നാം കണ്ടുപിടിക്കും.

## 82 ഹൃദയമാകുന്ന പേടകം

നമ്മുടെ ഹൃദയം നോഹയുടെ പെട്ടകമായിരിക്കരുത്, (Gen: 7:8-9) മറിച്ച് വാഗ്ദാന പേടകമായിരിക്കണം.

www.malankaralibrary.com

ശുദ്ധവും അശുദ്ധവുമായ നാനാവിധ മൃഗങ്ങളും വസ്തുക്കളും കൊണ്ടുനിറഞ്ഞ നോഹയുടെ പെട്ടകംപോലെ ഗുണകരവും ദോഷകരവുമായ സകല ചിന്തകളുംകൊണ്ട് നിറഞ്ഞവയായിരിക്കരുത് നമ്മുടെ ഹൃദയങ്ങൾ. പിന്നെയോ, നിയമപ്പേടകം, അഹറോന്റെ വടി, മന്നാച്ചെപ്പ് മുതലായ തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ട ചിന്തകൾകൊണ്ട് അവയെ നിറച്ചിരിക്കണം.

## ഉറക്കം വരുന്നു, പുലരട്ടെ 83

വെടിക്കാരൻ കുഞ്ഞപ്പനും അനുജൻ ചാക്കോയുംകൂടെ കൃഷി നശിപ്പിച്ചുകൊണ്ടിരുന്ന ഒറ്റയാൻ പന്നിയെ വെടിവയ്ക്കുവാൻ തോക്കുമായി ഏറുമാടത്തിൽ കയറി ഇരിപ്പുറപ്പിച്ചു. അനേകദിവസം ഉറക്കിളച്ചു കാത്തിരുന്നിട്ടും പന്നി വരാതിരുന്നപ്പോൾ അവർ മെല്ലെ ഇരുന്നുറങ്ങുക പതിവാക്കി.

ഒരു വെളുപ്പിന് മൂന്നുമണിക്ക് ഏതോ ഒരു ശബ്ദം കേട്ട് ഉണർന്ന ചാക്കോ താഴേക്കു നോക്കിയപ്പോൾ, അതാ തങ്ങൾ ലക്ഷ്യം വച്ചിരുന്ന ഒറ്റയാൻ പന്നി.

'ചേട്ടാ, തോക്കെടുക്ക്, ദേ പന്നി, എന്നവൻ കുഞ്ഞപ്പന്റെ ചെവിയിൽ മന്ത്രിച്ചു. കുഞ്ഞപ്പൻ നല്ല ഉറക്കത്തിലായിരുന്നു. 'ഉറക്കം വരുന്നെടാ എനിക്ക്. രാവിലെ ആറുമണിക്ക് പന്നിയെ വെടിവയ്ക്കാം.' എന്നുംപറഞ്ഞ് അവൻ തിരിഞ്ഞുകിടന്നുറങ്ങി. രണ്ടുമൂന്നു മിനിറ്റു കഴിഞ്ഞിട്ടും യാതൊന്നും സംഭവിച്ചില്ല. പന്നി സ്ഥലംവിട്ടു.

സുവർണ്ണാവസരം കൈയിൽ വരുമ്പോൾ കുറെ ത്യാഗം സഹിക്കേണ്ടിവന്നാലും ഉടനെ അത് പ്രയോജനപ്പെടുത്തണം. നമ്മുടെ സൗകര്യത്തിനനുസരിച്ച് അവസരങ്ങൾ നീങ്ങിനിൽക്കുകയോ വീണ്ടും വന്നുചേരുകയോ ചെയ്യണമെന്നില്ല.

## കർഷകനും തെങ്ങും 84

ഒരു തെങ്ങിൻ തൈ നട്ടിട്ട് ആരംഭത്തിൽ കർഷകൻ വളരെയേറെ അദ്ധ്വാനിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്നു. ക്രിമികീട

www.malankaralibrary.com

ങ്ങളിൽ നിന്നും, കന്നുകാലികളിൽ നിന്നും, പൊങ്ങെടുത്ത് തിന്നുവാൻ നടക്കുന്ന കുസൃതി പയ്യൻമാരിൽ നിന്നും വെയിലിൽ നിന്നും എല്ലാം അതിനെ സംരക്ഷിക്കണം. വളവും വെള്ളവും സമയാസമയത്ത് നൽകണം, കളപറിക്കണം, കേടു വന്നാൽ മരുന്നു തളിക്കണം.

ഓരോ ദിവസം കഴിയുന്തോറും തൈ വളരുന്നതിനനുസരിച്ച് കർഷകന്റെ അദ്ധ്വാനം കുറഞ്ഞുകുറഞ്ഞു വരുന്നു. കുറേ വർഷങ്ങളാകുമ്പോൾ ഓല മൂത്ത്, ചുവട് വിരിഞ്ഞ് തൈ മരമാകുന്നു. ഇതുവരെ അങ്ങോട്ടു സ്വീകരിച്ചുകൊണ്ടിരുന്ന തൈ കർഷകന് തിരികെ നൽകിത്തുടങ്ങുന്നു. കരിക്കും, തേങ്ങായും, മടലും. ചൂട്ടും, തൊണ്ടും, ചകിരിയും, ചിരട്ടയും, ഈർക്കിലും, വിറകും എല്ലാം എല്ലാം അത് കൊടുക്കുന്നു. ഇതുവരെ കന്നുകാലികളെ മരത്തിന് ഭയമായിരുന്നുവെങ്കിൽ, അതേ കന്നുകാലികളെ ഇപ്പോൾ തെങ്ങിന്റെ തടിയിൽ കെട്ടുന്നു. യജമാനനു മാത്രമല്ല, സകല വഴിപോക്കർക്കും അത് തണലും മനസ്സിന് കുളിർമ്മയും പ്രദാനം ചെയ്യുന്നു.

ആദ്ധ്യാത്മിക ജീവിതത്തിന്റെ ആരംഭത്തിൽ നാം വളരെ ത്യാഗങ്ങൾ സഹിച്ച് അങ്ങോട്ട് നൽകിക്കൊണ്ടിരിക്കണം. ഓരോ ദിവസം കഴിയുന്തോറും വളർച്ച പ്രാപിക്കുന്നതിനനുസരിച്ച് അദ്ധ്വാനവും ത്യാഗവും കുറയുകയും ഇങ്ങോട്ട് തിരികെ ലഭിക്കുകയും ചെയ്യുന്നു. ഏറ്റവും പക്വമായ അവസ്ഥയിൽ (Mystical Stage) നിസ്സാര അദ്ധ്വാനം കൊണ്ട് വളരെ സമൃദ്ധമായ ഫലം നമുക്ക് ലഭിക്കുന്നു. സാധാരണ ആപത്തുകളൊന്നും ആദ്ധ്യാത്മിക ജീവിതത്തിന് തടസ്സമായി വരുന്നില്ലെന്നു മാത്രമല്ല, ആ സാഹചര്യങ്ങളെ പരിവർത്തനം ചെയ്യുവാനും നാം പര്യാപ്തരായിത്തീരുന്നു.

## 85 പക്വതയിൽ പരിജ്ഞാനം

നാലഞ്ചുവയസ്സുവരെ കുട്ടികൾക്ക് ലജ്ജ എന്ന ചിന്ത വളരെ കുറവായതിനാൽ വസ്ത്രധാരണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധം ഇല്ലെന്നുതന്നെ പറയാം. മുതിർന്നവർ നിർബന്ധിച്ചും വഴക്കു പറഞ്ഞുമാണ് പലപ്പോഴും കുട്ടികളെക്കൊണ്ട് വസ്ത്രം ധരിപ്പിക്കുന്നത്. ആന്തരികമായ പ്രേരണയില്ലാത്തതിനാലാണ് വസ്ത്രധാരണം ആവശ്യ

www.malankaralibrary.com

മാണെന്ന് തോന്നാത്തതും മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി മാത്രം വസ്ത്രം ധരിക്കുന്നതും.

പ്രായമാകുന്നതോടെ സ്ഥിതി മാറുകയാണ്. ലജ്ജ എന്ന വികാരം അവരിൽ കൂടിവരികയും, ആരും നിർബന്ധിക്കാതെ വസ്ത്രം ധരിക്കുന്നുവെന്ന് മാത്രമല്ല, ധരിക്കരുതെന്നു പറഞ്ഞാൽ അവരെ അപമാനിക്കുന്നതായി കരുതി എതിർക്കുകയും ചെയ്യുന്നു. ചികിത്സാർത്ഥംപോലും വസ്ത്രം മാറ്റുന്നത് വലിയ വൈമനസ്യത്തോടെയായിരിക്കും.

പ്രാർത്ഥനയുടെയും തപശ്ചര്യകളുടെയും ആവശ്യകത ആത്മീയ ജീവിതത്തിന്റെ ശൈശവത്തിൽ തീരെ മനസ്സിലാക്കുകയില്ല. ആന്തരിക പ്രേരണയെന്നതിനെക്കാളുപരി മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങിയായിരിക്കും ഈ ക്രിയകൾ ആരംഭത്തിൽ അനുഷ്ഠിക്കുക. എന്നാൽ പക്വതവരുന്നതോടെ അവ മറ്റുള്ളവരുടെ നിർബന്ധം കൂടാതെ ആന്തരിക പ്രേരണയാൽ അനുഷ്ഠിക്കുന്നു. ഏതെങ്കിലുമൊരവസരത്തിൽ അവ മുടക്കേണ്ടി വരുമ്പോൾ യഥാർത്ഥത്തിൽ വിഷമിക്കുകയും അതിന്റെ നഷ്ടത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു.

## മനസ്സായാൽ മാത്രം മതി 86

ഒരു തച്ചൻ വീട്ടിൽനിന്നും കുറെയകലെയുള്ള ഒരു പട്ടണത്തിൽ ജോലി ചെയ്യുകയായിരുന്നു. മാസത്തിലൊരിക്കലേ അയാൾ വീട്ടിൽ വന്നിരുന്നുള്ളു. ആ വരവിൽ ഒരു മാസം കിട്ടിയ വരുമാനം മുഴുവൻ അയാൾ ഭാര്യയെ ഏൽപ്പിക്കുമായിരുന്നു. ആ കുടുംബത്തിൽ സന്തോഷവും സംതൃപ്തിയും നടമാടിയിരുന്നു.

വീട്ടിലേക്കു നടന്നു വരുന്ന വഴിക്കുള്ള ചാരായ ഷാപ്പിലേക്ക് തച്ചന്റെ കണ്ണുകൾ പതിയുകയും അയാൾ അവിടെ കയറി മദ്യപിക്കുവാനും തുടങ്ങി. ക്രമേണ അയാൾ ഒരു മദ്യപാനിയായിത്തീരുകയും കിട്ടിയ പണമെല്ലാം കുടിച്ച് നശിപ്പിക്കുകമൂലം വീട്ടിലേക്കു വരുമ്പോൾ സമ്പാദ്യമൊന്നും കൈയിലുണ്ടായിരുന്നില്ല. തന്റെ ഈ പരിതാപകരമായ അവസ്ഥയെക്കുറിച്ച് മനസ്തപിക്കുകയും മേലിൽ മദ്യപിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തിരുന്നു. ഈ ദൃഢനിശ്ചയവുമായി

www.malankaralibrary.com

ചിലപ്പോൾ ഒരാഴ്ചവരെയും ചിലപ്പോൾ രണ്ടാഴ്ചവരെയും വേറെ ചില പ്പോൾ മൂന്നാഴ്ചവരെയും പിടിച്ചു നിൽക്കുമായിരുന്നു. എന്നാൽ പ്രലോ ഭനത്തിന് കീഴ്പ്പെടുമ്പോൾ, എത്രനാൾ ആത്മസംയമനം പാലിച്ച് പണം സൂക്ഷിച്ചു വച്ചുവോ ആ പണത്തിനു മൊത്തം കുടിക്കുകയായി രുന്നു ഫലം. ഇങ്ങനെ തീരുമാനങ്ങൾ എടുത്തും അവ ലംഘിച്ചും കുറെ നാൾ കഴിഞ്ഞു. ഒരു നാൾ അയാൾ ഒരു ശപഥം ചെയ്തു. എന്തുതന്നെ വന്നാലും താനിനി മദ്യപിക്കുകയില്ലെന്ന്. പതിവുപോലെ ഒന്നുരണ്ടാഴ്ച കൾ പിടിച്ചു നിന്നു. മദ്യപിക്കുവാനുള്ള ആസക്തി വർദ്ധിച്ചു. എന്നാൽ പിടിച്ചു നിന്നു. പല മാനസിക അസ്വസ്ഥതകൾ നേരിട്ടിട്ടും അയാൾ വകവച്ചില്ല. തല കറങ്ങുന്നതുപോലെയും ദേഹം വിയർക്കുന്നതു പോലെയുമൊക്കെ അനുഭവപ്പെട്ടെങ്കിലും അയാൾ തന്റെ ഉറച്ച തീരു മാനത്തിൽ നിന്നും പിന്മാറിയില്ല. അയാൾ സാവധാനം തന്നെത്തന്നെ കീഴടക്കുകയായിരുന്നു. അതിലയാൾ വിജയിച്ചു. മാസങ്ങൾ പലതു കഴിഞ്ഞു. മദ്യപിക്കണമെന്ന ചിന്തയേ അയാൾക്കുണ്ടായില്ല.

ഒരു ദുശ്ശീലത്തിൽ വീണു കഴിഞ്ഞാൽ അതിൽ നിന്നും രക്ഷപ്പെട ണമെങ്കിൽ വലിയ പ്രയാസമാണ്. എന്നാൽ ഉറച്ച മനസ്സാണെങ്കിൽ എത്ര വലിയ ദുശ്ശീലത്തെയും കീഴ്പ്പെടുത്തുവാൻ സാധിക്കും. മനസ്സാ യാൽ മാത്രം മതി.

## 87 ചിന്തയുടെ ചാച്ചിൽ

ഒരു യുവതി സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുവാനായി ഒരു ഗ്രാമത്തിലെത്തി. വീടുവീടാന്തോറും കയറിയിറങ്ങി ആ ഗ്രാമനിവാസി കളോരോരുത്തരുടെയും ക്ഷേമത്തിൽ അവൾ ശ്രദ്ധിച്ചു. ആ നാട്ടുകാർ അവളെ അത്യധികം സ്നേഹിച്ചു. അവിടുത്തെ ഒരു ധനിക യുവാവിന് അവളോട് മതിപ്പുതോന്നിയിട്ട് പല സഹായങ്ങളും ചെയ്തു കൊടുത്തു. ഈ താല്പര്യം സാവധാനം സ്നേഹമായി വളരുകയും പിന്നീടവർ വിവാഹിതരാകുകയും ചെയ്തു.

വിവാഹം കഴിഞ്ഞ് കുറെ നാളത്തേക്ക് സാമൂഹ്യപ്രവർത്തന രംഗത്ത് അധികമൊന്നും ശ്രദ്ധിക്കുവാൻ അവൾക്ക് സാധി ച്ചില്ല. എന്നാൽ കുറെ കാലത്തിനുശേഷം വീണ്ടും അവൾ പഴയ

www.malankaralibrary.com

രീതിയിൽ സാധുക്കളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുവാൻ തുടങ്ങി. തന്നെ ശുശ്രൂഷിക്കുന്നതിനു പകരം നാട്ടുകാരെ മുഴുവൻ ശുശ്രൂഷിക്കുവാനുള്ള ഭാര്യയുടെ ഈ അഭിനിവേശം ഭർത്താവിന് തീരെ രസിച്ചില്ല. അയാൾ എത്ര വിലക്കിയിട്ടും അവളെ ആ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ അയാൾക്ക് സാധിച്ചില്ല. അത് ആശയ ഭിന്നതയിലും വാക്കുതർക്കത്തിലും പിന്നീട് വഴക്കിലും ഒടുവിൽ വിവാഹ മോചനത്തിലും അവരെ എത്തിച്ചു. സ്വതന്ത്രയായ അവൾ വീണ്ടും മുഴുസമയവും സാമൂഹ്യ പ്രവർത്തനങ്ങളിലേർപ്പെട്ടു.

ഒന്നിലേക്ക് ചാഞ്ഞിരിക്കുന്ന മനസ്സിന് കുറെ നാളത്തെ ഇടവേള മൂലം തടസ്സം നേരിട്ടാലും പിന്നെയും അത് പഴയ ഭാഗത്തേക്കുതന്നെ ചാഞ്ഞുകൊണ്ടിരിക്കും.

## ഉയരം കൂടുന്തോറും 88

പൂന്തോട്ടത്തിൽ നടക്കവേ വാസുവേട്ടൻ ഒന്നുവീണു. അപകടം ഒന്നും പറ്റിയില്ല. കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിലെ പാരപ്പറ്റിൽ പണി നടക്കവേ വെള്ളമൊഴിക്കുവാനായി കയറിയതാണ് അനിൽ. മുകളിൽനിന്നും താഴെവീണ് അവന്റെ കയ്യൊടിഞ്ഞു. ആശുപത്രിയിൽ ഒരാഴ്ചയോളം കിടക്കേണ്ടിവന്നു. ഗൾഫിൽ ജോലിചെയ്യുന്ന സജി കേടായ ലിഫ്റ്റിന്റെ റിപ്പയറിംഗിനായി കയറിയതാണ്. പണിക്കിടയിൽ രണ്ടാമത്തെ നിലയിൽനിന്നും അവൻ വീണു. അരയ്ക്ക് കീഴ്ഭാഗം തളർന്നുപോയി. ആക്രമിക്കുവാൻ വന്ന കൊള്ളക്കാരിൽ നിന്നും രക്ഷപ്പെടുവാനായി ഓടിയ ജയൻ ആറാമത്തെ നിലയിൽനിന്നും വീണു. സംഭവസ്ഥലത്തുതന്നെ കിടന്ന് അവൻ മരിച്ചു. എല്ലാം വീഴ്ചയാണെങ്കിലും വീഴ്ചയുടെ ഫലങ്ങൾ ഉയരത്തിനു ആനുപാതികമായി ഗുരുതരമാകുന്നത് ശ്രദ്ധിച്ചില്ലേ.

ആദ്ധ്യാത്മികമായി ഉയരുന്തോറും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉയർന്ന പടവുകളെത്തിയതിനു ശേഷം വീണാൽ പുണ്യജീവിതം മുഴുവൻ തകർന്നുപോകും.

www.malankaralibrary.com

## 89 നിസ്വാർത്ഥത

വേനലിന്റെ കാഠിന്യമേറുകയാണ്. വനത്തിൽ മുഴുവൻ തിരഞ്ഞിട്ടും ഒരു തുള്ളി വെള്ളംപോലും കിട്ടാനില്ലാത്തതിനാൽ പക്ഷിമൃഗാദികൾ ദുഃഖിതരായി. വെള്ളമന്വേഷിച്ചുപോയ ഒരു കുറുക്കച്ചൻ വനത്തിന്റെ നടുവിലുള്ള കുളത്തിൽ വെള്ളമുണ്ടെന്ന് കണ്ടറിഞ്ഞിട്ട് മൃഗരാജാവിനെ ആ വാർത്ത അറിയിച്ചു. മൃഗരാജാവ് ഉടൻതന്നെ കുളം സന്ദർശിച്ചതിനുശേഷം മൃഗങ്ങൾക്കായി ഒരു വിളംബരം പുറപ്പെടുവിച്ചു. "മൃഗങ്ങൾ കുളത്തിലെ വെള്ളം കുടിക്കുവാൻ മാത്രമേ ഉപയോഗിക്കാവൂ. ആരുംതന്നെ കുളിക്കുവാൻ കുളത്തിലെ വെള്ളം ഉപയോഗിച്ചുകൂടാ." രാജാവ് കല്പന പുറപ്പെടുവിച്ചെങ്കിലും സാമൂഹ്യദ്രോഹികളായ ചില മൃഗങ്ങൾ കല്പനയെ ധിക്കരിച്ചുകൊണ്ട് കുളത്തിലെ വെള്ളം കുളിക്കുവാൻകൂടി ഉപയോഗിച്ചതിനാൽ വെള്ളത്തിന്റെ അളവ് വളരെ അധികം കുറഞ്ഞു. കുറെക്കഴിഞ്ഞപ്പോൾ വെള്ളം മുഴുവൻ വറ്റിപ്പോകുമോ എന്ന് മൃഗങ്ങൾക്കു സംശയമായി. എത്രമാത്രം വെള്ളം കുളത്തിലുണ്ടെന്നറിയണം. ആരെങ്കിലും വെള്ളത്തിലേക്കിറങ്ങിയെങ്കിലെ അതറിയുവാൻ കഴിയുകയുള്ളൂ. മൃഗങ്ങളെ ആർക്കും വിശ്വാസമില്ല. വെള്ളത്തിലിറങ്ങിയിട്ട് മുഴുവൻ വെള്ളവും കുടിച്ചു വറ്റിച്ചാൽ എല്ലാവരും ദാഹിച്ചു മരിയ്ക്കേണ്ടിവരും. അപ്പോഴാണ് ഒരു ചേമ്പില വെള്ളത്തിന്റെ അളവ് നോക്കുവാൻ തയ്യാറായി എത്തിയത്. എല്ലാവരും അതു സമ്മതിച്ചു. കാരണം നിസ്വാർത്ഥനായ ചേമ്പിലയെ കടലിൽ കൊണ്ടിട്ടാലും അത് സ്വന്തം ആവശ്യത്തിനായിട്ട് ഒരു തുള്ളി വെള്ളംപോലും എടുക്കുകയില്ലെന്ന് എല്ലാവർക്കുമറിയാമായിരുന്നു. ചേമ്പില വെള്ളത്തിലിറങ്ങി പരിശോധിച്ചു. ചേമ്പിലയുടെ നിർദ്ദേശപ്രകാരം വെള്ളത്തിന്റെ ഉപയോഗം മൃഗരാജൻ നിജപ്പെടുത്തി. വീഴ്ചവരുത്തിയവരെ കഠിനമായി ശിക്ഷിക്കുകയും ചെയ്തു.

ചേമ്പിലയുടെ പ്രവൃത്തി ഫലേച്ഛകൂടാതെയുള്ള നിസ്വാർത്ഥസേവനമാണ്. നിഷ്കളങ്കരാണ് നമ്മൾ എന്ന ബോധ്യം മറ്റുള്ളവരിൽ ജനിപ്പിക്കുവാൻ കഴിഞ്ഞാൽ എവിടെയും ഏതു സമയത്തും നമ്മൾക്ക് കടന്നുചെല്ലാൻ സാധിക്കും. എവിടെച്ചെന്നാലും സമൂഹത്തിന്റെ നൻമോന്മുഖമായ പ്രവർത്തനമായിരിക്കും ഇവരുടെ ലക്ഷ്യം.

www.malankaralibrary.com

## ഹൃദയം വിശാലമാക്കുക

## 90

വിമാനത്തിന്റെ പൈലറ്റുമായി ഞാൻ സുഹൃത്തായി. പലകാര്യങ്ങളും ഞങ്ങൾ സംസാരിച്ചു. 'എന്റെ പരിധിയിൽപ്പെട്ട എന്തെങ്കിലും ആഗ്രഹമുണ്ടോ?' എന്ന് പൈലറ്റ് ചോദിച്ചതിന് ഞാൻ മറുപടി കൊടുത്തു: 'ഉണ്ട്, എന്റെ വീടിന്റെ മുറ്റത്ത് വിമാനം ഇറക്കണം.' ഇതു കേട്ട് പൈലറ്റ് വിഷമിച്ചു. അത് അസാദ്ധ്യമായ കാര്യമാണെന്നും എന്റെ മുറ്റം വിശാലപ്പെടുത്തി, വലിയ റൺവേ ഉണ്ടാക്കാതെ വിമാനം ഇറക്കാൻ സാധിക്കുകയില്ലെന്നും പറഞ്ഞിട്ട് എനിക്കത് മനസ്സിലാകുന്നില്ല. ഞാൻ പൈലറ്റിനെതിരെ പിറുപിറുത്തു.

എന്റെ കൈവശം ഒരു ചെറിയ ടോർച്ചിന്റെ ബൾബുമാത്രമാണുള്ളത്. ഭിത്തിയിലെ ഇലക്ട്രിക് ലൈനുമായി അതിനെ ബന്ധപ്പെടുത്തി ബൾബു പ്രകാശിപ്പിക്കുവാനുള്ള എന്റെ ശ്രമം ആപൽക്കരമാണെന്ന് ഞാൻ അറിയുന്നില്ല. ഈ യത്നം കണ്ടുകൊണ്ടിരിക്കുന്ന എന്റെ പിതാവ്, ഇലക്ട്രീഷ്യനായ എന്റെ പ്രിയ അപ്പച്ചൻ ഓടിവന്ന് മെയിൻ സ്വിച്ച് ഓഫ് ചെയ്യുകയാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ എന്റെ കൈവശമുള്ള ബൾബ് എരിഞ്ഞ്, കരിഞ്ഞ് നാശമാകും.

എന്റെ ഹൃദയത്തെ ഒരുക്കി, വേണ്ട വിശാലത വരുത്താതെ എത്ര ആശിച്ചാലും ഉടയതമ്പുരാനേ നിന്റെ വിമാനം അവിടിറക്കുവാൻ ആവില്ലല്ലോ? എന്റെ ചെറിയ ഹൃദയ ബൾബിലേക്ക് വലിയ വോൾട്ടേജായ നിന്നെ കൊണ്ടുവരുവാൻ ശ്രമിച്ചാൽ ഈ ചെറു ബൾബ് ആ വലിയ ശക്തി താങ്ങാനാവാതെ എരിഞ്ഞുപോകും. വലിയ വോൾട്ടേജിന് വലിയ ബൾബു കൊണ്ടുവരുമ്പോൾ അവിടെ വൻ പ്രകാശമുണ്ടാകുന്നു. എന്റെ റൺവേ വിശാലപ്പെടുത്താതെയും ബൾബ് മാറ്റി വയ്ക്കാതെയും നിന്നെക്കുറിച്ച് പരാതിപ്പെട്ടിട്ട് കാര്യമില്ല. എന്നെ വലുതാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ സഹായിക്കുക നാഥാ.

## നമുക്കൊരു പാലം പണിയാം

## 91

നദിക്കു കുറുകെ ഒരു പാലമെന്നുള്ള നാട്ടുകാരുടെ സ്വപ്നം പേറുന്ന നിവേദനം. അതിനും വയസ്സേറെയായി. ചിലപ്പോൾ അത്

www.malankaralibrary.com

ചിതലരിച്ചു പോയിട്ടുണ്ടാകും. വിവിധങ്ങളായ ചിന്തകളു മായി പഞ്ചായത്തു മെമ്പർ വേലുപ്പിള്ള ചായക്കടയിലെ ബഞ്ചിൽ ചടഞ്ഞിരിക്കവേയാണ് യന്ത്രങ്ങൾ വന്നത്. "പാലം പണിതുടങ്ങി" ഒരു പയ്യൻ വിളിച്ചുപറഞ്ഞു കൊണ്ടോടി. കുറേക്കഴിഞ്ഞപ്പോൾ നദി യുടെ ഇരുതീരങ്ങളിലും ആളുകൾ നിറഞ്ഞു. പാലം പണിയുടെ ആദ്യം മുതൽ അന്ത്യംവരെ കാണുവാനുള്ള താല്പര്യവുമായി മെമ്പർ പണിക്കാരുടെയൊപ്പം സമയം ചെലവഴിച്ചു. പാലം പണിയുന്ന തിന് മുമ്പായി ശക്തമായ തൂണുകൾ ഉയർത്തണം. മെമ്പർ താല്പര്യ പൂർവ്വം പണി ശ്രദ്ധിച്ചു. തൂണുകെട്ടുവാനുദ്ദേശിക്കുന്ന സ്ഥലത്തിനു ചുറ്റുമായി ശക്തിയുള്ള ഒരു കോൺക്രീറ്റ് വലയം അവരുണ്ടാക്കി, ആ ഭാഗത്തുകൂടിയുള്ള വെള്ളത്തിന്റെ പാച്ചിൽ ഇല്ലാതാക്കി. കോൺക്രീറ്റ് വലയത്തിനുള്ളിലെ വെള്ളം പൂർണ്ണമായും പമ്പുപയോ ഗിച്ച് പുറത്തേക്കടിച്ചുകളഞ്ഞിട്ട് അവരവിടെ തൂണു കെട്ടിയുയർത്തു വാൻ തുടങ്ങി. തൂണുയർന്നു കഴിഞ്ഞപ്പോൾ അതിനു ചുറ്റുമുള്ള വലയം അവർ മാറ്റി. ഇപ്രകാരം തൂണുകളെല്ലാം ഉയർത്തി കഴിഞ്ഞിട്ട് കരകളെ ബന്ധിപ്പിച്ചുകൊണ്ട് പാലം പണിതു. മെമ്പറുടെ ഗ്രാമം മുഴുവൻ ആന ന്ദസാഗരത്തിലാറാടി. പാലത്തിന്റെ പണി കഴിഞ്ഞു. ഇനി യാത്ര സുഖം. സുഖകരം.

പാപത്തിൽ നിന്ന് രക്ഷനേടുവാനായി നമുക്കുചുറ്റും നാം പ്രലോ ഭനങ്ങളെ തടയുവാൻ മനഃശക്തി ഉപയോഗിച്ച് ഒരു കോട്ട കെട്ടണം. നമ്മുടെ ഉള്ളിലുള്ള പാപം മുഴുവൻ കുമ്പസാരത്തിലൂടെയും പ്രായശ്ചി ത്തത്തിലൂടെയും നമ്മിൽ നിന്ന് നീക്കണം. പുണ്യപൂർത്തിയിലേക്കു യർന്നു കഴിഞ്ഞാൽ നമുക്ക് ചുറ്റും പിന്നീട് കോട്ടയുടെ ആവശ്യമില്ല. ഏതുതരം പ്രലോഭനങ്ങളെയും അതിജീവിച്ച് വിജയം നേടുവാൻ കരുത്ത് നമുക്ക് സിദ്ധിക്കും.

## 92 ഭാര്യയുടെ ഹൃദയം

ഒരു ഭാര്യയുടെ ഹൃദയത്തിൽ സദാ ഭർത്താവിനെക്കുറിച്ചുള്ള ചിന്ത നിറഞ്ഞു നിൽക്കണം. അയാൾ അടുത്തുള്ളപ്പോൾ എന്നതിലു പരി അകലത്തായിരിക്കുമ്പോൾ അവൾ അയാളെ ഹൃദയത്തിൽ

www.malankaralibrary.com

സൂക്ഷിച്ച് കാത്തിരിക്കണം. ഭാര്യയെ വീട്ടിലാക്കിയിട്ട് ദൂരദേശത്ത് ജോലിക്കുപോയിരിക്കുന്ന ഭർത്താവിനെ ഓർത്തിരിക്കുന്ന അവൾക്ക് ചിലപ്പോഴൊക്കെ വിരസതയുണ്ടാകാറുള്ളത് സ്വാഭാവികമാണ്. അപ്പോഴൊക്കെ വീടിന്റെ ജാലകം തുറന്ന് വഴിയെ നടന്നുപോകുന്ന യുവാക്കൾ ആരൊക്കെയാണെന്ന് ശ്രദ്ധിക്കുന്നത് നല്ലതല്ല. അന്യ പുരുഷനോട് താൽപര്യം കൂടുവാൻ ഇത് കാരണമാകും. അവരെ മാടി വിളിച്ച് ദീർഘ നേരം സംസാരിക്കുകയും സൽക്കരിക്കുകയും ചെയ്യുന്നത് ആപൽക്കരമാണ്. ഭർത്താവിനോടുള്ള സ്നേഹം കുറയുന്നതിന് ഇത് കാരണമാകുന്നു. അന്യപുരുഷനുമായുള്ള അടുപ്പം കൂടിക്കൂടി, അവൾ ഒരുവനെ കിടക്കമുറിയിൽ പ്രവേശിപ്പിച്ച് കട്ടിലിലിരുത്തി അയാളുടെ മടിയിൽ തലവച്ചു കിടന്നുകൊണ്ട് നർമ്മ സല്ലാപം നടത്തുകയാണെന്നിരിക്കട്ടെ, അപ്രതീക്ഷിതമായി ഭർത്താവു കടന്നു വരുന്നു. ഭാര്യയെ ഈ നിലയിൽ കാണുന്ന ഭർത്താവിന് രംഗം അരോചകമായി അനുഭവപ്പെടുകയും അവൻ രോഷാകുലനായി അവളെ നോക്കുകയും ചെയ്യുന്നു. അവൾ സ്വയം നീതീകരിച്ചുകൊണ്ട് തങ്ങളെ തെറ്റിദ്ധരിക്കരുതെന്നും, ദൂരെ കഴിയുന്ന ഭർത്താവും ചിലപ്പോഴൊക്കെ അന്യസ്ത്രീകളുമായി ഇപ്രകാരം പെരുമാറിയിട്ടുണ്ടാവുമെന്നും മറ്റും പറഞ്ഞ് രക്ഷപ്പെടുവാൻ ശ്രമിക്കുകയാണെങ്കിൽ രംഗം ഒന്നുകൂടി വഷളാവുകയേ ഉള്ളൂ. പശ്ചാത്താപത്തോടുകൂടി ഭർത്താവിന്റെ കാൽക്കൽ വീണ് കെട്ടിപ്പിടിച്ച് കരയുകയാണെങ്കിലോ അയാൾ ക്ഷമിക്കുകയും മേലിൽ അന്യനുമായി അടുക്കരുതെന്ന് താക്കീത് നൽകി വീണ്ടും അവളെ സ്വീകരിക്കുകയും ചെയ്യും.

ദിവ്യനാഥന്റെ സ്വന്തമായിത്തീർന്നിരിക്കുന്ന ആത്മാവ് കാന്തനെ കാത്ത് വിരസതയിൽ കഴിയുമ്പോൾ മനസ്സിന്റെ ജനാലകൾ തുറന്നിടുകയും അശ്രദ്ധയോടെ ആപത്തുണ്ടാക്കുന്നവയെ ശ്രദ്ധിക്കുകയും ചെയ്യുന്നത് നല്ലതല്ല. അവകളെ ക്ഷണിച്ചു വരുത്തി സൽക്കരിക്കുന്നത് കൂടുതൽ ആപൽക്കരം. ആത്മനാഥന്റെ സ്ഥാനത്ത് അവയെ പ്രതിഷ്ഠിച്ച് ആ സുഖം നുകരുന്നതായാൽ പ്രാണനാഥൻ വരുമ്പോൾ അവന് അരോചകമായി അനുഭവപ്പെടും. കുറ്റപ്പെടുത്തുമ്പോൾ സ്വയം നീതീകരണം നടത്താതെ അവന്റെ പാദാന്തികത്തിൽ വീണ് മാപ്പപേക്ഷിച്ചാൽ വീണ്ടും പഴയ സ്ഥാനം അവൻ തന്റെ കാന്തയ്ക്ക് പ്രദാനം ചെയ്യും.

www.malankaralibrary.com

## 93 ഏണിയും പാമ്പും

നീനായും മിനിയും കൂടി "ഏണിയും പാമ്പും" കളിയിൽ മുഴുകിയിരിക്കവേ കൊച്ചുമക്കളുടെ കളി കാണുവാനായി അപ്പൂപ്പൻ കസേര വലിച്ച് അവരുടെ അരികത്തിരുന്നു. കളി അപ്പൂപ്പനറിയാം. ഒന്നുമുതൽ നൂറുവരെയുള്ള കളങ്ങളിൽ പലയിടങ്ങളിൽ ഏണിയും പാമ്പും ഉണ്ട്. ഏണിയുടെ ചുവടുള്ള നമ്പരുകിട്ടിയാൽ ഒറ്റയടിക്ക് ഏതെങ്കിലും വലിയ നമ്പരിൽ ചെന്നുചാടാനാവും. വലിയ നമ്പരിൽ ചെന്നുചാടിയ ശേഷം പാമ്പിന്റെ തലകിട്ടിയാൽ ചെറിയ നമ്പരിലേക്ക് താഴുകയും ചെയ്യും. ആദ്യമേ നൂറിൽ എത്തുന്ന ആൾ വിജയിക്കും. അപ്പൂപ്പൻ കണ്ണാടി മൂക്കിൽ ഇളക്കിയൊന്നുവച്ചിട്ട് ശ്രദ്ധയോടെ കളി വീക്ഷിച്ചു. നീനാ പന്ത്രണ്ടിലും മിനിക്കുട്ടി എഴുപത്തിയേഴിലുമാണ്. പന്ത്രണ്ടാം നമ്പരിൽ ഏണിയായതിനാൽ നീനാ എൺപത്തിയെട്ടിലെത്തി. പാവം മിനിക്കുട്ടിയുടെ എഴുപത്തേഴിൽ പാമ്പിന്റെ തലയായിരുന്നു. എഴുപത്തേഴിലെ പാമ്പ് മിനിക്കുട്ടിയെ താഴെ വെറും മൂന്നിലെത്തിച്ചു. അപ്പൂപ്പൻ പൊട്ടിച്ചിരിച്ചു. മിനിക്കുട്ടിക്കു സങ്കടം വന്നു. വാശിയോടെ കളിച്ച് ഒടുവിൽ മിനിക്കുട്ടി ജയിക്കുന്നതും അപ്പൂപ്പൻ ചിരിയോടെതന്നെ കണ്ടു.

ആദ്ധ്യാത്മിക ജീവിതം 'ഏണിയും പാമ്പും' കളിപോലെയാണ്. നിരന്തരമായുള്ള പ്രാർത്ഥനയുടേയും പരിത്യാഗ പ്രവർത്തികളുടേയും ഫലമായി ചിലപ്പോൾ ഏണികിട്ടിയമാതിരി നാം ആദ്ധ്യാത്മിക ജീവിതത്തിന്റെ ഉന്നതമായ പടവുകളിലെത്തും. ചിലപ്പോൾ പാമ്പ് പിടികൂടും. ഉന്നതത്തിൽ നിന്ന് നാമപ്പോൾ താഴേക്ക് പതിക്കും. തളർന്ന് നിരാശരാകാതെ വിജയങ്ങളിലൂടെയും പരാജയങ്ങളിലൂടെയും ക്ഷമയോടെ മുന്നേറിയാൽ കാലക്രമത്തിൽ ആദ്ധ്യാത്മിക ഉന്നതിയിൽ നാം എത്തിച്ചേരും.

## 94 യാഥാർത്ഥ്യം അവഗണിക്കപ്പെട്ടുകൊണ്ട്

ഒരു വ്യക്തിക്ക് ഭാവി പ്രവചിക്കുവാനുള്ള സിദ്ധി ഉണ്ടായിരുന്നു. ഏറെ വിദ്യാഭ്യാസം ഒന്നുമില്ലാത്ത അദ്ദേഹത്തെത്തേടി അകലെയുള്ള

www.malankaralibrary.com

സ്ഥലങ്ങളിൽനിന്നുവരെ ആളുകളെത്തി. അദ്ദേഹത്തിന്റെ പ്രശസ്തി വളർന്നു. പുസ്തകങ്ങളും സിനിമകളുമൊക്കെ അദ്ദേഹത്തിന്റെ പേരിലിറങ്ങി. രാജ്യത്തിന്റെ മുക്കിലും മൂലയിലുമെല്ലാം അദ്ദേഹമൊരു സംഭാഷണവിഷയമായിരുന്നു. ഒരു സായാഹ്നത്തിൽ നാട്ടുവഴിയിലൂടെ അദ്ദേഹം നടന്നുവരവേ ഒരു ആലിന്റെ ചുവട്ടിൽനിന്നും വലിയ ഒരു ബഹളം കേട്ടു. ശ്രദ്ധിച്ചപ്പോൾ അദ്ദേഹത്തിനു മനസ്സിലായി അദ്ദേഹത്തിന്റെ സിദ്ധികളെപ്പറ്റിയുള്ള വാഗ്വാദമാണ് അവിടെ നടക്കുന്നതെന്ന്. ഇരുട്ടിന്റെ തുരുത്തിലൂടെ അദ്ദേഹം അവരെ ശ്രദ്ധിച്ചു. ചർച്ച ഗഹനമായ രീതിയിൽ വളരുകയാണ്. ചർച്ചക്കൊപ്പം തർക്കവും മാനംമുട്ടെ വളരുകയാണ്. പെട്ടെന്നദ്ദേഹം അവരുടെ ഇടയിലേക്ക് കടന്നുചെന്നിട്ട് യഥാർത്ഥത്തിലുള്ള പരിഹാരം നിർദ്ദേശിച്ചു. വാക്ചാതുരിയില്ലാത്ത അദ്ദേഹത്തെ ഭ്രാന്തനെന്നു പറഞ്ഞ് അവർ പരിഹസിച്ചു. ഒരു പുഞ്ചിരിയോടെ ഇരുട്ടു പരക്കുന്ന നാട്ടുവഴിയിലൂടെ കരിയിലകളെ കരയിച്ചുകൊണ്ട് അദ്ദേഹം നടന്നകന്നു.

സത്യത്തിനേക്കാളും അതിന്റെ ആവിഷ്ക്കാരത്തിന്റെ മോടിയിലും പ്രൗഢിയിലും ശ്രദ്ധിക്കുന്നതിലാണ് സമൂഹത്തിന്റെ താല്പര്യം. തന്മൂലം യാഥാർത്ഥ്യം പലപ്പോഴും അവഗണിക്കപ്പെടുന്നു. വിവേകിയായ മനുഷ്യൻ ആവിഷ്കാരത്തിലല്ല സത്യത്തിലാണ് ശ്രദ്ധിക്കേണ്ടത്.

## 1001 ട്രിക്കുകൾ — 95

പത്രം കിട്ടിയാൽ മുഴുവൻ അരിച്ചുപെറുക്കി വായിക്കുന്ന സ്വഭാവക്കാരനാണ് അപ്പുണ്ണി മാഷ്. റിട്ടയർചെയ്തു കഴിഞ്ഞതിൽപിന്നെ വായനയുടെ താൽപര്യമേറി. അന്നും മാഷ് അതിരാവിലെതന്നെ എഴുന്നേറ്റു പുറത്തേക്കിറങ്ങിയപ്പോൾ കണ്ടത് വവ്വാലിന്റെ ചിറകുപോലെ പോർട്ടിക്കോയിൽ കിടക്കുന്ന പത്രമാണ്. പത്രവുമായി മാഷ് ചാരുകസേരയിലേക്ക് ചാഞ്ഞു. വായന നീണ്ടുനീണ്ടു ചെന്ന് നാലാമത്തെ പേജിലായി. പെട്ടെന്ന് ഒരു പരസ്യത്തിൽ മാഷിന്റെ കണ്ണുകളുടക്കി.... അതിൽ ഒരു പുസ്തകത്തിന്റെ പരസ്യം! 1001 ട്രിക്കുകൾ!!! പുസ്തകത്തിന്റെ പേരുതന്നെ മാഷിനെ വീഴ്ത്തി. ആരേയും വീഴ്ത്താൻ കഴിവുള്ള പരസ്യം മേമ്പൊടിയായിട്ട് ഉണ്ടെന്നുള്ള കാര്യം ഇവിടെ വിസ്മരിക്കു

www.malankaralibrary.com

ന്നില്ല. പ്രഭാതകർമ്മങ്ങൾക്കുശേഷം ധൃതിയിൽ മാഷ് പോസ്റ്റാഫീസിൽ ച്ചെന്ന് പ്രസ്തുത പുസ്തകം വാങ്ങാനുള്ള പണം മണി ഓർഡർ ആയി അയച്ചുകൊടുത്തു. അധികംതാമസിയാതെ പുസ്തകമെത്തി. പുസ്തകം പരിശോധിച്ചപ്പോൾ ആയിരം ട്രിക്കുകളേയുള്ളു. ഒരു ട്രിക്ക് കുറവാണ്. മാഷതങ്ങു ക്ഷമിച്ചിട്ട് പുസ്തകം ശരിയായി പഠിച്ചു. ഇനിയും ട്രിക്കുകളൊക്കെ പ്രയോഗത്തിൽ വരുത്തണം. ഒരു ദിവസം മാഷ് ഭാര്യയെ വിളിച്ചുപറഞ്ഞു: "ഞാൻ കുറെ മാജിക്കൊക്കെ നിനക്ക് കാണിച്ചുതരാം." മാഷിന്റെ ഭാര്യ പറഞ്ഞതനുസരിച്ച് അയൽപക്കത്തെ കുട്ടികളുമെത്തി. കുട്ടികളൊക്കെ മാഷിന്റെ കൂട്ടുകാരാണ്. കഷ്ടമെന്ന് പറയട്ടെ! മാഷ് എത്ര ശ്രമിച്ചിട്ടും പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന തായിട്ടുള്ള ഒരു മാജിക്കും പ്രയോഗത്തിൽ വരുത്തുവാനായില്ല. എല്ലാം എഴുത്തുകാരന്റെ ഭാവനാസൃഷ്ടികളാണ്. ഭാര്യയും കുട്ടികളും മാഷിനെ കളിയാക്കിയത് സഹിക്കാനാവാതെ ദ്വേഷ്യത്തോടെ എഴുത്തുകാരനെ ശരിക്കും കുറ്റപ്പെടുത്തിക്കൊണ്ട് മാഷ് ഒരു കത്തെഴുതി. ഏറെ താമസി യാതെ മാഷിനെ അത്ഭുതപ്പെടുത്തികൊണ്ട് മറുപടിക്കത്ത് വന്നു. മാഷ് കത്തു പൊട്ടിച്ചു.

പ്രിയപ്പെട്ട അപ്പുണ്ണിമാഷറിയുന്നതിന്,

ആയിരം ട്രിക്കുകളേ '1001 ട്രിക്കുകൾ' എന്ന എന്റെ പുസ്തകത്തി ലുള്ളുവെന്ന് മാഷ് എഴുതിയിരുന്നല്ലോ. അത് ശരിയല്ല. ആയിരത്തി ഒന്നാമത്തെ ട്രിക്കാണ് പ്രസ്തുത പുസ്തകം. ട്രിക്കെന്നുപറഞ്ഞാൽ ട്രിക്കാണ്. ബുക്കിൽ പറഞ്ഞിരിക്കുന്നതെല്ലാം ചെയ്യുവാനാകുമായിരു ന്നെങ്കിൽ ഞാൻ '1001 ട്രിക്കുകൾ' എന്ന് പേരിടേണ്ട ആവശ്യമില്ലായിരു ന്നല്ലോ. കാര്യങ്ങൾ മനസ്സിലാക്കി സഹകരിക്കുവാൻ പഠിക്കുക.

നിർമ്മാതാക്കളുടെ ആകർഷണീയ പരസ്യങ്ങളിൽ വഞ്ചിതരാ കാതെ വിവേചനശക്തിയോടുകൂടി പരിശോധിച്ച് വേണ്ടതും നല്ലതു മായവ തിരഞ്ഞെടുക്കുന്നവനാണ് യഥാർത്ഥ ഉപഭോക്താവ്.

## 96 പ്രഭുവും ഭിക്ഷക്കാരനും

ധനികനായ ഒരു പ്രഭു കൊട്ടാരത്തിൽ വസിക്കുകയായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുവാൻ അനേകം വലിയ ആളുകൾ വന്നിരുന്നു.

www.malankaralibrary.com

ദരിദ്രനായ ഒരു ഭിക്ഷക്കാരൻ കൊട്ടാരത്തിന്റെ മുറ്റത്തിരുന്നു. പ്രഭുവിനെ കാണാൻ വന്നവരെല്ലാം എന്തെങ്കിലും ഭിക്ഷക്കാരന് എറിഞ്ഞു കൊടുക്കുമായിരുന്നു. ഭിക്ഷാപാത്രത്തിലേക്ക് വീഴുന്ന പൈസയുടെ 'കിടിൻ' ശബ്ദം പ്രഭുവിന് അസഹ്യമായിത്തോന്നി. എന്നാൽ, അവിടെ വന്നിരിക്കരുത് എന്ന് ആ ഭിക്ഷക്കാരനോട് പറയുവാനുള്ള ധൈര്യം അയാൾക്കില്ലായിരുന്നു.

സന്ധ്യമയങ്ങുമ്പോൾ കൊട്ടാരമുറ്റത്തുനിന്നും തെരുവുതിണ്ണയിലേക്ക് അന്തിയുറങ്ങുവാൻ പോകുന്ന ഭിക്ഷക്കാരന്റെ വരവ് നിർത്തുവാൻ പ്രഭു ഒരു ഉപായം കണ്ടുപിടിച്ചു. ഒരു സന്ധ്യയ്ക്ക് ഭിക്ഷക്കാരൻ സ്ഥലംവിട്ട തക്കം നോക്കി പ്രഭു ഏതാനും ഇഞ്ചിനീയറന്മാരെ വിളിച്ച് ഒറ്റ രാത്രികൊണ്ട് മുറ്റത്തുകൂടി ഒരു വാട്ടർ കനാൽ നിർമ്മിച്ചു. 'ഇനി ഭിക്ഷക്കാരൻ ഇരിക്കുന്നതൊന്നുകാണണം' എന്നുംപറഞ്ഞ് സന്തോഷിച്ചു.

പിറ്റേദിവസം രാവിലെ ഭിക്ഷക്കാരൻ പതിവുപോലെ ഭാണ്ഡവുമായി കൊട്ടാരത്തിന്റെ മുമ്പിലെത്തി. താനിരുന്നിരുന്ന സ്ഥലത്തുകൂടി കനാൽ വന്നതും വെള്ളം ഒഴുകുന്നതും കണ്ടപ്പോൾ അയാൾ അതിശയിച്ചെങ്കിലും ഇത് തന്നെ പറ്റിക്കുവാൻ പ്രഭു ചെയ്ത പണിയാണെന്ന് അയാൾക്കു മനസ്സിലായി. ഒരക്ഷരം ഉരിയാടാതെ ഭാണ്ഡവുമേന്തി അയാൾ തെരുവിലേക്ക് നടന്നു. ഈ സംഭവം ജനലിലൂടെ ഒളിഞ്ഞു നോക്കിക്കൊണ്ടിരുന്ന പ്രഭുവിന് തന്റെ സ്വന്തം സാമർത്ഥ്യത്തിലും ബുദ്ധിയിലും അഭിമാനം തോന്നി.

ഏതാനും ദിവസങ്ങൾക്കുശേഷം പ്രഭു കുതിരസവാരിചെയ്തു പോകുമ്പോൾ ഒരു കവലയ്ക്കൽ ഇരിക്കുന്നു പഴയ ഭിക്ഷക്കാരൻ. വിജയാഹ്ളാദധ്വനിയിൽ പ്രഭു ചോദിച്ചു: 'ഓ താനിപ്പോൾ ഇവിടെയാണ് അല്ലേ? എന്താ അങ്ങോട്ടൊന്നും കാണാനില്ലല്ലോ?' ഭിക്ഷക്കാരന് കാര്യം പിടികിട്ടി. അയാൾ ശാന്തമായി മറുപടി കൊടുത്തു: 'അതേ പ്രഭോ, അടിയൻ ഇപ്പോൾ ഇവിടെയാണ്. കൊട്ടാരവും ആ സ്ഥലവും എല്ലാം അങ്ങയുടേതാണ്. അടിയൻ അറിയാതെ ഒരവിവേകം കാട്ടി. എന്നാൽ അത് തിരുത്തുവാൻ പ്രഭു ഇത്രയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടതില്ലായിരുന്നു. എന്നോട് ഇറങ്ങിപ്പോകുവാൻ ഒരു വാക്കു പറഞ്ഞിരുന്നെങ്കിൽ ഇറങ്ങിപ്പോയേനേ. ഞാൻ വെറും ധർമ്മക്കാരൻ മാത്ര

www.malankaralibrary.com

മല്ലേ. അവിടുന്ന് പ്രഭുവും. എന്നാൽ എന്നെ നേരിടുവാൻ ബുദ്ധിമുട്ടു തോന്നി. ഒറ്റരാത്രികൊണ്ട് ഇത്ര പാടുപെട്ട് അവിടുന്ന് അടിയനെ അവിടുത്തോടൊപ്പം ഉയർത്തി, സ്ഥാനം നൽകിയിരിക്കുകയാണ്. നേരിട്ട് കാര്യം പറയുവാൻ അവിടുത്തേക്ക് ഭയവും. ഒരു പ്രഭു ഒരിക്കലും ഒരു ധർമ്മക്കാരനെ ഭയപ്പെടരുത്.'

നേരിട്ട് കാര്യം പറയുവാനുള്ള ധൈര്യമില്ലാതെ നാം പലപ്പോഴും വളച്ചൊടിച്ചുപറഞ്ഞ് അനാവശ്യമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുവയ്ക്കുന്നു. അല്പം ബുദ്ധിമുട്ടുണ്ടായാലും ഉള്ളകാര്യം ഉള്ളതുപോലെ തുറന്നു പറയുകയാണ് അഭികാമ്യം.

## 97 കാടും കുടിയേറ്റക്കാരും

വലിയൊരു കാടുവെട്ടി നാടാക്കുവാൻ കുടിയേറ്റക്കാർ വനം വകുപ്പുദ്യോഗസ്ഥന്മാരോട് അനുവാദം ചോദിച്ചു. ഓരോരുത്തരുടെയും കഴിവനുസരിച്ച് കാടുവെട്ടി കൃഷിചെയ്തുകൊള്ളുവാൻ സർക്കാർ അനുവാദവും നൽകി. ഒരാൾ 10 ഏക്കർ, വെറൊരാൾ 5 ഏക്കർ, മറ്റൊരാൾ ½ ഏക്കർ, പിന്നൊരാൾ 30 ഏക്കർ എന്നിങ്ങനെ ഓരോരുത്തർക്കും ലഭിച്ചു.

സമൃദ്ധമായ ദാനങ്ങൾ നൽകുവാൻ ദൈവം ഒരുങ്ങി നിൽക്കുന്നു. ഓരോരുത്തർക്കും എത്രവേണമെങ്കിലും കരസ്ഥമാക്കാം. അവരവരുടെ കഴിവും അദ്ധ്വാനവും അനുസരിച്ചിരിക്കണം അവരവർക്ക് ലഭിക്കുന്ന ആത്മദാനങ്ങളും കൃപാവളർച്ചയും.

## 98 ആർട്ടിസ്റ്റ് ആനന്ദക്കുട്ടൻ

ആർട്ടിസ്റ്റ് ആനന്ദക്കുട്ടൻ അരക്കിറുക്കനാണ്. വിവാഹം കഴിഞ്ഞിട്ട് നാളേറെയായിട്ടും ആനന്ദനു മക്കളുണ്ടായില്ല. ആനന്ദക്കുട്ടന്റെ ശിരസ്സിൽ വെള്ളിക്കമ്പികൾ തിളങ്ങിയ കാലത്താണ് അദ്ദേഹത്തിനൊരു പുത്രനുണ്ടായത്. മകനുണ്ടായപ്പോൾ ആനന്ദത്താൽ

www.malankaralibrary.com

ആനന്ദക്കുട്ടന്റെ അരക്കിറുക്കു മുഴുക്കിറുക്കായി. ചുണക്കുട്ടനായി ആനന്ദക്കുട്ടന്റെ മകൻ വളർന്നുകൊണ്ടിരിക്കെയാണ് പെട്ടെന്നൊരു ദിവസം അവൻ രോഗഗ്രസ്ഥനായത്. ആനന്ദക്കുട്ടനും ഭാര്യയും, കുട്ടിയേയുംകൂട്ടി തങ്ങളുടെ ലാംബി സ്ക്കൂട്ടറിൽ ആശുപത്രിയിലേക്ക് പാഞ്ഞു. ആശുപത്രിയിലെ ഡോക്ടർ പരിശോധിച്ചിട്ട് രോഗത്തിനുള്ള മരുന്ന് ഒരു ഫാർമിസ്റ്റ് കണ്ടുപിടിച്ചിട്ടുണ്ടെന്നും ഉടനെ അദ്ദേഹത്തെ സമീപിച്ച് മരുന്ന് വാങ്ങിക്കൊണ്ടു വരണമെന്നും പറഞ്ഞിട്ട് അയാളുടെ അഡ്രസ്സും കൊടുത്തയച്ചു. ആനന്ദക്കുട്ടൻ ഫാർമിസ്റ്റിന്റെ വീട്ടിലെത്തി. ഫാർമിസ്റ്റ് ഒരു കടലാസ്സിൽ മരുന്നു കിട്ടുന്ന മെഡിക്കൽ സ്റ്റോറിന്റെ അഡ്രസ്സെഴുതി അതിന്റെ അടിയിൽ മരുന്നിന്റെ പേരും കുറിച്ചുകൊടുത്തു. ആനന്ദക്കുട്ടൻ പുറത്തേയ്ക്കിറങ്ങി, ആ തുണ്ടുകടലാസ്സിലേക്ക് ഒന്നു നോക്കി. എന്തൊരു വൃത്തികെട്ട കൈയക്ഷരം! തന്നെപ്പോലുള്ള ഒരു കലാകാരന് ഇതൊരു ആക്ഷേപമാണ്. അദ്ദേഹം തന്റെ ലാംബി സ്ക്കൂട്ടറിന്റെ പെട്ടിയിൽ നിന്നും ഒത്ത നീളവും ഒത്തവീതിയുമുള്ള മിനുസമുള്ള ഒരു കടലാസ്സെടുത്തു. സ്ക്കൂട്ടറിന്റെ പെട്ടിയിൽ നിന്നും ബ്രഷുകൾ, ചായങ്ങൾ ഇവയൊക്കെ എടുത്ത് അതിമനോഹരമായി മെഡിക്കൽ സ്റ്റോറിന്റെ അഡ്രസ്സും അതിന്റെ അടിയിൽ മരുന്നിന്റെ പേരുമെഴുതി. അക്ഷരങ്ങളൊക്കെ ഉണങ്ങിയപ്പോൾ സ്ക്കൂട്ടറിന്റെ ഹാൻഡിലിൽ അതുകെട്ടിയിട്ട് റോഡിൽകൂടി യാത്രയായി. ആനന്ദക്കുട്ടനേയും വണ്ടിയേയും മുൻവശത്തെ പേപ്പറും എല്ലാംകൂടി കണ്ട് വഴിപോക്കർ മെഡിക്കൽ സ്റ്റോറിന്റെ പരസ്യത്തിനായിട്ട് കൂലിക്കേർപ്പെടുത്തിരിക്കുന്ന ആളാണ് അദ്ദേഹമെന്ന് പറഞ്ഞു. മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നു വാങ്ങിക്കൊണ്ട് ആശുപത്രിയിൽ എത്തിയപ്പോഴേയ്ക്കും ആനന്ദക്കുട്ടന്റെ മകൻ മരിച്ചു കഴിഞ്ഞിരുന്നു. മരുന്നുമായി തന്റെ സ്ക്കുട്ടറിന്റെ മുമ്പിൽ കോമാളിയെപ്പോലെ നിൽക്കുന്ന അയാളെ താനെഴുതിയ മനോഹരമായ അക്ഷരങ്ങൾ പരിഹസിച്ചു.

ആന്തരിക അരൂപിയുള്ളതുകൊണ്ടാണ് ഒന്ന് സുന്ദരമായിരിക്കുന്നത്. എന്നാൽ മനുഷ്യൻ പലപ്പോഴും ഇത് മറന്നിട്ട് ബാഹ്യമോടികളിൽ ശ്രദ്ധിക്കുന്നു. ഇതുകാരണം പലപ്പോഴും വലിയ അപകടങ്ങളായിരിക്കും ഫലം.

www.malankaralibrary.com

## 99 ധനികനും പാൽക്കാരിയും

ഒരു ധനികന് ഒരു ബംഗ്ളാവും അവിടെ വിവിധ തസ്തികകളിൽ പ്രവർത്തിച്ചിരുന്ന ധാരാളം ജോലിക്കാരും ഉണ്ടായിരുന്നു. പതിവായി രാവിലെ 6 മണിക്ക് എഴുന്നേറ്റുകൊണ്ടിരുന്ന ധനികൻ ഒരു ദിവസം യാദൃച്ഛികമായി 4 മണിക്ക് എഴുന്നേറ്റപ്പോൾ, പാൽക്കാരിപെണ്ണ് പശുവിനെ കറക്കുന്നതു കണ്ടു. അവൾ എത്രമണിക്കാണ് എഴുന്നേൽക്കുന്നതെന്ന് ചോദിച്ചതിന് 3.30ന് എന്നവൾ മറുപടി കൊടുത്തു. നാലുമണിക്ക് പശുക്കളെ കറക്കുവാൻ തുടങ്ങുന്നതു മുതൽ 8 മണിക്ക് അവയെ മൈതാനത്തേക്ക് മേയുവാൻ അയയ്ക്കുന്നതുവരെ വിശ്രമമില്ലാത്ത ജോലിയാണ് പെണ്ണിനെന്ന് മനസ്സിലാക്കിയ മുതലാളിക്ക് അവളോടു അനുകമ്പ തോന്നി. 'പാവം പെണ്ണ്! ഞാനും എന്റെ കുടുംബാംഗങ്ങളും രാവിലെ 6 മണിവരെ കിടന്നുറങ്ങുമ്പോൾ നീ 3.30ന് എഴുന്നേൽക്കുന്നു. നാളെ മുതൽ നീയും 6 മണിക്ക് എഴുന്നേറ്റാൽ മതി.' അവൾക്കത് സന്തോഷമായി.

പിറ്റേദിവസം മുതൽ പാൽക്കാരി 6 മണിവരെ ഉറങ്ങുവാൻ തുടങ്ങി. അതനുസരിച്ച് വൈകി കാര്യങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. ഇത് വലിയ അസൗകര്യങ്ങൾ സൃഷ്ടിച്ചു.

നാലു മണിക്ക് കറക്കാതിരുന്നപ്പോൾ പശുക്കൾ അമറുവാൻ തുടങ്ങി. അതിന് പ്രത്യുത്തരമായി കിടാക്കളും അമറി. അത് വലിയ ശബ്ദകോലാഹലമായി. ഇതുകേട്ട ജനം ഉണർന്നു. അവരുടെ സുഖനിദ്ര അലസിപ്പോയി. 6 മണിക്ക് എഴുന്നേറ്റ കുട്ടികൾ പാലുകിട്ടാതെ കരഞ്ഞു. പ്രായമായവർ കാപ്പിക്കു വന്നു, എന്നാൽ പാലില്ല. എവിടാണ് തകരാറെന്നറിയാൻ കാര്യസ്ഥൻ അന്വേഷണമാരംഭിച്ചു. അതാ പാൽക്കാരി കിടന്നുറങ്ങുന്നു. അവളെ ചോദ്യം ചെയ്തപ്പോൾ മുതലാളി തന്നെ കൽപിച്ചിട്ടാണ് താനുറങ്ങുന്നതെന്നവൾ പ്രത്യുത്തരിച്ചു. അവിടെയെല്ലാം വാർത്ത പരന്നു. മുതലാളിയുടെ ഭാര്യക്ക് ഭർത്താവിനെ സംശയമായി. 'പാൽക്കാരിയോട് ഇത്ര അനുകമ്പ തോന്നി അവളുടെ ജോലി ഇളച്ചുകൊടുക്കണമെങ്കിൽ അയാൾക്കവളോട് എന്തെങ്കിലും അടുപ്പം കാണും,' ഭാര്യ സംശയിച്ചു. ആ നാമത്തിൽ ഭാര്യാഭർത്താക്ക

www.malankaralibrary.com

ന്മാരുടെ ഇടയിൽ വാഗ്വാദമായി. സമയത്ത് പാലുകിട്ടാതെ കുട്ടികൾ നിലവിളിച്ചു. മുതിർന്നവർക്ക് കാപ്പിയിൽ പാലുകിട്ടാതെ മടുപ്പായി. പാലുകിട്ടുവാൻ താമസിച്ചതനുസരിച്ച് ഓരോരുത്തരുടെയും ജോലികളിൽ തടസ്സമുണ്ടായി. അവർ കൃത്യനിഷ്ഠ കൂടാതെ ജോലി ചെയ്തു. 'മുതലാളിക്ക് പാൽക്കാരിയുടെ ജോലിയിൽ ഇളവു വരുത്താമെങ്കിൽ ഞങ്ങളോടും അങ്ങനെയായിക്കൂടേ.' എന്നും ചോദിച്ചുകൊണ്ടവർ അലസരായി പെരുമാറി. അങ്ങനെ ആകെ ഒരസ്വസ്ഥത ഉളവായപ്പോൾ മുതലാളിക്ക് തന്റെ അബദ്ധം മനസ്സിലായി. അദ്ദേഹം പാൽക്കാരിയെ വിളിച്ചു പറഞ്ഞു: 'മേലിൽ പതിവുപോലെ 3.30-ന് എഴുന്നേറ്റ് 4 മണിക്കുതന്നെ ജോലി തുടങ്ങണം.

വിവേകപൂർവ്വമല്ലാത്ത അനുകമ്പ ആപത്ത് ക്ഷണിച്ചു വരുത്തുന്നു. അനുകമ്പ അർഹിക്കുന്നവരോടും അത് വേണ്ട സമയത്തേ ആകാവൂ.

## ഹായ്! നല്ല കേക്ക് 100

അതൊരു ക്രിസ്തുമസ്സ്കാലമായിരുന്നു. വൃക്ഷങ്ങൾ ഇല പൊഴിക്കുകയും പ്രകൃതി മഞ്ഞുപൊഴിക്കുകയും ചെയ്യുന്ന കാലം. കട്ടിയുള്ള കമ്പിളിക്കോട്ടുകൾ ധരിച്ച് ആലിപ്പഴം പൊഴിയുന്ന വഴിയിലൂടെ കുട്ടി ഒരു കടയെ സമീപിച്ചു. മഞ്ഞിൽ വീഴുന്ന നിയോൺ ബൾബുകളുടെ പ്രകാശം മഞ്ഞിന്റെ മുഖത്തു പ്രകാശമായി. പഞ്ചസാരപ്പൂക്കൾകൊണ്ടലങ്കരിച്ച ഒരു കേക്ക് കടയുടെ മുന്നിൽ ക്രിസ്തുമസ്സിന്റെ ആശംസകളുമായി ഇരിക്കുന്നതിലേക്ക് കുട്ടിയുടെ ശ്രദ്ധ തിരിഞ്ഞു. 'നീയെന്തു സുന്ദരനാണ്.' കുട്ടി കേക്കിനെ പ്രശംസിച്ചപ്പോൾ അതു പുഞ്ചിരിതൂകി. കുട്ടി പറഞ്ഞതു ശരിയാണ്. എന്റെ ഇപ്പോഴുള്ള മുഖം മാത്രമേ നീ കാണുന്നുള്ളൂ. എന്റെ കഴിഞ്ഞ കാലംകൂടി നീ മനസ്സിലാക്കണം. ഞാൻ ഒരു കർഷകന്റെ കൃഷിയിടത്തിലെ ധാന്യമായിരുന്നു. എന്നെ അവർ ഇടിച്ചുപൊടിച്ചു. അതു വേദനാജനകമായിരുന്നു. എന്റെകൂടെ കുറെ പുതിയ വസ്തുക്കൾകൂടി കൂട്ടിച്ചേർത്തപ്പോഴേക്കും എനിക്ക് എന്റെ തനിമ നഷ്ടമായി. എന്നാൽ പുതിയ ഒരു രൂപം ഉണ്ടായി. ആ സന്തോഷം അവസാനിക്കുംമുമ്പേ ഏറെ സമയം ഞാൻ അടുപ്പിന്റെ മുകളിൽ ഇരിക്കുകയായിരുന്നു. അവസാനമാണ് നീ ഇപ്പോൾ കാണുന്ന

www.malankaralibrary.com

ഈ രൂപവും ഭാവവും എനിക്കു കൈവന്നത്. ഇനിയും നിങ്ങളെന്നെ വീട്ടിൽ വാങ്ങിക്കൊണ്ടുപോയി കത്തികൊണ്ട് മുറിച്ച് കഷണങ്ങളാക്കി തിന്നുന്നു. എങ്കിലും എനിക്ക് ദുഃഖമില്ല. നിങ്ങൾ എന്നിൽനിന്നും മധുരം അനുഭവിക്കുമ്പോൾ എന്റെ സന്തോഷം പൂർണ്ണമാകുന്നു.

സുഖദുഃഖസമ്മിശ്രമാണ് മനുഷ്യജീവിതം. ഇന്നലകൾ ഉളവാക്കുന്ന വേദനകൾ ഇന്നിന്റെ സന്തോഷമായി മാറുന്നു. സന്തോഷം ഏറുന്നത് മറ്റുള്ളവർ നമ്മുടെ പ്രവർത്തനങ്ങളിൽനിന്ന് നന്മകൾ സ്വീകരിക്കുമ്പോഴാണ്.